1996

# ജനകീയാസൂത്രണം

## എരഞ്ഞോളി
## ഗ്രാമ പഞ്ചായത്ത്



# വികസനരേഖ

# സമഗ്ര ഗ്രാമ വികസനം

സമഗ്ര ഗ്രാമ വികസനം നമ്മുടെ ലക്ഷ്യം
ഗ്രാമ വികസനത്തിന് വിഭവം ആവശ്യം
വിഭവമില്ലെങ്കിൽ വികസനം സാദ്ധ്യമല്ല.

ഗ്രാമ വികസനത്തിൻെറ ചാലകശക്തി
പഞ്ചായത്തുകളുടെ സമ്പത്താണ്

വിഭവ സമാഹരണത്തിന് പഞ്ചായത്തുമായി സഹകരിക്കുക

പഞ്ചായത്തുകൾക്ക് നൽകേണ്ട വിവിധയിനം നികുതികൾ
ഫീസുകൾ തുടങ്ങിയവ യഥാസമയം നൽകുക

അതുവഴി ഗ്രാമ വികസനത്തിൽ പങ്കാളിയാവുക

ഏരഞ്ഞോളി ഗ്രാമപഞ്ചായത്ത്
ഏരഞ്ഞോളി

145 - 2

# എരഞ്ഞോളി
## ഗ്രാമ പഞ്ചായത്ത്




അധികാരം ജനങ്ങളിലേക്ക്

# വികസന രേഖ


N
കേരളം
കാസർഗോഡ് ജില്ല
കണ്ണൂർ ജില്ല
എരഞ്ഞോളി
ഗ്രാമ പഞ്ചായത്ത്
വയനാട് ജില്ല
കോഴിക്കോട് ജില്ല
മലപ്പുറം ജില്ല
പാലക്കാട് ജില്ല
തൃശ്ശൂർ ജില്ല
എറണാകുളം ജില്ല
ഇടുക്കി ജില്ല
കോട്ടയം ജില്ല
ആലപ്പുഴ ജില്ല
പത്തനം തിട്ട ജില്ല
കൊല്ലം ജില്ല
തിരുവനന്തപുരം ജില്ല

പുതിയൊരു വികസന സംസ്കാരത്തിനും അവിഭക്തമായൊരു കൂട്ടായ്മക്കും തിരിച്ചറിവോടെ തയ്യാറെടുക്കുകയാണ് കേരളം. അധികാര വികേന്ദ്രീകരണത്തിലൂടെ കേരളത്തിൻെറ ഒമ്പതാം പദ്ധതി ജനപങ്കാളിത്തത്തോടെ ആവിഷ്കരിക്കുന്നതിനുവേണ്ടിയാണ് സംസ്ഥാന സർക്കാരും ആസൂത്രണ ബോർഡും ചേർന്നു ജനകീയ ആസൂത്രണ പ്രസ്ഥാനത്തിനു രൂപം നൽകിയത്. ഗ്രാമങ്ങളിലും നഗരങ്ങളിലുമുള്ള പാവപ്പെട്ട ജനങ്ങളെ വികസനപ്രക്രിയയിൽ പങ്കാളികളാക്കാൻ ഇതുവഴി നമുക്ക് കഴിയും. സ്വന്തം ഗ്രാമത്തിൻെറ വിഭവങ്ങളും പരിമിതകളും ആവശ്യങ്ങളും ഒന്നിച്ചിരുന്നു ചർച്ചചെയ്യാനും, അതിലൂടെ ലഭിക്കുന്ന അറിവും അനുഭവവും നാടിൻെറ സമഗ്ര വികസനത്തിനായി ഉപയോഗിക്കാനും കഴിയുമ്പോൾ, ഒരു കാര്യം തീർച്ച, ജനങ്ങളുടെ ജീവിതനിലവാരം മാറ്റത്തിനു വിധേയമാവും.

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി നമ്മുടെ പഞ്ചായത്തിലെ 11 ഗ്രാമസഭകളും അതത് പ്രദേശത്തെ വികസന പ്രശ്നങ്ങൾ വളരെ സജീവമായി തന്നെ ചർച്ച ചെയ്തു. അതിരുകളില്ലാത്ത പരാധീനതകളും പ്രശ്നങ്ങളും ഉന്നയിക്കുമ്പോൾ അതു പരിഹരിക്കാനാവശ്യമായ ദിശാബോധവും ഉയർന്നുവന്നിട്ടുണ്ട്. ഈ ചർച്ചകളുടെ അടിസ്ഥാനത്തിലും- ദ്വിതീയ വിവര ശേഖരണത്തിൻെറ അ ടിസ്ഥാനത്തിലും തയ്യാറാക്കിയതാണ് ഈ വികസന രേഖ.

വിവിധ മേഖലകളിലെ പ്രശ്നങ്ങളെ പരിശോധിക്കാനും അതിനുള്ള പരിഹാരങ്ങളും, സാധ്യതകളും നിർദ്ദേശിക്കുവാനും ഇവിടെ ശ്രമിച്ചിട്ടുണ്ട്. പഞ്ചായത്ത് റിസോഴ്സ് ഗ്രൂപ്പിൻെറയും സന്നദ്ധ പ്രവർത്തകരുടെയും വിവിധ വകുപ്പു ഉദ്യോഗസ്ഥരുടെയും കൂട്ടായ പരിശ്രമം ഇതിനു പിന്നിലുണ്ട്. ഒമ്പതാം പദ്ധതി നമ്മുടെ പഞ്ചായത്തിൽ എങ്ങനെ രൂപപ്പെടണമെന്നും അതിനുമുന്നോടിയായുള്ള സ്കീമുകൾ തയ്യാറാക്കുന്നതിനും സഹായകമായഅടിസ്ഥാന രേഖ എന്നനിലയിൽ ഈ റിപ്പോർട്ട് പഞ്ചായത്തു വികസന സെമിനാറിൻെറ സജീവമായചർച്ചയ്ക്ക് വിധേയ മാക്കേണ്ടതുണ്ട്. ഈ വികസന രേഖ തയ്യാറാക്കുന്നതിൽ വിവിധ തലങ്ങളിൽ സഹായിച്ച മുഴുവൻ ആളുകളേയും ഞങ്ങൾ നന്ദിപൂർവ്വം ഓർമ്മിക്കുന്നു. ഏറെ ചാരിതാർത്ഥ്യത്തോടെ പ്രതീക്ഷയോടെ ഞങ്ങൾ ഈ രേഖ നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നു.

ടി. പ്രേമനാഥ്
പ്രസിഡൻറ്
എരഞ്ഞോളി ഗ്രാമ പഞ്ചായത്ത്


എരഞ്ഞോളി
ഗ്രാമപഞ്ചായത്ത്
വാർഡുകൾ
റോഡുകൾ
സ്ഥാപനങ്ങൾ
N
പിണറായി ഗ്രാമ പഞ്ചായത്ത്
തലശ്ശേരി മുനിസിപ്പാലിറ്റി
കതിരൂർ ഗ്രാമ പഞ്ചായത്ത്
1
2
3
4
5
6
7
8
9
10
11
C
ഗ്രാമപഞ്ചായത്ത് ഓഫീസ്
സ്ക്കൂൾ
പോസ്റ്റ് ഓഫീസ്
സഹകരണബാങ്ക്
വനിതാബാങ്ക്
സിനിമാതീയേറ്റർ
ഹെൽത്ത് സെന്റർ / ഡിസ്പെൻസറി
ആയുർവേദ ഡിസ്പെൻസറി
വില്ലേജ് ഓഫീസ്
കുടുംബക്ഷേമ കേന്ദ്രം
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്
പഞ്ചായത്ത് സാംസ്ക്കാരിക കേന്ദ്രം
ടി.വി. റിലേ കേന്ദ്രം
മൃഗാസ്പത്രി
കൃഷി
റോഡുകൾ
വാർഡ് അതിർത്തി
വാർഡ് നമ്പർ

## എരഞ്ഞോളി ഗ്രാമപഞ്ചായത്ത് ഭരണ സമിതി

1. ടി. പ്രേമനാഥ് - പ്രസിഡണ്ട്
2. എൻ. വി. വത്സൻ - വൈ. പ്രസിഡണ്ട്
3. എം. രാജൻ - സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ
4. സി. കെ. ദിനേശൻ
5. എം. കെ. പ്രഭാവതി.
6. പി.പി. പത്മനാഭൻ
7. ജി. പി. ഗോപാലകൃഷ്ണൻ
8. എം. വസന്തകുമാരി
9. എം. പ്രസന്ന
10. എം. ശാന്ത
11. വി. സി. രാഘവൻ

പി. ചന്ദ്രൻ സിക്രട്ടറി

### പത്രാധിപ സമിതി

എഡിറ്റർ : കെ. പി. പ്രഹീദ്

അംഗങ്ങൾ

ടി. പ്രേമനാഥ്
പി. ചന്ദ്രൻ
മുകുന്ദൻമഠത്തിൽ
എ.വി. രത്നകുമാർ
എ. രമേശ് ബാബു
കെ.ശ്രീനിവാസൻ
എ. പി.പ്രസീതകുമാരി
എം. ബാലൻ
എൻ. വി. വൽസൻ

### കീ റിസോഴ്സ് പേഴ്സൺ

എം. ഉദയകുമാർ

### ജില്ലാ റിസോഴ്സ് പേഴ്സൺസ്

പ്രഹീദ്. കെ. പി.
മുകുന്ദൻ മഠത്തിൽ
കെ. ശ്രീനിവാസൻ
എം. രാജേഷ്
എ. പി. പ്രസീതകുമാരി
എം. ബാലൻ
പി.എം. ഭാസ്കരൻ
എം. സന്തോഷ്
ടി. എൻ. സജീവ്

കവർ : ജീവൻചി
കമ്പ്യൂട്ടർ ടൈപ്പ് സെറ്റിങ്ങ് : ഡിജിറ്റൽ ഗ്രാഫിക്സ്, തലശ്ശേരി

പ്രിൻറിംഗ്
ഫീനിക്സ് ഓഫ്സെറ്റ് പ്രിൻേറർസ്,
തലശ്ശേരി - 7
ഫോൺ: 220823

## റിപ്പോർട്ട് തയ്യാറാക്കിയവർ

എ. പി. പ്രസാദ്
പി. കെ. അബ്ദുൾ ലത്തീഫ്
കുഞ്ഞേരി സുകുമാരൻ
കെ. രവീന്ദ്രൻ
ടി. ജി.ബാലഗോപാലൻ
സി. പ്രഭാകരൻ
പീതാംബര ബാബു ( കൃഷി ഓഫീസർ)
എൻ. കെ. രമേശൻ
കെ. കെ. രമേഷ് ബാബു
രാമദാസ് ( റിട്ട: കൃഷി ആഫീസർ)
കെ. എം. കുഞ്ഞിക്കണ്ണൻ
കെ. എം. രാമൻ
സുർജ്ജിത്ത്. എം.
കെ. വി. രവീന്ദ്രൻ ( വെറ്റിനറി സർജ്ജൻ)
എ. വി. രാജൻ
പത്മനാഭൻ. കെ.
കെ. കെ. ബാലൻ മാസ്റ്റർ
ബിജു. വി. ജി.
പി. കെ. കൗസു
പ്രജിത്ത് .സി. എൻ
അനുരൂപ. എം.
പി. പ്രകാശൻ
രഞ്ജിത്ത് .കെ. കെ.
ഒ.ടി. പവിത്രൻ
കെ. കെ. സുരേഷ് ബാബു
എ.ശശിധരൻ
രാമദാസ്. എ. എൻ
പൈതൽ മാസ്റ്റർ
ചന്ദ്രശേഖരൻ
രാജേഷ്. സി. എം.
പി. വി.വാസു
കോരോത്താൻ രാജൻ
രാജൻ പാലോറാൻ
അജിത. സി.
വസന്ത. സി.

# ഉള്ളടക്കസൂചിക


- ആമുഖം
- പൊതുവിവരണം
- ചരിത്രം
- ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം
- കൃഷിയും ജലസേചനവും
- മൃഗസംരക്ഷണവും മത്സ്യബന്ധനവും
- വ്യവസായം
- വിദ്യാഭ്യാസം
- കുടിവെള്ളവും പൊതുജനാരോഗ്യവും
- ഗതാഗതം, ഊർജ്ജം, മാർക്കററ്
- പാർപ്പിടവും, സാമൂഹ്യക്ഷേമവും
- സംസ്കാരം
- വനിത
- സഹകരണം
- പട്ടികജാതി- പട്ടികവർഗ്ഗ ക്ഷേമം
- വിഭവ സമാഹരണം.


***

# ആമുഖം

സ്വാതന്ത്ര്യലബ്ധിമുതൽ ആസൂത്രിതമായി സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനാണ് നമ്മൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഫലമായി പലനേട്ടങ്ങളും കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എങ്കിലും ആസൂത്രണത്തിലെ വൈകല്യം സാമൂഹ്യമുരടിപ്പിനു കാരണമായി. കഴിഞ്ഞ എട്ടു പദ്ധതിക്കാലത്തും സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ കേരളം പിൻതള്ളപ്പെട്ടുകിടക്കുകയായിരുന്നു എന്നതാണ് യാഥാർത്ഥ്യം. കേരളത്തിലെ ഉല്പാദന മേഖല വളരെയധികം ദുർബലമായി. കാർഷിക മേഖല മുരടിച്ചു. വ്യാവസായിക മേഖല തളർന്നു. ഇതിനനുബന്ധമായി തൊഴിലില്ലായ്മ ഭയാനകമായി. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനമായി മാറി കേരളം. വിഭവ ശോഷണവും ഉല്പാദന ക്ഷമത ഉയരാത്തതും മൂലം നമ്മുടെ പരമ്പരാഗത കയറ്റുമതി വിഭവങ്ങൾ രൂക്ഷമായ കമ്പോള മത്സരത്തെയാണ് നേരിട്ടു കൊണ്ടിരിക്കുന്നത്. ഈ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി ഒരു സാമൂഹിക രാഷ്ട്രീയ വെല്ലുവിളിയാണ്. ഈ വെല്ലുവിളിയെ നേരിടാനുള്ള മുന്നൊരുക്കങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ് കേരള ജനത. മറ്റൊരു സംസ്ഥാനത്തും ഇതേവരെ നടത്തിയിട്ടില്ലാത്ത ഒരു പുത്തൻ പരീക്ഷണമാണ് കേരളത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ട ജനകീയ ആസൂത്രണ പരിപാടി. വികസനമെന്നാൽ ഉദ്യോഗസ്ഥതലത്തിൽ മാത്രം നടത്തേണ്ടുന്ന ഒരു പ്രവർത്തനമല്ല. അത് ബഹുജനപങ്കാളിത്തത്തോടെ നടത്തേണ്ട ഒരു പ്രവർത്തനമാണ്. ഒമ്പതാം പദ്ധതി ജനകീയ പദ്ധതി ആക്കാനുള്ള ഈ മഹത്തായ പ്രവർത്തനം നമ്മുടെ പഞ്ചായത്തിലെ ജനങ്ങളും ആവേശത്തോടെയാണ് ഏറ്റെടുത്തത്. 22.8.96 ന് നടന്ന യോഗത്തോടെ എരഞ്ഞോളി പഞ്ചായത്തിൽ ജനകീയ ആസൂത്രണപരിപാടിക്ക് തുടക്കമായി. സപ്തംബർ 11 ാം തീയ്യതി നടന്നപഞ്ചായത്ത് ശില്പശാലയിൽ 90 പേർ പങ്കെടുത്തു. സംസ്ഥാനതല പരിശീലനത്തിൽ ഒരാളും ജില്ലാതല പരിശീലനത്തിൽ 9 പേരും പങ്കെടുത്തു. ഗ്രാമസഭകൾ വിജയിപ്പിക്കുന്നതിനായി മുഴുവൻ വാർഡുകളിലും സംഘാടകസമിതി രൂപീകരിച്ചു. ഗൃഹ സന്ദർശനത്തിനായി രൂപീകരിച്ച സ്കോഡുകളുടെ പ്രവർത്തനം ഫലപ്രദമായിരുന്നു. ഗ്രാമസഭാപ്രചരണാർത്ഥം ബോർഡുകൾ. ബാനറുകൾ, പോസ്റ്ററുകൾ എന്നിവ ഉപയോഗിച്ചു. പുതിയൊരു വികസന സംസ്കാരത്തിനു തുടക്കം കുറിച്ചുകൊണ്ടു 1996 സപ്തംബർ 15 മുതൽ ഒക്ടോബർ 2 വരെയായി നമ്മുടെ 11 ഗ്രാമസഭകളും വിളിച്ചു ചേർക്കപ്പെട്ടു. വമ്പിച്ച ജനപങ്കാളത്തമായിരുന്നു എല്ലാ ഗ്രാമസഭകളിലും. ആകെ 1985 പേർ ഗ്രാമസഭകളിൽ പങ്കെടുത്തു. ഇതിൽ 525 പേർ സ്ത്രീകളായിരുന്നു. തൽപ്രദേശത്തെ വികസനപ്രശ്നങ്ങൾ തിട്ടപ്പെടുത്താനും സാധ്യമായ പരിഹാര നിർദ്ദേശങ്ങൾ രൂപപ്പെടുത്താനും ഈ ഗ്രാമസഭാ യോഗങ്ങൾക്കുകഴിഞ്ഞിട്ടുണ്ട്.
ജനകീയാസൂത്രണ സെമിനാറിനുള്ള പ്രവർത്തനങ്ങളാണ് പിന്നിടു നടന്നത്.

പഞ്ചായത്ത് വിസകന റിപ്പോർട്ട് തയ്യാറാക്കുന്നതിനെക്കുറിച്ച് ഒരു ഏകദിന ശില്പശാല നവംബർ 6ാം തിയ്യതി തോട്ടുമ്മൽ വെച്ചു ചേർന്നു. റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 13 കോർ ഗ്രൂപ്പുകൾ രൂപീകരിച്ചു. പഞ്ചായത്തിലെ ഭൂപ്രകൃതി, ജലപ്രകൃതി, സസ്യാവരണം ഇവ മനസ്സിലാക്കുന്നതിന് വേണ്ടിയുള്ള ദ്രുത ഗ്രാമപര്യടനം 96 നവ: 3 ന് നടന്നു. 4 ഗ്രൂപ്പുകളാണ് ഈ പ്രവർത്തനത്തിൽ ഏർപ്പെട്ടത്. പഞ്ചായത്തുതല വികസനവുമായി ബന്ധപ്പെട്ട വിവിധ സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, മറ്റു സ്ഥാപനങ്ങൾ , എന്നിവ സന്ദർശിച്ചു ലഭ്യമായ വിവരങ്ങൾ ശേഖരിക്കാനുള്ള ദ്വിതീയ വിവര ശേഖരണം ഫലപ്രദമായി നടന്നിട്ടുണ്ട്. ഇതോടൊപ്പം കുടുംബവിവര സർവെയും നടത്തുവാൻ കഴിഞ്ഞു. വിവിധ മേഖലകളുമായി ബന്ധപ്പെട്ട ഒട്ടേറെ വ്യക്തികളുമായി അഭിമുഖ സംഭാഷണങ്ങളും ചർച്ചകളും നടത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിലെല്ലാം ഒട്ടനവധി ആളുകളുടെ പങ്കാളിത്തവും ഒപ്പം പഞ്ചായത്ത് ഭരണസമിതി അംഗങ്ങളുടെ സജീവമായ നേതൃത്വവും ഉണ്ടായിരുന്നു.

# പൊതുവിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : എരഞ്ഞോളി ഗ്രാമപഞ്ചായത്ത് |
| റവന്യൂ വില്ലേജ് | : എരഞ്ഞോളി |
| ബ്ലോക്ക് | : തലശ്ശേരി |
| താലൂക്ക് | : തലശ്ശേരി |
| ജില്ല | : കണ്ണൂർ |
| അസംബ്ലി മണ്ഡലം | : തലശ്ശേരി |
| ലോകസഭാ മണ്ഡലം | : വടകര |
| വിസ്തീർണ്ണം | :10.08 ചതുരശ്ര കി. മീ. |
| അതിരുകൾ | :കിഴക്ക് - കതിരൂർ |
| | പടിഞ്ഞാറ്- തലശ്ശേരി മുനിസിപ്പാലിറ്റി, അഞ്ചരക്കണ്ടി പുഴ |
| | വടക്ക്- ഉമ്മൻചിറ പുഴ |
| | തെക്ക് -എരഞ്ഞോളിപുഴ, കതിരൂർ പഞ്ചായത്ത് |
| വാർഡുകളുടെ എണ്ണം | : 11 |
| സ്ത്രീസംവരണ വാർഡുകൾ | : 4 |
| പട്ടികജാതി സംവരണ വാർഡുകൾ | : 1 |
| ജനസംഖ്യ | :24521 |
| പുരുഷന്മാർ | :11849 |
| സ്ത്രീകൾ | :12672 |
| ജനസാന്ദ്രത | : 2432/ ചതുരശ്ര കി. മീ. |
| പ്രസിഡണ്ട് | : ടി. പ്രേമനാഥ് |
| വൈ. പ്രസിഡണ്ട് | : എൻ. വി. വത്സൻ |
| സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ | : എം. രാജൻ |
| ബ്ലോക്ക് പഞ്ചായത്ത് മെമ്പർ | : സി. സൗദാമിനി ടീച്ചർ |
| ജില്ലാ പഞ്ചായത്ത് മെമ്പർ | : പി. കല്ല്യാണി ടീച്ചർ |
| നിയമസഭാംഗം | : ഇ. കെ. നായനാർ |
| ലോകസഭാംഗം | : ഒ. ഭരതൻ |

# ചരിത്രം

*മലയാളത്തിൻെറ സ്മൃതി പഥത്തിൽ എന്നെന്നും ഓർമ്മിക്കുന്ന ഹെർമ്മൻ ഗുണ്ടർട്ടിൻെറ മഹദ്സാന്നിധ്യം കൊണ്ട് ധന്യമായ പഴയവടക്കുമ്പാട് പഞ്ചായത്ത് സംസ്കൃത പണ്ഡിതനും കവിയുമായ വിദ്വാൻ എൻ കോയിത്തട്ട ആദ്യകാല സാഹിത്യകാരൻ വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ ( കേസരി) തുടങ്ങിയവങ്ങ നമ്മുടെ പഞ്ചായത്തിൻെറ നിത്യജ്യോതിസ്സുകളാണ്.*

നാടുവാഴിത്തത്തിനും, ജന്മിത്വത്തിനുമെതിരെ നിരവധി പോരാട്ടങ്ങൾക്ക് സാക്ഷി നിന്ന ഗ്രാമം. ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ ധീരോജ്ജ്വലമായി പടപൊരുതി വീരമൃത്യു വരിച്ച പഴശ്ശിയുമായി ബന്ധമുള്ള മണ്ണ്. ടിപ്പുവിൻെറ തേരോട്ടങ്ങൾ കടന്നുപോയ നാട്. പടിഞ്ഞാറും, കിഴക്കുമായി ഗ്രാമത്തിലൂടെ നീളുന്ന റോഡുകൾ പോയ കാലത്തിൻെറ ചരിത്ര സാക്ഷിയാണ്. ബ്രിട്ടീഷ് ആധിപത്യകാലത്ത് അഞ്ചരക്കണ്ടിയിൽ ബ്രൗൺ സായ്പ് നിർമ്മിച്ച ഏഷ്യയിലെ തന്നെ ഏറ്റവും വലിയ കറപ്പത്തോട്ടത്തിലേക്ക് തലശ്ശേരിയെ ബന്ധിപ്പിക്കുന്ന റോഡും, പഴശ്ശിയെ കീഴ്പ്പെടുത്തുവാൻ ബ്രിട്ടീഷ് പട്ടാളത്തിന് സഞ്ചരിക്കാൻ നിർമ്മിച്ച തലശ്ശേരി- കൂർഗ്ഗ് റോഡും ഇവയിൽ പ്രധാനങ്ങളാണ്. നായനാർ മുക്ക് മുതൽ കുടക്കളം വാടിയിൽപ്പീടിക വഴി നീട്ടൂർ വരെ നീണ്ടുകിടക്കുന്ന റോഡ് പണ്ട് രാജപാതയായിരുന്നുവത്രെ. തലശ്ശേരി കൂർഗ് റോഡിൽ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി ചുങ്കം പിരിച്ചിരുന്ന സ്ഥലമത്രെ ഇന്നത്തെചുങ്കം. കോട്ടയം തമ്പുരാൻ കഥകളി അരങ്ങേറ്റം നടത്തിയ സ്ഥലമായിരുന്നു അരങ്ങേറ്റുപറമ്പ്. രണ്ട് നൂറ്റാണ്ടിന് മുമ്പ് പഴശ്ശിയുടെ പടയാളിയായ കൈതേരി കുങ്കനെ ബ്രിട്ടീഷുകാർ തൂക്കിലേറ്റിയ കുഞ്ഞികൂലോം പഴശ്ശിയുടെ വിശ്രമകേന്ദ്രമായിരുന്നു. വരമൊഴികളുടെയും വാമൊഴികളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ ചരിത്ര പഠനം.

ജാതി-ജന്മി നാടുവാഴിത്ത കാലഘട്ടത്തിൽ കോട്ടയം തമ്പുരാനും, അറത്തിൽ കണ്ടോത്ത് തറവാട്ടുകാരും കേയിമാരും വയലളത്തില്ലത്ത് ജന്മിമാരും ആയിരുന്നു ഇവിടംഅടക്കി വാണിരുന്നത്. ജാതി-മതാചാരങ്ങൾ ശക്തമായിരുന്ന സമൂഹം ഒപ്പം ജന്മിത്തം അടിച്ചേൽപ്പിച്ച വാരം, പാട്ടം, നുരി, വെച്ചുകാണൽ തുടങ്ങിയ അക്രമപ്പിരിവുകൾ ദുരിതപൂർണ്ണമാക്കിയ ജീവിതം.

മലബാറിലാകെ അലയടിച്ചുയർന്ന ജന്മിത്തവിരുദ്ധ പ്രക്ഷോഭത്തിൻെറ ഭാഗമായി ഒട്ടേറെ സമരങ്ങൾ ഇവിടെയും ഉണ്ടായിട്ടുണ്ട്. തങ്ങളുടെ ആവശ്യങ്ങളുമായി ജന്മിഗൃഹത്തിലേക്ക് കാൽനടയായിപോയി നിവേദനം

കൊടുക്കുനതിലൂടെയാണ് ഇത് വളർന്നു വന്നത്. കേരളീയ-രാഷ്ട്രീയാന്തരീക്ഷത്തിൽ ക്രമാനുഗതമായി ഉണ്ടായിക്കൊണ്ടിരുന്ന മാറ്റങ്ങൾക്കൊപ്പം എരഞ്ഞോളി, വടക്കുമ്പാട് പ്രദേശങ്ങളും പങ്കുചേരുകയുണ്ടായി. അ ക്രമപ്പിരിവുകൾ അവസാനിപ്പിക്കുക, സാമൂഹ്യദ്രോഹം അവസാനിപ്പിക്കുക എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തി എ.കെ. ജി. യുടെ നേതൃത്വത്തിൽ കോട്ടയം കോവിലകത്തേക്കും കുണ്ടാഞ്ചേരി കുഞ്ഞിരാമൻ മാസ്റ്ററുടെ നേതൃത്വത്തിൽ അറക്കൽ കണ്ടോത്ത് തറവാട്ടിലേക്കും ( കേസരിയുടെ) കർഷകസംഘത്തിൻെറ ആഹ്വാന പ്രകാരം നടന്ന മാർച്ചുകൾ കർഷകപ്രസ്ഥാനത്തിൻെറ ചരിത്രത്തിലെ നാഴിക കല്ലുകളാണ്. 1957 ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കണ്ണൂർ ജില്ലാ സമ്മേളനത്തിന് ഇതേ അറക്കൽ കണ്ടോത്ത് തറവാട് വേദിയായത് ചരിത്ര വസ്തുതയാണ്.

കേരളീയ നവോത്ഥാന നായകനായ ശ്രീനാരായണഗുരുവിൻെറ ധന്യസാന്നിദ്ധ്യം തൊട്ടുകൂടായ്മ, തീണ്ടികൂടായ്മ എന്നിവയ്ക്കെതിരെ പ്രതികരിക്കാൻ ജനങ്ങൾക്ക് കരുത്തേകി. ഈ കാലയളവിൽ നിരവധി ശ്രീനാരായണ മഠങ്ങൾ ഇവിടെ സ്ഥാപിക്കപ്പെട്ടു. സാമൂഹ്യ നവോത്ഥാന പരിഷ്കരണപ്രസ്ഥാനങ്ങൾ ഉഴുതുമറിച്ച മണ്ണിലാണ് കോൺഗ്രസ്സും കർഷകപ്രസ്ഥാനങ്ങളും വളർന്നു വന്നത്. തൊഴിലില്ലായ്മക്കും, പട്ടിണിക്കുമെതിരെ എ.കെ.ജി. കെ. പി. ആർ ഗോപാലൻ എന്നിവരുടെ നേതൃത്വത്തിൽ കല്ല്യാശ്ശേരിയിൽ നിന്ന് പുറപ്പെട്ട് തലശ്ശേരി സബ്ബ്കളക്ടറുടെ ഓഫീസിലേക്ക് നടന്ന പട്ടിണി ജാഥയിൽ കൊടിക്കുന്നിൽ നമ്പി. സി. എം.കുഞ്ഞിക്കണ്ണൻ നമ്പ്യാർ , എന്നിവർപങ്കെടുത്തു.

കോട്ടയം താലൂക്ക് കർഷകസംഘ രൂപീകരണ യോഗം ഇതേ കാലയളവിൽ കുടക്കളത്ത് വെച്ച് ചേരുകയുണ്ടായി. 1920 കളിൽ തന്നെ വൈദേശികാധിപത്യത്തിനെതിരെയുള്ള പോരാട്ടങ്ങളിൽ ഇവിടുത്തുകാർ പങ്കാളികളായിരുന്നു. മദ്യഷാപ്പുകൾ പിക്കറ്റ് ചെയ്യപ്പെടുകയുണ്ടായി. പരിയാരി രാമുണ്ണിയുടെയും, ഈശ്വരത്ത് മീത്തൽ രാമൻെറയും നേതൃത്വത്തിൽ നടന്ന പിക്കറ്റിങ്ങ് സമരത്തിൽ പങ്കെടുത്ത സമരവളണ്ടിയർമാർക്ക് ക്രൂരമായ മർദ്ദനം ഏൽക്കുകയുണ്ടായി. രണ്ടാം നിയമലംഘന പ്രസ്ഥാനത്തിൻെറ ഭാഗമായി സർദാർ ചന്ദ്രോത്തിൻെറ നേതൃത്വത്തിൽ ചുങ്കത്ത് വെച്ച് പോലീസ് വലയം ഭേദിച്ച് മുന്നോട്ട് കുതിച്ച് തലശ്ശേരി സബ്ബ് കളക്ടർക്ക് നിവേദനം നൽകിയ മാർച്ച് ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലെ ഉജ്വലമായ സമരാനുഭവമായിരുന്നു. സാമ്രാജ്യത്വ വിരുദ്ധ- മർദ്ധന വിരുദ്ധ പ്രതിഷേധ ദിനമായിരുന്നു 1940 സപ്തംബർ 15ന് തലശ്ശേരിയിൽ രണ്ട് സ്വാതന്ത്ര്യ സമര പോരാളികൾ-അബുവും, ചാത്തുക്കുട്ടിയും രക്തസാക്ഷികളായി. അന്നേദിവസം ജവഹർ ഘട്ടിൽ വെച്ച് നടന്ന പ്രതിഷേധ മാർച്ചിൽ പങ്കെടുത്ത കുറുപ്പാടിയിൽ അനന്തൻ മാസ്റ്റർ, ചമ്പാല അനന്തൻ, പരേത്ത് അനന്തൻ, മമ്പള്ളി നാണു, എന്നിവർക്ക് വെടിയേറ്റു. പോലീസ് ഇവരെ അറസ്റ്റ് ചെയ്ത് ജയിലിലടക്കുകയും ചെയ്തു. കെ. പി. ആണ്ടിമാസ്ററർ അടക്കമുള്ള നിരവധി ആളുകൾക്ക് ക്രൂരമായ മർദ്ധനമേൽക്കേണ്ടിവന്നിട്ടുണ്ട്. സമരവളണ്ടിയർമാർക്ക് കുടക്കളം മഠം കേന്ദ്രീകരിച്ച് കുണ്ടൂർ മലയിൽ സർദാർ ചന്ദ്രോത്തിൻെറ നേതൃത്വത്തിൽ പരിശീലനം നൽകുകയുണ്ടായി.

ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനവുമായി ബന്ധപ്പെട്ട് വിവിധ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം കൊടുത്തവരിൽ പ്രഥമ സ്ഥാനീയരാണ് ശ്രീ. അറത്തിൽ കണ്ടോത്ത് നാണു നമ്പ്യാർ,. ശ്രീ. കുണ്ടാഞ്ചേരി കുഞ്ഞിരാമൻ മാസ്റ്റർ, നിട്ടൂർ പി. ദാമോദരൻ, ശ്രീ. മൂർക്കോത്ത് കുഞ്ഞിരാമൻ എന്നിവർ കർഷക-കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെയും അദ്ധ്യാപക പ്രസ്ഥാനങ്ങളുടെയും സമുന്നതനേതാവായ ശ്രീ. കുണ്ടാഞ്ചേരി കോൺഗ്രസ്സിൻെറ ഹരിപുരം, രാംഗഢ് സമ്മേളനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. 1939 ഡിസംബർ മാസത്തിൽ പിണറായിലെ പാറപ്രത്ത് വെച്ച് നടന്ന കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരണ യോഗത്തിൻെറ സംഘാടകനായിരുന്നു ഇദ്ദേഹം. ദീർഘകാലം എരഞ്ഞോളി പഞ്ചായത്തിൻെറ പ്രസിഡണ്ടായിരുന്നു.

സുഭാഷ്ചന്ദ്രബോസിനൊപ്പവും ചെമ്പക രാമൻ പിള്ളയോടൊപ്പവും സ്വാതന്ത്ര്യ സമരമുഖത്ത് നിന്ന ശ്രീ.

അറത്തിൽ കണ്ടോത്ത് നാണു നമ്പ്യാർ 1944 സിംഗപ്പൂർ ആസ്ഥാനമാക്കി നേതാജി ആസാദ് ഹിന്ദ് ഗവൺമെൻറ് രൂപീകരിച്ചപ്പോൾ അതിൽ മിനിസ്റ്റർ ഓഫ് സ്റ്റേറ്റ് ആയിരുന്നു. ഇന്ത്യാ ലീജിയൻെറ യൂറോപ്യൻ നേതാവായും പ്രവർത്തിച്ചിട്ടുണ്ട്.അറിയപ്പെടുന്ന സോഷ്യലിസ്റ്റ്നേതാവും, സ്വാതന്ത്ര്യസമരസേനാനിയും നിട്ടൂർകമ്മീഷൻ അദ്ധ്യക്ഷനുമായിരുന്നു നിട്ടൂർ. പി. ദാമോദരൻ. ദേശീയ പ്രസ്ഥാനത്തിലെ സമുന്നത നേതാവും.എ.ഐ. സി. സി. അംഗവുമായിരുന്ന ഡോ:പി. നാണു മലബാറിലെ തൊഴിലാളി പ്രസ്ഥാനത്തെ സംഘടിപ്പിക്കുന്നതിന് ചെറുവണ്ണൂർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുകയും പിന്നീട് കമ്മ്യൂണിസ്റ്റ് സൈദ്ധാന്തികനും പ്രഗത്ഭവാഗ്മിയുമായ ശ്രീ. മൂർക്കോത്ത് കുഞ്ഞിരാമൻ എരഞ്ഞോളിയിലെ സംഘടിത പ്രസ്ഥാനത്തിന് നൽകിയ സംഭാവന അതുല്ല്യമാണ്. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റുവരിക്കപ്പെട്ടിരുന്നു. സേലം ജയിലിൽ ശിക്ഷയനുഭവിച്ചിട്ടുണ്ട്.

ചമ്പാല അനന്തൻ, മമ്പള്ളിനാണു, കുറുപ്പാടി അനന്തൻ മാസ്റ്റർ, പരേത്ത് അനന്തൻ, കെ. പി ആണ്ടി മാസ്റ്റർ, പി. എം. കണാരൻ മാസ്റ്റർ, കൊടിക്കുന്നിൽ നമ്പി, പൂവാലി കുഞ്ഞമ്പു, കച്ചുമ്പ്രോൻ ശങ്കരൻ, വള്ള്യൻ അനന്തൻ, ചാല കുമാരൻ നെല്ലിക്ക നാണു,എൻ. എ. രാമുണ്ണിവൈദ്യർ, കെ. പി അനന്തൻ, പീറ്റക്കണ്ടി കൃഷ്ണൻ, പി. എം. കണാരൻ, വെളുത്താൻ കുഞ്ഞിക്കണ്ണൻ,നെല്ലോളി കുഞ്ഞിക്കണ്ണൻ, സി.കണാരി മാസ്റ്റർ തുടങ്ങിയ സ്വാതന്ത്ര്യസമര സേനാനികളുടെ നാടാണ് നമ്മുടേത്.

സ്കൂൾ മാനേജ്മെൻറിൻെറ അനീതിക്കെതിരെ കേരളത്തിലങ്ങോളമിങ്ങോളം അലയടിച്ച അദ്ധ്യാപകസമരത്തിൻെറ മാറ്റൊലി ഇവിടെയും ശക്തമായിരുന്നു. ശ്രീ. കുണ്ടാഞ്ചേരി, ശ്രീ. കണാരി മാസ്റ്റർ, ഒ. ഗോപാലൻമാസ്റ്റർ (പോസ്റ്റ് മാസ്റ്റർ) പി. എം. കണാരൻ മാസ്റ്റർ തുടങ്ങിയവരുടെ നേതൃത്വത്തിൽ പിക്കറ്റിങ്ങ് സമരം നടക്കുകയുണ്ടായി.

1937 ൽ ന്യൂ ഡർബാർ ബീഡി വർക്സിൽ നടന്ന ആദ്യപണിമുടക്ക് സമരം വിജയിപ്പിക്കാൻ കർഷക സംഘത്തിൻെറ ആഹ്വാനപ്രകാരം ഡോ: രാമൂട്ടിയുടെ നേതൃത്വത്തിൽ കാർഷിക ഉല്പന്നങ്ങളും വഹിച്ചുകൊണ്ടുള്ള ഒരു ജാഥ സംഘടിപ്പിക്കുകയുണ്ടായി. തൊഴിലാളി കർഷക-ഐക്യത്തിൻെറ പ്രകടിത രൂപമായിരുന്നു ഈ ജാഥ. 1940 കളിൽ പടർന്നുപിടിച്ച കോളറ വസൂരി രോഗം കാരണം നിരവധി പേർ ഇവിടെ മരണപ്പെട്ടു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ ആഹ്വാനപ്രകാരം സന്നദ്ധ പ്രവർത്തകർ ജീവൻ വിസ്മരിച്ച് രോഗബാധിത പ്രദേശങ്ങളിൽ നടത്തിയ സേവനം മാതൃകപരമായിരുന്നു.

1948 കളിൽ വ്യാപകമായ പോലീസ്- ഗുണ്ടാരാജിൻെറ ക്രൂരതകൾ ഏറെ അനുഭവിച്ചവരാണ് വടക്കുമ്പാട്, എരഞ്ഞോളി പ്രദേശത്തുകാർ, എ.കെ. ജി. ഉണ്ണിരാജ, സി. എച്ച്. കണാരൻ, എൻ. ഇ.ബാലറാം തുടങ്ങിയ നേതാക്കൾ ഈ പ്രദേശങ്ങളിൽ ഒളിവു ജീവിതം നയിച്ചിട്ടുണ്ട്.ഒളിവിലെ നേതാക്കൾക്ക് ഭക്ഷണം കൊടുക്കുവാൻ ശ്രീമതി കണ്ടോത്ത് കല്ല്യാണിയും (വള്ള്യൻ) കപ്പണം കെട്ടിൽ കല്ല്യാണിയും കാണിച്ച ധീരവും മാനുഷികവുമായ പ്രവർത്തനങ്ങൾ ഓർമ്മിക്കപ്പെടുന്നവയാണ്. വടക്കുമ്പാടിൻെറ ഭൂമിശാസ്ത്രപരമായ പ്രത്യേകത ഇതിന് സഹായിച്ചിട്ടുണ്ട്.

കർഷക പുരോഗമന പ്രസ്ഥാനങ്ങളുടെ സംഘാടകനും, ബീഡിതൊഴിലാളി നേതാവും എരഞ്ഞോളി പഞ്ചായത്ത് മെമ്പറമായിരുന്ന ശ്രീ. പി. കുഞ്ഞിക്കണ്ണൻ ധീരോജ്വലമായ പ്രവർത്തനങ്ങൾക്കിടയിൽ കൊലചെയ്യപ്പെട്ടിട്ടുണ്ട്.

**ഭരണചരിത്രം**

1962 ൽ ആണ് ഇന്നത്തെ എരഞ്ഞോളി പഞ്ചായത്ത് നിലവിൽ വന്നത്. അതിനു മുമ്പ് എരഞ്ഞോളി വടക്കുമ്പാട് എന്നീ പേരുകളിൽ രണ്ട് പഞ്ചായത്തായിരുന്നു ഇത്. വടക്കുമ്പാട് പഞ്ചായത്തിലെ കുന്നോത്ത് മണ്ണയാട് എരഞ്ഞോളി പഞ്ചായത്തിലെ കാവുംഭാഗം പ്രദേശങ്ങളും തലശ്ശേരി മുനിസിപ്പാലിറ്റിയുടെ ഭാഗമായപ്പോൾ

വടക്കുമ്പാട്, മാത്തുംഭാഗം പെരുന്താറ്റിൽ എരഞ്ഞോളി പ്രദേശങ്ങൾ കൂടിചേർന്നു ഇന്നത്തെ എരഞ്ഞോളി പഞ്ചായത്ത് നിലവിൽ വന്നു. 1962 ൽ നിലവിൽ വന്ന ഭരണസമിതിയുടെ പ്രസിഡണ്ട് ശ്രീ. കുണ്ടാഞ്ചേരി കുഞ്ഞിരാമൻ മാസ്റ്ററായിരുന്നു.

**പഴയ കാല ഭരണ സാരഥികൾ**
**വടക്കുമ്പാട് പഞ്ചായത്ത്**

**1950**

പി. കരുണാകരൻ ( പ്രസിഡണ്ട്)
ജനാബ് എൻ. ഹൈദ്രോസ്
അണിയേരി രാമുണ്ണി
എൻ. അമ്പുക്കുട്ടി
ജനാബ്. പി. മൊയ്തു
സി. എച്ച്. കുഞ്ഞിക്കണ്ണൻ
സി. മന്ദൻ
എ.ചാത്തു
ബി.ബെയാസ്സീൽ
സി.എച്ച്. അച്ചുതൻ
നെയ്യൻ കുഞ്ഞമ്പു
എൻ. കെ. ഗോവിന്ദൻ നമ്പ്യാർ
കെ. കെ.ഗോവിന്ദൻ നമ്പ്യാർ
( വൈ. പ്രസിഡണ്ട്
കെ. ഗോവിന്ദൻ

എരഞ്ഞോളി പഞ്ചായത്തിൻെറ പഴയ കാല രേഖകൾ ലഭിച്ചിട്ടില്ല.

**1953**

കെ.പി. ചന്തു ( പ്രസിഡണ്ട്)
മന്ദൻ ചാത്തമ്പള്ളി
അമ്പുക്കുട്ടി നെല്ലിക്ക
കെ. കെ. ഗോവിന്ദൻ നമ്പ്യാർ
രാമുണ്ണി അണിയേരി
ഗോവിന്ദൻ ആലക്കണ്ടി
ഗോവിന്ദൻ നമ്പ്യാർ പുതുശ്ശേരി
കുഞ്ഞമ്പു വേലാണ്ടി
കൃഷ്ണൻ ഞാറ്റ്യേല
നാരായണൻ നമ്പ്യാർ പുതുശ്ശേരി പുതിയ വീട്ടിൽ
വിജയൻ കാമ്പിൽ മൂഴിക്കര
അച്ചുതൻ ചാത്തോത്ത്
ഗോവിന്ദൻ കയ്യാല( വൈ. പ്രസിഡണ്ട്)

**എരഞ്ഞോളി പഞ്ചായത്ത് 1962 ൽ നിലവിൽ വന്ന ഭരണ സമിതി**

1. കുണ്ടാഞ്ചേരി കുഞ്ഞിരാമൻ മാസ്റ്റർ ( പ്രസിഡണ്ട്)
2. കെ. പി ആണ്ടി
3. ചെങ്ങര ഗോവിന്ദൻ
4. ഉച്ചുപറമ്പിൽ തിരുവോത്ത് ബാലൻ
5. എൻ.എ. രാമുണ്ണി (വൈ. പ്രസിഡണ്ട്)
6. കോനാടത്ത് മന്യത്ത് കുമാരൻ
7. എം. ആണ്ടി

1966 ൽ ശ്രീ. എൻ. എ. രാമുണ്ണിവൈദ്യർ (വൈസ് പ്രസിഡണ്ട്) സ്ഥാനവും മെമ്പർസ്ഥാനവും രാജിവെച്ചു. ശ്രീ. ചെങ്ങര ഗോവിന്ദനെ വൈസ്പ്രസിഡണ്ടായി തിരഞ്ഞെടുത്ത് ശ്രീമതി തയ്യുള്ളതിൽ കൗസുവിനെ വനിതാ മെമ്പറായി നോമിനേറ്റു ചെയ്തു 67 ൽനടന്ന തിരഞ്ഞെടുപ്പിൽ വിജയിച്ചു. സി.എച്ച്. ബാലൻ, ടി. അച്ചുതൻകൊല്ലങ്കണ്ടി നാണു, തിരുവങ്ങേരി ശങ്കരൻ എന്നിവർ മെമ്പർമാരായി.

**1979 ൽ നിലവിൽ വന്ന ഭരണസമിതി**

1. കുണ്ടാഞ്ചേരി കുഞ്ഞിരാമൻ മാസ്റ്റർ ( പ്രസിഡണ്ട്)
2. ചെങ്ങര ഗോവിന്ദൻ ( വൈ: പ്രസി)
3. പി. കുഞ്ഞിക്കണ്ണൻ
4. ടി. പി. ശ്രീധരൻ
5. പി. യം. നാണു
6. പടിക്കാരത്തിൽ നാണു
7. പി. സരോജിനി
8. കുഞ്ഞേരി യശോദ
9. എം. സി. ഗോപാലൻ

**1988 ൽ നിലവിൽ വന്ന ഭരണസമതി**

1. കെ. വി. ബാലൻ (പ്രസിഡണ്ട്)
2. ടി. പി. ശ്രീധരൻ
3. വി. യം. നാണു (വൈ: പ്രസിഡണ്ട്)
4. എ. വി. രത്നകുമാർ
5. കെ. കെ ശ്രീധരൻ
6. വി.യു വനജ
7. കുണ്ടാഞ്ചേരി രാജൻ
8. പി. എ. മുഹമ്മദ്
9. കാർത്ത്യായനി ടീച്ചർ
10. എം. മുകുന്ദൻ

1992 ൽ ശ്രീ. കെ.വി. ബാലൻ പ്രസിഡണ്ട് സ്ഥാനവും മെമ്പർ സ്ഥാനവും രാജിവെച്ചു. ശ്രീ.പി. ടി.ശ്രീധരനെ പ്രസിഡണ്ടായി തെരഞ്ഞെടുത്തു.ഭരണസമിതി 1995 സപ്തംബർവരെ തുടരുകയും ചെയ്തു.

## നിലവിലുള്ള ഭരണസമിതി

1. ശ്രീ. ടി. പ്രേമനാഥ് ( പ്രസിഡണ്ട്)
3. ശ്രീ. എൻ. വി. വത്സൻ ( വൈ: പ്രസിഡണ്ട്)
3. ശ്രീ. എം. രാജൻ ( സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ)
4. ശ്രീമതി. എം. പ്രസന്ന ടീച്ചർ
5. ശ്രീമതി എം. വസന്തകുമാരി
6.അഡ്വ. ജി. പി. ഗോപാലകൃഷ്ണൻ .
7. ശ്രീ. വി. സി. രാഘവൻ
8. ശ്രീ. സി. കെ. ദിനേശൻ
9. ശ്രീമതി. എം. ശാന്ത
10. ശ്രി. പി. പി. പത്മനാഭൻ
11. ശ്രീമതി. എം.കെ. പ്രഭാവതി.

## മണ്ഡലങ്ങൾ ജനപ്രതിനിധികൾ

| | |
|---|---|
| പാർലമെൻറ് നിയോജകമണ്ഡലം- വടകര | ശ്രീ. ഒ.ഭരതൻ |
| അസംബ്ലി നിയോജകമണ്ഡലം- തലശ്ശേരി | ശ്രീ. ഇ. കെ. നായനാർ |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ- മൊകേരിമെമ്പർ | ശ്രീമതി. പി. കല്ല്യാണിടീച്ചർ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ- എരഞ്ഞോളി മെമ്പർ | ശ്രീമതി സി. സൗദാമിനിടീച്ചർ |

# എരഞ്ഞോളി

## ഗ്രാമപഞ്ചായത്ത്

### വിഭവ ഭൂപടം




- - - വാർഡ് അതിർത്തി

# ഭൂപ്രകൃതി-ജനപ്രകൃതി



**ഭൂപ്രകൃതി**

സസ്യശ്യാമളമായ ഒരു ഗ്രമമാണ് എരഞ്ഞോളി പഞ്ചായത്ത്. പ്രകൃതി കനിഞ്ഞരുളിയ കുന്നുകളും വയലുകളും നീരൊഴുക്കുകളും ഗ്രാമത്തെ സമ്പന്നമാക്കുന്നു. തലശ്ശേരി നഗരത്തിൻെറ ആരവങ്ങൾ കാതോർത്താൽ കേൾക്കാവുന്ന അകലം മാത്രമേ എരഞ്ഞോളിക്കുള്ളൂ. കിഴക്കു കതിരൂരും, പടിഞ്ഞാറു ധർമ്മടവും, വടക്കു പിണറായിയും തെക്ക് തലശ്ശേരി മുൻസിപ്പാലിറ്റിയും നമ്മുടെ അയൽപ്രദേശമാണ്. സമുദ്ര നിരപ്പിൽ നിന്നും 40 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ചരിത്രമുറങ്ങുന്ന കുണ്ടൂർമല വിനോദ സഞ്ചാരത്തിന് ഏറെ സാദ്ധ്യതകൾ ഉള്ള അനുപമ സൗന്ദര്യത്തിൻെറ ഉറവയാണ്. വടക്കൻവീരഗാഥയിലെ തച്ചോളിഒതേനൻ വിരൽ കൊണ്ടു കുഴിച്ച ഒരു കിണറാണത്രെ കുണ്ടൂർമലയിൽ കാണുന്നത്. നരിമടയെന്ന് വിശേഷിപ്പിക്കുന്ന ഒരു കിഴക്കാം തൂക്കായ ഗർത്തവും കുന്നിൻമുകളിൽ കാണാം. ആശ്രമ തുല്യം സമ്പന്നമായ ഈ ഭൂമി സായംസന്ധ്യയിൽ ഉജ്ജ്വല ശോഭയോടെ ശാന്തിയുടെ ഗർഭഗൃഹമായി മാറുന്നു.

എരഞ്ഞോളിയെ തഴുകിക്കൊണ്ടാണ് അഞ്ചരക്കണ്ടി പുഴ, ഉമ്മഞ്ചിറ പുഴ, എരഞ്ഞോളി പുഴ എന്നിവ ഒഴുകുന്നത്. കാർഷിക പ്രാധാന്യമുള്ള ഈ പഞ്ചായത്തിലെ ഭൂമിയിൽ ഭൂരിഭാഗവും കോട്ടയം രാജവംശത്തിൻെറ അധീനത്തിലായിരുന്നു. പനോളിക്കാവ് ദേവസ്വത്തിൻെറ കൈവശവും ഭൂമി ഉണ്ടായിരുന്നു.പാട്ടവ്യവസ്ഥ നിലനിന്നിരുന്നത് കൊണ്ട് കൃഷിക്കാർ എന്തു ത്യാഗം സഹിച്ചും മണ്ണിൽ കൃഷിചെയ്യുന്ന സമ്പ്രദായം ഉണ്ടായി. കാർഷികപരിഷ്കരണങ്ങളിലൂടെ കൃഷിഭൂമി കൃഷിക്കാരൻേറതായി. തലമുറകൾ കടന്നുപോയപ്പോൾ, ആധുനിക ജനതയുടെ സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങൾ ദ്രുതഗതിയിലുള്ള മാറ്റത്തിന് വിധേയമായി. ഭൂമിതുണ്ടമാക്കുകയും പാർപ്പിട പ്രശ്നത്തിൻെറ സമ്മർദ്ദം കാർഷികഭൂമിയെ അതിവേഗത്തിൽ ഇല്ലാതാക്കുന്ന പ്രവണതയായി ഇതു മാറി.

**പഞ്ചായത്തിലെ ഭൂവിഭാഗങ്ങളെ നാലായി തരംതിരിക്കാം**

1. ഉയർന്ന ലാറ്ററൈറ്റ് സമതലം
2. ചരിവുകൾ
3. താഴ്വാരം
4. തീരസമതലം

**ഉയർന്ന ലാറ്ററൈറ്റ് സമതലം**

മൊത്ത വിസ്തൃതിയിൽ 5 ശതമാനം വരുന്ന ഇതാണ് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം. സമുദ്രനിരപ്പിൽ നിന്നും 20 മുതൽ 40 മീറ്റർവരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന കുണ്ടൂർമല, എസ്.എൻ. പുരം അ ലയാട്ട് മീത്തൽകുന്ന്, തൂവക്കുന്ന് , ചക്കക്കുന്ന്, പൂഴാട്ട് കുന്ന് എന്നിവ ലാറ്ററൈറ്റ് സമതലത്തിൽപ്പെടും.

ഏറ്റവും ഉയർന്ന കുണ്ടൂർമലയിൽ കശുമാവ് ആണ് പ്രധാന വിള. ഉണങ്ങിയ കശുമാവിൻെറ സ്ഥാനത്ത് പുതിയവെച്ചുപിടിപ്പിക്കുന്നതിൽ വളരെ അലംഭാവമാണ് കാണിക്കുന്നത്.കറുത്ത ചരൽ മണ്ണ് മറ്റ്ധാന്യങ്ങളും കിഴങ്ങുവർഗ്ഗങ്ങളും കൃഷിചെയ്യാൻ പറ്റുന്നതാണ്. അത്തരം കൃഷിയിൽ താല്പര്യം ജനിക്കാതിരിക്കാൻ പ്രധാനകാരണം,മുള്ളൻ പന്നിയുടെ അക്രമമാണ് . തൂവക്കുന്നിൽ കശുമാവോടൊപ്പം സമൃദ്ധമായി വിളയുന്ന നാളികേരകൃഷിയും ഉണ്ട്. ഇത് മറ്റുകുന്നിൻ പ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായൊരു പ്രത്യേകതയാണ്. എസ്.എൻ. പുരം ആലയാട്ട് മീത്തൽ കുന്നിൻ പ്രദേശങ്ങളിൽ പാർപ്പിടക്കാരായ കുടുംബങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. ഭൂഗർഭജല ലഭ്യത വളരെകുറവ്. 150അടി താഴുമ്പോൾ കിണറുകളിൽ കരിങ്കല്ലാണ് കാണുന്നത്. കുണ്ടൂർ മലയുടെ ഭാഗത്ത് പാറപൊട്ടിക്കൽ, മണ്ണ് എടുക്കൽ എന്നിവ പരിസ്ഥിതി പ്രശ്നമുണ്ടാക്കുന്നുണ്ട്.

**ചെരിവുകൾ:** ഭൂവിസ്തൃതിയിൽ പത്തുശതമാനം വരുന്ന ചെരിവുകൾ, പീഠഭൂമിയെ താഴ്വാരവുമായി കൈകോർക്കുന്നു. പെരുന്താറ്റിൽ, കുടക്കളം, എസ്. എസ്. എൻ. പുരം, വടക്കുമ്പാട് തുടങ്ങിയ പ്രദേശങ്ങളിലാണ് ഇത് ഉള്ളത്. കുത്തനെയുള്ള ചരിവുകൾ കുറവാണ്. തെങ്ങ്, കമുക്,കുരുമുളക്, കശുവണ്ടി മുതയാലവ ചേർന്നു മിശ്രകൃഷിരീതിയാണ് ഇവിടെ കാണപ്പെടുന്നത്. പൊതുവെ സസ്യസാന്ദ്രത കൂടുതലാണ്. മണ്ണൊലിപ്പാണ് പ്രധാന പരിസ്ഥിതിപ്രശ്നം. പെരുന്താറ്റിൽ ചീറ്റിമുക്കിൽ നിന്ന് ആരംഭിക്കുന്ന ചെറുറോഡിൻെറ അവസാന ഭാഗ മണ്ണൊലിപ്പ് രൂക്ഷമാണ്.

**താഴ്വാരം:** ചെരുവ് ഭൂമിയേയും തീരസമതലങ്ങളേയും ബന്ധിപ്പിക്കുന്ന താഴ്വര പ്രദേശത്തിന് 75 ശതമാനം വിസ്തൃതി കണക്കാക്കാം. കാർഷികമേഖല കേന്ദ്രീകരിച്ചിരിക്കുന്നത് ഈ ഭാഗത്താണ്. അപൂർവ്വം സ്ഥലങ്ങളിൽ രണ്ടാംവിളയായി പച്ചക്കറികൃഷിയുണ്ട്. കുടക്കളം, മേക്കിലേരി വയൽ, കുളപ്പുറത്ത് താഴെ എന്നിവിടങ്ങളിൽ വേനൽക്കാല പച്ചക്കറി കൃഷി പരീക്ഷണാർത്ഥം ആരംഭിക്കാനുള്ള അനുകൂലസാഹചര്യം പരിഗണാനർഹമാണ്. ജലസ്രോതസ്സുകൾ നീർമറി അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യപ്പെട്ടിട്ടില്ല.

താഴ്വാരഭൂമി ദീർഘകാലവിളകളിലേക്ക് പരിവർത്തനം ചെയ്യപ്പെടുകയാണ്. കെട്ടിട നിർമ്മാണത്തിന് വേണ്ടിയും കാര്യമായ നികത്തലുകൾ നടക്കുന്നുണ്ട്. നെൽപ്പാടങ്ങളെ പിളർത്തി റോഡുകൾ വെട്ടുന്നത് ഒട്ടനവധി പ്രശ്നങ്ങൾ സൃഷ്ടിക്കാൻ കാരണമാകാം. പ്രത്യാഘാതങ്ങളെക്കുറിച്ച് ദീർഘവീക്ഷണത്തോടെ വിലയിരുത്തിയശേഷം അനിവാര്യമെന്നു തോന്നുമ്പോൾ മാത്രമേ മേലിൽ റോഡ് നിർമ്മാണം നടത്താവൂ. നെൽപാടം നികത്തുന്നതിനെതിരെയുള്ള നിയമം ഫലപ്രദമായി നടപ്പാക്കിയും ബോധവൽക്കരണത്തിലൂടെയും ഈ പ്രശ്നത്തെ മറികടക്കാം. മൂന്നാം വാർഡിൽ തൂവക്കുന്ന് ചരിവിൽ ചൂള പ്രവർത്തിക്കുന്നത് പരിസ്ഥതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ജനസാന്ദ്രതയുള്ള ഒരു പ്രദേശത്തിൻെറ മദ്ധ്യത്തിലാണ് ഈ ചൂള പ്രവർത്തിക്കുന്നത്.

**തീരസമതലങ്ങൾ**: ആകെ ഭൂവിസ്തൃതിയിൽ ഏറ്റവും കുറവാണ് തീരസമതലം. ഓരുവെള്ളത്തിൻെറ കടന്നുകയറ്റം കാരണം ഇവിടെ പ്രയേണ ബാലികൃഷി, ഓടച്ചിര എന്നിവയാണ് പഴയകൃഷിക്കാർ കൃഷിചെയ്തിരുന്നത്. നഷ്ടത്തിൽ കലാശിച്ച കൃഷിക്ക് പകരമായി മത്സ്യബന്ധനമാണ് ഇപ്പോൾ ആദായകരമായി ഇവിടെ നടത്തുന്നത്. കാളി, ബാലക്കൈ, ഉമ്മഞ്ചിറപ്പുഴയുടെ തീരം, കൊട്ടാരക്കണ്ടി പ്രദേശങ്ങളിലാണ് ഇത്തരം നിലങ്ങൾ ഉള്ളത്. നീർക്കെട്ടുകാരണം തെങ്ങിന് മഞ്ഞളിപ്പും ചെന്നീരൊലിപ്പും കാണുന്നുണ്ട്. തെങ്ങുകൾക്ക് ആയുർദൈർഘ്യവുംകുറവാണ്. വേലിയേറ്റവും വേലിയിറക്കവും നടക്കുന്ന ഈ പ്രദേശത്ത് ജീവിക്കുന്നവർക്ക് കുടിവെള്ളം എന്നും തലവേദനയാണ്. കണ്ടൽച്ചെടികളും കളകളും പലസ്ഥലങ്ങളിലും പടർന്ന് പിടിച്ചിട്ടുണ്ട്.

# ജനപ്രകൃതി

അവലംബം 1. കാനേഷുമാരികണക്കുകൾ - 1991

2. കുടുംബസ്ഥിതിവിവര സർവ്വേ- 1996

1991 ലെ ജനസംഖ്യാ സെൻസസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 23584 ആണ്. 96 നവമ്പർ മാസം കുടുംബ സർവ്വെ അനുസരിച്ച് ഇത് 11 വാർഡുകളിലെ 4263 വീടുകളിലായി 24521 ആണ്. ജനസംഖ്യയിൽ 11849 പുരുഷന്മാരും 12672 സ്ത്രീകളുമാണ്. ജനസംഖ്യയിൽ വലിയൊരു ഭാഗം ഹിന്ദുമതത്തിലും ശേഷിക്കുന്നവർ ഇസ്ലാം മതത്തിലും വിശ്വസിക്കുന്നു. ക്രിസ്തുമതവിശ്വാസികളാം ചുരുക്കം കുടുംബങ്ങളും പഞ്ചായത്തിലുണ്ട്. പട്ടിക ജാതി വിഭാഗത്തിൽ പെടുന്ന 56 കുടുംബങ്ങൾ ഇവിടെയുണ്ട്. ഹിന്ദു മതവിഭാഗത്തിൽപ്പെട്ടവർ ബഹുഭൂരിപക്ഷവും പിന്നോക്ക വിഭാഗത്തിൽ പെട്ടവരാണ്.

പരമ്പരാഗതമായ തൊഴിലുകളിലും കാർഷിക രംഗത്തുമാണ് ജനങ്ങളിൽ ഭൂരിപക്ഷവും കേന്ദ്രീകരിച്ചിരിക്കുന്നത്. തൊഴിലില്ലായ്മ പ്രത്യേകിച്ച് വിദ്യാ സമ്പന്നർക്കിടയിൽ ഒരു പ്രശ്നം തന്നെയാണ്. സാമ്പത്തിക ഭദ്രതയും മാന്യതയും പ്രതീക്ഷിച്ചു മറുനാടുകളിലും ഗൾഫ് രാജ്യങ്ങളിലും തൊഴിൽ തേടിപ്പോയവർ ധാരാളമുണ്ട്. 600ൽ പരം ആളുകൾ വിദേശത്ത് ജോലിചെയ്യുന്നുണ്ട്. ഇവരിൽ സാങ്കേതിക വിദഗ്ധരും ഉയർന്ന ജോലികളിൽ സേവനമനുഷ്ഠിക്കുന്നവരുമുണ്ട്. ഇവരിൽ നിന്നും ഏതാണ്ട് ഒരു കോടി രൂപയോളം സ്വന്തം നാട്ടിലേക്ക് ഒഴുകുന്നുണ്ട്. ഇവയിൽ സിംഹഭാഗവും ആഡംബരങ്ങൾക്കും സുഖവാസഭവനങ്ങൾക്കും വേണ്ടിയാണ് ചെലവഴിക്കുന്നത്.



ആസൂത്രണത്തിന്റെയും നടത്തിപ്പിന്റെയും വികേന്ദ്രീകരണം നേരായ ദിശയിലൂടെ അതിവേഗത്തിലുള്ള വികസനത്തിനും സാധ്യതകൾ തുറക്കുന്നതാണ്. മുകൾ തട്ടിൽ നിന്നും താഴെതട്ടിൽ നിന്നുമുള്ള ആശയങ്ങൾ, സമ്മേളിക്കുകയും മുകളിൽ നിന്നുള്ള പ്രതിബദ്ധതയും താഴെ നിന്നുള്ള ആവേശവും ചേരുകയും ചെയ്യുമ്പോൾ പ്രാദേശിക വിഭവങ്ങൾ അങ്ങേയറ്റം ഉല്പാദനക്ഷമമായ രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയും.

പ്രധാനമന്ത്രി
എച്ച്. ഡി.ദേവഗൗഡ
മാതൃഭൂമി. 96 നവ. 2



# കൃഷിയും ജലസേചനവും

വടക്ക് ഉമ്മഞ്ചിറ പുഴയും പടിഞ്ഞാറ് അഞ്ചരക്കണ്ടി പുഴയും, തെക്ക് എരഞ്ഞോളി പുഴയാലും ചുറ്റപ്പെട്ട കാർഷിക ഭൂമിയാണ് എരഞ്ഞോളി പഞ്ചായത്ത്.

മുഖ്യകൃഷി തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ, ഫലവൃക്ഷങ്ങൾ എന്നിവ ഇടവിളയും, നെൽകൃഷി വളരെ കുറഞ്ഞിരിക്കുന്നു. 7 ഹെക്ടറിൽ ഇരുപ്പൂവും 5 ഹെക്ടറിൽ ഒരുപ്പൂവും ആയി നെൽകൃഷി ചെയ്യുന്നുണ്ടെന്ന് പറയാം. നെൽപ്പാടങ്ങളിൽ മൂന്നാം വിളയായി പച്ചക്കറി, പയർകൃഷി എന്നിവവ്യാപകമല്ല. പുരയിടങ്ങളിലാകട്ടെ ഒറ്റപ്പെട്ട പറമ്പിൽ മാത്രമാണ് പച്ചക്കറികൃഷി.

***കേരളത്തിലെ കാർഷിക ഉല്പാദന രംഗത്തെ മുരടിപ്പിനെപ്പറ്റി ചർച്ച തുടങ്ങിയിട്ട് ഏറെകാലമായി .പല നിർദ്ദേശങ്ങളും ചില പരീക്ഷണങ്ങളും ഈ രംഗത്തുണ്ടായിട്ടുമുണ്ട്. ആഗ്രഹിച്ച ഫലം ഉണ്ടാവാതെ പോയിട്ടുള്ളതിൻെറ ഒരു മുഖ്യകാരണം അടിത്തട്ടിൽ നിന്നുള്ള ആസൂത്രണത്തിൻെറ അഭാവമാണ്.***

പട്ടിക 1

## ഭൂവിനിയോഗം

| ക്ര.നമ്പർ | വിനിയോഗം | വിസ്തീർണ്ണം(ഹെക്ടർ) |
|---|---|---|
| 1 | നെല്ല് ഒന്നാം വിള | 7 |
| 2 | ,, രണ്ടാം വിള | 5 |
| 3 | ,, മൂന്നാം വിള | ഇല്ല |
| 4 | തെങ്ങ് | 741 |
| 5 | പയറും പച്ചക്കറിയും | 5 |
| 6 | കുരുമുളക് | 15 (ഇടവിള) |
| 7 | കമുക് | 28 ,, |
| 8 | കശുമാവ് | 15 ,, |
| 9 | കപ്പ | 8 ,, |
| 10 | വാഴ | 16 ,, |

അവലംബം -കൃഷിഭവൻ രേഖ

പുഴയോരങ്ങൾ ഓരുവെള്ളം കയറുന്ന പ്രദേശമാണ്. 28 ഹെക്ടർ സ്ഥലത്ത് പൂർവ്വികർ വിജയകരമായി നെൽകൃഷി നടത്തിയ ചരിത്രമുണ്ട്. കാർഷിക രംഗം പ്രതിസന്ധിയെ നേരിട്ടപ്പോൾ, ഈ പാടങ്ങൾ മുഴുവനും ലാഭകരമായ മത്സ്യകൃഷിയിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടുപോയി. ഇത് പഞ്ചായത്തിൻെറ നെല്ലുല്പാദനത്തിൽ ഭീമമായ ഇടിവുവരുത്തി. 8 ഹെക്ടറോളം വരുന്ന ഇരുപ്പുനിലങ്ങൾ പാർപ്പിടാവശ്യങ്ങൾക്കും മറ്റും നികത്തിയത് നെല്ലുല്പാദനത്തെ രൂക്ഷമായി ബാധിച്ചു.

തുണ്ടുവൽക്കരണവുംകാർഷികരംഗം നേരിടുന്ന ഒരു ഭീഷണിതന്നെയാണ്. 5064 കൈവശ കൃഷിക്കാരിൽ 4960 പേരും ഇതു കാരണം നാമമാത്ര കർഷകരായി. ചെറുകിടകർഷകർ പരിമിതവും. വൻകിടകർഷകർ ഇല്ല തന്നെ. കൃഷി മുഖ്യതൊഴിലായി സ്വീകരിച്ച കാലം പോയി. വരുമാനമാർഗ്ഗങ്ങളിൽ ഒന്ന് എന്നുള്ള പരിഗണന കാരണം കൃഷിയോട് പഴയ താല്പര്യം ഇല്ല.

ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിച്ചു, കാർഷികരംഗത്ത് നവോന്മേഷം പകരുകയാണ് ലക്ഷ്യം. ഇതിനായി എന്തെല്ലാം സാദ്ധ്യതകളുണ്ടെന്ന് പരിശോധിക്കാം.

### തെങ്ങുകൃഷി

പ്രതിവർഷ നാളികേര ഉൽപാദനം ശരാശരി ന്മ്മുടെ പഞ്ചായത്തിൽ തെങ്ങ് 1ന് 35 ആണ്. സംസ്ഥാന ശരാശരിയേക്കാളും കൂടുതലാണെന്ന് വാദിക്കാമെങ്കിലും അയൽ സംസ്ഥനമായ കർണ്ണാടകം, തമിഴ്നാട് ഇവയുമായി താരതമ്യം ചെയ്യുമ്പോൾ ഏറെപ്പിറകിലാണ്. ശരാശരി ഉൽപാദന 60-70 ആയാൽ മാത്രമേ ഈ രംഗത്ത് പിടിച്ചു നിൽക്കാൻ കഴിയൂ.

തേങ്ങ ഉദ്പാദനം വർദ്ധിപ്പിക്കാനുള്ള സാദ്ധ്യത പരിശോധിക്കുന്നതോടൊപ്പം, ഉൽപാദനം കുറയാനുള്ള കാരണങ്ങൾ അപഗ്രഥിക്കാം.

**1. തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കുന്ന ഘട്ടത്തിലെ അശാസ്ത്രീയത:**
തെങ്ങ്കൃഷിക്ക് പറ്റിയ മണ്ണാണൊ എന്നുള്ള പരിശോധന നടത്തുന്നില്ല. ജലസേചനസൗകര്യം ഉണ്ടോ എന്നു പരിശോധിക്കുന്നില്ല. നെൽപ്പാടങ്ങൾ തുർത്തു തൈ വെക്കുമ്പോൾ, ആവശ്യമായ മണ്ണ് തൈ വളരുന്നമുറക്ക് ചേർത്തു ഉയർത്തികൊണ്ടുവരുന്നില്ല. ഒരേക്കറിൽ നൂറിൽ കൂടുതൽ തൈകൾ നടുന്നു. ( ഒരേക്കറിൽ 80 തൈ ശാസ്ത്രീയം)

**2. ശാസ്ത്രീയ പരിചരണമുറകൾ അവലംബിക്കുന്നതിലുള്ള വൈമുഖ്യം**
ഉയർന്ന ഉൽപ്പാദനത്തിനാവശ്യമായ വളപ്രയോഗം സംബന്ധിച്ച ശാസ്ത്രീയ ശുപാർശയും പരിചരണ ക്രമവും അവഗണിച്ചുകൊണ്ടുള്ള കൃഷിരീതി.

**3. ജലസേചന സൗകര്യങ്ങളുടെ അഭാവം:** പ്രധാനമായും മഴയെ ആശ്രയിച്ചുള്ള കൃഷി രീതി. ജലസേചന സൗകര്യം ഉപയോഗിക്കുന്നവർ ഏറെ പരിമിതം.

**4. കീടരോഗബാധകൾ:** കൊമ്പൻ ചെല്ലി, ചെമ്പൻചെല്ലി എന്നീകീടങ്ങളും, കൂമ്പ് ചീയൽ, ചെന്നീരൊലിപ്പ് എന്നീരോഗങ്ങളും ഉദ്പാദനത്തെസാരമായി ബാധിച്ചു

ഉദ്പാദനം വർദ്ധിപ്പിക്കാനുള്ള സാദ്ധ്യതകൾ പരിശോധിക്കാം.

കാര്യക്ഷമമായ ജലസേലചനം കൊണ്ടു 30% ഉൽപ്പാദന വർദ്ധനവുണ്ടാക്കാമെന്ന് ശാസ്ത്രീയ പഠനം തെളിയിക്കുന്നു. ഇതു ജലസേചനത്തിൻെറ പ്രാധാന്യമാണ് വെളിപ്പെടുത്തുന്നത്. തൂവാലത്തുണ്ടു കർഷകർക്കിടയിൽ സാമൂഹ്യജലസേചന പ്ദ്ധതി (Community Irrigation Scheme)യാണ് പ്രായോഗികം.

## പട്ടിക 2

## എരഞ്ഞോളി ഗ്രാമ പഞ്ചായത്തിലെ രാസവളങ്ങളുടെ ആവശ്യവും ഉപഭോഗവും

| കാർഷിക വിളകൾക്കാവശ്യമായ രാസവളം | | ഉപഭോഗം | റിമാർക്ക് |
|---|---|---|---|
| പാക്യജനകം(നൈട്രജൻ) | 575 ടൺ | 172 ടൺ | 30% കർഷകർ മാത്രമെ രാസവള പ്രയോഗം കൃത്യമായി ചെയ്യുന്നുള്ളു, പൊതുവെ രാസ വളത്തോട് വിമുഖത കാട്ടുന്നു, വിലക്കൂടുതൽ രാസ വള പ്രയോഗം കുറക്കുന്നതിന്നു കാരണമാണ് |
| ഭാവഹം | 300 ” | 90 ” | ജൈവവള പ്രയോഗത്തോട് പ്രതിപത്തിയുള്ളവരാണ് ഭൂരിപക്ഷം |
| ക്ഷാരം | 1150 ” | 340 ” | കമ്പോസ്റ്റ് നിർമ്മാണം പച്ചില വളച്ചെടികൃഷി വ്യാപിപ്പിക്കൽ ജീവാണുവളം, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം ഇവ പ്രോത്സാഹിപ്പിക്കണം |
| ജൈവവളം | 9300 ” | 5000 ” | |

അവലംബം -കൃഷിഭവൻ രേഖ

പഞ്ചായത്തിൽ രണ്ട് രാസവള വില്പന കേന്ദ്രങ്ങൾ ഉണ്ട്. ഒന്ന് സഹകരണ മേഖലയിലും മറ്റൊന്ന് സ്വകാര്യ മേഖലയിലും. പൂർണ്ണമായും കൃഷിക്കാർ ആശ്രയിക്കുന്ന ഈ രണ്ടു വിതരണ കേന്ദ്രങ്ങളെ മാത്രമല്ല.

## പട്ടിക 3

## എരഞ്ഞോളി ഗ്രാമ പഞ്ചായത്തിൽ പരമ്പരാഗതമായി ഉപയോഗിച്ചിരുന്ന നെൽ വിത്തുകൾ

| സീസൺ | ഉപയോഗിച്ചരുന്ന വിത്ത് | ഇന്ന് വ്യാപകമായി ഉപയോഗിക്കന്ന വിത്ത് | റിമാർക്ക്സ് |
|---|---|---|---|
| ഒന്നാം വിള | കഴമ, രാജകഴമ, തവളക്കണ്ണൻ, കീരിപ്പാല, ജീരകശാല, ബാലി (കുതിര് കൃഷി) | ജയ, ജ്യോതി, ത്രിവേണി, സ്വർണ്ണ പ്രഭ | നാടൻ ഇനത്തിൽനിന്നു ഉൽപ്പാദനക്ഷമത കുറവാണ്, ഉയർന്നുവളരുന്ന നാടൻ ഇനം വെള്ളത്തിൽ വീണടിയുന്നു. വിളനഷ്ടം സംഭവിക്കുന്നു, വളപ്രയോഗം മുഴുവനായും ഉൾക്കൊള്ളാൻ ശേഷിയില്ല.<br>അധുനിക വിത്തിന് ഉൽപ്പാദനക്ഷമത കൂടുതലാണ്, അധികം ഉയരാത്തത് കൊണ്ട് വീണടിയുന്നില്ല, വളപ്രയോഗം മുഴുവനായും ഉൾക്കൊള്ളാൻ ശേഷിയുണ്ട് |
| രണ്ടാം വിള | വടക്കൻ ചിറ്റേനി ചിറ്റേനി, മുണ്ടകൻ, ഒടച്ചീര(ഉപ്പുവെള്ളത്തെ അതിജീവിക്കുന്നു) | ജ്യോതി, വടക്കൻ ചിറ്റേനി | ഉപ്പുവെള്ളത്തെ അതിജീവിക്കന്ന വൈറ്റില ഇനം നെൽവിത്തുകൾ വ്യാപകമായി ഉപയോഗിക്കുന്നില്ല<br>ഒടച്ചീരി ഇനം കൃഷിചെയ്യുന്നു |

## പട്ടിക4

## വേതന നിരക്ക്

| തൊഴിലാളി | 1980 | 1985 | 1990 | 1995 |
|---|---|---|---|---|
| പുരുഷൻ | 15 രൂപ | 35 രൂപ | 55 | 100 |
| സ്ത്രീ | 8 രൂപ | 29 രൂപ | 35 | 60 |

ഇരുപതോ മുപ്പതോ കൃഷിക്കാരെ സംയോജിപ്പിച്ചു ജലസേലചന പദ്ധതികൾ ആവിഷ്കരിക്കുന്ന സമ്പ്രദായം ഫലപ്രദമാണ്. പത്തോ പന്ത്രണ്ടോ ഏക്കർ കൃഷിസ്ഥല കൈവശക്കാരെ ഈ രീതിയിൽ ഒരു സംഘമാക്കാം. ജലസേചനത്തിനാവശ്യമായ കുളം, കിണർ എന്നിവ നിലവിലില്ലെങ്കിൽ അവ ഉണ്ടാക്കാനുള്ള രണ്ടുസെൻറ് സ്ഥലം കണ്ടുപിടിക്കണം. കൃഷിക്കാരുടെ കൂട്ടായ്മയിലൂടെയും സർക്കാർ ഏജൻസി, വായ്പാ സ്ഥാപനങ്ങൾ, എന്നിവയിൽ നിന്നു കിട്ടുന്ന സാമ്പത്തിക സങ്കേതിക സഹായത്തോടെയും ജലസേചനോപാധികൾ (പമ്പ്സെറ്റ്, പൈപ്പ് , തുടങ്ങിയവ) പ്രാവർത്തികമാക്കണം. നമ്മുടെ പഞ്ചായത്തിൽ സാദ്ധ്യതയുള്ള സ്ഥലത്തെല്ലാം ഈ പദ്ധതി നടപ്പാക്കിയാൽ ഇട വിളക്കൃഷിയും സമൃദ്ധമാകും.

ഇതിനായി സമൃദ്ധമായ ജല സ്രോതസ്സ് കണ്ടെത്തേണ്ടിയിരിക്കുന്നു. പുനിക്കോൾകുളം, ചാത്തോത്ത് കുളം, ചന്ത്രോത്ത് കുളം, നൂഞ്ഞും കുളം, നിട്ടൂർ ചിറ, മേനപുതിയവീട്ടിൽ കുളം എന്നിവ പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സുകളാണ്.

**ഇടവിളകൾ :** കവുങ്ങ്, കുരുമുളക്, വാഴ, ഫലവൃക്ഷങ്ങൾ എന്നിവ എരഞ്ഞോളിയിൽ ഇടവിളകളാണ്. സൂര്യപ്രകാശം സസ്യസാന്ദ്രത എന്നിവ കണക്കിലെടുത്തു ഇടവിള കൃഷിവ്യാപിപ്പിക്കാം.ഇടവിളയായി കൈതച്ചക്കകൃഷിക്ക് സാദ്ധ്യതയുണ്ട്. ഇടവിളയിൽ നിന്ന് ആദായം വർദ്ധിപ്പിക്കാൻ മെച്ചപ്പെട്ടനടീൽ വസ്തുക്കളും ശാസ്ത്രീയ പരിചരണങ്ങളും ലഭ്യമാക്കണം. ഇതിനാവശ്യമായ നടീൽ വസ്തുക്കൾ പഞ്ചായത്ത് തലത്തിൽ ഉണ്ടാവണം. കാലിത്തീറ്റപ്പുല്ലും ഇടവിളകൃഷിക്ക് പറ്റും. ഇടവിളയായി കുരുമുളക് കൃഷിക്കു് ഏറെ സാദ്ധ്യതയുണ്ട്.

**നെല്ല് :** എരഞ്ഞോളിയിലെ നെൽകൃഷി വിസ്തൃതി ഒരു ദശകത്തിനുമുമ്പെ 43 ഹെക്ടറായിരുന്നു.(കൃഷി ഭവൻ രേഖ)

ഇവ 7 ഹെക്ടറായി ചുരുങ്ങിയിട്ടുണ്ട്. 5 ഹെക്ടറിൽ രണ്ടുവിള കൃഷി ചെയ്യുന്നു

ഓരു നിലങ്ങളിൽ നെൽകൃഷിയും മീൻവളർത്തലും സംയോജിപ്പിച്ചുകൊണ്ടുപോകാൻ കഴിയും. 10 ഹെക്ടർ സ്ഥലം വടക്കുമ്പാട് ജോയിൻറ് ഫാമിങ്ങ് സൊസൈറ്റിയുടെ കീഴിലുള്ള ഓരു വെള്ളം കയറുന്ന കൃഷിസ്ഥലമാണ്. 18 ഹെക്ടർ സ്വകാര്യകർഷകരുടെ കൈവശമുണ്ട്. 15 ഹെക്ടർ വിവിധാവശ്യങ്ങൾക്ക് നികത്തപ്പെട്ടുകഴിഞ്ഞു. അവശേഷിക്കുന്ന 7 ഹെക്ടറിൽ രണ്ടുവിളകൃഷിഭൂമിയിൽ കർഷകരുടേയും സർക്കാരിൻെറയും പ്രോത്സാഹനത്തോടെ കൃഷി ആരംഭിക്കണം.കൃഷി ഭൂമിയുടെ അന്യവൽക്കരണത്തിനെതിരെ നിരന്തരമായ ബോധവൽക്കരണം അനിവാര്യമാണ്. ഓരുവെള്ള കൃഷിക്കുമാത്രം ഗ്രൂപ്പ് ഫാമിങ്ങ് സൊസൈറ്റി രൂപീകരിക്കണം.

> വളരെക്കാലമായി കാത്തരിരുന്ന ഒരു പരിവർത്തനമാണ് ജനങ്ങൾ ഉത്തരവാദിത്തത്തോടെ അധികാരം ഏറ്റെടുക്കണമെന്നുള്ളത്. അതിപ്പോൾ സംഭവിച്ചേക്കുമെന്നറിയുന്നതിൽ വളരെ ആഹ്ലാദം തോന്നുന്നു.
>
> ഗുരു നിത്യചൈതന്യയതി

**പച്ചക്കറി കൃഷി:** നമുക്കാവശ്യമായ പച്ചക്കറിയിൽ 70 ശതമാനവും പുറം നാടുകളിൽ നിന്നാണ് എരഞ്ഞോളിയിൽ കൊണ്ടുവരുന്നത്. പച്ചക്കറിയുടെ ഉപഭോഗം കൂടിവരുന്ന സാഹചര്യത്തിൽ അത് സാർവ്വത്രികവും സ്വയം പര്യാപ്തവും ആക്കണം. ദൈനംദിനം ഉപയോഗിക്കുന്ന പച്ചക്കറിയിൽ തക്കാളി, കേബേജ് ഒഴിച്ചുള്ളവ കൃഷിചെയ്യാൻ പറ്റിയ കാലാവസ്ഥയുമാണ് ഇവിടെ ഉള്ളത്. 5064 ആളുകൾക്ക് ഭൂമികൈവശമുണ്ട്. ഇത്തരം ഭൂമിയിൽ ഒരു ചെറിയ ഭാഗമെങ്കിലും പച്ചക്കറി കൃഷിക്കായി ഉപയോഗിക്കാം. ഈ പദ്ധതിയിലൂടെ 3000പേരെപച്ചക്കറി കൃഷിക്കാരാക്കി മിച്ചമുള്ള 13 ടൺ പച്ചക്കറി വിപണിയെ ലക്ഷ്യമാക്കി വിതരണം ചെയ്യാൻ കഴിയും. വീട്ടമ്മമാരും കുട്ടികളും ദിവസത്തിൽ ഒരു മണിക്കൂറെങ്കിലും വീട്ടുപറമ്പിലെ കൃഷിക്കുവേണ്ടി ചെലവഴിക്കട്ടെ. കൃഷിവകുപ്പു, ഹോർട്ടികൾച്ചറൽകോർപ്പറേഷൻ, ബാങ്കുകൾ എന്നിവ ഈ രംഗത്ത് സഹായ സഹകരണങ്ങൾ ചെയ്യേണ്ടതുണ്ട്. നെൽപാടങ്ങളിൽ രണ്ടാംവിളയായും മൂന്നാംവിളയായും പച്ചക്കറികൃഷി വ്യാപകമായി നടത്തിയിരുന്ന കാലത്തിലേക്ക് നമുക്ക് തിരിച്ചു വരാൻ കഴിയും.

**കൂൺകൃഷി:** അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് ഏറെ മുതൽ മുടക്കില്ലാതെ സ്വന്തം വീടുകളിൽ ചെയ്യാവുന്നതാണ് കൂൺകൃഷി. താല്പര്യമുള്ളവരെ കണ്ടെത്തി, കൃഷി വകുപ്പിൽ നിന്നും വായ്പാസ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹായത്തോടെ കൂൺ കൃഷി വിജയിപ്പിക്കാം.

**ഉദ്യാനകൃഷി:** വിപണന സാദ്ധ്യതകൾ തുറന്നുവരുന്ന ഓർക്കിഡ്, ആന്തൂറിയം, പുഷ്പങ്ങളുടേയും ഇതരപൂക്കളുടേയും കൃഷി പ്രചരിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യണം. സാമ്പത്തിക, സാങ്കേതികസഹായങ്ങൾ ബന്ധപ്പെട്ട ഏജൻസികളുമായി സഹകരിച്ചു ചെയ്തുകൊടുക്കണം.

**ഔഷധതോട്ടം:** തെങ്ങിൻതോപ്പിൽ ഇടവിളയായി ചെയ്യാവുന്നതാണ് ഔഷധചെടികൾ. നടീൽ വസ്തുക്കൾ സംഭരിച്ചു താല്പര്യമുള്ളവർക്ക് എത്തിച്ചുകൊടുത്തു ഔഷധകൃഷിയും വ്യാപകമാക്കണം. വേപ്പിൻ തൈകൾ പൊതുനിരത്തുകളുടെ അരികിൽ വളർത്തുന്ന സമ്പ്രദായം നല്ലതാണ്.

**സമ്മിശ്ര കൃഷി:** കറവമാടുകൾ, കോഴി, പന്നി, മുയൽ എന്നിവ വളർത്തുന്ന പദ്ധതി ആരംഭിക്കാവുന്നതാണ്. അനുയോജ്യമായ സ്ഥലത്ത് ശുദ്ധജലമത്സ്യകൃഷിയും പ്രോത്സാഹിപ്പിക്കാം.ജൈവകൃഷി, കമ്പോസ്റ്റ്, മണ്ണിരവളം, പച്ചിലവളകൃഷി, എന്നിവ പ്രോത്സാഹിപ്പിക്കാൻ പദ്ധതികൾ ആവിഷ്കരിക്കണം.

കാർഷികോൽപാദനവും ഉൽപ്പാദനക്ഷമതയും ഉയർത്തുവാനും കൃഷിക്കാരന്റെ സാമ്പത്തിക ജീവിത നിലവാരം ഉയർത്താനും ആവിഷ്കരിക്കുന്ന പദ്ധതികൾ എങ്ങിനെ പ്രായോഗികമാക്കാം.

**വാർഡ്തല കർഷക സമിതി രൂപീകരിക്കണം-ലക്ഷ്യം**

വാർഡുതലത്തിൽ ജനപങ്കാളിത്തത്തോടെ കാർഷികോല്പാദനം സംഭരണം,സംസ്കരണം, വിപണനം, ശക്തമാക്കണം. ഇതിലൂടെ കാർഷികമേഖല കൂടുതൽ ആകർഷകമായ തൊഴിൽ രംഗമായി മാറും. പുത്തൻ സംഘടനാസംവിധാനം മേൽപദ്ധതിയുടെ വിജയത്തനാവശ്യമാണ്. വാർഡുതലത്തിൽ തന്നെ ഗൃഹനാഥന്മാർ അംഗങ്ങളായി കർഷകസമിതി രൂപീകരിക്കണം. എല്ലാ കൃഷിക്കാർക്കും ഒരേ സമിതി തന്നെ മതി. കാരണം സമ്മിശ്രകൃഷിരീതി പരമ്പരാഗതമായി അവലംബിക്കുന്ന കാർഷിക സംസ്കാരമാണ് നമുക്കുള്ളത്. എന്നാൽ ഓരുനെൽകൃഷിക്ക് പ്രത്യേക സമിതിതന്നെ ആവശ്യമാണ്. കർഷക സമിതിയിൽ നിന്നും പ്രവർത്തന സൗകര്യത്തിന് ഭരണനിർവ്വഹണ സമിതിയെ തിരഞ്ഞെടുക്കണം.ഇതിൽ കർഷക തൊഴിലാളി പ്രാതിനിധ്യം ഉറപ്പുവരുത്തണം കർഷകരുടെ ഉന്നമനത്തിനുള്ള വേദിയായി ഇതിന് മാറാൻ കഴിയും.

മേൽപ്രസ്താവിച്ച സംഘടനാസംവിധാനം കുറേക്കൂടെ മേഖലകളിലേക്ക് വ്യാപിപ്പിക്കാവുന്നതാണ്. തെങ്ങ്കയറ്റത്തൊഴിലാളി ഉൾപ്പെടെ കാർഷിക രംഗത്തുള്ള മുഴുവനാളുകളുടേയും വിവരം ശേഖരിച്ചു ഒരു തൊഴിൽ

സംഘംരൂപീകരിക്കാം. വാർഡ് കേന്ദ്രീകരിച്ചു രൂപീകരിക്കുന്നത് കൂടുതൽ പ്രായോഗികം.. കാർഷികരംഗത്ത് വിവിധസ്വഭാവമുള്ള തൊഴിൽ ചെയ്യുന്നവരുടെ കൂട്ടായ്മ നിലനിർത്തി തൊഴിലാളിക്ഷാമം ഇതിലൂടെ പരിഹരിക്കാം, തൊഴിലാളിസേവനം ആവശ്യമുള്ളവർ വാർഡ് സമിതിയുമായി ബന്ധപ്പെട്ടാൽ മതിയാവും. തൊഴിൽ സ്വഭാവമനുസരിച്ചുതൊഴിലാളിക്ക് അംഗീകൃത കൂലി നിശ്ചയിച്ചിരിക്കണം. സംഘത്തിൻെറ ഉത്തരവാദിത്തത്തിലാണ് പണി ചെയ്യേണ്ടത്. തൊഴിലാളിക്ക് ലഭിക്കേണ്ട കൂലിയുടെ ഒരു ഭാഗം മാറ്റിവെച്ച വേതനമായും ഇൻഷൂറൻസ്, പ്രൊവിഡൻറ് ഫണ്ടു, പെൻഷൻ മുതലായ ആനുകൂല്യങ്ങൾക്കും സംഘത്തിൻെറ ഭരണച്ചെലവിലേക്കും ഉപയോഗിക്കാം.

കാർഷികരംഗത്ത് വിവിധ ജോലികൾ ചെയ്യാനുള്ള വൈദഗ്ദ്ധ്യം ഈ സമിതികളില്ലൂടെ നൽകാവുന്നതാണ്. തെങ്ങുകളുടേയും മറ്റുവിളവുകളുടേയും ശാസ്ത്രീയ പരിചരണങ്ങൾ, കൃഷിരീതികൾ എന്നിവ കൃഷി വകുപ്പിൻേറയും മറ്റു ഏജൻസി മുഖേനയും കാലോചിതമായി ലഭിച്ചുകൊണ്ടിരിക്കണം. കൃഷിക്കാവശ്യമായ വളവും സേവനവും സമിതി മുഖേന സൗകര്യപ്പെടുത്താം. സസ്യസംരക്ഷണ പ്രവർത്തനവും സമിതിയുടെ മേൽനോട്ടത്തിൽ വരണം.കാർഷികോപകരണങ്ങളും, സസ്യസംരക്ഷണോപാധികളും സർക്കാർ സഹായത്തോടെ സ്വന്തമായി ഉണ്ടാവണം.

സ്ത്രീപങ്കാളിത്തം ഈ സമിതിയിൽ ഉറപ്പാക്കണം. കാർഷികവൃത്തിയിൽ നിന്നും സ്ത്രീകൾ കെട്ടിട നിർമ്മാണം, റോഡു പണി തുടങ്ങിയ ആദായകരമായ മേച്ചിൽ പുറങ്ങൾ തേടി പോകുന്ന പ്രവണത എരഞ്ഞോളിയിൽ കൂടിവരികയാണ്. കൂടുതൽ തൊഴിൽ ഭദ്രതയും മാന്യതയും ആനുകൂല്യങ്ങളും കൊണ്ടു കാർഷികമേഖല ആകർഷകമാക്കിയാൽ തീർച്ചയായും സ്ത്രീതൊഴിലാളികൾ തിരിച്ചുവരും. നവാഗതരെ പ്രോത്സാഹിപ്പിക്കാനും ഈ വഴി കൊണ്ടു സാധിക്കും.

ഓരു ജല പ്രതിരോധ പ്രവർത്തനങ്ങൾ, ജലസേചനജലനിർഗ്ഗമനത്തിനാവശ്യമായ ജോലികൾ ഏറ്റെടുക്കൽ, വിളമത്സരം, കാർഷികഗവേഷണ കേന്ദ്രത്തിലേക്ക് പഠന പര്യടനം, പ്രദർശനങ്ങൾ, കൃഷിക്കാരുടേയും തൊഴിലാളികളുടേയും സാമൂഹ്യ സാംസ്കാരിക നിലവാരം ഉയർത്താനുള്ള വിവിധ പരിപാടികൾ എന്നിവക്ക് സമിതി നേതൃത്വം കൊടുക്കണം.

നെൽക്കൃഷി ലാഭകരമാക്കാൻ യന്ത്രക്കലപ്പ സമിതി സ്വന്തമായി വാങ്ങാവുന്നതാണ്. വാർഡിന് മാത്രമായോ, നെൽക്കൃഷിക്കാരുടെ സംഘത്തിനൊ ഇതുവാങ്ങിക്കാം. സർക്കാർ സാമ്പത്തിക സഹായവും കൃഷിക്കാരിൽ നിന്നുള്ള വിഹിതവും പ്രയോജനപ്പെടുത്തിയന്ത്രക്കലപ്പയുടെ വില നൽകാം.
കൂടാതെ പൊതു ഞാറ്റടി ഉണ്ടാക്കൽ, വിത്തുൽപ്പാദനം, സംഭരണം എന്നിവയും സമിതിക്ക് ഏറ്റെടുക്കാവുന്ന പ്രവർത്തനമാണ്.

**ജലസേചനം:** എരഞ്ഞോളിയുടെ ഏറ്റവും ഉയർന്ന പ്രദേശം കുണ്ടൂർമലയാണ്. ഫിബ്രവരി അവസാനത്തോടെ ജലക്ഷാമത്തിൻെറ ഭീഷണി ഈ പ്രദേശത്തെ വലയം ചെയ്യുന്നു. കുടിവെള്ള ക്ഷാമത്തോടൊപ്പം ജലസേചന സൗകര്യവും ഇല്ലാതാവുകയാണ്. ഓരു ജലത്തിൻെറ ഭീഷണി എക്കാലത്തും മൂന്നാം വാർഡിലെ എസ്. എൻ. പുരം ഭാഗം രണ്ടാംവാർഡിലെ കുറുപ്പാടി ഭാഗം, ഒന്നാം വാർഡിലെ കാളി, പുളിഞ്ഞോളി ഭാഗം, 9, 10 വാർഡുകളിലെ കൊട്ടാരക്കണ്ടി പുഴയുടെ തീരം എന്നിവയെ തളർത്താറുണ്ട്.

പരിഹാരത്തിനായി ഗ്രാമസഭയുടെ പരിഗണനയിൽ വന്ന കാര്യങ്ങൾ ഇവയാണ്.

1.ഒന്നാം വാർഡിലെ വലിയ തോടിന് പാർശ്വഭിത്തികെട്ടി സംരക്ഷിക്കുക.
2. രണ്ടാം വാർഡിലെ മുത്തോടിതാഴെ-ചെരിച്ചൽ തോട് പാർശ്വ ഭിത്തികെട്ടി സംരക്ഷിക്കുകയും ഓരു ജലപ്രതിരോധ പ്രവർത്തനങ്ങൾ ചെയ്യുകയും വേണം.
3. 5ാം വാർഡിലെ നിട്ടൂർചിറ, പൂവൻ തോട് ചാൽ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുക.
4. 9, 10 വാർഡുകളിലെ കൊട്ടാരക്കണ്ടി ബണ്ട് അറ്റകുറ്റപ്പണി ചെയ്തു പ്രവർത്തനക്ഷമമാക്കുക.
5. 3ാം വാർഡിലെ എസ്. എൻ. പുരം തടയണക്ക് മണ്ണിട്ട് ഓരുവെള്ളത്തെ തടയുക, മേൽതടയണയുടെ

പാർശ്വഭിത്തികൾ കരിങ്കല്ലുകൊണ്ടു കെട്ടുക.

6. തോടുകളിലെല്ലാം തടയണകൾ നിർമ്മിച്ചു മഴവെള്ളം പരമാവധി സംഭരിക്കുക.

കർഷകരുടെ ശ്രമദാനവും ജലസേചനവകുപ്പിൻെറ സാമ്പത്തിക സഹായവും സംയോജിപ്പിച്ചു സമയബന്ധിതമായി അടിയന്തിര പ്രാധാന്യത്തോടെ ചെയ്യേണ്ടതാണ്.

ഗ്രാമസഭയിൽ നടന്ന നിർദ്ദേശങ്ങളുടെയും മറ്റു വിവരശേഖരണങ്ങളുടെയും വെളിച്ചത്തിൽ കാർഷിക രംഗം അഭിമുഖീകരിക്കുന്ന മൗലിക പ്രശ്നം ഇവയാണ്.

1. തുണ്ടുഭൂമികളിൽ കൃഷിലാഭകരമല്ല
2. നെൽകൃഷി നഷ്ടമാണ്.
3. തേങ്ങയ്ക്ക് ആവശ്യമായ വില ഉണ്ടാവുന്നില്ല.
4. നെൽപ്പാടങ്ങളിൽ തെങ്ങുകൃഷി ചെയ്യുമ്പോൾ വേണ്ടത്ര മണ്ണിട്ടു നികത്തുന്നില്ല. ഇതുകാരണം നീർക്കെട്ട് ഉണ്ടാവുകയും തെങ്ങുതടിയിൽ വേരുകൾ ഉണ്ടാവുന്നു.
5. കർഷകതൊഴിലാളികളെ വേണ്ടത്ര കിട്ടുന്നില്ല.
6. തൊഴിലാളികളുടെ കൂലിനിരക്ക് കൂടുതലും സേവന നിലവാരം കുറവും
7. മണ്ണ് പരിശോധന അടിസ്ഥാനത്തിലല്ല വളപ്രയോഗം
8. ജൈവവളത്തിന് വില കൂടുതലാണ്. പച്ചില വളത്തിന് ക്ഷാമമുണ്ട്.
9. കാർഷികയന്ത്രോപകരണങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല.
10. കൃഷി മിക്കവാറും മഴയെ ആശ്രയിച്ചു മാത്രം
11. ജലസേചന സൗകര്യങ്ങൾ പരിമിതം
12. കൃഷിമുഖ്യതൊഴിലായിട്ടുള്ളവരുടെ എണ്ണം വളരെ കുറവ്.
13. കൊപ്രവിപണനത്തിന് പ്രാദേശിക വിപണന സൗകര്യം പരിമിതം
14. പച്ചക്കറി കൃഷി സ്വന്തം ആവശ്യത്തിന് മാത്രം പരിമിതമായി കർഷകർ ചെയ്യുന്നു.
15. ചെന്നീരൊലിപ്പ്, കീടബാധ വ്യാപകമായിട്ടുണ്ട്.
16. വിള ഇൻഷൂറൻസ് പദ്ധതി എല്ലാ വിളകൾക്കുമില്ല.

# മൃഗസംരക്ഷണവും മത്സ്യബന്ധനവും



## മൃഗസംരക്ഷണം

ഗ്രാമീണ ജനതയിൽ ബഹുഭൂരിപക്ഷവും കാർഷിക വൃത്തിയെ ആശ്രയിച്ചിരുന്ന വരായിരുന്നെങ്കിലും വാണിജ്യാടിസ്ഥാനത്തിലുള്ള കന്നുകാലിവളർത്തൽ ഇവർക്കിടയിൽ പ്രബലമായിരുന്നില്ല. എന്നിരുന്നാലും കന്നുകാലി വളർത്തൽ ജനതയുടെ ജീവിതത്തിലെ ഒരു പ്രധാന ഭാഗമായിരുന്നു.

മിക്ക കൃഷിക്കാരുടെ വീടുകളിലും ആട്, പശു, കോഴി എന്നിവ ഉണ്ടായിരുന്നുവെങ്കിലും ആധുനികതയുടെ കടന്നുകയറ്റം ജീവിതത്തിൽ സൃഷ്ടിച്ച മാറ്റത്തിൻെറ പ്രതിഫലനങ്ങൾ ഈ രംഗത്തും പ്രകടമാണ്., മുഖ്യ തൊഴിൽ എന്ന നിലയിൽ കന്നുകാലി-കോഴി വളർത്തൽ സ്വീകരിച്ചവർ വളരെ കുറവാണെങ്കിലും ഒരു ഉപവരുമാന മാർഗ്ഗമായി ഇതിനെ കരുതിപ്പോന്നവർ നിരവധിയുണ്ട്.

### വളർത്തുമൃഗങ്ങളുടെ വാർഡ് തിരിച്ച കണക്ക്

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| പശു | 57 | 48 | 99 | 44 | 42 | 52 | 35 | 36 | 26 | 27 | 47 | 513 |
| ആട് | 22 | 38 | 37 | 54 | 25 | 25 | 8 | 15 | 2 | 5 | 19 | 250 |
| കോഴി | 120 | 176 | 187 | 87 | 125 | 128 | 36 | 46 | 61 | 18 | 170 | 1154 |

(അവലംബം 96ലെ പഞ്ചായത്ത് സർവ്വേ)

എങ്കിൽപ്പോലും ശാസ്ത്രീയ രീതിയിൽ ഇവയെ പരിപാലിക്കുന്നവർ വിരളമാണ്. എരഞ്ഞോളി ചുങ്കത്ത് ഒരു ഡയറി യൂനിറ്റും വടക്കുമ്പാട്, പെരുന്താറ്റിൽ വാടിയിൽപ്പീടിക, കുടക്കളം, അരങ്ങേറ്റുപറമ്പ്, കൂളിബസാർ എന്നവിടങ്ങളിലായി ആകെ 5 ചെറുകിട കോഴി വളർത്തൽ കേന്ദ്രങ്ങളും നിലവിൽ പ്രവർത്തിച്ചു വരുന്നു.

പഞ്ചായത്തിലെ ഇറച്ചി കോഴി ഫാമുകൾ

| നമ്പർ | സ്ഥലം | കോഴിക്കുഞ്ഞുങ്ങൾ ആഴ്ചയിൽ | ഫാമുകളുടെ എണ്ണം |
|---|---|---|---|
| 1 | കൂളിബസാർ | 250 | 1 |
| 2 | പെരുന്താറ്റിൽ | 100 | 1 |
| 3 | വാടിയിൽപ്പീടിക | 100 | 1 |
| 4 | കുടക്കളം | 100 | 1 |
| 5 | അരങ്ങേറ്റുപറമ്പ് | 200 | 1 |

ഇതിന് പുറമെ രണ്ട് മുട്ടക്കോഴിഫാമുകളും പ്രവർത്തിച്ചു വരുന്നു. 150 കോഴികളിൽ നിന്നായി ആഴ്ചയിൽ 560 മുട്ടകൾ ഉല്പാദിപ്പിക്കുന്നു.

പഞ്ചായത്തിലെ സാധാരണക്കാരായ മിക്ക ആളുകളുടെയും വീടുകളിൽ ഒരു കാലത്ത് ആട് വളർത്തൽ സർവ്വസാധാരണമായിരുന്നു. തലശ്ശേരി ആടുകൾ പൊതുവെ പുകഴ്പെറ്റതാണ്. ഇവ ആകാരത്തിലും ഉല്പാദന ക്ഷമതയിലും മുന്നിൽ നിൽക്കുന്നു. പഞ്ചായത്തിലെ മലാൽപ്രദേശം ഉൾക്കൊള്ളുന്ന 8ാം വാർഡിൽ ഭൂരിപക്ഷം വീടുകളിലും ആട് വളർത്തിയിരുന്നു.

വിശാലമായ മേച്ചിൽപുറങ്ങളുടെ തിരോധാനം ആടുവളർത്തലിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കാർഷികമേഖലയിലെ വൈവിദ്ധ്യവൽക്കരണവും ദീർഘകാല വിളകളിലേക്കുള്ള മാറ്റവും പുൽമേടുകളുടെ തിരോധാനത്തിന് വഴിയൊരുക്കിയതായി കാണാം. ഇതിനൊക്കെ ഉപരിയായി സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ സംജാതമായ അണുകുടുംബവൽക്കരണവും ഭൂപരിഷ്കരണ നിയമത്തോടെ വന്ന കാർഷിക ഭൂമിയുടെ വിഘടിപ്പിക്കപ്പെടലും പൊതുവെ പാരമ്പര്യരീതിയിലുള്ള മൃഗപരിപാലനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നു പറയാം. വാണിജ്യാടിസ്ഥാനത്തിൽ ശാസ്ത്രീയമായ കന്നുകാലി- കോഴിവളർത്തലിന് ഗ്രാമീണ മേഖലയിൽ വളരെ നല്ല സാധ്യതകൾ ഉണ്ട്. നിലവിലുള്ള ഏതാനും യൂനിറ്റുകൾ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു.മൃഗപരിപാലനത്തിനായി പഞ്ചായത്തിൽ 2ാം വാർഡിലെ കൂളിബസാറിൽ 8.3.1991 മുതൽ ഒരു വെറ്റിനറി ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്നു.

| | | |
|---|---|---|
| 1 | വെറ്റിനറി സർജൻ | ഒന്ന് |
| 2 | ലൈവ് സ്റ്റോക്ക് അസിസ്റ്റൻറ് | ഒന്ന് (തസ്തിക ഒഴിഞ്ഞു കിടക്കുന്നു) |
| 3 | അറ്റൻഡർ | ഒന്ന് |
| 4 | പാർട്ട്ടൈം സ്വീപ്പർ | ഒന്ന് |

പ്രവർത്തനം തുടങ്ങി 5 വർഷങ്ങൾ പിന്നിട്ടെങ്കിലും ഇന്നും ഇത് വാടക കെട്ടിടത്തിലാണ് സ്ഥിതി ചെയ്യുന്നത്. ചികിത്സാ സൗകര്യങ്ങൾ വളരെ പരിമിതമാണ്. അത്യാവശ്യത്തിനുവേണ്ട മരുന്നുകളോ, ലബോറട്ടറി സൗകര്യമോ, വാഹനമോ ഇല്ലാത്തതിനാൽ പഞ്ചായത്തിലെ മുഴുവൻ പേർക്കും ആശുപത്രിയുടെ പ്രയോജനം ലഭിക്കുന്നില്ല. ഒരു വാഹനവും ടെലിഫോണും സ്വന്തമായുണ്ടെങ്കിൽ പഞ്ചായത്തിലെ മുഴുവൻ ഗുണഭോക്താക്കൾക്കും പ്രയോജനകരമാവുന്ന തരത്തിൽ വളരാൻ ഈ സ്ഥാപനത്തിന് കഴിയും.

**95-96 ൽ മൃഗാശുപത്രിയിൽ രേഖപ്പെടുത്തിയ രോഗവിവരം**

| | രോഗങ്ങൾ | കോഴി | പശു | ആട് | ആകെ |
|---|---|---|---|---|---|
| 1 | ദഹന സംബന്ധമായ | | 220 | 40 | 260 |
| 2 | ശ്വാസകോശസംബന്ധമായ | 60 | 120 | 30 | 210 |
| 3 | ഉപാപചയ സംബന്ധം | 110 | 240 | 28 | 378 |
| 4 | ത്വക് രോഗങ്ങൾ | | 80 | 10 | 90 |
| 5 | ധാതുലവണങ്ങളുടെ അഭാവം | | 160 | 20 | 180 |
| 6 | പരാദരോഗങ്ങൾ | 80 | 300 | 40 | 420 |
| 7 | പ്രത്യുല്പാദനവുമായി ബന്ധപ്പെട്ട | | 140 | 20 | 160 |
| 8 | വന്ധ്യത | | 30 | | 30 |
| 9 | അകിടുവീക്കം | | 90 | 15 | 105 |
| 10 | മുടന്തൻ പനി | | 40 | | 40 |
| 11 | പകർച്ച വ്യാധികൾ | 60 | 25 | 10 | 95 |

അവലംബം : മൃഗാശുപത്രി റജിസ്റ്റർ

**കൃത്രിമ ബീജസങ്കലന വിവരങ്ങൾ 1996**

| | ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2ലധികം തവണ ബീജസങ്കലനം നടത്തിയവ | ആകെ |
|---|---|---|---|
| പശു | 200 | 3 | 203 |
| കിടാരി | 47 | 4 | 51 |
| ആകെ | 247 | 7 | 254 |

**പേവിഷ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പട്ടിക**

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| വളർത്തുനായ്ക്കൾ | 27 | 11 | 17 | 19 | 9 | 19 | 15 | 28 | 26 | 22 | 28 | 221 |
| നാടൻ | 11 | 5 | 6 | 8 | 3 | 7 | 4 | 13 | 6 | 6 | 7 | 76 |
| സങ്കരം | 16 | 6 | 11 | 11 | 6 | 12 | 11 | 15 | 20 | 16 | 21 | 145 |
| കുത്തിവെച്ചത് | 27 | 11 | 17 | 9 | 9 | 19 | 15 | 28 | 26 | 22 | 28 | 221 |
| തെരുവ് നായ്ക്കൾ | 16 | 22 | 19 | 14 | 28 | 11 | 16 | 20 | 12 | 22 | 8 | 188 |

അവലംബം: ഓപ്പറേഷൻ സീറോ റാബീസ്- എരഞ്ഞോളി ഗ്രാമപഞ്ചായത്ത്

ഈ പട്ടിക പ്രകാരം തെരുവ് നായക്കളുടെ എണ്ണം വളരെ കൂടുതലാണ്. ഇവയെ തെരഞ്ഞു പിടിച്ചു നശിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ഇനിയും സംഘടിപ്പിക്കേണ്ടതുണ്ട്.

## ക്ഷീരവികസനം

പഞ്ചായത്തിൽ വളരെ വികസന സാധ്യതയുള്ളതും തൊഴിൽ സാധ്യതയുള്ളതുമായ ഒരു മേഖലയാണ് ക്ഷീര വികസന മേഖല. മൊത്തം കന്നുകാലികളിൽ 80% ത്തോളം സങ്കരയിനങ്ങളിൽപ്പെട്ടതാണ്. ഉല്പാദിപ്പിക്കപ്പെടുന്ന പാലിൻെറ 75% വും പഞ്ചായത്തിൽ നിലവിലുള്ള ക്ഷീരസംഘം കൈകാര്യം ചെയ്യുന്നു. ബാക്കിയുള്ള പാൽ കർഷകർ സ്വന്തം ഉപയോഗത്തിനും അടുത്ത വീടുകളിൽ വില്പന നടത്തുകയും ചെയ്യുന്നു. സ്വകാര്യവ്യക്തികൾ ആരും തന്നെ പാലിൻെറ വിപണന രംഗത്തില്ല.

സംഭരിക്കുന്ന 796 ലിറ്റർ പാലിൽ 650 ലിറ്റർ പഞ്ചായത്തിൽ തന്നെ വിതരണം ചെയ്യുന്നു. ഇതിനു പുറമെ പ്രത്യേകം ബൂത്തുകളില്ലെങ്കിലും മിൽമാ പാൽ വിതരണവും പഞ്ചായത്തിൽ ഈ അടുത്ത കാലത്തായി നടന്നുവരുന്നു. പഞ്ചായത്തിൽ ഒരു ക്ഷീര സഹകരണ സംഘം ആരംഭിക്കുകയാണെങ്കിൽ കർഷകർക്ക് സൗകര്യപ്രദമായ നിലയിൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുവാനും അതുവഴി കൂടുതൽ ക്ഷീര കർഷകരെ

### തലശ്ശേരി ക്ഷീര സഹകരണ സംഘത്തിൻ കീഴിൽ വരുന്ന എരഞ്ഞോളിയിലെ പാൽസംഭരണ കേന്ദ്രങ്ങൾ

| | | |
|---|---|---|
| 1 | കുഞ്ഞിക്കൂലം | 102 ലി. |
| 2 | ചുങ്കം | 56 ലി. |
| 3 | കുടക്കളം | 115 |
| 4 | പെരുന്താറ്റിൽ | 125 |
| 5 | മഠത്തുംഭാഗം | 13 |
| 6 | തോട്ടുമ്മൽ | 280 |
| 7 | വടക്കുമ്പാട് കമ്മ്യൂണിറ്റി ഹാൾ | 105 |
| | ആകെ | 796 |

അവലംബം- ദ്വിതീയവിവരശേഖരണം

സൃഷ്ടിക്കുവാനും കഴിയും.

കന്നുകാലി വളർത്തൽ പരിപോഷിപ്പിക്കേണ്ടതിന്റെ പ്രസക്തി ഇന്നത്തെ ചുറ്റുപാടിൽ രണ്ടുതരത്തിൽ പ്രാധാന്യമർഹിക്കുന്നു. ഒന്ന് കാർഷികരംഗത്ത് അനുവർത്തിച്ചുപോരുന്ന വർദ്ധിച്ച രാസവളപ്രയോഗം മണ്ണിന്റെഘടനയെ തകർത്തുകൊണ്ടിരിക്കുന്നു. ഇതിന് പകരമായി ജൈവവളത്തിന്റെ ലഭ്യത വർദ്ധിപ്പിക്കാൻ കഴിയും. ഇതിനുപുറമെ ഊർജ്ജരംഗത്ത് വലിയപ്രതിസന്ധിനേരിടുന്ന സംസ്ഥാനത്തിന്റെ ഭാഗമെന്ന നിലയിൽ കന്നുകാലിവളർത്തൽ വ്യാപകമാവുകയാണെങ്കിൽ ഗോബർഗ്യാസ്പ്ലാൻറുകളിലേക്ക് ജനങ്ങളുടെ താത്പര്യത്തെ തിരിച്ചുവിടാനും അതുവഴി ഒരു പരിധിവരെ ഊർജ്ജരംഗത്തെ പ്രതിസന്ധിയെ മറികടക്കുവാനും നമ്മെ പ്രാപ്തരാക്കും.

**നിലവിലുള്ള പദ്ധതികൾ**

1. മൃഗസംരക്ഷണ വകുപ്പ് പകുതി വിലയ്ക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നു.
2. പേവിഷ നിർമ്മാർജ്ജനത്തിന് സൗജന്യ നിരക്കിൽ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നു.
3. പകുതിവിലയ്ക്ക് കൃത്രിമ ബീജ സങ്കലനം സാധ്യമാണ്.
4. ദുർബല വിഭാഗങ്ങൾക്ക് ആട്, പശു, എന്നിവ വാങ്ങാൻ സാമ്പത്തിക സഹായങ്ങൾ ലഭ്യമാണ്.
5. കന്നുകാലികളെ വാങ്ങാൻ ചുരുങ്ങിയ പലിശ നിരക്കിൽ ലോൺ സൗകര്യം ലഭ്യമാണ്.
6. കന്നുകാലികളെ ഇൻഷൂർ ചെയ്യാനുള്ള പദ്ധതി നിലവിലുണ്ട്.
7. ക്ഷീര വികസന വകുപ്പ് പുൽ വിത്തുകൾ സൗജന്യമായി ക്ഷീരസംഘങ്ങൾ വഴി വിതരണം നടത്തുന്നു.
8. മക്കചോളം, വൻപയർ എന്നിവ കൃഷിചെയ്യാൻ ഹെക്ടറിന് 700 ക.യും 300ക.യും സബ്ബ്സിഡിയായി നൽകുന്നു.
9. കാലിതൊഴുത്ത് നിർമ്മിക്കുവാൻ 1250 ക. സബ്ബ്സിഡിയായി നൽകിവരുന്നു.
10. നാല് വനിതകൾ ഉൾക്കൊള്ളുന്ന ഒരു യൂനിറ്റിന് 22,000 രൂപ സാമ്പത്തിക സഹായം നൽകുന്നു.

11. ബയോഗ്യാസ് പ്ലാൻറ് നിർമ്മിക്കുവാൻ 6000 രൂപ സബ്സിഡി നൽകുന്നു.

**പ്രശ്നങ്ങൾ**

1. മൃഗാശുപത്രിയിൽ ഡോക്ടറുടെ മുഴുവൻ സമയസേവനം ലഭ്യമല്ല.
2. മൃഗാശുപത്രിയിൽ ആവശ്യമായ മരുന്നുകൾ ലഭ്യമല്ല.
3. ഉല്പാദന ചെലവിനു ആനുപാതികമായ നിലയിൽ പാലിന് വില ലഭിക്കുന്നില്ല.
4. വൈക്കോലിന് അന്യസംസ്ഥാനത്തെ ആശ്രയിക്കേണ്ടി വരുന്നു.
5. കാലിത്തീറ്റയുടെ അമിതമായ വില.
6. വാർഡുകളിൽ സബ്ബ് സെൻററുകളുടെ അഭാവം
7. പാൽ സംഭരണ കേന്ദ്രങ്ങളുടെ കുറവ്
8. ആധുനികരീതിയിലുള്ള തൊഴുത്തുകൾ നിർമ്മിക്കുവാനുള്ള സാമ്പത്തിക സഹായത്തിൻെറ അപര്യാപ്തത
9. നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്
10. കോഴിക്കുഞ്ഞുങ്ങളുടെ അമിതമായ വില
11. ആടുകൾക്ക് ബീജസങ്കലന കേന്ദ്രങ്ങളുടെ അഭാവം.

**സാധ്യതകൾ**

1. ഇടവിളയായി തീറ്റപുൽകൃഷി പ്രോത്സാഹിപ്പിക്കണം.
2. ആവശ്യമായ സാമ്പത്തിക സഹായങ്ങളും, വിത്തും ലഭ്യമാക്കണം.
3. ആശുപത്രിയിൽ മുഴുവൻ സമയവും ഡോക്ടറുടെ സേവനം ലഭ്യമാക്കണം, വാഹനം, ഫോൺ എന്നിവകൂടി ലഭ്യമാക്കണം.
4. പന്നിവളർത്തൽ പ്രോത്സാഹിപ്പിക്കണം.
5. പേ വിഷ നിർമ്മാർജ്ജന പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം.
6. ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു അറവ് ശാല സ്ഥാപിക്കണം.



# മത്സ്യബന്ധനം

എരഞ്ഞോളിയുടെ ഭൂമിശാസ്ത്രപരമായ കിടപ്പ് മത്സ്യബന്ധനത്തിന് ഏറ്റവും അനുയോജ്യമാണ്. മൂന്നുഭാഗത്തെ പുഴകളും, അഴിമുഖവുമായുള്ള അടുത്ത ബന്ധവും അനുകൂലസാഹചര്യം ഒരുക്കുന്നതിൽ പ്രത്യേക

**മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പഞ്ചായത്തിലെ പുഴയോരം**

| നമ്പർ | പുഴ | വാർഡ് | ദൂരം. കി.മീ |
|---|---|---|---|
| 1 | ഉമ്മഞ്ചിറ പുഴ | 3,2,1 | 3. കി.മീ. |
| 2 | അഞ്ചരക്കണ്ടി പുഴ | 1 | 1.5 കി. മീ. |
| 3 | എരഞ്ഞോളി പുഴ | 11,10 | 2 കി. മീ. |

പങ്കുവഹിക്കുന്നു.സഹകരണ മേഖലയുടെ കീഴിൽ വരുന്ന 25 ഏക്കറും ഫിഷറീസ് വകുപ്പിൻെറ കീഴിലുള്ള 27 ഏക്കറും മറ്റ് സ്വകാര്യവ്യക്തികളളുടെ ഉടമസ്ഥതയിലുള്ള 97 ഏക്കറും ചേർന്ന് വളരെ വിസ്തൃതമായ മത്സ്യ പാടങ്ങൾ കൊണ്ട് സമ്പന്നമാണ് ഈ പഞ്ചായത്ത്.

വളരെ പണ്ടു മുതൽക്കുതന്നെ കാർഷിക വൃത്തിയോടനുബന്ധിച്ച് ഇവിടെ മത്സ്യകൃഷിയും ചെയ്തുവന്നിരുന്നു. ഓരുവെള്ളം കയറ്റിയിറക്കിയുള്ള പാരമ്പര്യകൃഷിരീതിയായിരുന്നു അവലംബിച്ചിരുന്നത്. വാവിനോടനുബന്ധിച്ച്രാത്രികളിൽ മണ്ണെണ്ണ വിളക്ക് കത്തിച്ച് മഞ്ച വലയുപയോഗിച്ച് കൊണ്ട് മീൻ പിടിക്കുന്ന രീതി ഇന്നും ഇവിടങ്ങളിൽ സർവ്വ സാധാരണമാണ്. ADAK മുതലായ ഗവൺമെൻറു ഏജൻസികളും ചില സ്വകാര്യ ഏജൻസികളും ആധുനിക രീതിയിലുള്ള മത്സ്യകൃഷിയിലേക്ക് തിരിഞ്ഞിട്ടുണ്ട്. എന്നാൽ ഇവരുടെ ശ്രദ്ധ കൊഞ്ച് കൃഷിയിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ ശാസ്ത്രീയ കൃഷി ഒരു പരിധി വരെ വിജയിച്ചുവെങ്കിലും ഇപ്പോൾ തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. വർദ്ധിച്ചു വരുന്ന മത്സ്യരോഗവും, പരിസ്ഥിതി പ്രശ്നങ്ങളുമാണ് ഇവയുടെ തകർച്ചയിലേക്ക് നയിച്ച പ്രധാന കാരണങ്ങൾ.

കോരുവല, മഞ്ചവല, വീശുവല, ചൂണ്ടൽ, ഒറ്റൽ, തോണി എന്നിവയാണ് പ്രധാന മത്സ്യബന്ധന ഉപകരണങ്ങൾ. ഇവിടുത്തെ പരമ്പരാഗതകൊഞ്ച് കൃഷി വിദേശ നാണ്യം നേടിത്തരുന്നതിൽ ഗണ്യമായ പങ്കു വഹിക്കുന്നുണ്ട്. പുഴ മത്സ്യങ്ങളുടെ സാധ്യത ഏറെയാണെങ്കിലും ഇന്നും കടൽ മത്സ്യങ്ങളുടെ വില്പനയാണ് പഞ്ചായത്തിൽ കൂടുതലും നടക്കുന്നത്. ഈ പ്രദേശത്തെ 60 ഓളം കുടുംബങ്ങളുടെ മുഖ്യ ഉപജീവനമാർഗ്ഗം കടൽ മത്സ്യവിതരണമാണ്. ഈ ജോലിയിൽ ഏർപ്പെട്ടവരിൽ ബഹുഭൂരിപക്ഷവും മുസ്ലീം ജനവിഭാഗത്തിൽ പ്പെട്ടവരാണ്. സൈക്കിളിലും, തലചുമടുമായാണ് മത്സ്യവിതരണം മുഖ്യമായും നടക്കുന്നത്. തലശ്ശേരിയേയാണ് വില്പനക്കാവശ്യമായ മത്സ്യശേഖരണത്തിനു ഇവർ പ്രധാനമായും ആശ്രയിക്കുന്നത്. മത്സ്യവിതരണം നടത്തുന്ന ഒരു പൊതു മാർക്കറ്റിൻെറ അഭാവം ഇന്നീ പഞ്ചായത്തിലുണ്ട്. ഉൾനാടൻ മത്സ്യബന്ധനമാണ് പഞ്ചായത്തിൽ നിലവിലുള്ളത്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ( ഉൾനാടൻ) യിൽ പഞ്ചായത്തിലെ 18 ഓളം തൊഴിലാളികൾ ഇതിന്നകം റജിസ്റ്റർ ചെയ്തിട്ടുണ്ട്.

പഞ്ചായത്തിൽ ആണ്ടുമുഴുവനും ജലം നിലനിൽക്കുന്ന വളരെ പഴക്കം ചെന്ന കുളങ്ങൾ നിലവിലുണ്ടെങ്കിലും മത്സ്യം വളർത്തുവാൻ ഉപയോഗപ്പെടുത്തുന്നില്ല. പഞ്ചായത്തിന്റെ കൈവശമുണ്ടായിരുന്ന എരഞ്ഞോളി പാലത്തിന്റെ വടക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന 27 ഏക്കർ വരുന്ന ഓരു വെള്ളം കൊണ്ട് നിറഞ്ഞ മത്സ്യ പാടങ്ങൾ വർഷങ്ങൾക്കുമ്പ് ശാസ്ത്രീയരീതിയിൽ മത്സ്യകൃഷി നടത്തുന്നതിനുവേണ്ടി ഫിഷറീസ് വകുപ്പിന് വിട്ടുകൊടുത്തിരുന്നു. ആദ്യഘട്ടത്തിൽ വിജയകരമായ രീതിയിൽ നടത്തുകയും ചെയ്ത പ്രസ്തുത പാടം ഇന്ന് തകർച്ചയെ നേരിടുന്നു. അശാസ്ത്രീയമായ രീതിയുലുള്ള ആഴം കൂട്ടലും മത്സ്യബന്ധനത്തിന് വേണ്ടതായ രീതിയിലല്ലാത്ത പാടം തരം തിരിവും മത്സ്യങ്ങൾക്ക് വളരാനുള്ള അനുകൂല സാഹചര്യം ഇല്ലാതാക്കിത്തീർത്തിരിക്കുന്നു. അഴിമുഖത്ത് മാത്രമായി കണ്ടുവരുന്ന ചെറിയ തരം കൂർക്ക ( എളമ്പക്ക) വളരെ പരമിതമായ തോതിൽ മാത്രമെ ഭക്ഷണാവശ്യത്തിന് ഉപയോഗിക്കുന്നുള്ളൂ. ഏറിയ കൂറും വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്നു. ഒന്നാംവാർഡിൽ അഴിമുഖവുമായി ബന്ധമുള്ള സ്ഥലങ്ങളിൽ മസ്സിൽ കൾച്ചറിനുള്ള് ( കയറിൻമേലുള്ള കല്ലുമ്മക്കായ വളർത്തൽ ) സാധ്യതയേറെയാണ്.

**പ്രശ്നങ്ങൾ**

1. മത്സ്യമാർക്കറ്റിന്റെ അഭാവം
2. മത്സ്യരോഗങ്ങൾ
3. ശുദ്ധജല മത്സ്യക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്
4. കണ്ടൽ കാട് നശീകരണം
5. ഒഴുക്കു വലകളുടെ അനിയന്ത്രിതമായ ഉപയോഗം
6. പരമ്പരാഗത മത്സ്യകൃഷിയെ സാരമായി ബാധിക്കുന്ന,തിരിച്ചറിവ് നഷ്ടപ്പെട്ട ശാസ്ത്രീയ കൃഷിരീതി ( കൊഞ്ചു കൃഷി)

**സാധ്യതകൾ**

1. മത്സ്യമാർക്കറ്റ് സ്ഥാപിക്കുക.
2. ശാസ്ത്രീയമായ ഗവേഷണം നടത്തി മത്സ്യരോഗങ്ങളെ ഉന്മൂലനം ചെയ്യുക
3. ശുദ്ധ ജല മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കുക.
4. കണ്ടൽക്കാട് നശീകരണം നിയമപ്രകാരം തടയുക.
5. ഒഴുക്കുവലയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തുക.
6. പരമ്പരാഗത കൃഷി ഊർജ്ജിതപ്പെടുത്താൻ സമ്മിശ്ര കൃഷിരീതി അവലംബിക്കുക. (നെൽകൃഷി, മത്സ്യകൃഷി)
7. കല്ലുമ്മക്കായ കൃഷി ( മസ്സിൽ കൾച്ചർ) (ഒന്നാം വാർഡ്) അഴിമുഖങ്ങളിൽ നടത്തുവാനുള്ള പദ്ധതി ആസൂത്രണം ചെയ്യുക.
8. സ്വകാര്യകുളങ്ങൾ, പൊതുകുളങ്ങൾ, അമ്പലക്കുളങ്ങൾ എന്നിവ സാമൂഹ്യ മത്സ്യകൃഷിക്ക് അനുയോജ്യമാക്കുക.

# വ്യവസായം



*കാർഷികമേഖലയിൽ ഉല്പാദനവർദ്ധനവ് ഉണ്ടാക്കിയാൽ കാർഷികവിഭവങ്ങളെ വ്യാവസായികമായി ഉപയോഗിക്കുവാനും മൂല്യവർദ്ധനവ് ഉണ്ടാക്കുവാനും സാധിക്കും. കാർഷിക വ്യാവസായികമേഖലകളെ പരസ്പര പൂരകങ്ങളായ ഘടകങ്ങൾ എന്ന തിരിച്ചറിവ്, രണ്ട് മേഖലകളുടെയും വികാസത്തിനും സമൂഹത്തിൻെറയാകെ പൊതുവികസനത്തിനും അത്യന്താപേക്ഷിതമത്രെ.*

പ്രാദേശികമായ പ്രത്യേകതകൾ കണക്കിലെടുത്തു പരിസ്ഥിതിക്ക് അനുയോജ്യമായ ഒരുപുത്തൻ വ്യാവസായിക നയം രൂപപ്പെടുത്തിക്കൊണ്ട് മാത്രമെ പൊതുവിൽ സമൂഹത്തിൻെറ ആകെപുരോഗതിക്കുള്ള വിപ്ലവാത്മകമായ ചലനം സൃഷ്ടിക്കാനാവുകയുള്ളൂ. കാർഷികമേഖലയിൽ ഉല്പാദനവർദ്ധനവ് ഉണ്ടാക്കിയാൽ കാർഷികവിഭവങ്ങളെ വ്യാവസായികമായി ഉപയോഗിക്കുവാനും മൂല്യവർദ്ധനവ് ഉണ്ടാക്കുവാനും സാധിക്കും. കാർഷിക വ്യാവസായികമേഖലകളെ പരസ്പര പൂരകങ്ങളായ ഘടകങ്ങൾ എന്ന തിരിച്ചറിവ്, രണ്ട് മേഖലകളുടെയും വികാസത്തിനും സമൂഹത്തിൻെറയാകെ പൊതുവികസനത്തിനും അത്യന്താപേക്ഷിതമത്രെ. ഒരുപുത്തൻ വികസനസംസ്കാരത്തിനു നാന്ദി കുറിക്കപ്പെട്ടിരിക്കുന്ന ഈ കൊച്ചുകേരളത്തിൽ വ്യാവസായി മേഖലയിൽ ഒരുവൻകുതിച്ചു ചാട്ടത്തിന് സാദ്ധ്യത വളർന്നുവന്നിരിക്കുന്നു. ഭൗതികമായും സാങ്കേതികമായും ഉന്നതിയിൽ നില്ക്കുന്ന മനുഷ്യ വിഭവത്തിന് പഞ്ഞമേതുമില്ലാത്ത കേരളത്തിന് വ്യാവസായിക രംഗത്ത് മുന്നേറാൻ എന്നേ കഴിയേണ്ടതായിരുന്നു. സർക്കാർ ഉദ്യോഗത്തിന് അപേക്ഷ കൊടുത്തു വർഷങ്ങൾ വെറുതേ പാഴാക്കുമ്പോഴും സ്വയം തൊഴിൽ യൂനിറ്റുകൾ ഏറ്റെടുത്തു ഉല്പാദന രംഗത്ത് മുന്നേറാനുള്ള വ്യാവസായിക മനോഭാവം നമ്മുടെ യുവജനങ്ങളിൽ വളർന്നുവരുന്നില്ല എന്നത് വേദനാജനകം തന്നെ. വ്യാവസായികരംഗത്ത് ഏറെ പിന്നിൽനിൽക്കുന്ന എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ വൻവ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. ചെറുകിട വവസായ യൂണിറ്റുകൾ വിരലിലെണ്ണാവുന്നവമാത്രമേയുള്ളൂ. ബ്രിട്ടീഷ് ഭരണകാലത്ത് ആരംഭിച്ച ചോനാടത്തെ പിയേഴ്സ് ലസ്ലി കശുവണ്ടി സംസ്കരണ ഫാക്ടറിയാണ് ആദ്യവ്യവസായ സംരംഭം. പൊതു മേഖലയിൽ പ്രവർത്തിക്കുന്ന മറ്റൊരു കശുവണ്ടി ഫാക്ടറികൂടി ഇപ്പോൾ കുഞ്ഞിക്കൂലത്ത് പ്രവർത്തിച്ചു വരുന്നു. മറ്റ് പ്രധാന സ്ഥാപനങ്ങൾ, കോയമ്പത്തൂർ സോമിൽ, ജെ. കെ. എൽ. ഗ്രാനൈറ്റ് പ്രോഡക്ട്സ് കാർത്തിക മാച്ച്‌വർക്ക്സ് എന്നിവയാണ്. സഹകരണമേഖലയിൽ കേരളാദിനേശ് ബീഡി മാത്രമാണ് വ്യവസായരംഗത്ത് പ്രധാനമായും പ്രവർത്തിക്കുന്നത്.

പിണറായി പ്രൈമറി സംഘത്തിൻെറ കീഴിൽ 2ും കതിരൂർ പ്രൈമറി സംഘത്തിൻെറ കീഴിൽ 4 ഉം തൊഴിൽ ശാലകളിലായി ആകെ 614 പേരുമാണ് ജോലിചെയ്യുന്നത്. കേരളാ ദിനേശ് ബീഡി സഹകരണ സംഘം പഞ്ചായത്തിലെ പ്രധാന തൊഴിൽ ദാതാവു കൂടിയാണ്.

## പരമ്പരാഗത വ്യവസായ മേഖല

പരമ്പരാഗത വ്യവസായ മേഖലയായ മൺപാത്രനിർമ്മാണം, കൈത്തറി, കയർ, തഴപ്പായ നെയ്ത്ത് എന്നീ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ ഈ പഞ്ചായത്തിൽ വളരെ കുറവാണ്. വർഷങ്ങൾക്ക് മുമ്പ് (1970 കളിൽ) കയർ വ്യവസായത്തിൽ ഒന്നാം വാർഡിലും രണ്ടാം വാർഡിലും 200 ഓളം തൊഴിലാളികൾ പ്രവർത്തിച്ചിരുന്നു. മറ്റുപ്രദേശങ്ങൾക്ക് ആവശ്യമായ ചകിരിയുടെ ഭൂരിഭാഗ ഉൽപാദനവും ഈ പഞ്ചായത്തിൽ നിന്നായിരുന്നു നൽകിവന്നത്. ഇന്നു ഈ മേഖല പൂർണ്ണമായും തഴയപ്പെട്ടിരിക്കയാണ്. തൊണ്ടുതല്ലുന്ന തൊഴിലാളികളുടെ ദൗർലഭ്യമാണ് പ്രധാന കാരണം. മൺപാത്ര നിർമ്മാണത്തിൽ ഇന്നു രണ്ടു കുടുംബങ്ങൾ മാത്രമാണ് ഏർപ്പെട്ടിരിക്കുന്നത്. കൈത്തറിമേഖലയിൽ ജോലി ചെയ്യുന്നവർ ഏകദേശം 50പേ ർ ഉണ്ട്. ഈ രംഗവും ദിനം പ്രതി തകർന്നുകൊണ്ടോയിരിക്കുന്നു. പുതുതായി ആരും തന്നെ ഈ മേഖലയിലേക്ക് കടന്നുവരുന്നില്ല. തഴപായനെയ്ത്തും ഇന്നു കാലഹരണപ്പെട്ടിരിക്കയാണ്. പരമ്പരാഗത വ്യവസായ മേഖലയിൽ ഏർപ്പെട്ടിരിക്കുന്നവരുടെവിവരം പട്ടിക 2 ൽ പ്രതിപാദിക്കുന്നു.

പട്ടിക. 2

| ക്രമനമ്പർ | ഇനം | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|---|
| 1 | കൈത്തറി | 50 | 20 | 70 |
| 2 | ബീയജഡിതെറുപ്പ് ( സ്വകാര്യം) | 350 | 75 | 125 |
| 3 | ബീഡിതെറുപ്പ് (സഹകരണം) | 169 | 445 | 614 |
| 4 | ചെത്ത് | 72 | 5 | 72 |
| 5 | കയർ | | | 5 |
| 6 | തഴപായനെയ്ത്ത് | | 5 | 5 |
| 7 | മൺപാത്ര നിർമ്മാണം | 3 | | 80 |
| 8 | ആശാരിപണി | 80 | | |
| 9 | കൊല്ലപ്പണി | ലഭ്യമല്ല | | |
| 10 | നീറ്റുകക്ക വ്യവസായം | 4 | | 4 |
| 11 | കല്ലുകൊത്ത് | 15 | | 15 |
| 12 | സ്വർണ്ണ പണി | 10 | | 10 |

## വ്യവസായ സഹകരണ സംഘങ്ങൾ

പഞ്ചായത്തിൽ കതിരൂർ ബീഡിതൊഴിലാളി വ്യവസായ സഹകരണ സംഘത്തിൻെറ 4 ബ്രാഞ്ചുകളും പിണറായി സംഘത്തിൻെറ 2 ബ്രാഞ്ചുകളും പ്രവർത്തിക്കുന്നുണ്ട്. വർഷങ്ങൾക്കുമുമ്പ് ഖാദിബോർഡിൻെറ കീഴിൽ തെങ്ങ് ചക്കര വ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചിരുന്നു. പിൽക്കാലത്ത് മധുരക്കള്ളിന് സർക്കാർ വിലക്ക് കല്പിക്കുകയും ഇപ്പോൾ നിലവിലുള്ള കയ്പ്കള്ളിന് അംഗീകാരം നൽകുകയും ചെയ്തു. ഇതിൻെറ ഫലമായി ചക്കരവ്യവസായം ഇല്ലാതായി. പഞ്ചായത്തിൽ ആകെ 9 വ്യവസായ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. വിശവ വിവരങ്ങൾ പട്ടിക 3 ൽ നോക്കുക.

പട്ടിക. 3

| ക്രമനമ്പർ | സംഘത്തിൻെറ പേര് | ഉദ്ദേശം | റിമാർക്സ് |
|---|---|---|---|
| 1 | കതിരൂർ ബീഡിതൊഴിലാളി വ്യവസായ സഹകരണ സംഘം-ക്ലിപ്തം | ബീഡി | പ്രവർത്തിക്കുന്നു |
| 2 | വടക്കുമ്പാട് തെങ്ങ് - ചക്കര നിർമ്മാണ വ്യവസായ സഹകരണ സംഘം ക്ലിപ്താ | ചക്കര വ്യവസായം | പവർത്തിക്കുന്നില്ല. |
| 3 | എരഞ്ഞോളി പഞ്ചായത്ത് പട്ടിക ജാതി ഗ്രാമവ്യവസായ സഹകരണ സംഘം ക്ലിപ്താ | കുട നിർമ്മാണം റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം | പ്രവർത്തനം ആരംഭ ദിശയിൽ |
| 4 | എരഞ്ഞോളി പഞ്ചായത്ത് ഗ്രാമവ്യവസായ സഹകരണ സംഘം ക്ലിപ്തം | ചെരുപ്പ് | ,, ,, |
| 5 | എരഞ്ഞോളി പഞ്ചായത്ത് സെറികൾച്ചർ വ്യവസായ സഹകരണ സംഘം ക്ലിപ്താ | സെറികൾച്ചർ | പ്രവർത്തിക്കുന്നില്ല. |
| 6 | എരഞ്ഞോളി ഓയിൽ പ്രൊഡ്യൂസേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പ സൊസൈറ്റി. ലി. | എണ്ണയാട്ട് | പ്രവർത്തിക്കുന്നു. |
| 7 | എരഞ്ഞോളി കയർ വ്യവസായ സഹകരണ സംഘം | കയർ | പ്രവർത്തിക്കുന്നില്ല. |
| 8 | വടക്കുമ്പാട് എരഞ്ഞോളി കയർ വ്യവസായ സഹകരണ സംഘം | കയർ | പ്രവർത്തിക്കുന്നു. |
| 9 | വടക്കുമ്പാട് വുമൺ ഇൻഡസ്ട്രിയൽ (വർക്ക്ഷോപ്പ്) സഹകരണ സംഘം | വിവിധ ഉദ്ദേശ്യം | പ്രവർത്തിക്കുന്നില്ല. |

**വനിതാവ്യവസായ മേഖല**

വനിതകൾക്കായി മൂന്നു വ്യവസായ യൂനിറ്റുകൾ രജിസ്റ്റർ ചെയ്യുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഇതിൽ നാളികേര സംസ്കരണ യൂനിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

**പട്ടിക. 4**

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | ഉദ്ദേശം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | ധന്യശ്രീ. ഗാൻമെൻറ്സ് DWCRA യൂനിറ്റം | റെഡിമെയ്ഡ്സ് ഗാർമെൻറ്സ് | |
| 2 | ആരാധന ഡയറി DWCRA യൂനിറ്റ് | പാൽ ഉൽപന്നങ്ങൾ | |
| 3 | അനശ്വര കൊപ്ര സംഭരണ DWCRA യൂനിറ്റ് | നാളികേര സംസ്കരണം | പ്രവർത്തിക്കുന്നില്ല |

വനിതകൾക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കിയാൽ മാത്രമെ പഞ്ചായത്തിൻെറ സാമ്പത്തിക നില മെച്ചപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. വനിതകൾക്ക് മാത്രമായി താഴെ പറയുന്ന വ്യവസായ സാരംഭങ്ങൾ ഏറ്റെടുത്തു നടത്താവുന്നതാണ്.

പട്ടിക 5.

1. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം
2. പ്രിൻറിങ്ങ് പ്രസ്സ്

3. കൊപ്ര സംഭരണ സംസ്കരണ യൂനിറ്റ്
4. കോഴിവളർത്തൽ
5. ഇലക്ട്രോണിക്സ്
6. വാഷിങ്ങ് സോപ്പ്, ഡിറ്റർജൻറ് പൗഡർ/സോപ്പ്
7. ടോയിലറ്റ് സോപ്പ്
8. കുടനിർമ്മാണം
9. മെഴുകുതിരി നിർമ്മാണം.
10. എക്സർസൈസ് ബുക്കും രജിസ്റ്ററുകളും നിർമ്മിക്കൽ
11. കൈത്തറി നെയ്ത്ത്
12. കയർ നിർമ്മാണം

**അസംസ്കൃത പദാർത്ഥങ്ങൾ**

പഞ്ചായത്തിൽ ലഭിക്കുന്ന അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ചുകൊണ്ട് വ്യവസായ യൂനിറ്റുകൾ ആരംഭിക്കാവുന്നതാണ്. താഴെ പറയുന്ന അസംസ്കൃത സാധനങ്ങൾ പഞ്ചായത്തതിൽ ലഭ്യമാണ്.

1. തേങ്ങ, ചിരട്ട, ചകിരി
2. പഴവർഗ്ഗങ്ങൾ, ചക്ക, കശുമാങ്ങ, മാമ്പഴം, നേന്ത്രപ്പഴം
3. പപ്പായ
4. പാൽ
5. അടക്ക
6. ചെങ്കൽ ക്വാറ
7. മരം
8. ജല്ലിപ്പൊടി.

**വ്യവസായത്തിന് ആവശ്യമായ ഊർജ്ജസ്രോതസ്സുകൾ**

വ്യവസായ നടത്തിപ്പിന് പഞ്ചായത്തിൽ ഇപ്പോൾ ലഭ്യമാകുന്ന ഊർജ്ജ സ്രോതസ്സുകൾ വൈദ്യുതി മാത്രമാണ്. വൈദ്യുതിയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി ഏതെങ്കിലും ചെറുകിട പദ്ധതികൾ ആരംഭിച്ചാൽ മാത്രമെ വ്യവസായ വികസനം സാദ്ധ്യമാവുകയുള്ളൂ. ജനറേറ്ററുകൾ മാത്രം ഉപയോഗിച്ച് ലാഭകരമായി വ്യവസായ യൂനിറ്റുകൾ നടത്താൻ സാധ്യമല്ല.

**വിപണന സാദ്ധ്യതകൾ**

പഞ്ചായത്തിൽവിപുലമായ മാർക്കറ്റുകൾ ഇപ്പോൾ നിലവിലില്ല. കവലകളിലെ ചെറിയ പലചരക്ക്, സ്റ്റേഷനറി കടകൾ മാത്രമാണ് നേരിട്ടുള്ള വിപണന കേന്ദ്രം. അടുത്തുള്ള പട്ടണത്തിൽ നിന്നും വാങ്ങിക്കൊണ്ടുവരുന്ന സാധനങ്ങൾ ആണ് പ്രധാനമായും വിറ്റുവരുന്നത് പരസ്യത്തിൻെറ അതിപ്രസരണം കാരണം പഞ്ചായത്തിൽ നിർമ്മിക്കുന്ന ഉൽപന്നങ്ങൾ വിറ്റഴിക്കാൻ ബുദ്ധിമുട്ടുനേരിടും. ജനങ്ങളെ ബോധവാന്മാരാക്കി വീടുകൾ മുഖാന്തിരവും ചെറുകവലകളിലെ കച്ചവട സ്ഥാപനങ്ങൾ വഴിയും അടുത്തുള്ള പട്ടണത്തിലും ഉൽപന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കും.പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ പ്രധാന കവലകളിൽആഴ്ച ചന്തകൾഏർപ്പെടുത്തിയാൽ വിപണനം കൂടുതൽ കാര്യക്ഷമമായി നടത്തുവാൻ സാധിക്കും.

## നിലവിലുള്ള ചെറുകിട വ്യവസായ യൂനിറ്റുകൾ. പട്ടിക . 1

| ക്രമ നമ്പർ | വ്യവസായ സ്ഥാപനത്തിൻെറ പേര് | ഉടമസ്ഥത | പ്രധാന അസംസ്കൃത സാധനം | ഉൽപന്നം | തൊഴിലാളികളുടെ വിവരം | | | | | | തൊഴിൽ ശതമാനക്കണക്കിൽ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | പുരുഷന്മാർ | ശരാശരിവരുമാനം | സ്ത്രീകൾ | ശരാശരി വരുമാനം | പട്ടികജാതി/ പട്ടികവർഗ്ഗം | ആകെ | സ്തീകൾ | പുരുഷന്മാർ |
| 1 | ജെ. കെ. എൽ. ഗ്രാനൈറ്റ്, കോത്തപ്പാറ | വ്യക്തി യൂനിറ്റ് | കരിങ്കൽ | കരിങ്കൽ ജല്ലി | 14 | 60 | 21 | 40 | | 35 | 60 | 40 |
| 2 | കെ. എസ്. സി. ഡി. സി. കുഞ്ഞിക്കൂലം, ചോനാടം | ഗവ: സ്ഥാപനം | കശുവണ്ടി | കശുവണ്ടി പരിപ്പ് | 26 | 50 | 422 | 38 | 11 | 448 | 94 | 6 |
| 3 | പിയേഴ്സ് ലസ്‌ലി ചോനാടം | പ്രൈവറ്റ് | ,, | ,, | 30 | 45 | 370 | 40 | 5 | 400 | 92 | 8 |
| 4 | കോയമ്പത്തൂർ സോമിൽ ചുങ്കം | ,, | മരം | മരഫർണിച്ചറുകൾ | 5 | 48 | | | | 5 | | 100 |
| | മനോജ് വുഡ് ഇൻറസ്ട്രീസ് ചുങ്കം | | | | | | | | | | | |
| 5 | പ്രിയ വുഡ് ഇൻറഡസ്ട്രീസ്, ചോനാടം | വ്യക്തിയൂനിറ്റ് | മരം | ഫർണിച്ചർ | 6 | 80 | | | | 6 | | 100 |
| 6 | കാർത്തിക മാച്ച് വർക്സ് | ,, | സേഫ്റ്റ് വുഡ് കെമിക്കൽസ് | തീപ്പെട്ടി | 3 | 35 | 12 | 25 | | 15 | 80 | 20 |
| 7 | ഫിനിക്സ് ഓഫ് സെറ്റ് പ്രിൻേറഴ്സ്, ചോനാടം | ,, | - | പ്രിൻറിങ് | 4 | 60 | 2 | 40 | | 6 | 33 | 67 |
| 8 | സതേൺ ഗാരേജ് എരഞ്ഞോളിപാലം | ,, | മെക്കാനിക്കൽ | വാഹനങ്ങൾ നന്നാക്കൽ | 6 | 70 | | | | 6 | | 100 |

പട്ടിക 1 തുടർച്ച

| ക്രമ നമ്പർ | വ്യവസായ സ്ഥാപനത്തിൻെറ പേര് | ഉടമസ്ഥത | പ്രധാന അസംസ്കൃത സാധനം | ഉൽപന്നം | തൊഴിലാളികളുടെ വിവരം | | | | | | തൊഴിൽ ശതമാനക്കണക്കിൽ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | പുരുഷന്മാർ | ശരാശരിവരുമാനം | സ്ത്രീകൾ | ശരാശരി വരുമാനം | പട്ടികജാതി/ പട്ടികവർഗ്ഗം | ആകെ | സ്തീകൾ | പുരുഷന്മാർ |
| 9 | ദിനേശ് ബീഡി ബ്രാഞ്ചുകൾ 6 എണ്ണം | സഹകരണ സംഘം | പുകയില ബീഡി ഇല | ബീഡി | 169 | 50 | 445 | 50 | | 614 | 72 | 28 |
| 10 | കൈളി അവിൽ മിൽ കാളിയിൽ | വ്യക്തി | നെല്ല് | അവിൽ | 1 | 60 | 1 | 40 | | 2 | 50 | 50 |
| 11 | പവർലൂം യൂനിറ്റ് | വ്യക്തി | നൂൽ | തുണി | 10 | 50 | 4 | 30 | | 14 | 29 | 71 |
| 12 | സോന ഫർണ്ണിച്ചർ, വടക്കുമ്പാട് | വ്യക്തി | മരം | ഫർണ്ണിച്ചർ | 2 | 80 | | | | 2 | | 100 |
| 13 | ധന്യശ്രീ. ഗാർമെൻറ്സ് | ചാരിറ്റബിൾസൊസൈറ്റി | തുണി | ഗാർമെൻറ്സ | | | 7 | 40 | | 7 | 100 | |
| 14 | ആരാധന ഡയറി യൂനിറ്റ് | ,, | പാൽ | പാൽ ഉൽപ്പന്നങ്ങൾ | | | 10 | 30 | | 10 | 100 | |
| 15 | ചിക്സ് മസാല യൂനിറ്റ് ആനന്ദ നിലയം വടക്കുമ്പാട് | വ്യക്തിയൂനിറ്റ് | മുളക് മല്ലി | മസാല പ്പൊടി | | | 2 | 40 | | 2 | 100 | |
| 16 | എസ്. ഡി. ബോഡി വർക്സ് | വ്യക്തി | | വാഹനബോഡി നിർമ്മാണം | 2 | 80 | | | | 2 | | 100 |

പട്ടിക 1 തുടർച്ച

| ക്രമ നമ്പർ | വ്യവസായ സ്ഥാപനത്തിൻെറ പേര് | ഉടമസ്ഥത | പ്രധാന അസംസ്കൃത സാധനം | ഉൽപന്നം | തൊഴിലാളികളുടെ വിവരം | | | | | | തൊഴിൽ ശതമാനക്കണക്കിൽ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | പുരുഷന്മാർ | ശരാശരിവരുമാനം | സ്ത്രീകൾ | ശരാശരി വരുമാനം | പട്ടികജാതി/ പട്ടികവർഗ്ഗം | ആകെ | സ്ത്രീകൾ | പുരുഷന്മാർ |
| 17 | വുഡ് മെയ്ക്ക് ബോഡി വർക്സ് | വ്യക്തി യൂനിറ്റ് | | വാഹന ബോഡി നിർമ്മാണം | 3 | 80 | | | | 3 | | 100 |
| 18 | ദോസ്ത് ഓട്ടോ ഗ്യാരേജ് | ,, | | വാഹനങ്ങൾ നന്നാക്കൽ | 5 | 80 | | | | 5 | | 100 |
| 19 | രാജീവ് ടയേഴ്സ് | ,, | ടയർ | ടയർ റീട്രെഡിങ്ങ് | 3 | 60 | | | | 3 | | 100 |
| 20 | മെക്കാന ഗ്യാരേജ് | ,, | | വാഹനങ്ങൾ നന്നാക്കൽ | 4 | 50 | | | | 4 | | 100 |
| 21 | മഹാറാണി മെറ്റൽ ഫാക്ടറി | ,, | അലുമിനിയം ഷീറ്റ് | അലുമിനിയം പാത്രങ്ങൾ | 18 | 60 | | | | 18 | | 100 |
| 22 | സാവിത്രി ഇൻറസട്രീസ് | ,, | | | 4 | 60 | | | | 4 | | |
| | ആകെ | | | | 311 | | 1296 | | | 1607 | 81 | 19 |

പട്ടിക 1. (എ)

**തൊഴിൽ മേഖല**

| വ്യവസായത്തിന്റെ തരം | യൂനിറ്റുകളുടെ എണ്ണം | തൊഴിലുകളുടെ എണ്ണം | | |
|---|---|---|---|---|
| | | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
| 1. കരിങ്കൽ ഉടക്കൽ | 1 | 14 | 21 | 35 |
| 2. കശുവണ്ടി സംസ്കരണം | 2 | 56 | 792 | 848 |
| 3. മരവ്യവസായം | 3 | 7 | | 7 |
| 4. ടയർ വൾക്കനൈസിങ്ങ് | 1 | 3 | | 3 |
| 5. റെഡിമെയ്ഡ് ഗാർമെൻറ്സ് | 1+1 | | 7 | 7++3 |
| 6. തുണി വ്യവസായം | 1 | 10 | 4 | 14 |
| 7. പാൽ ഉൽപന്നങ്ങൾ | 1 | | 10 | 10 |
| 8. ബീഡി വ്യവസായം | 6 | 169 | 445 | 614 |
| 9. അലൂമിനിയ വ്യവസായം | 1 | 18 | | 18 |
| 10. മസാല നിർമ്മാണം | 1 | | 2 | 2 |
| 11. ഓട്ടോ മൊബൈൽ വർക്ക് ഷോപ്പുകൾ | 7 | 23 | | 23 |
| 12. പ്രിൻറിങ്ങ് | 1+2 | 4 | 2+4 | 6+4 |
| 13. തീപ്പെട്ടി വ്യവസായം | 1 | 3 | 12 | 15 |
| 14 അവിൽ നിർമ്മാണം | 1 | 1 | 1 | 2 |
| 15. ഭക്ഷ്യ സംസ്കരണം ( ഫ്ളവർ മിൽ) | 9 | 9 | | 9 |
| 16. ഫർണിച്ചർ യൂനിറ്റുകൾ | 7 | 21 | | 21 |
| 17.വാടക സാധനങ്ങൾ | 5 | 10 | | 10 |
| 18. സൈക്കിൾ റിപ്പേർ | 2 | 4 | | 4 |
| 19. ബേയ്ക്കറി | 10 | 20 | | 20 |
| 20. സ്വർണ്ണപ്പണി | 7 | 10 | | 10 |
| 21. വെൽഡിങ്ങ് | 3 | 9 | | 9 |
| 22. ഓയിൽ മിൽ ( വെളിച്ചെണ്ണ) | 2 | 4 | | 4 |
| 23. സോഡ നിർമ്മാണം | 2 | 2 | | 2 |
| 24വർക്ക് ഷോപ്പുകൾ | 7 | 14 | | 14 |
| 25. കുമ്മായ ചൂള | 2 | 4 | | 4 |

**പ്രശ്നങ്ങൾ**

1.കശുവണ്ടി വ്യവസായ യൂനറ്റിൽ വർഷത്തിൽ 60 ദിവസം മാത്രമെ തൊഴിൽ ലഭിക്കുന്നുള്ളു.

2. വൈദ്യുതി ആവശ്യത്തിന് ലഭ്യമല്ല.

3. വിദഗ്ദ തൊഴിലാളികൾ ലഭ്യമല്ല.

4. വ്യവസായ നടത്തിപ്പിന് ആവശ്യമായ സ്ഥലസൗകര്യങ്ങൾ ഇല്ല.

5. വിപണന സാദ്ധ്യത കുറവാണ്.

6. വ്യവസായ നടത്തിപ്പിന് സംരംഭകർ മുന്നോട്ടുവരുന്നില്ല.

7. സഹകരണ മേഖലയിൽ നല്ല മാനേജ്മെൻറിൻെറ അഭാവം ഉണ്ട്.

**സാദ്ധ്യതകൾ**

പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത സാധനങ്ങൾഉപയോഗിച്ചുകൊണ്ട് താഴെ പറയുന്ന വ്യവസായ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാം.

1. പഴവർഗ്ഗ സംസ്കരണം.

2. കൊപ്ര സംഭരണം, എണ്ണയാട്ട്

3. പാൽഉൽപന്നങ്ങൾ

4. ഫർണിച്ചർ

5. സിമൻറ്, ഇഷ്ടിക, നിർമ്മാണം

6.ചെങ്കൽ കൊത്തൽ

മേൽപറഞ്ഞ വ്യവസായങ്ങൾക്ക് പുറമെ താഴെ പറയുന്ന വ്യവസായ സംരംഭങ്ങളും പഞ്ചായത്തിൽ ആരംഭിക്കാൻ സാധിക്കുന്നതാണ്.

1. ചകിരി, കയർ

2. ചുണ്ണാമ്പ്, നിർമ്മാണം

3. കോമ്പാറ്റ് ഫ്ളൂറസൻറ് വിളക്ക് നിർമ്മാണം

4. റക്സിൻ ബാഗ് നിർമാണം

5. ഇലക്ട്രോണിക്സ് വ്യവസായം

6. നെയ്ത്ത്

7. കളിമൺപാത്ര നിർമാണം

8. ഇരുമ്പു ഫർണിച്ചർ, ഗ്രിൽസ് നിർമാണം

9. എക്സൈസ് ബുക്കുകളും രജിസ്റ്ററുകളും

10. റബ്ബർ ഉൽപന്നങ്ങൾ

11. ബേക്കറി

12. മസാലപൊടി നിർമാണം

13. കുട നിർമാണം

14. സോപ്പ് നിർമാണം

15. കടലാസു ബാഗുകളും കപ്പുകളും, പ്ലേറ്റുകളും

16. മെഴുകുതിരി നിർമ്മാണം
17. അലൂമിനിയ പാത്ര നിർമ്മാണം
18. ഇലക്ട്രിക്ക് ഇലക്ട്രോണിക് ഉപകരണങ്ങൾ നന്നാക്കൽ
19. ജൈവവളനിർമ്മാണം
20. കാലിത്തീറ്റ, കോഴിത്തീറ്റ നിർമ്മാണം.

വ്യവസായ യൂനിറ്റുകൾ ഒരു വ്യക്തി മാത്രമായും, ഒന്നിൽകൂടുതൽ വ്യക്തികൾ ചേർന്നും (പാർട്ട്ണർ ഷിപ്പ് , ജോയ്ൻറ് സ്റ്റോക്ക് കമ്പനികൾ മുഖാന്തിരം) സഹകരണ സ്ഥാപനങ്ങൾ മുഖാന്തിരവും ഏറ്റെടുത്തു നടത്താവുന്നതാണ്.

പഞ്ചായത്തിൻെറ കീഴിൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കാൻ ആവശ്യമായ സ്ഥലം ഏറ്റെടുത്തു വ്യവസായ യൂനിറ്റുകൾ ആരംഭിക്കാം.
ഔട്ട്വർക്ക് സമ്പ്രദായപ്രകാരം വീടുകളിൽ അസംസ്കൃത സാധനങ്ങൾ നൽകി ഉൽപന്നങ്ങൾ ഒരു കേന്ദ്രത്തിൽ വാങ്ങി വിൽപന നടത്താം.പഞ്ചായത്തിൽ ആഴ്ചചന്തകൾ ആരംഭിച്ച് വിപണന ശ്യംഖല ശക്തമാക്കാം.

**വ്യവസായ നടത്തിപ്പിന് ആവശ്യമായ വിഭവങ്ങൾ താഴെ പറയും പ്രകാരം സംഭരിച്ച് യൂനിറ്റുകൾ ആരംഭിക്കാവുന്നതാണ്.**

1. വ്യക്തികളിൽ നിന്നും ഓഹരിമൂലധനം സമാഹരിച്ച്
2. സഹകരണ ബാങ്കുകൾ, കമേഴ്സ്യൽ ബാങ്കുകൾ
എന്നിവയിൽ നിന്നും വായ്പ
3. ഖാദിഗ്രാമവ്യവസായ ബോർഡിൽ നിന്നും വായ്പയും ഗ്രാൻറും
4. ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും മൂലധനനിക്ഷേപ ഗ്രാൻറും, മാർജിൻ മണി വായ്പയും.
5. കേരള ഫൈനാൻഷ്യൽ കോർപറേഷനിൽ നിന്നും വായ്പ
6. വായ്പകൾ, ഗ്രാൻറുകൾ എന്നിവ പ്രൊജക്ട് ഓഫീസുകൾ മുഖാന്തിരം
7. മറ്റു ഇതര സ്ഥാപനങ്ങളിൽ നിന്നും സഹായങ്ങൾ ലഭ്യമാക്കി.

വ്യവസായ മേഖലയിൽ പഞ്ചായത്തിൽ ഇന്നുള്ള മാന്ദ്യം ഒഴിവാക്കി കൂടുതൽ തൊഴിൽ ലഭ്യമാകുന്ന തരത്തിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ പഞ്ചായത്ത് ഭരണ സമിതിയും, ജനങ്ങളും ഒത്ത് ചേർന്നു പ്രവർത്തിക്കേണ്ടതാണ്. എങ്കിൽ മാത്രമെ തൊഴിലില്ലായ്മ ഒരു പരിധിവരെ നിർമ്മാർജ്ജനം ചെയ്യാൻ സാധിക്കുകയുള്ളൂ.

❑❑❑

# ആരോഗ്യം ● കുടിവെള്ളം ● പരിസരശുചിത്വം



## ആരോഗ്യം

പഞ്ചായത്തിലെ ആദ്യകാല ആരോഗ്യരക്ഷാ സമ്പ്രദായങ്ങൾ പാരമ്പര്യ വൈദ്യത്തിൽ അധിഷ്ഠിതമായിരുന്നു. ഇക്കാലത്തെ ചികിത്സാ സമ്പ്രദായങ്ങളിൽ ആയുർവേദവും സിദ്ധവൈദ്യവും മർമ്മ ചികിത്സയും കൂടാതെ മുസൽമാന്മാർക്കിടയിൽ യൂനാനി ചികിത്സയും ഇവിടെ നിലനിന്നിരുന്നു. ഋഷി പ്രോക്തങ്ങളായ നിഗൂഢ മന്ത്രങ്ങൾ ഉൾപ്പെട്ട വിധി കൈവരുത്തിയിരുന്ന പാരമ്പര്യ വിഷ ചികിത്സയും ഗ്രാമത്തിൽ നിലനിന്നിരുന്നു.

> മാദ്ധ്യമങ്ങളിലൂടെയുള്ള പ്രചരണ കോലാഹലങ്ങൾക്ക് വശംവദരായി സൂപ്പർ സ്പെഷാലിറ്റി കേന്ദ്രങ്ങൾ തേടിപോകുന്ന പ്രവണത നിരുൽസാഹപ്പെടുത്തേണ്ടതുണ്ട്

ക്ഷിപ്രസാദ്ധ്യമായ വേദന സംഹാരികളുടെ പ്രയോഗം സാർവത്രികമായതോടുകൂടി പാരമ്പര്യ ചികിത്സാ സമ്പ്രദായം ലൗകിക ചിന്തയുടെ കാഠിന്യമേറിയ നിയന്ത്രണത്തിലും മാനസികമായ ഏകാഗ്രതയിലും പ്രകൃതി നിയമങ്ങളുടെ കർക്കശമായ പാലനത്തിലും അധിഷ്ഠിതമായിരുന്നു. ആംഗലേയരുടെ ആഗമനത്തോടുകൂടി വ്യാവസായിക വൽക്കരണത്തിനും അതോടനബന്ധിച്ചുള്ള കച്ചവടവൽക്കരണത്തിനും വിധേയമായ സാമൂഹ്യമാറ്റങ്ങൾ അപൂർവ്വമായ പല പാരമ്പര്യ ചികിത്സാ സമ്പ്രദായങ്ങളും വേരറ്റു പോകാനിടയാക്കി.

പാരമ്പര്യ വൈദ്യത്തെക്കുറിച്ച് പറയുമ്പോൾ പ്രദേശത്തെ പ്രമുഖ ആയുർവേദ ഭിഷഗ്വരന്മാരായിരുന്ന എം. ഇ. രാഘവൻ വൈദ്യർ, കൊല്ലറത്ത് ഗോവിന്ദൻ വൈദ്യർ, ചെമ്പൻ നാണുവൈദ്യർ, അച്ചൂട്ടി വൈദ്യർ, അനന്തൻ വൈദ്യർ ,ശങ്കുവൈദ്യർ എന്നിവരുടെയും മർമ്മചികിത്സാ വിദഗ്ധരായിരുന്ന കോമത്ത് ചാത്തുക്കുട്ടി വൈദ്യർ, പാറക്കണ്ടി ഗോവിന്ദൻ വൈദ്യർ, പെരുന്താറ്റിൽ താറുവൈദ്യർ, കുഞ്ഞമ്പു ഗുരുക്കൾ, ഭാര്യ ദേവൂട്ടി, എന്നിവരും ഇന്ന് ജീവിച്ചിരിക്കുന്നവരിൽ ആയുർവ്വേദ രംഗത്തെ എൻ. കൃഷ്ണൻ വൈദ്യർ ( കാവുംഭാഗം) മർമ്മ ചികിത്സാരംഗത്ത് ശ്രീ ഭാസ്കരൻ ഗുരുക്കൾ, കുറുവാൻ കണ്ടി നാണു വൈദ്യർ, വിഷചികിത്സാ രംഗത്ത് പരേതനായ കുഞ്ഞമ്പു ഗുരുക്കളുടെ മകൻ ദാമോദരൻ മാസ്റ്റർ, പി. വി. നാരായണൻ നായർ എന്നിവർ പാരമ്പര്യ ചികിത്സാ രംഗത്ത് അറിയപ്പെടുന്നവരാണ്. ഇവരിൽ പാരമ്പര്യ വിഷചികിത്സകനായ ശ്രീ. പി. വി. നാരായണൻ നായർ സർക്കാരിൽ നിന്നും ഗ്രാൻറ് സ്വീകരിച്ചു വരുന്നു.

മതിയായ പ്രചരണമോ പ്രോത്സാഹനമോ ഇല്ലാതെ ക്ഷയോന്മുഖമായിക്കൊണ്ടിരിക്കുന്ന പാരമ്പര്യ ചികിത്സാ രീതികളെക്കുറിച്ച് ഗഹനമായ പഠനം നടത്തി അവയുടെ ശാസ്ത്രീയമായ അടിത്തറ കണ്ടെത്തി ഇന്നത്തെ അവസ്ഥക്കുള്ള കാരണത്തെക്കുറിച്ച് വിശദമായ പഠനം നടത്തി കുറ്റമറ്റ പാരമ്പര്യചികിത്സാ സമ്പ്രദായം പുനരുജ്ജീവിപ്പിക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം തന്നെ അത്യന്താധുനിക ചികിത്സാ രീതികളെക്കുറിച്ചുള്ള മാദ്ധ്യമങ്ങളിലൂടെയുള്ള പ്രചരണ കോലാഹലങ്ങൾക്ക് വശംവദരായി സൂപ്പർ സ്പെഷാലിറ്റി കേന്ദ്രങ്ങൾ തേടിപ്പോകുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്. പഞ്ചായത്തിൻെറ ആരോഗ്യ രക്ഷാ സമ്പ്രദായങ്ങളുടെ ചരിത്രപരമായ പാശ്ചാത്തലം ഇതെല്ലാമാണെങ്കിലും നിലവിലുള്ള സ്ഥിതിഗതികൾ കൂടി വിലയിരുത്തേണ്ടതാണ്.

ഇന്നലെവരെ സർക്കാരിൻെറ നേരിട്ടുള്ള നിയന്ത്രണത്തിൽ ആരോഗ്യ രംഗം കൈവരിച്ച നേട്ടങ്ങളിലേക്കും

നിലവിലുള്ള ആരോഗ്യ രക്ഷാ സന്നാഹത്തിൻെറ പരിമിതികളിലേക്കും ഒന്നു കണ്ണോടിക്കാം.

പഞ്ചായത്തിൻെറ ആരോഗ്യനില കണക്കാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ കൃത്യവും വ്യക്തവുമായ സ്ഥിതി വിവരക്കണക്കുകളുടെ ലഭ്യത പരിമിതമാണ്..

കൂടുതൽ ഗുരുതരമായ രോഗങ്ങളുടെ കാര്യത്തിൽ പഞ്ചായത്തിന് പുറത്തുള്ള തലശ്ശേരിയിലെ ജനറൽ ആശുപത്രിതേടിപ്പോകുന്ന അവസ്ഥ നിലനിൽക്കുന്നതായി കാണുന്നു. പഞ്ചായത്തിന് അനുവദിക്കപ്പെട്ട പ്രൈമറി ഹെൽത്ത് സെൻറർ 1995 ജൂലായ് 7ാം തീയ്യതി മുതൽ പ്രവർത്തിച്ചു വരുന്നു. രോഗാതുരതയെ സംബന്ധിച്ച പ്രെമറി ഹെൽത്ത് സെൻററിൽ , എത്തിച്ചേർന്ന രോഗികളുടെ ഇനം തിരിച്ചുള്ള പട്ടിക താഴെ ചേർക്കുന്നു.

| വർഷം | ജലജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1995-96 | 329 | 5676വൈറൽഫീവർ<br>302<br>വൈറൽഫീവർ ഒഴികെ | | 1725 |
| ആകെ | 329 | 5978 | | 1725 |

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ആരോഗ്യരക്ഷാകേന്ദ്രങ്ങളിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ പൊതുമരണ നിരക്ക് ശിശുമരണ നിരക്ക് മാതൃമരണ നിരക്ക് എന്നിവ സംസ്ഥാന -ജില്ലാ നിരക്കിനേക്കാൾ മെച്ചപ്പെട്ടതാണെന്ന കാര്യം ആശ്വാസപ്രദമാണെങ്കിലും വർദ്ധിച്ച രോഗാതുരത ആശങ്കയുളവാക്കുന്നു. പഞ്ചായത്തിലെ ആരോഗ്യരക്ഷാകേന്ദ്രങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട രോഗങ്ങളിൽ കൂടുതലും പരിസര ജന്യവും ചില പ്രത്യേക കാലാവസ്ഥയിൽ അധികരിച്ചു വരുന്നതുമായി കാണാം. ദാരിദ്ര്യജന്യവും തൊഴിൽ ജന്യവുമായ രോഗങ്ങൾ താരതമ്യേന കുറവാണെന്ന് കാണാം.

## പഞ്ചായത്തിലെ വിവിധ ആരോഗ്യരക്ഷാസ്ഥാപനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

### 1. പ്രൈമറി ഹെൽത്ത് സെൻറർ - എരഞ്ഞോളി

1995 ജൂലായ് 7ാം തീയ്യതി പ്രവർത്തനമാരംഭിച്ച എരഞ്ഞോളി പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് സ്വന്തമായി കെട്ടിടമില്ല. നിലവിൽ വാടക കെട്ടിടത്തിൽ, കുടക്കളത്ത് പ്രവർത്തിച്ചു വരുന്ന സെൻററിന്ന് രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യത്തോടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതോടൊപ്പം പഞ്ചായത്തിൻെറ മധ്യഭാഗത്തായി ജനങ്ങൾക്ക് എളുപ്പം എത്തിച്ചേരാവുന്ന സൗകര്യപ്രദമായ സ്ഥലത്ത് മാറ്റി സ്ഥാപിക്കണമെന്നുമുള്ള പൊതുജനാഭിപ്രായം ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്.

പ്രൈമറി ഹെൽത്ത് സെൻററിൽ ഒരു സ്ത്രീരോഗ വിദഗ്ധയെ കൂടി നിയമിക്കുവാനും ആവശ്യമായ ഔഷധങ്ങൾ യഥാകാലം ലഭ്യമാക്കുന്നതിനും നടപടി ഉണ്ടാവേണ്ടതുണ്ട്. സെൻററിലെ ഡോക്ടർമാരുടെ സേവനം ജനങ്ങൾക്ക് എല്ലായ്പ്പോഴും ലഭ്യമാകുമാറ് സെൻററിന് കെട്ടിടം നിർമ്മിക്കുമ്പോൾ ഡോക്ടർക്ക് താമസിക്കുന്നതിന് സൌകര്യം കൂടി ഏർപ്പെടുത്തേണ്ടതാണ്.

### 2. കുടുംബക്ഷേമ കേന്ദ്രം-വടക്കുമ്പാട്

പഞ്ചായത്തിൽ വടക്കുമ്പാട്, ചോനാടം, കുടക്കളം, തോട്ടുമ്മൽ എന്നിവിടങ്ങളിൽ നാലു കുടുംബക്ഷേമ കേന്ദ്രങ്ങൾ അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും വടക്കുമ്പാട് സെൻററിനു മാത്രമേ ഇപ്പോൾ സ്വന്തമായി കെട്ടിടമുള്ളൂ.സ്ഥലം

സൗകര്യം ലഭ്യമല്ലാത്തത് മൂലം, അനുവദിക്കപ്പെട്ട മറ്റു മൂന്ന് കേന്ദ്രങ്ങളും വടക്കുമ്പാട് സെൻററിൽ തന്നെയാണ് പ്രവർത്തിക്കുന്നത്.നിലവിലുള്ള സെൻററിന് കുടിവെള്ളം ലഭിക്കുന്നതിനു ഒരു കിണർ നിർമ്മിക്കേണ്ടതുണ്ട്. ഇതു കാരണം ജനങ്ങൾക്കും ആരോഗ്യപ്രവർത്തകർക്കും വളരെയധികം വിഷമങ്ങൾ അനുഭവപ്പെടുന്നതായി പരാതിയുണ്ട്.

സെൻററിനെ പിണറായി പ്രൈമറി ഹെൽത്ത് സെൻററിൽ നിന്നും വിഘടിപ്പിച്ചു എരഞ്ഞോളി പി. എച്ച്. സി.യോട് സംയോജിപ്പിക്കുന്നതിന് ആരംഭിച്ച നടപടി ക്രമങ്ങൾ എത്രയും വേഗം പൂർത്തിയാക്കണം. സെൻററിൻെറ ചുമതലയുള്ള ലേഡി ഹെൽത്ത് ഇൻസ്പക്ടർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർക്ക് മറ്റൊരു പഞ്ചായത്തിൻെറ അധിക ചുമതലയുള്ളതിനാൽ അവരുടെ സേവനം പഞ്ചായത്തിനു പൂർണ്ണമായും ലഭ്യമാകുമാറു നിയമനം ക്രമീകരിക്കേണ്ടതുണ്ട്.

കുടുംബക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വാർഡുകളിലും ദേശീയപരിപാടികൾക്കനുസൃതമായി മഹിളാസ്വസ്ഥ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. സംഘങ്ങളുടെ നേതൃത്വത്തിൽ നടന്നു വരുന്ന വിവിധ മാതൃ ശിശു സംരക്ഷണ പരിപാടികൾ കൂടുതൽ ജനകീയമായി നടപ്പാക്കുന്ന തോടൊപ്പം മറ്റു ആരോഗ്യപരിപാടികളും ഫലപ്രദമായി നടത്തുന്നതിന് വാർഡുതലത്തിൽ സംവിധാനം ഏർപ്പെടുത്തണം.

**3 എരഞ്ഞോളി സഹകരണ ആശുപത്രി- തോട്ടുമ്മൽ**

ആദ്യകാലത്ത് താല്കാലിക കെട്ടിടത്തിൽ ആരംഭിച്ച് 1974 ൽ 13 കിടക്കകളോടുകൂടി ആശുപത്രിയായി ഉയർന്ന സഹകരണ ആശുപത്രിയുടെ ആദ്യകാല പ്രവർത്തനങ്ങൾ സ്തുത്യർഹമായിരുന്നുവെങ്കിലും ഇടക്കാലത്ത് സ്ഥാപനത്തിൻെറ പ്രവർത്തനം മന്ദീഭവിച്ചുപോയതായി കാണുന്നു. മാത്രമല്ല ആരംഭകാലത്തെ ചിട്ടയായ പ്രവർത്തനങ്ങൾ തുടർന്നു നടന്നില്ല എന്നും കാണാം.

വിദഗ്ദ് ഡോക്ടർമാരുടെ സേവനത്തിൻെറ അഭാവം, കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങളോടെ സമീപ നഗര പ്രദേശത്ത് ഉയർന്നു വന്ന സ്വകാര്യ-സഹകരണ സാന്നിദ്ധ്യം, എന്നിവയ്ക്കു പുറമെ പ്രാദേശിക ആരോഗ്യസ്ഥാപനങ്ങളോടുള്ള ഗ്രാമീണരുടെ ആഭിമുഖ്യമില്ലായ്മ, പരസ്യമാദ്ധ്യമങ്ങളുടെ ആരോഗ്യരംഗത്തെ അനാരോഗ്യകരമായ ചുവടുവെപ്പ്, നിസ്സാര രോഗങ്ങൾക്കുപോലും അതിവിദഗ്ധനെ തേടിപ്പാകുന്നതിനുള്ള ജനങ്ങളുടെ വ ികലമായ മാനികാവസ്ഥയും വ്യഗ്രതയും കൂടാതെ കഴിവുറ്റ മാനേജ്മെൻറിൻെറ അഭാവവും ഈ സ്ഥാപനത്തിൻെറ ക്രമാനുഗതമായ വളർച്ചയ്ക്കു തടസ്സമായിരുന്നിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു.

സഹകരണ ആശുപത്രിയുടെ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം ഉറപ്പുവരുത്തുന്നതിവനു ആവശ്യമായ മേൽനോട്ടവും ഭരണപരമായ നിർദ്ദേശങ്ങളും പഞ്ചായത്ത് സമിതി ലഭ്യമാക്കണമെന്ന് അഭിപ്രായം ഉയർന്നുവരികയുണ്ടായി.

**ഗവ: ആയുർവേദ ഡിസ്പെൻസറി**

1974 ൽ സ്ഥാപിതമായ എരഞ്ഞോളി ഗവ: ആയുർവ്വേദ ഡിസ്പെൻസറി ഇപ്പോൾ സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. ഡിസ്പെൻസറിയെ ആശ്രയിക്കുന്ന രോഗികളുടെ ബാഹുല്യം കണക്കിലെടുക്കുമ്പോൾ നിലവിലുള്ള സൗകര്യം തികച്ചും അപര്യാപ്തമാണ്. പഞ്ചായത്തിലെ ഇതര ആരോഗ്യ രക്ഷാ കേന്ദ്രങ്ങളെ അപേക്ഷിച്ചു ആയുർവേദ ഡിസ്പെൻസറിയിൽ ചികിത്സ തേടി എത്തുന്നവരുടെഎണ്ണം വളരെ കൂടുതലാണ്. 1992 ൽ 15666 ഉം ' 93 ൽ 18884 ഉം ' 94 ൽ 30351 ഉം ' 95 ൽ 35396 പേരും ആശുപത്രിയിൽ ചികിത്സ തേടി എത്തിയതായി കണക്കുകൾ സൂചിപ്പിക്കുന്നു.

പകർച്ച വ്യാധികളൊഴിച്ചു മറ്റുരോഗങ്ങൾക്ക് ചികിത്സ തേടി ആയുർവ്വേദ ഡിസ്പെൻസറിയെ അഭയം പ്രാപിക്കുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. ഇത് ആയുർവേദരംഗത്ത് ജനങ്ങൾക്ക് വർദ്ധിച്ചുവരുന്ന വിശ്വാസവും ആഭിമുഖ്യവും സൂചിപ്പിക്കുന്നു.

ഇക്കാര്യം കണക്കിലെടുത്തു ആയുർവേദ ഡിസ്പെൻസറി കിടത്തി ചികിത്സിക്കുന്ന തിനുള്ള സൗകര്യത്തോടുകൂടിയ ആശുപത്രിയാക്കി ഉയർത്തുവാനും മററുമായ വിപുലീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു

| വർഷം | ഔട്ട് പേഷ്യൻറ് | ഇൻ പേഷ്യൻറ് | ത്വക്ക് രോഗം എല്ലാ വിഭാഗവും | വാതരോഗം | പകർച്ച വ്യാധികൾ | ആകെ |
|---|---|---|---|---|---|---|
| 1992 | 15666 | | 2234 | 13428 | 4 | 15666 |
| 1993 | 18844 | | 3049 | 15786 | 9 | 188844 |
| 1994 | 30357 | | 3957 | 26384 | 16 | 30357 |
| 1995 | 35396 | | 4109 | 31285 | 2 | 35396 |

നടത്തണമെന്നും ഗ്രാമസഭകളിൽ നടന്ന ചർച്ചകളിൽ അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്.

## ആരോഗ്യരക്ഷാ സമിതിയുടെ രൂപീകരണം

വിവിധ ആരോഗ്യരക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായ രീതിയിൽ ഏകോപിപ്പിച്ചു നടത്തുന്നതിന്നും, രോഗ പ്രതിരോധത്തെക്കുറിച്ചും, മാരകമായ പകർച്ച വ്യാധികൾക്കെതിരേ ജാഗ്രത പുലർത്തുന്നതിനെക്കുറിച്ചും പരിസര മലിനീകരണം തടയുന്നതിനെക്കുറിച്ചും ആവശ്യമെങ്കിൽ വാർഡുതലത്തിൽ ഒരു സ്ഥിരം പ്രതിമാസ പരിപാടി എന്ന നിലയ്ക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക, വൈദ്യ പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുക, പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും രക്തഗ്രൂപ്പ് നിർണ്ണയിച്ചു രേഖപ്പെടുത്തുന്നതിന്നും, ആരോഗ്യനില കാണിക്കുന്നതിനും ഫാമിലി ഹെൽത്ത് കാർഡ് ഏർപ്പെടുത്തുക, എന്നീ വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തുനടത്തുന്നതിന്നും, പഞ്ചായത്ത് തലത്തിൽ ഒരു ആരോഗ്യരക്ഷാസമിതി രൂപീകരിച്ചു പ്രവർത്തനം ആരംഭിക്കണം.

പൂർണ്ണമായും ജനകീയപ്രാതിനിധ്യം ഉറപ്പ് വരുത്തിക്കൊണ്ടു സമിതിയിൽ പഞ്ചായത്ത് അംഗങ്ങൾക്കുപുറമെ സേവന തല്പരരായ ഭിഷഗ്വരൻമാർ, ആരോഗ്യരക്ഷാപ്രവർത്തകർ, പാരമ്പര്യ ചികിത്സാ വിദഗ്ധൻമാർ, പൌരമുഖ്യൻമാർ, സ്ന്നദ്ധ സംഘടന പ്രതിനിധികൾ മറ്റു താല്പര്യമുള്ള വ്യക്തികൾ എന്നിവരെ അംഗങ്ങളാക്കേണ്ടതുണ്ട്. സമീപകാലത്ത് പഞ്ചായത്തിലെ ഏതാനും പ്രദേശങ്ങളിൽ പ്രവർത്തനം നടത്തുന്ന സ്കോവ എന്ന സന്നദ്ധ സംഘടനയുടെ പ്രവർത്തനം ഇതിന്ന് മാതൃകയാക്കാവുന്നതാണ്.

## കുടിവെള്ളം

പഞ്ചായത്തിലെ ജനങ്ങൾ ഭൂരിഭാഗവും കുടിവെള്ളത്തിനു വേണ്ടി കിണറുകളെ ആശ്രയിക്കുന്നു.പഞ്ചായത്തിലെ 4217 വീടുകളിൽ 3517 വീടുകൾക്കു സ്വന്തമായി കിണറുകളുണ്ട്. ഇവയിൽ ഭൂരിപക്ഷം ശുചീകൃത കിണറുകളാണ്. ഇതിനുപുറമെ പൊതുകിണറുകളും. പൊതുടാപ്പുകളും നിലവിലുണ്ട്. കുടിവെള്ളത്തിൻെറ കാര്യത്തിൽ പഞ്ചായത്തിലെ ജനങ്ങൾ സ്വയം പര്യാപ്തരല്ല എന്നു കാണാം.

പുഴയോരത്തോടു ചേർന്നു കിടക്കുന്ന താഴ്ന്ന പ്രദേശങ്ങളിൽ ഉപ്പുവെള്ളം ( ഓരു വെള്ളം) കയറി കുടിവെള്ളം ഉപയോഗശൂന്യമാവുന്ന പ്രശ്നം വളരെ കൂടുതലാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് തലത്തിൽ തന്നെ ജലസംരക്ഷണ പദ്ധതികൾ ഏർപ്പെടുത്തേണ്ടതുണ്ട്. എരഞ്ഞോളി പുഴയുടെ തീരത്തായി സ്ഥിതിചെയ്യുന്ന കൊട്ടാരക്കണ്ടി, ചോനാടം കുഞ്ഞിക്കൂലം പ്രദേശങ്ങൾ അഞ്ചരക്കണ്ടി പുഴയുടെയും ഉമ്മൻചിറ പുഴയുടെയും തീരത്തായി സ്ഥിതിചെയ്യുന്ന കുറുപ്പാടി സ്കൂൾ പരിസരം കൂളിബസാർ, എസ്സ് എൻ പുരം, മൂർക്കൻ ചിറ, തോട്ടുമ്മൽ, കാളി മുതൽ പാട്ടറത്ത് താഴെ ഹരിജൻ കോളനി വരെയുള്ള പ്രദേശം എന്നിവിടങ്ങളിൽ ഓരുവെള്ളം മൂലം ഗുരുതരമായ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടുവരുന്നു.

ഉയർന്ന പ്രദേശങ്ങളിൽ ഭൂജലനിരപ്പ് ക്രമാതീതമായി താഴുന്നത് മൂലം വേനൽക്കാലത്ത് കുടിവെള്ളം ലഭ്യമല്ലാത്ത അവസ്ഥ വർദ്ധിച്ചുവരുന്നതായി കാണാം. ഒന്നാം വാർഡിൽ മൈതാനിതാഴെ ഭാഗം, നിലയേടത്ത് കുന്ന്, ശ്രീനാരായണ സ്കൂൾ ഭാഗം, മഠത്തിൽഭാഗം 2ാം വാർഡിൽ ലക്ഷം വീട് കോളനി കരിച്ചോല, പാറക്കെട്ട്, 3ാം വാർഡിൽ എസ്സ് എൽ പുരം കുന്ന്, തൂവക്കുന്ന്, കണ്ടത്തിൽ ഭാഗം, 4ാം വാർഡിൽ ലക്ഷം വീടുകോളനി,

ചക്കക്കുന്ന്, 5ാം വാർഡിൽ സി. വി. എൻ. കളരിക്കു സമീപ പ്രദേശംമുള്ളൻമാളി,പുതുക്കുടി ഭാഗം എന്നിവടങ്ങളിലും കുടക്കളം, മലാൽ, കോയമ്പത്തൂർ സോമില്ലിന്ന് വടക്കുകിഴക്കുഭാഗം, എന്നിവിടങ്ങളിലും ഇത്തരം പ്രശ്നങ്ങളുള്ളതായി കാണാം.

പ്രാദേശികതലത്തിൽ നിലവിലുള്ള ജലസ്രോതസുകളെ ഫലപ്രദമായി ചൂഷണം ചെയ്യുന്നതിനു കാര്യക്ഷമമായ ജല മാനേജ്മെൻറിലൂടെ പഞ്ചായത്തിനുമാത്രമായ ജലവിനിയോഗപദ്ധതികൾ ഉണ്ടാവണമെന്ന് മിക്ക ഗ്രാമസഭകളും ആവശ്യപ്പെടുകയുണ്ടായി. കുടിവെള്ളത്തിനായി വൻകിട പദ്ധതികളെ ആശ്രയിക്കുന്നതിനെക്കാൾ ഫലപ്രദമാണ് ചെറുകിട ജലസേചന പദ്ധതികളെന്ന് ഗ്രാമ സഭയ്ക്ക് അഭിപ്രായമുണ്ട്.

കുടിവെള്ളക്ഷാമം കൂടുതലായി അനുഭവപ്പെടുന്ന പ്രദേശങ്ങളെ കേന്ദ്രീകരിച്ചു കമ്മൂണിറ്റി ഇറിഗേഷൻ പദ്ധതിയുടെ മാതൃകയിൽ കിണറും ഓവർഹെഡ് ടാങ്കും പണിയണമെന്നതാണ് പ്രയോഗിക നിർദ്ദേശമായി ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുള്ളത്.

ഇതിനും പുറമെ നിലവിലുള്ള ശുചീകൃതമല്ലാത്ത കിണറുകൾഅറ്റകുറ്റപ്പണികൾ നടത്തി ശുചീകരിക്കുക, ആഴക്കുറവുമൂലം ജലലഭ്യത ഇല്ലാത്ത കിണറുകൾ മതിയായ ആഴം കൂട്ടുക എന്നിവയും പ്രായോഗിക നിർദ്ദേശങ്ങളായി ഉയർന്നു വന്നിട്ടുണ്ട്.

### പരിസര ശുചിത്വം

പഞ്ചായത്തിലെ മിക്ക വീടുകൾക്കും ഇപ്പോൾ മെച്ചപ്പെട്ട ഭൌതിക സാഹചര്യങ്ങളാണുള്ളത്. മൊത്തം വീടുകളിൽ 3000ഓളം വീടുകളിൽ ശുചീകൃതമാതൃകയിലുള്ളതും 600 ൽ പരം വീടുകൾക്ക് ഭാഗികമായി ശുചീകൃതമായതുമായ കക്കൂസുകളുണ്ട്. ബാക്കി വരുന്ന വീടുകൾക്ക് ശുചീകൃത കക്കൂസുകൾ നിർമ്മിച്ചു നൽകുന്നതിന്ന് സമയ ബന്ധിതമായ ഒരു സമഗ്ര പരിപാടി ആവിഷ്കരിക്കേണ്ടതുണ്ട്. പരിസരമലിനീകരണത്തിൻെറ കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് ഒരു പരിധിവരെ വിമുക്തമാണെന്ന് പറയാം. വിഷലിപ്തമായ മാലിന്യങ്ങൾ ബഹിർഗമിക്കുന്ന വൻകിടവ്യവസായങ്ങളോ ഇതരസ്ഥാപനങ്ങളോ പഞ്ചായത്തിൽ കുറവാണെന്നതാണ് ഇതിന്നു കാരണം.എങ്കിലും ഭാവിയിൽ ഇത്തരം വ്യവസായങ്ങളുടെ അനിയന്ത്രിതമായ കടന്നു കയറ്റം ഗൌരവപൂർവ്വം വീക്ഷിക്കേണ്ടതുണ്ട്. രണ്ടു കശുവണ്ടി ഫാക്ടറികളുടെയും പുതുതായി പഞ്ചായത്തിൻെറ അതിർത്തിയിൽ സ്ഥാപിതമായ ടിമ്പർ വ്യവസായശാലയുടെയും പ്രവർത്തനം മൂലം മലിനീകരണമുണ്ടായേക്കാവുന്ന കാര്യത്തിലും നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്.

### അറവുശാല

പഞ്ചായത്തിന് സ്വന്തമായ ശാസ്ത്രീയമായ ഒരു അറവുശാല നിർമ്മിക്കുന്നതിന്ന് നടപടികൾ സ്വീകരിക്കാവുന്നതും അനധികൃതകശാപ്പു നിയന്ത്രിക്കുന്നതിന്ന് ആവശ്യമെങ്കിൽ കർശനമായ നിബന്ധനകൾക്ക് വിധേയമായി സ്വകാര്യ അറവുശാലകൾക്ക് ലൈസൻസ് നൽകുന്ന കാര്യവും പരിശോധിക്കാവുന്നതാണ്.

### ശവം കൈയ്യൊഴിക്കൽ

എരഞ്ഞോളി പഞ്ചായത്തിന് സ്വന്തമായി ഒരു പൊതു ശ്മശാനമില്ല എന്നത് ഒരു പോരായ്കയാണ്. ഇതിന്നു വേണ്ടി ഉചിതമായ ഒരു സ്ഥലം കണ്ടെത്തുകയും പഞ്ചായത്തിലെ വർദ്ധിച്ചുവരുന്ന ജനനിബിഡതയും കൈവശ ഭൂമിയുടെ അപര്യാപ്തമായ വിസ്തൃതിയും കണക്കിലെടുത്തു ആധുനിക രീതിയിലുള്ള ഒരു വൈദ്യുത ശ്മശാനം നിർമ്മിക്കുന്നതിനും ഗ്രാമസഭകളിൽ നിർദ്ദേശമുണ്ടായിട്ടുണ്ട്.

വ്യക്തി ശുചിത്വത്തിൻെറ കാര്യത്തിൽ നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ ഏറെ മുന്നിലാണെങ്കിലും പരിസര ശുചീകരണത്തിൻെറ കാര്യത്തിൽ ജനങ്ങൾ ശ്രദ്ധാലുക്കളല്ല. അലക്ഷ്യമായി പൊതുസ്ഥലത്ത് വലിച്ചെറിയുന്ന മാലിന്യങ്ങൾ, യഥാകാലം സംസ്കരിക്കാതെ അഴുകി വൃത്തിഹീനമായി ഈച്ചയും കൊതുകും വളരുന്നതിന്ന് ഇടയാക്കുന്നത് നാം ശ്രദ്ധിക്കാറില്ല.

| സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം, വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|
| പ്രൈമറി ഹെൽത്ത് സെൻറർ എരഞ്ഞോളി | അലോപ്പതി | വാടക | 8 | 18 - 7 - 1995 | സ്ഥാപനത്തിന് സ്വനത്മായി കെട്ടിടമില്ല. രോഗികളുടെ ആവശ്യാനുസരണം മരുന്നുകൾ ലഭിക്കുന്നില്ല. ഡോക്ടറുടെ സേവനം എല്ലായ്പോഴും ലഭ്യമാക്കണം ഒരു സ്ത്രീരോഗവിദഗ്ധയെ കൂടുതലായി നിയമിക്കണം. |
| കുടുംബക്ഷേമകേന്ദ്രം വടക്കുമ്പാട് | അലോപ്പതി | സ്വന്തം | 9 | 1974 | പഞ്ചായത്തിൽ നാലു സെൻററുകൾ അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഒരു സ്ഥലത്ത് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. മറ്റു മൂന്ന് സ്ഥലങ്ങളിൽ കെട്ടിടം ഏർപ്പെടുതത്തുണം. ഹെൽത്ത് ഇൻസ്പ്കർമാരുടെയും ലേഡി ഹെൽത്ത് ഇൻസ്പെക്ടരുടെയും സേവനം പഞ്ചായത്തിനു മാത്രമായി ലഭ്യമാക്കണം. പിണറായി പി. എച്ച് സി. യിൽ നിന്നും സെൻറർ വേർപെടുത്തിയ നടപടിക്രമം ത്വരിതപ്പെടുത്തണം. |
| ഗവ. ആയുർവേദഡിസ്പെൻസറി എരഞ്ഞോളി | ആയുർവേദം | സ്വന്തം | 6 | 1968 | കെട്ടിടത്തിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തണം. രോഗികളുടെ ആധിക്യത്തിനസരിച്ചു ആവശ്യാനുസരണം മരുന്നുകൾ ലഭിക്കുന്നില്ല. സെൻററിലേക്കുള്ള ഗതാഗത സൌകര്യം മെച്ചപ്പെടുത്തണം. |
| കോ - ഓപ്പറേറ്റീവ് ആശുപത്രി എരഞ്ഞോളി | അലോപ്പതി | സ്വന്തം | 6 | 1974 | ഡോക്ടറുടെ സേവനം എല്ലായ്പ്പോഴും ലഭ്യമാക്കണം. |

വർഷകാലം കഴിയുന്നതോടെ പാതയോരങ്ങളിലും വീടിൻെറ പരിസരത്തും തഴച്ചുവളരുന്ന പാഴ്ചെടികൾ യഥാകാലം വെട്ടിനീക്കി വൃത്തിയാക്കുവാൻ ജനങ്ങൾ തയ്യാറാവുന്നില്ല. പ്ലാസ്റ്റിക്ക് പോലുള്ള അ ജൈവവസ്തുക്കളുടെ വർദ്ധിച്ചുവരുന്ന ഉപഭോഗവും ഉപേക്ഷിക്കപ്പെടുന്ന പ്ലാസ്റ്റിക് കൂടുകൾ പാത്രങ്ങൾ എന്നിവയിൽ വർഷകാലത്ത് വെള്ളം കെട്ടിക്കിടന്ന് കൊതുക് പെരുകുന്ന അവസ്ഥയും ഭീതിതമാണ്. വ്യാപകമായ ബോധവൽക്കരണത്തിലൂടെയും ജനകീയ മുന്നേറ്റത്തിലൂടെയും മാത്രമെ ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കപ്പെടുകയുള്ളൂ.

ആരോഗ്യം, കുടിവെള്ളം, ശുചിത്വം എന്നീ പ്രശ്നങ്ങളുടെ പരിഹാരനിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തി രൂപീകൃതമാവുന്ന പദ്ധതികളുടെ നടത്തിപ്പിനും, ജനങ്ങളിൽ വ്യക്തമായ ആരോഗ്യ അവബോധം സൃഷ്ടിക്കുന്നതിന്നും വേണ്ടി തുടർച്ചയായ ബോധവൽക്കരണം നടത്തുന്നതിന്നും, പഞ്ചായത്ത് സമിതിയുടെ കീഴിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെയും ബഹുജനസംഘടനകളുടെയും സജീവ സാന്നിദ്ധ്യം ഉറപ്പുവരുത്തിക്കൊണ്ടു ഒരു ആരോഗ്യ രക്ഷാസമിതി രൂപീകരിച്ചു പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സാധിക്കുമെന്നും 2000 ആണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന പ്രഖ്യാപിത ലക്ഷ്യം അതിവിദൂരമല്ലാത്ത ഭാവിയിൽ പ്രാപിക്കുന്നതിന്നും സാദ്ധ്യമാവുമെന്ന് പ്രത്യാശിക്കാം.

---



# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം

സാമൂഹ്യ വികാസത്തിൻെറയും സാംസ്കാരിക ഉന്നമനത്തിൻെറയും നട്ടെല്ലായും കണ്ണിയായും പ്രവർത്തിച്ച് പോന്ന ഘടകങ്ങളിൽ ഗതാഗത സൗകര്യങ്ങൾക്ക് വമ്പിച്ച പ്രാധാന്യമുണ്ട്. എരഞ്ഞോളി പഞ്ചായത്തിലെ പ്രധാന ഗതാഗത സൗകര്യം റോഡുകളാണ്. പഞ്ചായത്തിൽ നിലവിലുള്ള റോഡുകളിൽ ബഹുഭൂരിപക്ഷവും ജനങ്ങളുടെ കൂട്ടായ്മയിലൂടെ ശ്രമദാനഫലമായി നിർമ്മിക്കപ്പെട്ടതാണ്. പഴശ്ശിരാജാവിൻെറ ചരിത്രവുമായി ഇഴപിരിഞ്ഞുകിടക്കുന്ന തലശ്ശേരി കൂർഗ്ഗ് റോഡ് നമ്മുടെ ഗ്രാമത്തിലൂടെ കടന്നുപോകുന്ന ആദ്യത്തെ റോഡാണ്. ഇല്ലിക്കുന്നുമുതൽ കൊളശ്ശേരി - വാടിയിൽ പീടിക - കുടക്കളം വഴി നായനാർ റോഡ് വരെയുള്ള പാത ആ കാലഘട്ടങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒന്നായിരുന്നു. തലശ്ശേശരിയുടെ ആധിപത്യം ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ കൈകളിൽ വന്നെത്തിയതോടെ നിരവധി ഗതാഗത മാർഗ്ഗങ്ങൾ ആരംഭിക്കുകയുണ്ടായി. അത്തരത്തിൽ ഉണ്ടായ ഒരു റോഡാണ് ഇല്ലിക്കുന്നു മുതൽ നമ്മുടെ പഞ്ചായത്തിലെ വടക്കുമ്പാട് പ്രദേശം വഴി അഞ്ചരക്കണ്ടിയിലേക്കുള്ള റോഡ്. അഞ്ചരക്കണ്ടിയിൽ ബ്രിട്ടീഷുകാർ സ്ഥാപിച്ച കറപ്പത്തോട്ടവുമായി ബന്ധപ്പെട്ടാണ് ഈ റോഡ് നിർമ്മിക്കപ്പെട്ടത്. ഇന്നും ഈ റോഡുകളൊക്കെ പഞ്ചായത്തിലെ വളരെ പ്രധാനപ്പെട്ട റോഡുകളാണ്.

പഞ്ചായത്തിലെ ഔദ്യോഗിക രേഖ പ്രകാരം പഞ്ചായത്തിൽ 63 റോഡുകൾ ഉണ്ട്. ഇവയുടെ ആകെ നീളം 46.179 കിലോമീറ്റർ ആണ്. ഇതിൽ 20.28 കിലോ മീറ്റർ ടാർചെയ്ത റോഡാണ്. പഞ്ചായത്തിൽ 10.6 കിലോമീറ്റർ നീളം പി.ഡബ്ള്യൂ.ഡി റോഡുകളുണ്ട്. ഇതിനെല്ലാം പുറമെ പഞ്ചായത്ത് രേഖയിൽ ഇല്ലാത്ത നിരവധി ഉപറോഡുകൾ പഞ്ചായത്തിൻെറ വ്യത്യസ്ത ഭാഗങ്ങളിലായി പൊതുജനങ്ങളുടെ ശ്രമദാനത്തിൻെറ ഫലമായി നിർമ്മിക്കപ്പെട്ടിട്ടുണ്ട്.പഞ്ചായത്തിനെ ഏല്പിക്കാത്ത ഈ റോഡുകളുടെ ആകെ നീളം 4.75 കിലോ മീറ്റർ വരും. വികസനമെന്നാൽ റോഡു നിർമ്മാണമാണെന്ന വികല ധാരണ റോഡു ഗതാഗത രംഗത്ത് വമ്പിച്ച മുന്നേറ്റം പഞ്ചായത്തിൽ ഉണ്ടാക്കിയിട്ടുണ്ട്. എങ്കിലും പഞ്ചായത്തിലെ റോഡുകളുടെ നിലവാരം വളരെ ദയനീയമാണ്.

**പട്ടിക - 1**
**പഞ്ചായത്തിലെ റോഡുകൾ**

| ക്രമ നമ്പർ | ഉടമസ്ഥത | റോഡുകളുടെ എണ്ണം | ടാർചെയ്യാത്തത് നീളം കി.മീ | ടാർചെയ്തത് നീളം കി.മീ | ആകെ നീളം കി.മീ |
|---|---|---|---|---|---|
| 1 | പഞ്ചായത്ത് | 58 | 25.899 | 9.68 | 35.579 |
| 2 | P.W.D | 5 | — | 10.600 | 10.600 |
| 3 | ദേശീയപാത | — | — | — | — |
| 4 | മറ്റു റോഡുകൾ | 28 | 4.75 | — | 4.750 |
| | ആകെ | 91 | 30.649 | 20.280 | 50.929 |

## പട്ടിക - 2
## ടാർ ചെയ്ത റോഡുകൾ

| ക്രമ നമ്പർ | റോഡിൻെറ പേര് | ഉടമസ്ഥത | നീളം കി.മീ |
|---|---|---|---|
| 1 | എരഞ്ഞോളി പാലം - 33ാം മൈൽ | P.W.D | 1.700 |
| 2 | ചോനാടം - നിട്ടൂർ റോഡ് | " | 1.100 |
| 3 | പോസ്റ്റാഫീസ് - ചേക്കു പാലം | " | 1.400 |
| 4 | രാമദാസ് മുക്ക് - തോട്ടുമ്മൽ പാലം | " | 3.900 |
| 5 | കാളി- തോട്ടുമ്മൽ മഠം | " | 2.500 |
| 6 | വടക്കുമ്പാട് സെൻട്രൽ കമ്മ്യൂണിറ്റി ഹാൾ - മാത്തും ഭാഗം റോഡ് | പഞ്ചായത്ത് | 2.928 |
| 7 | വാടിയിൽ പീടിക - ഈസ്റ്റ് എരഞ്ഞോളി | " | 1.770 |
| 8 | മലാൽ - വെള്ളപൊയിൽ റോഡ് | " | 1.097 |
| 9 | ബേ്ളാക്ക് ഹേഡ് ക്വാർട്ടേഴ്സ് റോഡ് | " | 0.390 |
| 10 | വാടിയിൽ പീടിക - അരങ്ങാറ്റ് പറമ്പ്,ശ്രീ നാരായണ മഠം | " | 0.650 |
| 11 | ചോനാടം - കുണ്ടു ചിറ റോഡ് | " | 0.761 |
| 12 | മാത്തും ഭാഗം റോഡ് | " | 0.200 |

പഞ്ചായത്തിലെ റോഡുകളിൽ കൂടി ഇന്ന് ആകെ 285 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. പഞ്ചായത്തിൻെറതായ ബസ് ഷെൽട്ടറുകൾ ഒന്നും ഇല്ല എങ്കിലും സന്നദ്ധ സംഘടനകൾ നിർമ്മിച്ചഒമ്പത് ബസ് വെയ്റ്റിങ്ങ് ഷെൽട്ടറുകൾ ഇവിടെ ഉണ്ട്. തലശ്ശേരി പട്ടണവുമായി വളരെ അടുത്ത പ്രദേശമായതുകൊണ്ട് ഗതാഗത സാന്ദ്രത അനുദിനം വർദ്ധിക്കുകയാണ്.

### പഞ്ചായത്തിലെ ബസ് സർവ്വീസ് നടത്തുന്ന റോഡുകൾ
### പട്ടിക.3

| റോഡിൻെറ പേര് | ഉടമസ്ഥത | സർവ്വീസ് നടത്തുന്ന ബസുകളുടെ എണ്ണം |
|---|---|---|
| തലശ്ശേരി- കൂത്തുപറമ്പ് | P.W.D.(സ്റ്റേയിറ്റ് ഹൈവേ) | 230 |
| തലശ്ശേരി-അഞ്ചരക്കണ്ടി | P.W.D | 35 |
| തലശ്ശേരി-വടക്കുമ്പാട് ഹൈസ്കൂൾ | പഞ്ചായത്ത് | 7 |
| തലശ്ശേരി-തോട്ടുമ്മൽ-കായലോട് | P.W.D | 12 |

പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന എല്ലാP.W.D റോഡുകളുടെയും നിലവാരം വളരെ മോശമാണ്. കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തത് റോഡുകളെ ഗതാഗത യോഗ്യമല്ലാതാക്കുകയും അപകട

സാധ്യത വർദ്ധിക്കുകയും ചെയ്യുന്നുണ്ട്. P.W.D ഈ റോഡുകളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. വടക്കുമ്പാട് സെൻട്രൽ കമ്മ്യൂണിറ്റി ഹാൾ മഠത്തും ഭാഗം റോഡ് P.W.Dഏറ്റെടുക്കണമെന്ന് നിരവധി വർഷങ്ങളായി പഞ്ചായത്ത് ആവശ്യപ്പെടുന്നുണ്ടെങ്കിലും ഇതുവരെ പ്രസ്തുത റോഡ് ഏറ്റെടുക്കപ്പെട്ടിട്ടില്ല. നിർദ്ദിഷ്ട മാഹി-മുഴപ്പിലങ്ങാട് ബൈപാസ് പഞ്ചായത്തിലെ 10,11 വാർഡുകളിൽ കൂടി കടന്നുപോകുന്നുണ്ട്.

പഞ്ചായത്തിലെ റോഡുകളിൽ കാലാകാലങ്ങളിൽ നടത്തേണ്ട അറ്റകുറ്റപ്പണികൾ പൂർണ്ണമായും നടത്താൻ പഞ്ചായത്തിൻെറ സാമ്പത്തിക സ്ഥിതി അനുവദിക്കാറില്ല. സംസ്ഥാന ശരാശരിയേക്കാൾ റോഡ് സൗകര്യം നമുക്കുണ്ട്. എങ്കിലും റോഡുകളുടെ ഗതാഗത സൗകര്യം വർദ്ധിപ്പിക്കണമെന്ന ചർച്ചയാണ് മിക്ക ഗ്രാമസഭകളിലും ഉണ്ടായത്.

വടക്കുമ്പാട് പുളിഞ്ഞോളികടവ് -അണ്ടലൂർ പ്രദേശവുമായി ബന്ധപ്പെടുവാനുള്ള ഒരു ജല ഗതാഗത മാർഗ്ഗമായിരുന്നു. പക്ഷെ ഇന്ന് ഈ കടവ് അണ്ടലൂർ ഉത്സവ സമയത്ത് മാത്രമെ ഉപായിഗിക്കുന്നുള്ളു. ഇവിടെ അണ്ടലൂർ പ്രദേശവുമായി ബന്ധിപ്പിക്കുന്ന പുഴക്കു കുറുകെ ഒരു പാലം പണിയേണ്ടതുണ്ട്.

**പ്രശ്നങ്ങൾ**

1. റോഡുകളുടെ പൊതുസ്ഥിതി മോശമാണ്
2. മിക്ക റോഡുകൾക്കും ഓടകളും , കലുങ്കുകളും ഇല്ലാത്തതിനാൽ വർഷക്കാലത്ത് റോഡിൽ വെള്ളം കെട്ടി നിൽക്കാൻ ഇടയാകുന്നു.
3. വർഷാവർഷം അറ്റകുറ്റപണി നടത്തുന്നില്ല
4. ബസ് സർവ്വീസ് നടത്തുന്ന പ്രധാന റോഡുകളിലെ പല വളവുകളും അപകടകരങ്ങളാണ്.
5. മഴക്കാലത്ത് ചില റോഡുകൾ ഉപയോഗശൂന്യമാവുന്നു.
6. പാതയോരങ്ങളിലെ സ്ഥിരസ്വഭാവമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഗതാഗത തടസ്സം സൃഷ്ടിക്കുന്നു.
7. അശാസ്ത്രീയമായ പുതിയ റോഡുകളുടെ നിർമ്മാണം പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

**സാധ്യതകൾ**

1. റോഡുകളുടെ അറ്റകുറ്റപ്പണി നടത്തേണ്ടതാണ്.
2. നീർക്കെട്ട് ഒഴിവാക്കാൻ ആവശ്യമുള്ള സ്ഥലങ്ങളിൽ ഓടകളും കലുങ്കുകളും നിർമ്മിക്കേണ്ടതാണ്.
3. പൂർത്തീകരിക്കപ്പെടാത്ത റോഡുകൾ പൂർത്തിയാക്കേണ്ടതാണ്.
4. റോഡ് സംരക്ഷണത്തിനു പ്രാദേശിക ജനകീയ സമിതികൾ രൂപീകരിക്കാവുന്നതാണ്.
5. പ്രധാന റോഡുകൾ ടാർ ചെയ്യേണ്ടതാണ്.
6. ഇലക്ട്രിക്ക്, ടെലിഫോൺ പോസ്റ്റുകളുടെ സ്ഥാപനം ശാസ്ത്രീയമാക്കുക.
7. അപകട സാധ്യതയുള്ള വളവുകൾ ശരിയാക്കേണ്ടതാണ്.
8. വീതിയുള്ള റോഡരികിൽ തണൽ വൃക്ഷങ്ങൾ വെച്ച് പിടിപ്പിക്കാൻ പ്രോത്സാഹനം നൽകേണ്ടതാണ്.
9. റോഡരികിൽ സിഗ്നൽ ബോർഡ് സ്ഥാപിക്കുക.
10. അപകടകരമായ സ്ഥലങ്ങളിൽ വരമ്പ് സ്ഥാപിക്കുക.

## അനുബന്ധം .1

# നിലവിലുള്ള റോഡുകൾ

| ക്രമ നമ്പർ | വാർഡ് | റോഡിന്റെ പേര് | നീളം കി. മീ. | വീതി കി. മീ. | കഴിഞ്ഞ ഒരു വർഷം ചെലവഴിച്ച പൊതു ഫണ്ട് | തരം | | | ഓട | | കലുങ്ക് | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | മണ്ണ് | മെറ്റൽ | ടാർ | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | അറ്റകുറ്റപ്പണി ആവശ്യം | ഉടമസ്ഥത |
| 1 | 1,2,3 | കാളിയിൽ - തോട്ടുമ്മൽ റോഡ് ( വടക്കുമ്പാട്) | 2.319 | 7 | | | | ✓ | ✓ | | ✓ | | ✓ | PWD |
| 2 | 7,9,11 | വാടിയിൽ പീടിക- ഈസ്റ്റ് എരഞ്ഞോളി ( നായനാർ മുക്ക്) | 1.770 | 5 | | | | ✓ | | ✓ | ✓ | ✓ | ✓ | പഞ്ചായത്ത് |
| 3 | 2,4 | വടക്കുമ്പാട്- പന്ന്യോട്ട് സ്കൂൾ കയനാടത്തും കണ്ടി റോഡ് | 0.762 | 4 | | ✓ | | | | | | ✓ | ✓ | ,, |
| 4. | 2,4,5 | മഠത്തും ഭാഗം- വടക്കുമ്പാട് റോഡ് | 1.500 | 4 | | ✓ | | ✓ | | ✓ | | ✓ | ✓ | ,, |
| 5 | 2,4,5 | വടക്കുമ്പാട് സെൻട്രൽ കമ്മ്യൂണിറ്റി ഹാൾ- മഠത്തും ഭാഗം റോഡ് | 2.928 | 4 | | | | ✓ | | ✓ | ✓ | | ✓ | ,, |
| 6 | 3 | വടക്കുമ്പാട്- എസ്. എൻ പുരം റോഡ് | .690 | 4 | 2417.00 | ✓ | | | | ✓ | | ✓ | ✓ | ,, |
| 7 | 3,6 | പി. സി. ഗുരുവിലാസം സ്കൂൾ നെയ്യൻ പീടിക റോഡ് | .760 | 4 | | ✓ | | | | ✓ | | ✓ | ✓ | ,, |
| 8 | 3 | വടക്കുമ്പാട് മഠം- തോട്ടുമ്മൽ റോഡ് | .792 | 5 | | | | ✓ | | ✓ | | | | PWD |
| 9 | 6 | പെരുന്താറ്റിൽ കുടുംബ ക്ഷേമകേന്ദ്രം റോഡ് | .490 | 4 | | ✓ | | | | ✓ | | | ✓ | പഞ്ചായത്ത് |
| 10 | 6 | പെരുന്താറ്റിൽവിഷ മന്ദിരം റോഡ് | .100 | 3 | | ✓ | | | | | | | ✓ | ,, |
| 11 | 6,7 | പെരുന്താറ്റിൽ - കുണ്ടൂർ മല റോഡ് | .490 | 4 | | ✓ | | | | | | | ✓ | ,, |
| 12 | 4,6 | പെരുന്താറ്റിൽ മഠത്തും ഭാഗം റോഡ് | .980 | 4 | | ✓ | | | | | | ✓ | | ,, |
| 13 | 4,5 | മഠത്തും ഭാഗം- കോറോത്ത് മാലയാട്ട് റോഡ് | .800 | 4 | | ✓ | | | | ✓ | ✓ | | ✓ | ,, |
| 14 | 8 | മലാൽ- വെള്ളപൊയിൽ റോഡ് | 1.097 | 4 | | | ✓ | ✓ | | ✓ | | ✓ | ✓ | ,, |
| 15 | 9 | ചുങ്കം സോമിൽ കുണ്ടൂർ മല റോഡ് | 1.240 | 5 | | ✓ | | | | ✓ | | ✓ | ✓ | ,, |
| 16 | 7,8 | ബ്ലോക്ക് ഹെഡ്ക്വാർട്ടേഴ്സ് റോഡ് | 0.390 | 5 | | | | ✓ | | ✓ | | | ✓ | ,, |
| 17 | 7,9 | ചുങ്കം- കുടക്കളം റോഡ് | 0.938 | 4 | 4621.00 | ✓ | | | | ✓ | | ✓ | ✓ | ,, |
| 18 | 6,7 | കുടക്കളം - കുണ്ടൂർമല റോഡ് | 0.820 | 4 | | ✓ | | | | ✓ | | ✓ | ✓ | ,, |
| 19 | 9,1 | താറ്റ്യോട്ട് റോഡ് | 0.315 | 4 | | ✓ | | | | | | | ✓ | ,, |
| 20 | 10 | പൊഞ്ഞാടൻ റോഡ് | 0.400 | 4 | 1937.00 | ✓ | | | | | | ✓ | ✓ | ,, |

അനുബന്ധം .1

## നിലവിലുള്ള റോഡുകൾ

| ക്രമ നമ്പർ | വാർഡ് | റോഡിന്റെ പേര് | നീളം കി. മീ. | വീതി കി. മീ. | കഴിഞ്ഞ ഒരു വർഷം ചെലവഴിച്ച പൊതു ഫണ്ട് | തരം | | | ഓട | | കലുങ്ക് | | | ഉടമസ്ഥത |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | മണ്ണ് | മെറ്റൽ | ടാർ | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | അറ്റകുറ്റപ്പണി ആവശ്യം | |
| 21 | 11 | എകരത്ത് പീടിക മീൻ വളർത്തു കേന്ദ്രം | 0.525 | 4 | 1,19,117 | ✓ | | | | ✓ | | | ✓ | പഞ്ചായത്ത് |
| 22 | 11 | പാറാൽ കോട്ടയവരപ്പ് റോഡ് | .300 | 4 | | ✓ | | | | | | | | ,, |
| 23 | 3 | കുറ്റിക്കാട്ടിൽ റോഡ് | .600 | 3.5 | | ✓ | | | | ✓ | | | ✓ | ,, |
| 24 | 10 | പുതിയകാവ് - പത്തായപാറ റോഡ് | .300 | 3 | | ✓ | | | | | | | ✓ | ,, |
| 25 | 10 | തെണ്ടകണ്ടി തുയ്യത്ത് റോഡ് | .340 | 3.5 | 1000 | ✓ | | | | | | | ✓ | ,, |
| 26 | 1,4 | വടക്കുമ്പാട് പോസ്റ്റാഫീസ് ലക്ഷം വീട് കോളനി റോഡ് | .800 | 4 | 3403 | ✓ | | | | | | | ✓ | ,, |
| 27 | 9 | പൊന്നോറാൻ - ഓടഞ്ചേരി റോഡ് | .400 | 3 | | ✓ | | | | | | | ✓ | ,, |
| 28 | 5 | നിട്ടൂർ മഠം പെരുന്താറ്റിൽ പുതുക്കുടി റോഡ് | .500 | 4 | 2804 | ✓ | | | | | | | ✓ | ,,, |
| 29 | 5 | കുന്നോത്ത് കൊളശ്ശേരി മൂർക്കോത്ത് താഴെ റോഡ് | .200 | 4 | | ✓ | | | | | | | ✓ | ,, |
| 30 | 9 | ചുങ്കം ശ്രീനാരായണ മഠം നിടുങ്കോട്ട് റോഡ് | .250 | 4 | | ✓ | | | | ✓ | | | ✓ | ,, |
| 31 | 7 | കോറക്കുന്ന് അയിച്ചമ്മൽ റോഡ് | .285 | 4 | | ✓ | | | | | | ✓ | ✓ | ,, |
| 32 | 11 | കല്ലറക്കണ്ടി വാടിയിൽ - പീടിക റോഡ് | .420 | 4 | 1861 | ✓ | | | | ✓ | | ✓ | ✓ | ,, |
| 33 | 3 | തുവക്കുന്ന് വി. സി. ഗുരുവിലാസം സ്കൂൾ റോഡ് | .810 | 4 | | ✓ | | | | ✓ | ✓ | | ✓ | ,, |
| 34 | 9 | കോയമ്പത്തൂർ സോമിൽ കല്ലേരി റോഡ് | .300 | 3.5 | | ✓ | | | | | | ✓ | ✓ | ,, |
| 35 | 4 | പാറക്കെട്ട് - പാടത്ത് പൊയിൽ റോഡ് | .270 | 4 | | ✓ | | | | ✓ | | ✓ | ✓ | ,, |
| 36 | 5 | മഠത്തും ഭാഗം ആയുർവേദ ഡിസ്പെൻസറി റോഡ് | .800 | 4 | | ✓ | | | | ✓ | | | ✓ | ,, |
| 37 | 1 | കൈപ്രത്ത് താഴെ റോഡ് | .180 | 3 | | ✓ | | | | | | | ✓ | ,, |
| 38 | 5 | മാത്തും ഭാഗം സ്കൂൾ റോഡ് | .100 | 4 | | ✓ | | | | ✓ | | ✓ | ✓ | ,, |
| 39 | 11 | വാടിയിൽ പീടിക താറ്റ്യേട്ട് റോഡ് | .465 | 4 | | ✓ | | | | ✓ | | ✓ | ✓ | ,, |
| 40 | 5 | കളരിമുക്ക് - നുഞ്ഞം പുറത്ത് റോഡ് | .120 | 4 | 924 | ✓ | | | | ✓ | | ✓ | ✓ | ,, |

## അനുബന്ധം .1 തുടർച്ച
## നിലവിലുള്ള റോഡുകൾ

| ക്രമ നമ്പർ | വാർഡ് | റോഡിന്റെ പേര് | നീളം കി. മീ. | വീതി കി. മീ. | കഴിഞ്ഞ ഒരു വർഷം ചെലവഴിച്ച, പൊതു ഫണ്ട് | തരം | | ഓട | | | കലുങ്ക് | | | ഉടമസ്ഥത |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | മണ്ണ് | മെറ്റൽ | ടാർ | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | അറ്റകുറ്റപ്പണി ആവശ്യം | |
| 41 | 7 | കുടക്കളം -പെരുന്താറ്റിൽ റോഡ് | .590 | 4 | 4843.00 | ✓ | | | | ✓ | | ✓ | ✓ | പഞ്ചായത്ത് |
| 42 | 9 | പുത്തൻ വീട് മുക്ക് എരഞ്ഞോളി റോഡ് | .095 | 4 | | ✓ | | | | | | | ✓ | ,, |
| 43 | 11 | മുള്ളൂർ- എളയടത്ത് മുക്ക് റോഡ് | .450 | 4.5 | 1882.00 | ✓ | | | | ✓ | | | ✓ | ,, |
| 44 | 2 | കാരാട്ട് കുന്ന്-ലക്കിസ്റ്റാർ ക്ലബ്ബ്, റോഡ് | .200 | 4 | 2000.00 | | | | | | | | | |
| 45 | 5 | മഠത്തുംഭാഗം-നിട്ടൂർ തെരു റോഡ് | .400 | 4 | | ✓ | | | | | | | ✓ | ,, |
| 46 | 3,6,11 | തോടുമ്മൽ വാടിയിൽ പീടിക റോഡ്(വടക്കുമ്പാട് മഠം) | 2.420 | 7 | | | | ✓ | | | | ✓ | ✓ | ,, |
| 47 | 11 | വാടിയിൽ പീടിക അരങ്ങേറ്റ് പറമ്പ് ശ്രീനാരായണ മഠം റോഡ് | .650 | 6 | 2000.00 | | | | | | | ✓ | ✓ | ,, |
| 48 | 11 | കല്ലങ്കണ്ടി റോഡ് | .270 | 6 | | | | ✓ | | | | | ✓ | ,, |
| 49 | 6,7 | ബ്ലോക്ക് ഓഫീസ് പെരുന്താറ്റിൽ ലക്ഷം വീട് കോളനി റോഡ് | .500 | 6 | | ✓ | | | | | | | ✓ | ,,, |
| 50 | 11 | പാറക്കണ്ടി നിടുംങ്ങോട്ടും കാവ് റോഡ് | .360 | 6 | | | | | | | | | | |
| 51 | 5 | മഠത്തും ഭാഗം സ്കൂൾ റോഡ് | .300 | 4 | | ✓ | | | | | | | ✓ | ,, |
| 52 | 9,11 | വാടിയിൽ പീടിക-നിടുങ്ങോട്ടും കാവ് താറ്റ്യോട്ട് റോഡ് | .200 | 4 | 953 | ✓ | | | | ✓ | | ✓ | ✓ | ,, |
| 53 | 5 | മഠത്തും ഭാഗം പെരുന്താറ്റിൽ എളയത്ത് മുക്ക് റോഡ് | .800 | 4 | 4728 | ✓ | | ✓ | | | | | ✓ | ,, |
| 54 | 2 | ഏരിക്കണ്ടി മുക്ക് മുതൽ മുണ്ടോളിവയൽ വരെയുള്ള സ്വാമിറോഡ് | .750 | 2.7 | 591 | ✓ | | ✓ | | ✓ | | | ✓ | ,, |
| 55 | 7,11 | മുള്ളൂർ- നിടുംങ്ങോട്ട് കാവ് റോഡ് | .300 | 3.5 | 49.24 | ✓ | | | | ✓ | | ✓ | ✓ | ,, |
| 56 | 9 | പുന്നോൽ- മൂന്നാംമൈൽ | .282 | 3 | | | | ✓ | | | | ✓ | | ,, |
| 57 | 10 | ചോനാടം - കുണ്ടുചിറ റോഡ് | .761 | 3 | | | | | | | | | | |
| 58 | 11 | കല്ലറക്കണ്ടി- ഈശ്വരത്ത് മീത്തൽ റോഡ് | .130 | 3.5 | | ✓ | | | | ✓ | | ✓ | ✓ | ,, |
| 59 | 5 | ചാലക്കുന്നുമ്മൽ- മഠത്തും ഭാഗം റോഡ് | .475 | 4.5 | | ✓ | | | | ✓ | | ✓ | ✓ | ,, |
| 60 | 10 | കുടത്തിൽ ആശആരി മുക്ക് റോഡ് | .525 | 4 | | ✓ | | | | | | | ✓ | ,, |
| 61 | 1 | തട്ടാൻറവിട-കയനാടത്ത് റോഡ് | .300 | 3.3 | | ✓ | | | | ✓ | | ✓ | ✓ | ,, |
| 62 | 9,10 | എരഞ്ഞോഞ്ഞളി പാലം- മൂന്നാം മൈൽ ( സ്റ്റേറ്റ് ഹൈവേ) | 1.700 | 10 | | | | | ✓ | ✓ | ✓ | | ✓ | ,, |
| 63 | 1 | വടക്കുമ്പാട് പോസ്റ്റാഫീസ്- ചേക്കുപാലം | 1.400 | 8 | | | | ✓ | ✓ | ✓ | ✓ | ✓ | ✓ | ,, |

## അനുബന്ധം .2

## നാട്ടുകാർ ശ്രമദാനമായി നിർമ്മിച്ച് പഞ്ചായത്തിനെ ഏൽപ്പിക്കാത്ത റോഡുകൾ

| ക്രമ നമ്പർ | വാർഡ് | പേര് | നീളം. മീറ്റർ |
|---|---|---|---|
| 1 | 1 | പുളിഞ്ഞോളിക്കടവ് റോഡ് | 0.250 |
| 2 | 1 | പരേത്ത് റോഡ് | 0.150 |
| 3 | 1 | ഹരിജൻ കോളനി റോഡ് | 0.150 |
| 4 | 1 | ശ്രീനാരയണ സ്കൂൾ - കിളാഞ്ചേരി താഴെ | 0.750 |
| 5 | 4 | കിളാഞ്ചേരി റോഡ് | 0.300 |
| 6 | 1,4 | ചന്ത്രോത്ത് കുളം വെളിച്ചത്ത് റോഡ് | 0.200 |
| 7 | 4 | വെളിച്ചത്ത് ലക്ഷം വീട് റോഡ് | 0.100 |
| 8 | 4 | കാട്ടിൽ റോഡ് | 0.0750 |
| 9 | 4 | നവജ്യോതി - ആയുർവേദ ആസ്പ്രതി റോഡ് | 200 |
| 10 | 4 | കുന്നുമ്മൽ റോഡ് | 0.200 |
| 11 | 2 | മണോളി-കുറുപ്പാടി സ്കൂൾ റോഡ് | 0.600 |
| 12 | 2 | ദിനേശ് ബീഡി റോഡ് | 0.075 |
| 13 | 3 | സി. എൻ. രവീന്ദ്രൻ റോഡ് | 0.200 |
| 14 | 3 | പള്ളിക്കൽ മീത്തൽ- നാടാച്ചേരി റോഡ് | 0.100 |
| 15 | 3 | പുളുക്കൽചാത്തോത്ത്- മൂർഖൻ ചിറ റോഡ് | 0.150 |
| 16 | 3 | സി. വി.രാഘവൻ റോഡ് | 0.100 |
| 17 | 3 | തൂവക്കുന്ന് -തയ്യിൽ റോഡ് | 0.150 |
| 18 | 3 | കുറ്റിക്കാട്ടിൽ - കൊട്ടയോടൻ മഠം റോഡ് | 0.300 |
| 19 | 3,8 | ചിറ്റിമുക്ക് മലാൽ- വെള്ളപൊയിൽ റോഡ് | 0.350 |
| 20 | 10 | കൊട്ടയോടൻ റോഡ് | 0.100 |
| 21 | 11 | ചക്കുള്ള പറമ്പ്- കെ. കെ. കുഞ്ഞിക്കണ്ണൻ വീട് | 0.50 |
| 22 | 11 | സ്കുമാരൻ പീടിക- ചാത്തോത്ത് പറമ്പ് | 0.075 |
| 23 | 11 | കല്ലുങ്കണ്ടി-പാറാൽ ( മുൻസിപ്പൽ അതിർത്തി) | 0.750 |
| 24 | 11 | കൊട്ടാരത്തിൽ പറമ്പ്- എകരത്ത് പറമ്പ് | 0. 200 |
| 25 | 11 | നെടുംഞ്ഞോട്ടിൽ റോഡ്- ജയരാജൻ റോഡ് | 0.200 |
| 26 | 11 | ലൈൻമുറി- വയലിൽ പീടിക | 0.225 |
| 27 | 9 | ആയിച്ചമ്മൽ മുക്ക്-നിടുംഞ്ഞോട്ട് കാവ് റോഡ് | 0.300 |

## അനുബന്ധം .3
## ടാർചെയ്യേണ്ട റോഡുകൾ ( ഗ്രാമ നിർദ്ദേശം)

| ക്രമ നമ്പർ | വാർഡ് | റോഡിന്റെ പേര് | നീളം. മീറ്റർ | വീതി മീറ്റർ |
|---|---|---|---|---|
| 1 | 1,4 | വടക്കുമ്പാട് പോസ്റ്റാഫീസ് ലക്ഷം വീട് കോളനി റോഡ് | 0.800 | 4 |
| 2 | 2,4 | വടക്കുമ്പാട് പന്ന്യോട്ട് സ്കൂൾ- കയനാടത്തുംക്കണ്ടി റോഡ് | .762 | 4 |
| 3 | 3 | വട്ക്കുമ്പാട്. എസ്. എൻ. പുരം റോഡ് | .690 | 4 |
| 4 | 3,4 | പി. സി. ഗുരുവിലാസം സ്കൂൾ-നെയ്യൽപീടിക റോഡ് | .760 | 4 |
| 5 | 4 | പാറക്കെട്ട് ആയുർവേദ ആശുപത്രി റോഡ് | .200 | 4 |
| 6 | 6,8 | പെരുന്താറ്റിൽ - കുണ്ടൂർ മലറോഡ് | .490 | 4 |
| 7 | 6 | പെരുന്താറ്റിൽ കുടുംബക്ഷേമ കേന്ദ്രം റോഡ് | .490 | 4 |
| 8 | 4,5 | മാത്തും ഭാഗം - കോറോത്ത് മാലയാട്ട് റോഡ് | .800 | 4 |
| 9 | 7,9 | മലാൽ വെള്ളപൊയിൽ റോഡ് | .938 | 4 |
| 10 | 8 | കോയമ്പത്തൂർ സോമിൽ ബ്ലോക്ക് ഓഫീസ് റോഡ് | 1.24 | 4 |
| 11 | 9 | ചുങ്കം കുടക്കളം റോഡ് | .938 | 5 |
| 12 | 11 | എകരത്ത് പീടിക മീൻ വളർത്തു കേന്ദ്രം റോഡ് | .525 | 4 |
| 13 | 11 | വാടിയിൽ പീടിക കല്ലറക്കണ്ടി റോഡ് | .420 | 4 |
| 14 | 11 | വാടിയിൽ പീടിക കനിടുങ്ങോട്ട് കാവ് താറ്റ്യോട്ട് റോഡ് | .200 | 4 |
| 15 | 5 | മാത്തും ഭാഗം വടക്കുമ്പാട് റോഡ് | 1.500 | 5 |



## അനുബന്ധം .4

### ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ട പുതുതായി നിർമ്മിക്കേണ്ട പ്രധാന റോഡുകൾ

| ക്രമ നമ്പർ | വാർഡ് | റോഡിൻെറ പേര് |
|---|---|---|
| 1 | 1 | പോസ്റ്റാഫീസ് - ഹരിജൻ കോളനി- പുളിഞ്ഞോളിക്കടവ് റോഡ് |
| 2 | 1 | പമ്പ് ഹൗസ്- കിളാഞ്ചേരി റോഡ് |
| 3 | 1 | ചാത്തോത്ത് കുനിയിൽ താഴെ |
| 4 | 3 | തോട്ടുമ്മൽ-മൂർഖൻച്ചിറ- എസ്. എൻ. പുരം റോഡ് |
| 5 | 3 | വടക്കുമ്പാട് ഹൈസ്കൂൾ പി. സി. ഗുരുവിലാസം- ഡിസ്പെൻസറി റോഡ് |
| 6 | 3 | ചന്ദനക്കണ്ടി പറമ്പ്- പുനിക്കോൽ- എസ്. എൻ പുരം റോഡ് |
| 7 | 2,6 | കുഞ്ഞിക്കണ്ണൻ നഗർ- കൂമുള്ള താഴെ റോഡ് |
| 8 | 6 | വെള്ളപൊയിൽ - തോട്ടുമ്മൽ റോഡ് |
| 9 | 8 | ബ്ലോക്ക് ഓഫീസ്- കുണ്ടൂർ മല ( കിഴക്കു ഭാഗം ) റോഡ് |
| 10 | 10 | പൊഞ്ഞാടൻ - നിടുങ്ങോട്ട് കാവ് റോഡ് |

## അനുബന്ധം .5

### ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ട പുതുതായി നിർമ്മിക്കേണ്ട നടപ്പാതകൾ

| ക്രമ നമ്പർ | വാർഡ് | റോഡിൻെറ പേര് |
|---|---|---|
| 1 | 1 | ചന്ദ്രോത്ത് കുളം- ശ്രീനാരായണ സ്കൂൾ പന്ന്യോട്ട് താഴെ റോഡ് |
| 2 | 5 | ചേരോട്ട് താഴെ |
| 3 | 1 | കാളി- പുളിഞ്ഞോളികടവ് |
| 4 | | ഉത്രങ്ങാട്ട് താഴെ-കോമത്ത് പാറ |
| 5 | 11 | പാറക്കണ്ടി- നിടുങ്ങോട്ട് വയൽ |
| 6 | 6 | കൊട്ടാരത്തിൽ ഇടവഴി- വടവതി നാണുവീട് |
| 7 | 5 | വില്ലേജ് ഓഫീസ്-കുന്നത്ത് എൽ. പി. സ്കൂൾ |
| 8 | 9 | നിടുങ്ങോട്ട് വയൽ- എരഞ്ഞോളി ഈസ്റ്റ് എൽ. പി. |
| 9 | 3 | മാണിക്കോത്ത് പള്ളി- കണ്ടിയിൽ പീടിക |

*****

# ഊർജ്ജം



*ഗ്രാമീണ വൈദ്യുതീകരണം ഉൾപ്പെടെ കെ. എസ്. ഇ. ബി. നടത്തേണ്ട വൈദ്യുതീകരണ ജോലികളെ സംബന്ധിച്ച നിർദ്ദേശങ്ങൾ മുന്നോട്ടു വെയ്ക്കുക, ഊർജ്ജം ലാഭിക്കുന്നതിനുള്ള ഉപായങ്ങൾക്ക് പ്രോത്സാഹനം നൽകുകയും പ്രചരിപ്പിക്കുകയും ചെയ്യുക, ബയോഗ്യാസ് ഉൾപ്പെടെയുള്ള പാരമ്പര്യേതര സംവിധാനങ്ങൾ പ്രചാരത്തിലാക്കാനുള്ള നടപടികൾ കൈക്കൊള്ളുക ഇവയാണ് ഊർജ്ജാസൂത്രണത്തിന്റെ ഭാഗമായി നമ്മുടെ ചർച്ചയിൽ ഉയർന്നുവരേണ്ടത്.*

ഊർജ്ജം വികസനത്തിന്റെ അവിഭാജ്യ ഘടകമാണ്. വിറക്, മണ്ണെണ്ണ, വൈദ്യുതി, ഇവയാണ് നാം മുഖ്യമായും ഉപയോഗിക്കുന്ന ഊർജ്ജസ്രോതസ്സുകൾ. ഗ്രാമീണ വൈദ്യുതീകരണം ഉൾപ്പെടെ കെ. എസ്. ഇ. ബി. നടത്തേണ്ട വൈദ്യുതീകരണ ജോലികളെ സംബന്ധിച്ച നിർദ്ദേശങ്ങൾ മുന്നോട്ടു വെയ്ക്കുക, ഊർജ്ജം ലാഭിക്കുന്നതിനുള്ള ഉപായങ്ങൾക്ക് പ്രോത്സാഹനം നൽകുകയും പ്രചരിപ്പിക്കുകയും ചെയ്യുക, ബയോഗ്യാസ് ഉൾപ്പെടെയുള്ള പാരമ്പര്യേതര സംവിധാനങ്ങൾ പ്രചാരത്തിലാക്കാനുള്ള നടപടികൾ കൈക്കൊള്ളുക ഇവയാണ് ഊർജ്ജാസൂത്രണത്തിന്റെ ഭാഗമായി നമ്മുടെ ചർച്ചയിൽ ഉയർന്നുവരേണ്ടത്. ഇതിനാകട്ടെ പഞ്ചായത്തിലെ ഊർജ്ജ ഉപഭോഗത്തിന്റെ രീതികളെ സംബന്ധിച്ച വിവരങ്ങൾ നമുക്കാവശ്യമാണ്.

തെങ്ങുല്പന്നങ്ങളുടേയും മറ്റു ജൈവവസ്തുക്കളുടേയും ലഭ്യതകൊണ്ട് വിറക് ക്ഷാമം ഏറെ അനുഭവപ്പെടുന്നില്ല. എങ്കിലും ഉയർന്ന ഉപഭോഗം ക്രമേണ വിറക് ലഭ്യമാകാത്ത സാഹചര്യം സൃഷ്ടിക്കും. പഞ്ചായത്തിൽ പാചകത്തിനും, വെള്ളം ചൂടാക്കാനുമൊക്കെ മുഖ്യമായും വിറകിനെയാണ് ആശ്രയിക്കുന്നത്. 90% വീടുകളിലും പരമ്പരാഗത മൂന്നുകല്ല് അടുപ്പുകളാണ് ഉള്ളത്. കത്തിക്കുന്ന വിറകിന്റെ 10% മാത്രമാണ് ഇതിൽ പരമാവധി ദക്ഷത. മാത്രമല്ല അനാരോഗ്യകരമാകുന്ന അടുക്കളയും ഇതിന്റെ ഭാഗമാണ്. വിറകിന്റെ ഉപഭോഗം പരിശോധിച്ചാൽ ഏകദേശം 5 മുതൽ 8 കിലോ വരെ വിറക് ഒരു കുടുംബത്തിന് ഒരു ദിവസം ഉപയോഗിക്കേണ്ടി വരുന്നതായി കാണാം. പഞ്ചായത്തിൽ ഒരു ദിവസം ഏകദേശം 40,000 കിലോഗ്രാം വിറക് ഉപയോഗിക്കപ്പെടും. കിലോ ഒന്നിന് ഒരു രൂപ നിരക്കിൽ കൂട്ടിയാൽ പ്രതിദിനം 40,000 രൂപയും വർഷത്തിൽ ഏകദേശം 1.5 കോടി രൂപയും വിറകിനത്തിൽ മാത്രം ചിലവഴിക്കേണ്ടിവരുന്നു. ഭൂരിഭാഗം കുടുംബങ്ങളും വീട്ടുപറമ്പിൽ നിന്ന് ലഭിക്കുന്ന കേരോല്പന്നങ്ങളാണ് ഉപയോഗിക്കുന്നത്. പഞ്ചായത്തിന്റെ ഉയർന്ന ഭാഗങ്ങളിൽ താമസിക്കുന്ന താരതമ്യേന തെങ്ങുകൾ കുറവുള്ള പ്രദേശത്തുള്ളവരാണ്, മുഖ്യമായും വിറക് വിലകൊടുത്ത് വാങ്ങുന്നത്. ചപ്പുചവറുകളും ജൈവാവശിഷ്ടവും ശേഖരിച്ച് ഉപയോഗിക്കുന്നവർ ചെറിയൊരുശതമാനം പഞ്ചായത്തിലുണ്ട്. ദക്ഷതകൂടിയ പരിഷത്തടുപ്പ് പഞ്ചായത്തിൽ 53വീടുകളിലുണ്ട്.

വെളിച്ചത്തിന് ബഹുഭൂരിപക്ഷം കുടുംബങ്ങളും വൈദ്യുതിയെയാണ് ആശ്രയിക്കുന്നത്. ഏകദേശം 15% വീടുകളിൽ മണ്ണെണ്ണ വിളക്കുകളാണ് ഉപയോഗിക്കുന്നത്. പാചകത്തിന് മണ്ണെണ്ണ ഉപയോഗിക്കുന്നവരുടെ എണ്ണം ഏകദേശം 616 ആണ്. 1983 മുതൽക്കാണ് പാചകവാതകം പഞ്ചായത്തിൽ ഉപയോഗിച്ചു തുടങ്ങിയത്. ഇന്ന് ഏകദേശം 418 വീടുകളിൽ പാചകവാതകം ഉപയോഗിക്കുന്നുണ്ട്.

വൈദ്യുതി വിതരണത്തിന്റെ കാര്യത്തിൽ കതിരൂർ പഞ്ചായത്തിൽ പൊന്ന്യംവെസ്റ്റിലെ തലശ്ശേരി 110 കെ. വി. സബ് സ്റ്റേഷനിൽ നിന്നാണ് പഞ്ചായത്തിനാവശ്യമായ വൈദ്യുതി ലഭിക്കുന്നത്. പഞ്ചായത്തിലെ വൈദ്യുതി വിതരണം തലശ്ശേരി, ധർമ്മടം മേജർ സെക്ഷനുകളുടെ കീഴിലാണ്, ആകെ 16 ട്രാൻസ്ഫോർമറുകൾ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിന് പുറമെ പഞ്ചായത്ത് അതിർത്തിക്കടുത്ത് തലശ്ശേരി മുൻസിപ്പൽ അതിർത്തിയിലുള്ള കുന്നോത്ത് സ്ഥാപിച്ച ട്രാൻസ്ഫോർമറിൽ നിന്നും പഞ്ചായത്തിലെ 211 ഓളം വീടുകളിൽ വൈദ്യുതി വിതരണം ചെയ്യുന്നുണ്ട്. തോട്ടുമ്മൽ കാവുള്ളതിൽ ക്ഷേത്രത്തിന്റെ പരിസരത്ത് പുതിയ ഒരു ട്രാൻസ്ഫോർമർ അനുവദിക്കപ്പെടുകയും അതിന്റെ പ്രവർത്തനം ഏതാണ്ട് പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്.

### പട്ടിക 1. പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകൾ

| തലശ്ശേരി മേജർ സെക്ഷൻ ഓഫീസ് | | ധർമ്മടം മേജർ സെക്ഷൻ ഓഫീസ് | |
|---|---|---|---|
| സ്ഥലം | കപ്പാസിറ്റികെ. വി. എ. | സ്ഥലം | കപ്പാസിറ്റികെ. വി. എ. |
| എരഞ്ഞോളി പാലം | 160 | പാറക്കെട്ട് | 160 |
| കുഞ്ഞിക്കൂലം | 160 | കൂളിബസാർ | 63 |
| ചോനാടം | 160 | | |
| ചുങ്കം | 160 | പാറ | 160 |
| കോയമ്പത്തൂർ സോമിൽ | 160 | തോട്ടുമ്മൽ | 250 |
| മലാൽ | 160 | പുതിയറോഡ് | 100 |
| പെരുന്താറ്റിൽ .1 | 160 | കുന്നോത്ത് * | 160 |
| പെരുന്താറ്റിൽ .2 | 160 | കാവുള്ളതിൽ * * | |
| കോമത്ത് പാറ | 160 | | |
| വാടിയിൽ പീടിക | 160 | | |
| മഠത്തുംഭാഗം | 160 | | |

* തലശ്ശേരി മുനിസിപ്പാലിറ്റിയിൽ സ്ഥാപിച്ചത്

* * പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു.

(അവലംബം : ദ്വിതീയ വിവര ശേഖരണം)

**പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കളുടെ വിശദാംശം പട്ടിക രണ്ടിൽ കൊടുക്കുന്നു.**

പട്ടിക. 2

| ഇനം | ഉപഭോക്താക്കളുടെ എണ്ണം | ശതമാനം |
|---|---|---|
| ഗാർഹികം | 3956 | 89.95 |
| വാണിജ്യം | 290 | 6.59 |
| വ്യവസായം | 57 | 1.30 |
| കാർഷികം | 95 | 2.16 |
| ആകെ | 4398 | 100% |

(അവലംബം : ദ്വിതീയ വിവര ശേഖരണം)

പഞ്ചായത്തിൽ നിലവിൽ കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ വിശദാംശം പട്ടിക - 3ൽ കൊടുത്തിരിക്കുന്നു.

പട്ടിക. 3

| വിഭാഗം | അപേക്ഷകരുടെ എണ്ണം |
|---|---|
| ഓർഡിനറി | 926 |
| OTP | 20 |
| OYEC | 70 |
| ആകെ | 1016 |

(അവലംബം : ദ്വിതീയ വിവര ശേഖരണം)

OYEC പ്രകാരം 96- ലെ അപേക്ഷകർക്ക് വൈദ്യുതി ലഭിച്ചു. എന്നാൽ ഓർഡിനറി വിഭാഗത്തിൽ 91 ലെ അപേക്ഷകർക്കാണ് വൈദ്യുതി ലഭിച്ചത്.

പഞ്ചായത്തിലെ പ്രധാന വഴികളിൽ ചിലതിൽ ഇനിയും തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടില്ല. പഞ്ചായത്തിൽ നിലവിലുള്ള തെരുവു വിളക്കുകളുടെ കണക്ക് പട്ടിക - 4ൽ കൊടുത്തിരിക്കുന്നു.ഇതു കൂടാതെ ചേക്കുപാലത്തിൽ അനർട്ടിൻെറ വകയായി ഒരു സൗരോർജ്ജവിളക്ക്സ്ഥാപിച്ചിട്ടുണ്ട്.

പട്ടിക - 4

| ഇനം | എണ്ണം |
|---|---|
| ബൾബുകൾ | 339 |
| ഫ്ളൂറസെൻറ് വിളക്കുകൾ | 3 |
| മെർക്കുറി വേപർ വിളക്കുകൾ | 1 |
| സോഡിയം വേപർ വിളക്കുൾൺ | 16 |
| ആകെ | 359 |

(അവലംബം : ദ്വിതീയ വിവര ശേഖരണം)

തെരുവു വിളക്കുകൾക്കുവേണ്ടി പ്രതിമാസം 4759 രൂപയാണ് പഞ്ചായത്ത് ചെലവഴിക്കുന്നത്.ഏകദേശം 85% വീടുകളും വൈദ്യുതീകരിച്ചതാണ്. പഞ്ചായത്തിലെ ഉപഭോക്താക്കൾ പധ്രാനമായും അഭിമുഖീകരിക്കുന്ന പ്രശ്നം കുറഞ്ഞ വോൾട്ടതയാണ്. നല്ലൊരു ശതമാനം വീടുകളിലും വോൾട്ടേജ് സ്റ്റെബിലൈസറുകൾ ഉപയോഗിക്കുന്നത് ശരാശരി ഉപഭോക്താവിന് പ്രയാസങ്ങൾ കൂട്ടുന്നു. പീക്ലോഡ് സമയത്ത് വോൾട്ടേജ് 30 വരെയായി കുറയുന്ന പ്രദേശങ്ങൾ ഉണ്ട്. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പീക് ലോഡ് സമയത്തെ വോൾട്ടത പട്ടിക- 5 ൽ കൊടുത്തിരിക്കുന്നു.

പട്ടിക. 5

| പ്രദേശം | വാർഡ് | വോൾട്ടത |
|---|---|---|
| കിളാഞ്ചേരി ഭാഗം | 4 | 60 |
| മഠത്തും ഭാഗം | 5 | 160 |
| വടക്കുമ്പാട് നോർത്ത് | 2 | 30 |
| ചോനാടം | 10 | 50 |

(അവലംബം: ഫീൽഡ് ടെസ്റ്റ് നവംബറിൽ നടത്തിയത്)

**പട്ടിക.6**

**1996 നവംബർ മാസത്തെ പഞ്ചായത്തിലെ രണ്ട് പ്രദേശങ്ങളിലെ വോൾട്ടേജ് നിലവാരം**

| സ്ഥലം | വാർഡ് | 3 | 3.30 | 4 | 4.30 | 5 | 5.30 | 6 | 6.30 | 7 | 7.30 | 8 | 8.30 | 9 | 9.30 | 10 | 10.30 | 11 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വടക്കുമ്പാട് നോർത്ത് (എ) | 2 | 230 | 210 | 200 | 190 | 200 | 180 | 35 | 30 | 70 | 65 | 60 | 90 | 140 | 180 | 180 | 190 | |
| ചോനാടം (ബി) | 10 | 240 | 220 | 230 | 230 | 220 | 210 | 200 | 160 | 165 | 160 | 150 | 155 | 180 | 180 | 200 | 210 | 220 |

(അവലംബം : ഫീൽഡ് ടെസ്റ്റ് നവംബറിൽ നടത്തിയത്)

ഗ്രാഫ് - 1996 നവംബർ മാസത്തെ പഞ്ചായത്തിലെ രണ്ട് പ്രദേശങ്ങളിലെ വോൾട്ടേജ് നിലവാരം



നല്ലൊരു ശതമാനം വീടുകളിലും വൈകുന്നേരങ്ങളിൽ 110വോൾട്ട് ബൾബുകളാണ് ഉപയോഗിക്കുന്നത്. പല വീടുകളിലേയും കണക്റ്റഡ് ലോഡ് വൈദ്യുതി ബോർഡിൻെറ രജിസ്റ്ററിൽ ചേർത്തിരിക്കുന്നതിനേക്കാൾ വളരെ കൂടുതലാണ്. ഏകദേശം 5% വീടുകളിലിലെങ്കിലും എനർജി മീറ്ററുകൾ കേടുവന്നതാണ്. തലശ്ശേരി ഡിവിഷൻെറ കീഴിലുള്ള തലശ്ശേരി, ധർമ്മടം എന്നീ രണ്ടു മേജർ സെക്ഷനുകളുടെ കീഴിലാണ് പഞ്ചായത്തിൽ വൈദ്യുതി വിതരണം നടത്തുന്നത്. ഇതിൽ തലശ്ശേരി സെക്ഷൻെറ കീഴിൽ സ്ലാബ് സമ്പ്രദായവും ധർമ്മടം സെക്ഷൻെറ കീഴിൽ സ്പോട്ട്ബില്ലിംഗ് സമ്പ്രദായവുമാണ് നിലവിലുള്ളത്.

പഞ്ചായത്തിലെ ഊർജ്ജാസൂത്രണ പ്രക്രിയയിൽ പ്രധാനമായും മൂന്നുതലത്തിലുള്ള ഇടപെടൽ ആവശ്യമാണ്.പവർ മാനേജ്മെൻറ്, വിതരണശൃംഖലയുടെ മനേജ്മെൻറ്, ജൈവ വസ്തുക്കുളുടെ മാനേജ്മെൻറ് പവർമാനേജ്മെൻറിനത്തിൽ വിതരണ നഷ്ടം കുറയ്ക്കുക, കാര്യക്ഷമതകൂടിയ വിളക്കുകൾ ഉപയോഗിക്കുക ഇവയാണ് പഞ്ചായത്തിൽ ആലോചിക്കാവുന്നത്. വിതരണാസൂത്രണത്തിൽ ഡിമാൻറിൻെറ കേന്ദ്രങ്ങൾകണ്ടെത്തൽ, സപ്ലൈകേന്ദ്രങ്ങൾ കണ്ടെത്തൽ, ലോഡ് ഇൻറർ കണക്ഷനുകൾ വഴി നഷ്ടം പരിമിതപ്പെടുത്തൽ ഇവയാണ് സാധ്യമാകുന്നത്.ഇതിനു സഹായകമാകുവാൻ പവർലൈൻ മാപ്പിങ്ങ് നടത്തേണ്ടതുണ്ട്. അതിൻെറ അടിസ്ഥാനത്തിൽ പ്രസരണ നഷ്ടം കുറയ്ക്കാനുള്ള നടപടികൾ കൈക്കൊള്ളാവുന്നതാണ്. നിലവിലുള്ള ലൈനുകൾ മാറ്റി സ്ഥാപിക്കൽ, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ ഇവയും ജമ്പറുകൾ മാറ്റുക, പവർകപ്പാസിറ്ററുകൾ സ്ഥാപിക്കുക എന്നിവയും ചെയ്യേണ്ടതാണ്. കമ്പികളിൽ തട്ടിനില്ക്കുന്ന വൃക്ഷതലപ്പുകൾ വെട്ടിമാറ്റുന്ന പരിപാടി പഞ്ചായത്തിലെ സന്നദ്ധസംഘത്തിൻെറ സഹായത്തോടെ ചെയ്യാവുന്നതാണ്. വിതരണ നഷ്ടത്തിൻെറ ഏകദേശം 40% ഇതുവഴി കുറയ്ക്കാവുന്നതാണ്. ഒപ്പം കാര്യക്ഷമത കൂടിയ കോംപാക്റ്റ് ഫ്ളൂറസെൻറ് വിളക്കുകൾ (CFL) ഉപയോഗിക്കുക വഴി ഇന്നുപയോഗിക്കുന്ന വൈദ്യുതിയുടെ വലിയൊരു ശതമാനം ലാഭിക്കാവുന്നാണ്. ഇതിനാവശ്യമായ സാമ്പത്തിക സഹായം ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയായി ലഭിക്കാൻ ശ്രമിക്കാവുന്നതാണ്.

ജൈവാസൂത്രണത്തിൻെറ ഭാഗമായി പഞ്ചായത്തിൽ പുറംപോക്ക് ഭൂമികളിലും പാതയോരങ്ങളിലും വിറകിനാവശ്യമായ വൃക്ഷവൽക്കരണം സാമൂഹ്യസന്നദ്ധ യുവജന സംഘടനകളുടെ സഹായത്തോടെ നടത്തണം. ദക്ഷതകൂടിയ പരിഷത്തടുപ്പുകളുടെ സ്ഥാപനത്തിനായി ഐ. ആർ. ഇ. പി. കേരള ശാസ്ത്രസാഹിത്യപരിഷത്ത് ഓഫീസകളുമായി ബന്ധപ്പെട്ട് അടുപ്പു വ്യാപന പദ്ധതി നടപ്പിലാക്കാവുന്നതാണ്. 285 രൂപ ഈ ഇനത്തിൽ ഐ. ആർ. ഇ. പി. സബ്സിഡി ലഭിക്കും. ഐ. ആർ. ഇ. പി. ഓഫീസുമായി ബന്ധപ്പെട്ട് സബ്സിഡിയോടെയുള്ള സ്റ്റൗ വിതരണം, സൗരോർജ്ജവിളക്കുകളുടെ വ്യാപനം ഇവ നടപ്പിലാക്കണം. പാചകോർജ്ജം ലാഭിക്കുന്നതിന് പ്രഷർകുക്കറും കച്ചിപ്പെട്ടിയും (ഒരു വീഞ്ഞപ്പെട്ടിയിൽ വൈയ്ക്കോലോ, ചകിരിയോ മറ്റോ ഇട്ട് താപപ്രതിരോധം സൃഷ്ടിച്ച് അടച്ചുവെക്കാൻ സഹായിക്കുന്ന ഉപകരണം) ഉപയോഗിക്കുന്ന രീതി പ്രചരിപ്പിക്കണം.ഇതിനായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ അയൽക്കൂട്ട യോഗങ്ങളിലൂടെ സാധ്യമാക്കാം.

പട്ടിക. 7

പുതുതായി സ്ഥാപിക്കേണ്ട ട്രാൻസ്ഫോർമറുകൾ ഗ്രാമസഭയിൽ വന്ന നിർദ്ദേശങ്ങൾ

| നമ്പർ | വാർഡ് | സ്ഥലം |
|---|---|---|
| 1 | 1,4 | കിളാഞ്ചേരി ഭാഗം |
| 2 | 2 | മണോളി ഭാഗം |
| 3 | 3 | എസ്. എൻ. പുരം |
| 4 | 5 | മഠത്തുംഭാഗം |
| 5 | 5 | ചാലക്കുന്നുമ്മൽ |
| 6 | 8 | മലാൽ |
| 7 | 9,10 | നാണുഡോക്ടർ ജംഗ്ഷൻ |

## പൊതുനിർദ്ദേശങ്ങൾ

1.പഞ്ചായത്തിൽ K.S.E.B സെക്ഷനോഫീസ് പ്രവർത്തനമാരംഭിക്കുക.

2. ഓഫീസിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുക.

3. കൂടിയ വൈദ്യുത ലോഡ് അനുഭവപ്പെടുന്ന എസ്.എൻ. പുരം ,നാണുഡോക്ടർ ജംഗ്ഷൻ, മലാൽ, മഠത്തുംഭാഗം, കണാരൻലൈൻ,(കിളാഞ്ചേരി ഭാഗം), ചാലക്കുന്നുമ്മൽ ഇവിടങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

4. ധർമ്മടം സെക്ഷനിൽ പരീക്ഷണാർത്ഥം നടപ്പിലാക്കിയ സ്പോട്ട് ബില്ലിംഗ് സമ്പ്രദായം കേരളത്തിലാകെ നടപ്പിലാക്കണം.

5. വൈദ്യുത ഉപഭോഗം പരമാവധി കുറക്കുന്നതിന് ഉതകുന്ന രീതിയിൽ ബോധവല്ക്കരണം നടത്തണം.

6.. പവർ ലൈൻ മാപ്പിങ്ങ് നടത്തി ശാസ്ത്രീയമായ രീതിയിൽ വൈദ്യുതി വിതരണം സാധ്യമാക്കുക.

7.നീളം കൂടിയ സിംഗിൾ ഫേസ് ലൈൻ ത്രീഫേസ് ലൈനാക്കി മാറ്റുക.

8. വൈദ്യുതി വിതരണം പഞ്ചായത്തുബോർഡിനെ ഏല്പിക്കുക.

9. തലശ്ശേരിയിലെയും സമീപപ്രദേശങ്ങളിലെയും വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി തലശ്ശേരി 110 കെ. വി. സബ്സ്റ്റേഷനോടനുബന്ധിച്ചുള്ള സ്ഥലത്ത് 20 (MW) ശേഷിയുള്ള ഒരു താപവൈദ്യുതി നിലയം സ്ഥാപിക്കുക.

10. എല്ലാ വീടുകളിലും ദക്ഷതകൂടിയ പരിഷത്തടുപ്പുകൾ സ്ഥാപിക്കുക.

11.പരിഷത്തടുപ്പുകൾക്കാവശ്യമായ മോൾഡുകൾ പഞ്ചായത്തിലുണ്ടാക്കാൻ പരിശീലനം നൽകുക.

12. വനിതകളെ അടുപ്പുഫിറ്റർമാരായി പരിശീലിപ്പിക്കുക.

******



# മാർക്കറ്റ്

കാർഷികവ്യാവസായിക ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുകയും ഉല്പാദർക്ക് ന്യായമായ വില ലഭ്യമാക്കുകയും അതുവഴി പഞ്ചായത്തിന്റെ സാമ്പത്തിക നിലമെച്ചപ്പെടുത്തുകയും ചെയ്യുന്ന കാര്യത്തിൽ മാർക്കറ്റിന് ആസൂത്രണത്തിൽ വളരെ പ്രധാന പങ്കാണ് വഹിക്കാനുള്ളത്.

കർഷകരിൽ നിന്നും ന്യായവിലക്ക് ഉല്പന്നങ്ങൾ സംഭരിച്ച് സമത്വാധിഷ്ഠിതമായി വിതരണം ചെയ്യുകയും അതോടൊപ്പം തന്നെ കർഷകർക്ക് ആവശ്യമായ പണിയായുധങ്ങളും വിത്തിനങ്ങളും വളങ്ങളും കീടനാശിനികളും അവർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുക എന്ന ദൗത്യം ഏറ്റെടുക്കുവാൻ കഴിയേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ വിവിധ വ്യാവസായിക യൂണിറ്റുകൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ എത്തിച്ചു കൊടുക്കാനും അവരുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താനും സഹായകമായ പ്രവർത്തനം നടത്താൻ സാധിക്കേണ്ടതാകുന്നു.

പഞ്ചായത്തിലെ മുഴുവൻ വ്യവസായികൾക്കും കർഷകർക്കും പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തുന്ന ജനങ്ങളുടേതായ ഒരു സഹകരണ സംഘത്തിന്റെ കീഴിൽ വാങ്ങൽ കൊടുക്കൽ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്. ഈ സഹകരണ സംഘത്തിന്റെ കീഴിലായിരിക്കണം ഉല്പന്നങ്ങളുടെ സംഭരണവും വിതരണവും നടത്തേണ്ടത്.

സർക്കാർ സഹാഹയത്താൽ സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന പത്ത് പൊതുവിതരണ കേന്ദ്രങ്ങളും സഹകരണ ബേങ്കുകളുടെ നേതൃത്വത്തിൽ നടത്തുന്ന രണ്ട് കൺസ്യൂമർ സ്റ്റോറുകളും പഞ്ചായത്തിൽ നിലവിലുണ്ട്. കൂടാതെ തലശ്ശേരി ക്ഷീരവികസന സഹകരണ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ഷീരസംഭരണ കേന്ദ്രങ്ങൾ പഞ്ചായത്തിലുണ്ട്. സിവിൽ സപ്ലൈസിന്റെ സഞ്ചരിക്കുന്ന മാവേലിസ്റ്റോർ പഞ്ചായത്തിലുണ്ട്. സിവിൽ സപ്ലൈസിന്റെ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ തോട്ടുമ്മൽ കേന്ദ്രത്തിൽ ആഴ്ചയിലൊരിക്കൽ സന്ദർശിക്കാറുണ്ട്. പഞ്ചായത്തിലെ പൊതുവിതരണ കേന്ദ്രത്തെക്കുറിച്ചും അ വയുടെ ഉടമസ്ഥതയെക്കുറിച്ചും ഉള്ള വിവരങ്ങൾ പട്ടിക 1 ൽ ചേർത്തിരിക്കുന്നു:

**പട്ടിക 1**
**പഞ്ചായത്തിലെ പൊതുവിതരണ കേന്ദ്രങ്ങൾ**

| ക്രമ നമ്പർ | ലൈസൻസിയുടെ പേര് | സ്ഥലം | വാർഡ് |
|---|---|---|---|
| 1 | ഇ. രാഘവൻ | വടക്കുമ്പാട് കമ്മ്യൂണിറ്റി ഹാൾ | 1 |
| 2 | സി. വി. ബാലകൃഷ്ണൻ | വടക്കുമ്പാട് കുഞ്ഞിക്കണ്ണൻ നഗർ | 2 |
| 3 | കെ. അരവിന്ദാക്ഷൻ | വടക്കുമ്പാട് ഹൈസ്കൂൾ സമീപം | 3 |
| 4 | എൻ. പി. ശശിധരൻ | തോട്ടുമ്മൽ | 3 |
| 5 | ടി. കെ.ശശികല | മഠത്തുംഭാഗം | 5 |
| 6 | വി. രാജൻ | പെരുന്താറ്റിൽ | 6 |
| 7 | എ. എൻ. സതീശൻ | കുടക്കളം | 9 |
| 8 | ഇ. എം. ഗോവിന്ദൻ | ചുങ്കം | 9 |
| 9 | സി. കെ.രാഘവൻ നായർ | ചോനാടം | 10 |
| 10 | വി. കുമാരൻ | വാടിയിൽപീടിക | 11 |

(അവലംബം: ദ്വിതീയ വിവര ശേരണം)

**പട്ടിക. 2**

**എരഞ്ഞോളി ഗ്രാമപഞ്ചായത്ത്**

**പൊതുവിതരണ സംവിധാനത്തെ കുറിച്ചുള്ള വിവരങ്ങൾ**

| വർഷം | | കാർഡുടമകളുടെ എണ്ണം | | | ഗുണഭോക്താളുടെ എണ്ണം | | | പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ | | | | | | മണ്ണെണ്ണ ( ലിറ്റർ) | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | NE | E | ആകെ | മേജർ 12 നു മുകളിൽ | മൈനർ 3-12 | ആകെ | അരി എല്ലാ ഇനവും | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | പോമോയിൽ | ആകെ | പെർമിറ്റ വഴി വിതരണം ചെയ്തത് | കാർഡായി വിതരണം ചെയ്തത് |
| 1993-94 | 1074 | 2824 | 3998 | 3998 | 3998 | 22460 | 16462.34 | 1533.31 | 101.25 | 356.06 | 1190.91 | 1 | 19624 | 19624 | 19624 |
| 1994-95 | 1027 | 2715 | 3842 | 3842 | 3842 | 21166 | 14912.54 | 1516.27 | 86.90 | 346.95 | 1025.57 | 2.17 | 17890 | 17890 | 17890 |
| 1995-96 | 976 | 2959 | 3935 | 3935 | 3935 | 22682 | 15402.19 | 1489.30 | 92.09 | 384.43 | 1168.61 | | 18528 | 18528 | 18528 |

(അവലംബം: ദ്വിതീയ വിവരശേഖരണം)

പഞ്ചായത്തിലെ പൊതുവിതരണ കേന്ദ്രങ്ങളെ ഗുണഭോക്താക്കൾ ഉപയോഗപ്പെടഗുത്തുന്നതിൻെറ വിശവവിവരങ്ങൾ പട്ടിക - 2 ൽ ചേർത്തിരിക്കുന്നു.

പൊതുവിതരണ കേന്ദ്രങ്ങൾ ഉപയോഗിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം ക്രമാനുഗതമായി വർദ്ധിക്കുകയും അതേ സമയം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കളുടെ അളവിൽ കുറവ് വന്നുകാണ്ടിരിക്കുകയും ചെയ്യുന്ന പ്രവണതയാണ് പട്ടിക 2. പരിശോധിക്കുമ്പോൾ കാണാൻ സാധിക്കുന്നത്. ഇത് വിശദമായ വിശകലനത്തിന് വിധേയമാക്കുമ്പോൾ പൊതുവിതരണരംഗത്തെയും കമ്പോളത്തിലെയും വിലനിലവാരത്തിൽ അന്തരമില്ലാത്തതും പൊതുവിവരണ കേന്ദ്രത്തിലെ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരകുറവും പ്രധാനകാരണമായി കാണാവുന്നതാണ്.

**പ്രശ്നങ്ങൾ**

1. കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുവാനോ വിതരണംചെയ്യുവാനോ ഉള്ള കേന്ദ്രങ്ങൾ ഇല്ല.
2. ന്യായവിലക്ക് അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഇല്ല.
3. പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരക്കുറവും കമ്പോളവിലയുമായി അന്തരമില്ലായ്മയും
4. ആഴ്ചചന്തകളുടെ അഭാവം
5. മത്സ്യമാർക്കറ്റ് നിലവിലില്ല.

**സാധ്യതകൾ**

1. ഏകീകൃത സഹകരണസംഘത്തിൻെറ കീഴിൽ വിവിധ മേഖലകളിലെ ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.
2. പ്രധാന സ്ഥലങ്ങളിൽ പച്ചക്കറി മാർക്കറ്റും മത്സ്യമാർക്കറ്റും സ്ഥാപിക്കാവുന്നതാണ്.
3. പ്രധാന സ്ഥലങ്ങളിൽ മാവേലി സ്റ്റോറുകൾ സ്ഥാപിക്കുക.
4. ആഴ്ചചന്തകൾ ആരംഭിക്കാവുന്നതാണ്.



# പാർപ്പിടം



> *തുണ്ടു വൽക്കരിക്കപ്പെട്ട ഭൂമിയും നിനിരയായുള്ള വീടുനിർമ്മാണവും പൊതു സാമൂഹ്യപ്രതിഭാസമായി മാറി. സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ഒരു വീട് എന്നത് ഒരു മരീജികയായി . ഈ പുതിയ പാർപ്പിട സംസ്കാരത്തിൻെറ പ്രശ്നവും വളരെ ഗൗരവബുദ്ധ്യാ ചർച്ചചെയ്യപ്പെടേണ്ടതാണ്.*

1980 കൾ വരെ നമ്മുടെ പഞ്ചായത്തിൽ ഗ്രാമസംസ്കാരത്തിൻെറ ഭാഗമായ പാർപ്പിട സംസ്കാരമായിരുന്നു പരിമിത സൗകര്യമുള്ള 'പടിഞ്ഞിറ്റ പുരകൾ' ആയിരുന്നു മിക്കതും. ഓട്, ഓല, പുല്ല് മരം, തെങ്ങ് കവുങ്ങ്, മുതലായവ ആയിരുന്നു മേൽക്കൂരക്ക് ഉപയോഗിച്ചിരുന്നത്. ചെങ്കല്ലും മൺകട്ടയും ചുവർനിർമ്മാണത്തിന് ഉപയോഗിച്ചു.

പുതിയ സാമ്പത്തിക ചുററുപാടുകൾ സാമൂഹ്യജീവിതത്തെ ഗ്രസിച്ചതിൻെറ ഭാഗമായി പാർപ്പിട സംസ്കാരക്തിലും മാററം വന്നു. വരുമാനത്തിൻെറ സിംഹഭാഗവും ഭവനനിർമ്മാണത്തിനു ചെലവഴിക്കന്ന പ്രവണതയുണ്ട്. ഗൾഫ് പണത്തിൻെറ സ്വാധീനം വീടിനെകുറിച്ചുള്ള സാധാരണക്കാരൻെറ സങ്കല്പത്തിൽ പോലും മാറ്റം വരുത്തി. തുണ്ടു വൽക്കരിക്കപ്പെട്ട ഭൂമിയും നിനിരയായുള്ള വീടുനിർമ്മാണവും പൊതു സാമൂഹ്യപ്രതിഭാസമായി മാറി. സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ഒരു വീട് എന്നത് ഒരു മരീജികയായി . ഈ പുതിയ പാർപ്പിട സംസ്കാരത്തിൻെറ പ്രശ്നവും വളരെ ഗൗരവബുദ്ധ്യാ ചർച്ചചെയ്യപ്പെടേണ്ടതാണ്.

എരഞ്ഞോളി പഞ്ചായത്ത് പാർപ്പിട സൗകര്യങ്ങളുടെ കാര്യത്തിൽ സാമാന്യം തൃപ്തികമായ അ വസ്ഥയിലാണ്. ഭവനരഹിതരുടെ എണ്ണം താരതമ്യേന കുറവാണ്. മിക്ക വാർഡുകളിലും കുടിലുകൾ നിലനില്ക്കുന്നു എന്നത് പരിശോധിക്കപ്പെടേണ്ടുന്ന വസ്തുതയാണ്.

സമൂഹത്തിൽ വർദ്ധിച്ചുവരുന്ന കോൺക്രീറ്റ് സംസ്കാരവും ചിലവേറിയ വീടുകൾ സ്ഥാപിക്കലും ഇന്നു ഒരു ഫാഷനായി മറിയിട്ടുണ്ട്. ഇടത്തരക്കാരിൽ നല്ലൊരു ശതമാനം ഗൃഹനിർമ്മാണത്തിനും സാമ്പത്തിക സമാഹരണം നടത്തിയത് ലോണുകൾ വഴിയാണ്. വീടുനിർമാണത്തിനാവശ്യമായ സാധന സാമഗ്രികൾ പുറത്തുനിന്ന് ശേഖരിക്കപ്പെടുന്നവയാണ്. ഇത് സാമ്പത്തിക ബാധ്യത വർദ്ധിപ്പിക്കുന്നുണ്ട്. മുൻകാലങ്ങളിൽ വീട് നിർമാണത്തിനു ആവശ്യമായചെങ്കല്ല്, മരം, അതാത് പ്രദേശത്തുനിന്നായിരുന്നു ശേഖരിച്ചിരുന്നത്. ഇപ്പോൾ ചെങ്കല്ലിൻേറയും മരത്തിൻെറയും ദൗർലഭ്യം ഏറെ അനുഭവപ്പെടുന്നുണ്ട്.

നിർമാണത്തിലെ ആസൂത്രണമില്ലായ്മ ഈ രംഗത്ത് ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. സമീപകാലത്തു നിർമിക്കുന്ന വീടുകളുടെ മേൽക്കൂര മിക്കവാറും കോൺക്രീററാണ്. തടിമരത്തിൻെറ അമിതമായ വിലക്കയറ്റമാണ് കോൺക്രീറ്റ്മേൽക്കൂര നിർമാണം കൂട്ടുവാനുള്ള കാരണം. വീട് നിർമ്മാണത്തിനു ആവശ്യമായ മരം പഞ്ചായത്തിൽ ലഭ്യവുമല്ല.

പഞ്ചായത്തിലെ വീടുകളെ സംബന്ധിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 1

| വാർഡ് | ആകെ വീട് | കുടിൽ | ഓല | ഓട് | കോൺക്രീറ്റ് | ഓട് കോൺക്രീറ്റ് |
|---|---|---|---|---|---|---|
| 1 | 388 | 10 | 33 | 205 | 92 | 48 |
| 2 | 306 | 6 | 19 | 202 | 52 | 27 |
| 3 | 443 | 4 | 31 | 281 | 91 | 36 |
| 4 | 374 | 8 | 23 | 228 | 73 | 42 |
| 5 | 403 | 1 | 47 | 258 | 74 | 23 |
| 6 | 445 | 9 | 41 | 246 | 96 | 51 |
| 7 | 323 | | 5 | 281 | 29 | 8 |
| 8 | 308 | 7 | 25 | 219 | 39 | 18 |
| 9 | 467 | | 93 | 136 | 109 | 129 |
| 10 | 361 | 5 | 38 | 184 | 82 | 52 |
| 11 | 445 | 19 | 42 | 220 | 125 | 39 |
| | 4263 | 69 | 397 | 2462 | 862 | 473 |

പട്ടിക .3

| ക്രമ നമ്പർ | | 1980 | 1985 | 1980 | 1980 |
|---|---|---|---|---|---|
| 1 | ചെങ്കല്ല് 1000 എണ്ണം | 1700<br>16 '' X 9'' | 2260<br>16 ' X 9'' | 3000<br>13 '' X 8'' | 7000<br>11 '' X 8'' |
| 2 | മരം (പ്ലാവ്) ഒരു കോല് | 18 | 60 | 75 | 200 |
| 3 | ഇഷ്ടിക | | | | |

പാരമ്പര്യ വാസ്തുശില്പമാതൃകയിലുള്ള വീടുകൾ നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. പ്രാഥമിക സൗകര്യം ഇല്ലെങ്കിലും വീടു നിർമാണം ആഡംബരമാക്കുക എന്നതു സംസ്കാരമായി മാറിയിരിക്കുന്നു. ഇതെല്ലാം പരിഹരിക്കേണ്ടതുണ്ട്. വിദഗ്ദരായ കെട്ടിട നിർമ്മാണ തൊഴിലാളികളുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ടെങ്കിലും പഞ്ചായത്തിലെ തൊഴിലാളികളിൽ 600 ൽ അധികം നിർമ്മാണ തൊഴിലാളികളാണ്. പഞ്ചായത്തിൽ സ്ത്രീകൾ ഏറ്റവും കൂടുതൽ തൊഴിലെടുക്കുന്ന മേഖല, കെട്ടിട നിർമ്മാണ രംഗമാണ്. ഈ രംഗത്തേക്ക് കൂടുതൽ ആളുകൾ ആകർഷിക്കപ്പെടുന്നത് വർദ്ധിച്ച കൂലിനിരക്കാണ്.

പഞ്ചായത്തിലെ താമസക്കാരിൽ ഭൂരിഭാഗവും സ്വന്തമായി വീടുള്ള വരാണ്. സ്വന്തമായി വീടുള്ളവർ 4125 വാടകവീട്ടിൽ താമസിക്കുന്നവരുടെ എണ്ണം 138.

പഞ്ചായത്തിലെ വിവിധ ഭവന നിർമ്മാണ പദ്ധതിയിലൂടെ അഗതികളും താഴ്ന്ന വരുമാനക്കാരുമായ ജനവിഭാഗങ്ങൾക്ക് വീടുവെക്കുന്നതിന് ആവശ്യമായ സഹായം ലഭിച്ചിട്ടുണ്ട്. ലഭ്യമായ സാമ്പത്തികസഹായം ഇന്നത്തെ അസംസ്കൃത വസതുക്കളുടെ വില നിലവാരവുമായി തട്ടിച്ചുനോക്കുമ്പോൾ പരിമിതമാണ്. അധ:സ്ഥിതരും താഴ്ന്ന വരുമാനക്കാരുമായ ആളുകൾക്ക് ഇനിയും ഗൃഹനിർമാണത്തിനു ആവശ്യമായ സഹായം ലഭിക്കേണ്ടതുണ്ട്. സഹായം ലഭ്യമായ പദ്ധതികൾ: മില്യൻ വെൽസ്കീം, ഇന്ദിരാ ആവാസ് യോജന, തുടങ്ങിയവ.

**വിവിധ പദ്ധതികളിലൂടെ പഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ള വീടുകളുടെ എണ്ണം.**

**ലക്ഷം വീട് പദ്ധതി**

ലക്ഷം വീട് പദ്ധതി ആദ്യമായി പൂർത്തികരിച്ചു പഞ്ചായത്താണ് എരഞ്ഞോളി. പഞ്ചായത്തിൽ ലക്ഷം വീട് കോളനികൾ 5 എണ്ണം ഉണ്ട്. 1 മാത്തുംഭാഗം ലക്ഷം വീട് കോളനി, 2. വടക്കുമ്പാട് കാരാട്ട് കുന്നു
3. പെരുന്താറ്റിൽ 4. മലാൽ ലക്ഷം വീട് കോളനി5. കുടക്കളം

**ലക്ഷം വീട് കോളനികളിലെ കുടുംബങ്ങളെ സംബന്ധിക്കുന്ന വിവരം.**

മാത്തുംഭാഗം ലക്ഷം വീട് കോളനി-ആകെ 24 വീടുകൾ 20കുടുംബങ്ങൾ താമസിക്കുന്നു.
കാരാട്ട് കുന്ന് ലക്ഷം വീട് കോളനി- ആകെ 16 വീടുകൾ15 കുടുംബങ്ങൾ താമസിക്കുന്നു.
പെരുന്താറ്റിൽ ലക്ഷം വീട് കോളനി ആകെ 16 വീടുകൾ . 16 കുടുംബങ്ങൾ താമസിക്കുന്നു.
മലാൽ ലക്ഷം വീട് കോളനി ആകെ 24 വീടുകൾ കുടുംബം - 24
കുടക്കളം ലക്ഷം വീട് കോളനിആകെ 24 വീടുകൾ. കുടുംബം - 24

**ഭവന നിർമ്മാണത്തിന് ഇന്നു അനുഭവിക്കുന്ന പ്രശ്നങ്ങൾ**

പ്രാഥമിക സൗകര്യങ്ങൾ വേണ്ടത്ര ഇല്ലാത്തതാണ് കോളനി അനുഭവിക്കുന്ന പ്രധാന പ്രശ്നം. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിൽ അലംഭാവം കാണിക്കുന്നു. കോളനികളിൽ ഇന്നത്തെ നില മനുഷ്യകാരുണ്യപരമാക്കണം.

1.. വീട് നിർമ്മാണത്തിന് വായ്പ സൗകര്യത്തിൻെറ അഭാവം
2. ചുവപ്പുനാട
3. നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം
4. അമിതമായ നിർമ്മാണ ചിലവ്
5. പ്രാധമിക സൗകര്യമില്ലെങ്കിലും വീട് മോടി പിടിപ്പിക്കാനുള്ള ഭ്രമം
6. ചെലവുകുറഞ്ഞ നിർമ്മാണ സങ്കേതങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.
7. ലക്ഷം വീടുകോളനികളുടെ പാശ്ചാത്തല സൗകര്യമില്ലാത്ത അവസ്ഥ
8.ഭൂമിയുടെ അമിതമായവിലക്കയറ്റം
9. പാടശേഖരം നികത്തി വീട് വെക്കൽ
10. വിദഗ്ദ്ധ തൊഴിലാളികളുടെ ദൗർലഭ്യം

**സാധ്യതകൾ**

1. പഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക.

2. വയൽ നികത്തി വീട് വെക്കുന്ന പ്രവണത തടയുക
3. ഭവനനിർമ്മാണ വായ്പഉദാരമാക്കുക.
4. ചിലവുകുറഞ്ഞ വീടു നിർമാണ രീതി പ്രോത്സാഹിപ്പിക്കുക.
5. ഇഷ്ടിക, ഹോളോബ്രിക്സ് യൂനിറ്റ് സ്ഥാപിക്കുക.
6. നിർമാണ ചെലവിന്റെ പരിധി നിശ്ചയിക്കുക.
7. ലക്ഷം വീട് കോളനികളുടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കാൻ പഞ്ചായത്ത് തലത്തിൽനടപടി എടുക്കുക. 8.
8. ഭൂരഹിതർക്കും നിർദ്ധനർക്കുള്ള പദ്ധതികൾ കാര്യക്ഷമമാക്കുക.

## സാമൂഹ്യക്ഷേമം

ഒട്ടേറെ ക്ഷേമപദ്ധതികളും പരിപാടികളും നടപ്പിലാക്കിക്കഴിഞ്ഞിട്ടും തൊഴിലില്ലായ്മയും, ദാരിദ്ര്യവും നമ്മുടെ നാട്ടിൽ പെരുകികൊണ്ടിരിക്കുകയാണ്. ബഹുഭൂരിപക്ഷം ജനതയെ പിന്നോക്കം തള്ളിവിടുന്ന സാമൂഹ്യ വ്യവസ്ഥയാണ് ഇവിടെ ഉള്ളത്. അവശ വിഭാഗങ്ങളുടെ ഉന്നതിക്കായുള്ള പദ്ധതി ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും മുന്നേറ്റം നടത്തണം. ദുർബല വിഭാഗത്തിൽപെട്ട ജനങ്ങളുടെ സാമൂഹ്യജീവിതത്തെ പൊതുധാരയുമായി കൂട്ടി ഇണക്കു കഎന്നതാണ് ഈ പദ്ധതികളുടെ പൊതുലക്ഷ്യം.

നമ്മുടെ ക്ഷേമപ്രവർത്തനങ്ങൾ ഭൂരിഭാഗവും നടപ്പാക്കികൊണ്ടിരിക്കുന്നത് വികസന ബ്ലോക്ക് മുഖേനയാണ്. എല്ലാതരം ക്ഷേമപദ്ധതികളുടെയും ലക്ഷ്യം ദാരിദ്ര്യം ഇല്ലാതാക്കലാണ് വിവിധ ഏജൻസികൾ ഇതിന്നായി ഏറ്റെടുക്കുന്ന പദ്ധതികൾ പരസ്പര ധാരണയോടെയോ ബന്ധത്തോടെയോ അല്ല നിർവ്വഹിക്കുന്നത്. പഞ്ചായത്ത് സാമൂഹ്യക്ഷേമവകുപ്പ് ഗ്രാമവികസന വകുപ്പ് ഇവ ഓരോന്നും സമാനസ്വഭാവമുള്ളവയാണെങ്കിലും ഇവ തമ്മിൽ വേണ്ടത്ര ഏകീകരണം നടക്കുന്നില്ല. വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥന്മാർ വേണ്ടത്ര ദീർഘ വീക്ഷണത്തോടെയോ കാര്യക്ഷമതയോടെയോ അല്ല നടപ്പാക്കുന്നത്. ഈ പശ്ചാത്തലത്തിൽ നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികളിലും ഒട്ടേറെ ദൌർബല്യങ്ങൾ ഉണ്ട്.

### സാമൂഹ്യ ക്ഷേമവകുപ്പ് ഊന്നൽ നൽകുന്ന ക്ഷേമ പ്രവർത്തനങ്ങൾ

1975 ൽ രൂപം കൊണ്ട സാമൂഹ്യ ക്ഷേമ വകുപ്പിന്റെ മേൽ നോട്ടത്തിൽ പ്രധാനമായി ഏഴ് തരത്തിലുള്ള ക്ഷേമ പ്രവർത്തനമാണ് നടപ്പിലാക്കി വരുന്നത്.

1. ശിശു ക്ഷേമ പദ്ധതി
2. വനിതാ ക്ഷേമ പദ്ധതി
3. വികലാംഗർക്കുള്ള ക്ഷേമ പദ്ധതി
4. പുനരധിവാസ പദ്ധതി
5. അനാഥാലയങ്ങൾ വൃദ്ധമന്ദിരങ്ങൾ, അഗതി മന്ദിരങ്ങൾ തുടങ്ങിയവക്കുള്ള ധനസഹായപദ്ധതികൾ
6. മറ്റു സ്ഥാപനങ്ങൾക്കുള്ള പദ്ധതികൾ
7. മിശ്രവിവാഹത്തിനുള്ള ധനസഹായം.

ഈ ക്ഷേമപദ്ധതികൾ എല്ലാം തന്നെ പൂർണമായ അർത്ഥത്തിൽ ജനങ്ങളിൽ എത്തിച്ചേരുന്നില്ല എന്നതു ഒരു വസ്തുതയാണ്. സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ മിക്കതും ജനങ്ങൾ അറിയാതെ പോകുന്നു.

92 ലെ സർവ്വേ അനുസരിച്ച് 961 പേർ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണ്. ഇതിൽ രണ്ടുകുടുംബം പട്ടിക ജാതിയിൽ പെട്ടവരുമാണ്.

പട്ടിക .1

## അനുബന്ധം .11

## എരഞ്ഞോളി ഗ്രാമപഞ്ചായത്ത്

### 11.1 ഒഐ. ആർ. ഡി. പി. സർവ്വേ പ്രകാരം ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ എസ്. സി.കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ എസ്. സി. | സഹായം ലഭിച്ച ദാരിദ്ര്യ രേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| | | എസ്. എസി. 1 | 94-95 | | | |
| 1 | 129 | | | | | |
| 2 | 79 | | 23 | എസ്. സി. 3 | 5 | |
| 3 | 114 | | | | | |
| 4 | 80 | | | | | 627-11 |
| 5 | 112 | | 95-96 | | | |
| 6 | 113 | എസ്. എസി. 1 | 23 | | 6 | |
| | 627 | | | | | |
| 7 | 111 | | 94-95 | | | |
| 8 | 79 | | | | | 334-7 |
| 9 | 54 | | 15 | എസ്. സി. 2 | 4 | |
| 10 | 90 | | 95-96 | | | |
| | 334 | | 17 | എസ്. സി. 1 | 3 | |
| | 961 | | | | | |

ദാരിദ്ര്യ രേഖക്ക് താഴെ ഉള്ളവരുടെ ഉന്നമനത്തെ ലക്ഷ്യമാക്കി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളാണ്. ട്രൈസംതുടങ്ങിയവ, ഗ്രാമീണ യുവജനങ്ങൾക്കുള്ള സ്വയം തൊഴിൽ പരിശീലന പദ്ധതിയാണ് ട്രൈസം. ഈ പദ്ധതി അനുസരിച്ച് 2വർഷങ്ങളിലായി 9 പേർക്ക് പരിശീലനം നല്കിയിട്ടുണ്ട്.

ട്രൈസം- തൊഴിൽ പരിശീലനം നേടിയവരുടെ വിവരം.

94-95 ൽ പ്രിൻറിങ്ങ് ആൻറ് ബുക്ക് ബൈൻറിങ്ങിൽ രണ്ടു പട്ടിക ജാതിക്കാർക്ക് പരിശീലനം നല്കി. 95, 96 ൽ ഇലക്ട്രോണിക്സ്കിൽ 5 പേർക്കും ഗാർമെൻറ് മേക്കിംഗിൽ 2 പേർക്കും പരിശീലനം നല്കി.

പദ്ധതി പ്രകാരം മൂന്നുയൂനിറ്റുകൾക്ക് സാമ്പത്തികസഹായം നല്കി,

## പട്ടിക. 2.
## DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

| വാർഡ് നമ്പർ | ഒതാഴിൽ സംരംഭത്തിൻെറ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിച്ച് | ലോൺ | സബ്സിഡി |
|---|---|---|---|---|---|---|
| 2 | അനശ്വരം കൊപ്ര പ്രോസസിങ്ങ് | 91-92 | 12 | പരാജയപ്പെട്ട യൂനിറ്റ് | 1,800000 | 36,000 |
| 6 | ധന്യശ്രീ ഗാർമെൻറ്സ് | 91-92 | 7 | തൃപ്തികരമായി നടക്കുന്നു. | 67,376 | 27,614 |
| 7 | ആരാധന ഡയറി യൂണിറ്റ് | 95-96 | 10 | തൃപ്തികരമായി നടക്കുന്നു | 1,19000 | 40,000 |

ദാരിദ്ര്യ രേഖക്ക് താഴെ ഉള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ നല്കുന്ന പദ്ധതിയാണ് CRSP. ഈ പദ്ധതി പ്രകാരം സഹായം ലഭിച്ചവരുടെ വിവരം

## പട്ടിക.3
## കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെഎണ്ണം ( 92 IRDP സർവ്വെ പ്രകാരം) | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളളടെ എണ്ണം 92 നുശേഷം | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| ആകെ എരഞ്ഞോളി പഞ്ചായത്തിൽ | 250 | 93-94<br>CRSP 8+1CD<br>94-95<br>CRSP<br>11+ICD<br>95,96<br>CRSP<br>13 | 37 | 226 |

ഈ പദ്ധതി പ്രകാരം ഇനിയും ഒട്ടേറെ ആളുകൾക്ക് ഈ സഹായം ലഭ്യമാവേണ്ടതുണ്ട് എന്ന്യാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

IRDP സർവ്വേ പ്രകാരം ദാരിദ്രരേഖക്ക് താഴെ ഉള്ളവർക്ക് ധനസഹായം ലഭിച്ചതിൻെറ വിവരം താഴെ കൊടുക്കുന്നു.

**പട്ടിക. 4**

| സർക്കിൾ | ലോൺ 94-95 | സബ്സിഡി 94-95 | ലോൺ 95-96 | സബ്സിഡി 95-96 |
|---|---|---|---|---|
| വടക്കുമ്പാട് | 1,35,541 | 85,834 | 2,78,800 | 94,000 |
| ചോനാടം | 1,23,140 | 45,970 | 2,20,495 | 73,500 |

വിധവാ പെൻഷൻ, വികലാംഗപെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, തുടങ്ങി റവന്യൂ വകുപ്പ്, വില്ലേജ് ഓഫീസുകൾ വഴി നല്കുന്ന പെൻഷനുകളും തൊഴിൽ വകുപ്പ് മുഖേന നല്കുന്ന കർഷകതൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനവും അർഹരായ മുഴുവൻ പേർക്കും കിട്ടുന്നില്ല.

ഈ പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഒട്ടേറെ പോരായ്മകൾ നില നില്ക്കുന്നുണ്ട്. ഇത് അടിയന്തരമായും പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭായോഗങ്ങളിൽ ഉയർന്നുവന്നിട്ടുണ്ട്. കഴിഞ്ഞ വർഷം പെൻഷൻ കൈപ്പറ്റിയവരുടെ കണക്ക് താഴെ കൊടുക്കുന്നു.

**പെൻഷനുകൾ സംബന്ധിച്ച വിവരങ്ങൾ. പട്ടിക. 5**

| വില്ലേജ് | വിധവാ പെൻഷൻ | വാർദ്ധക്യ കാല പെൻഷൻ | കർഷകത്തൊഴി ലാളിപെൻഷൻ | തൊഴിലില്ലായ്മ വേതനം |
|---|---|---|---|---|
| എരഞ്ഞോളി 1996 | 108 | 52 | 104 | 154 |

മേൽ സൂചിപ്പിച്ച വിവിധ പെൻഷൻപദ്ധതിയിലുള്ള ഗുണ ഭോക്താക്കളെ ശരിയാം വണ്ണംതിരഞ്ഞെടുക്കുന്നതിനുള്ള പൂർണ്ണമായ അധികാരം പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടതുണ്ട്.

ഗ്രാമീണ കൈതൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നല്കുന്ന പരിപാടി അനുസരിച്ച് പഞ്ചായത്തിലെ 15 പേർക്ക് സഹായം ലഭിച്ചിട്ടുണ്ട്. വിശദവിവരം പട്ടിക നോക്കുക.

**അംഗൻവാടി**

**ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി**

**പട്ടിക.6**

| IRDPസർവ്വേ പ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ച വരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം |
|---|---|---|
| 42 | 15 | 27 |

പഞ്ചായത്തിൽ ആകെ ഒരു വയസ്സിന് താഴെ 303ും 1 വയസ്സ് മുതൽ 3 വയസ്സുവരെ 971 ഉം 3 വയസ്സ് മുതൽ 6 വയസ്സ് വരെ 881 ഉം കുട്ടികൾ ഉണ്ട്. എന്നാൽ പഞ്ചായത്തിൽ 1 അംഗൻവാടി മാത്രമാണ് ഉള്ളത്.
ഇത് തന്നെ തൃപ്തികരമായ പ്രവർത്തനമല്ല നടത്തുന്നത്.
ജനപങ്കാളിത്തത്തോടുകൂടി അംഗൻവാടികൾ സ്ഥാപിക്കാനും പ്രവർത്തനം ഊർജ്ജിതമാക്കാനും കഴിയണം.

**പ്രശ്നങ്ങൾ**

1. സാമൂഹ്യ ക്ഷേമ പദ്ധതികൾ ദുരുപയോഗപ്പെടുത്തുന്നു.
2. പെൻഷനുകൾ യഥാസമയം ലഭിക്കാത്ത അവസ്ഥ
3. വേണ്ടത്ര അംഗൻവാടികൾ ഇല്ലാത്ത നില

**സാദ്ധ്യതകൾ**

1. IRDP ലോൺ അനുവദിക്കാനുള്ള ഗുണഭോക്താക്കളെ മുൻകൂട്ടി കണ്ടെത്തി മുൻഗണനാ ലിസ്റ്റ് പഞ്ചായത്ത് ആഫീസിൽ പ്രസിദ്ധപ്പെടുത്തുന്ന പദ്ധതി
2. ഏതെങ്കിലും സാമ്പത്തിക ഏജൻസികളെകൊണ്ടോ, ജെ. ആർ. വൈ. ഫണ്ടോ ഉപയോഗിച്ച് അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുക.
3. ICDS മുഖാന്തിരം ആയിരം ജനസംഖ്യക്ക് ഒന്ന് എന്ന രീതിയിൽ തുടങ്ങുവാൻ ഉള്ള പരിപാടി
4. വിവിധ പെൻഷനുകളെ പറ്റി അർഹരായവർക്ക് ബോധവല്കരണം നടത്താൻ സാമൂഹ്യക്ഷേമരംഗത്തെ പൊതുപ്രവർത്തകർക്ക് ബോധവല്കരണ ക്ലാസ്സ് ഏർപ്പെടുത്തുക.

******



# വിദ്യാഭ്യാസം



*കുട്ടികളെ കുറെ കൂടി രസകരവും ആകർഷകവുമായ രീതിയിലും അവരുടെ കഴിവും കഴിവുകേടും കണ്ടറിഞ്ഞ് പഠിപ്പിക്കാൻ കഴിയണം.സ്വയം കാര്യങ്ങൾ നിരീക്ഷിക്കാനും വിലയിരുത്തുവാനുമുള്ള കഴിവ് ഉണ്ടാക്കി കൊടുക്കണം*

കാര്യങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചു വസ്തുതകൾ വിശകലനംചെയ്യാനും അതിൽ നിന്നും നിഗമനങ്ങളിലെത്താനും മറ്റുള്ളവരുമായി ആശയ വിനിമയം ചെയ്യാനുമുള്ള കഴിവ് വളർത്തി എടുക്കലാണ് നല്ല വിദ്യാഭ്യാസം വികസനവും വിദ്യാഭ്യാസവും പരസ്പര പൂരകങ്ങളാണ്. സാമൂഹിക പരിഷ്കർത്താക്കളുടെയും സാമുദായിക ആചാര്യന്മാരുടെയും മിഷണറിമാരുടെയും കുടിപ്പള്ളിക്കൂടം ആശാൻമാരുടെയും ഒക്കെ ഒറ്റയ്ക്കും കൂട്ടായുമുള്ള പരിശ്രമങ്ങൾ, ദേശീയ വിമോചന പ്രസ്ഥാനങ്ങൾ ഉയർത്തിയ സാമൂഹ്യബോധം, മലബാർ ഡിസ്ട്രിക്ട് ബോർഡ്, ഗ്രന്ഥശാലാ പ്രസ്ഥാനം എന്നിവയുടെ പ്രവർത്തനങ്ങൾ ഇവയൊക്കെ കേരളത്തിലെ വിദ്യാഭ്യാസ മേഖലയുടെ വളർച്ചയെ ഏറെസഹായിച്ചിട്ടുണ്ട്.

വിദ്യാഭ്യാസത്തിൻെറ സാർവജനീനത്വത്തിൽ കേരളം ഭാരതത്തിൻെറ മുൻപന്തിയിലായിരുന്നു. സാർവത്രീകവും സൗജന്യവുമായ വിദ്യാഭ്യാസമെന്ന ഭരണഘടനാ വാഗ്ദാനം പാലിക്കപ്പെട്ട ഏക സംസ്ഥാനമെന്ന ബഹുമതി കേരളം നേടി എടുത്തു. പക്ഷെ ഗണപരമായി ഒട്ടേറെ മുന്നേറിയെങ്കിലും ഗുണപരമായി നാം വളരെപിന്നിലാണ് എന്നതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

തെറ്റായ ഒരു പരീക്ഷാസമ്പ്രദായത്തിനു കുട്ടികളെ ഒരുക്കലാണ് വിദ്യാഭ്യാസത്തിൻെറ അത്യന്തിക ലക്ഷ്യമെന്ന് വന്നിരിക്കുന്നു. വിദ്യാഭ്യാസം വില്പനചരക്കായി മാറിയിരിക്കുന്നു. നമ്മുടെഅയൽപക്ക സ്കൂളുകൾ അനാഥമായി. അവയിൽ പലതും അനാദായകരമായി. പണമുള്ളവൻ മാത്രം പഠിച്ചാൽ മതിയെന്ന ജനവിരുദ്ധനയം സമൂഹത്തിനു മേൽ അടിച്ചേല്പിക്കപ്പെട്ടു. സൗജന്യവും സാർവത്രീകവുമായ വിദ്യാഭ്യസമെന്ന നയംഫലത്തിൽ തകിടം മറിഞ്ഞു കൊണ്ടിരിക്കുന്നു.ഈ പ്രതിസന്ധിയെ അതിജീവിക്കുവാൻ നമുക്ക് കഴിയണം. ഇതിനുള്ള കർമ്മപരിപാടി പഞ്ചായത്ത് തലത്തിൽ തന്നെ രൂപപ്പെടുത്തേണ്ടതുണ്ട്.

എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ 9ാം വാർഡിൽ പ്രവർത്തിച്ചുവരുന്നഎരഞ്ഞോളി ഈസ്റ്റ് എൽ. പി. സ്കൂൾ ആണ് ഇവിടെ ആദ്യായി സ്ഥാപിച്ച വിദ്യാലയം. കുടിപ്പള്ളിക്കൂടമായി ആരംഭിച്ച ഈ സ്കൂളിൻെറ സ്ഥാപകർ ശ്രീ. കൂരാഞ്ചി ബാപ്പുഗുരുക്കൾ, ശ്രീ. കൂരാഞ്ചി കുഞ്ഞിക്കണ്ണൻ എന്നിവരായിരുന്നു. നിലത്തെഴുത്തിൽ നിന്നാരംഭിച്ച ഈ സ്കൂളിൽ 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളുണ്ടായിരുന്നു.

ഏറെക്കുറെ ഇതേകാലയളവിൽ രൂപീകരിക്കപ്പെട്ട സ്കൂളാണ് വടക്കുമ്പാട് ശ്രീനാരായണ ബേസിക് യു.പി. സ്കൂൾ. മാടയില്ലത്ത് പുല്ലമ്പിചാത്തുഗുരുക്കൾ ഗുരുകുലമായി സ്ഥാപിച്ചു സംസ്കൃത പഠനം നടത്തിയ, നിലത്തെഴുത്ത് സ്കൂളായിരുന്നു ഇത്. 1923ൽ ഈ പള്ളിക്കൂടം ചാത്തുഗുരുക്കൾ തൻെറ ശിഷ്യനായ ഗോവിന്ദൻമാസ്റ്റർക്ക് കൈമാറി. 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളോടെ പറമ്പത്ത് എൽ. പി. സ്കൂൾ എന്നപേരിൽ പിന്നീട് ഈ സ്കൂൾ അറിയപ്പെട്ടു. ആൺകുട്ടികൾ മാത്രമായിരുന്നു അവിടെ പഠിച്ചിരുന്നത്. തുടർവിദ്യാഭ്യാസത്തിനു ഈസ്കൂളിലെ കുട്ടികൾ ഇല്ലിക്കുന്ന് ബി. ഇ. എം. പി. സ്കൂളിലായിരുന്നു പോയത്. 1927 ൽ ശ്രീനാരായണ ഗേൾസ്. യു. പി. 1 മുതൽ 8 വരെ ക്ലാസ്സോടെ ആരംഭിച്ചു. 1953 ൽ പറമ്പത്ത് എൽ. പി.

യും, ശ്രീനാരായണ ഗേൾസും, കൂടിച്ചേർന്നു ശ്രീനാരായണ ബേസിക് യു. പി. സ്കൂൾ ആയി. 1961 വരെ 8ാം ക്ലാസ്സ് ഉണ്ടായിരുന്നു.

പി. സി. ഗുരുവിലാസം യു. പി. സ്കൂൾ ശ്രീ. വടക്കയിൽ പാലോട്ടു നെയ്യൻ ചന്തുഗുരിക്കൾ ഗുരുകുലമായി തുടങ്ങിയ എഴുത്തുപള്ളിക്കൂടമാണ്. 1880 ൽ 1 മുതൽ 5 വരെയുള്ള ആൺ പള്ളിക്കൂടമായിരുന്നു. 1920 ൽ 1മുതൽ 5 വരെയുള്ള പെൺപള്ളിക്കൂടവും സ്ഥാപിച്ചു. 1952 ൽ രണ്ടു സ്കൂളുകളും ചേർന്നു ഒന്നാവുകയും 1 മുതൽ 7 വരെയുള്ള സ്കൂളായി മാറുകയും ചെയ്തു.

1886ൽ ശ്രീ. കെ. നാരായണൻ സ്ഥാപിച്ചു സ്കൂളാണ് എരഞ്ഞോളി വെസ്റ്റ് യു. പി. 1960 ൽ ഈ സ്കൂൾ യു. പി. സ്കൂളായി ഉയർത്തപ്പെട്ടു. നൂറ്റാണ്ടിൻെറ ആരംഭത്തിൽ സ്ഥാപിക്കപ്പെട്ടതാണ്. വടക്കുമ്പാട് വെസ്റ്റ് ജൂനിയർ ബേസിക് സ്കൂൾ. ശ്രീ. ഒതേനനൻ ഗുരുക്കൾ നാട്ടുകാരുടെ സഹായത്തോടെ നിർമ്മിച്ചതാണീസ്കൂൾ. 1952 വരെ 5 വരെയുള്ള ക്ലാസ്സുകൾ ഉണ്ടായിരുന്നു.

1906 ൽ കൊങ്കൻ ഗുരിക്കൾ എഴുത്തുപള്ളിക്കൂടമായി തുടങ്ങിയസ്കൂളാണ് അരങ്ങേറ്റു പറമ്പ് എയിഡഡ് സീനിയർ ബേസിക്ക് സ്കൂൾ. അരങ്ങേറ്റുപറമ്പിൽ തന്നെ 1916 ൽ ശ്രീ കേളുമാസ്റ്റർ സ്ഥാപിച്ച സ്കൂളാണ് അരങ്ങേറ്റുപറമ്പ് സൗത്ത്. എൽ. പി.

ശ്രീ. കുഞ്ഞമ്പുഗുരിക്കൾ സ്ഥാപിച്ച സ്കൂളാണ് കുടക്കളം യു. പി. സ്കൂൾ.

1916ൽ കുറുപ്പാടിയിൽ എഴുത്തുപള്ളിക്കൂടമായി ശ്രീ. ഞാറ്റേല്യ കെ. കുഞ്ഞിക്കണ്ണൻ ഗുരുക്കൾ സ്ഥാപിച്ച സ്കൂളാണ് വടക്കുമ്പാട് നോർത്ത് ജൂനിയർ ബേസിക് സ്കൂൾ. ശ്രീ. കുഞ്ഞമ്പു ഗുരുക്കളാണ് പെരുന്താറ്റിൽ എൽ. പി. സ്കൂൾ സ്ഥാപകൻ. 1940 ൽ സ്ഥാപിതമായപെരുന്താറ്റിൽ വലിയ പറമ്പ് സ്കൂൾ നമ്മുടെ പഞ്ചായത്തിൽ ഇന്നും 1 മുതൽ 5വരെയുള്ള ക്ലാസ്സുകളോടെ നിലനിൽക്കുന്ന ഏക സ്കൂളാണ്.

പഞ്ചായത്തിൽ ഒരു ഹൈസ്കൂൾഉണ്ട്. ഇവിടെയുള്ള ഒരോയൊരു ഗവ: സ്കൂളും ഇതാണ്. 1974 ൽ ആണ് വടക്കുമ്പാട് ഗവ: ഹൈസ്കൂൾ സ്ഥാപിതമാവുന്നത്. ശ്രീ. കുണ്ടാഞ്ചേരി കുഞ്ഞിരാമൻമാസ്റ്ററുടെ നേതൃത്തിലുള്ള പഞ്ചായത്ത് ഭരണസമിതിയുടെയും എ. കുമാരൻമാസ്റ്റർ, സി. എൻ. നാണു, മന്ദൻ, മേസ്ത്രി തുടങ്ങിയ നാട്ടുകാരുടെയും അക്ഷീണ പരിശ്രമത്തിൻെറ ഫലമായിട്ടാണ് ഈ സ്കൂൾ സ്ഥാപിതമായത്. ആദ്യകാലത്ത് പി.സി. ഗുരുവിലാസം സ്കൂളിലാണ് ഇത് പ്രവർത്തിച്ചിരുന്നത്. 8 മുതൽ 10 വരെയുള്ള ക്ലാസ്സുകളാണ് ഇവിടെയുള്ളത്. കതിരൂർ, ചിറക്കര, തലശ്ശേരി തുടങ്ങിയ പ്രദേശങ്ങളിലെ ഹൈസ്കൂളിൽ നാഴികകളോളം നടന്നുചെന്നു പഠനം നടത്തിയിരുന്ന വിദ്യാർത്ഥികൾക്ക് ഒരനുഗ്രഹമായിരുന്നു ഈ സ്കൂളിൻെറ സ്ഥാപനം.

പഞ്ചായത്തിൽ ഒരു ഹൈസ്കൂളും 9 എൽ. പി. സ്കൂളുകളും 5 യു.പി. സ്കൂളുകളുമാണുള്ളത്. സമീപകാലത്ത് എരഞ്ഞോളി ചോനാടത്ത് ഒരു അൺഎയ്ഡഡ് വിദ്യാലയം ആരംഭിച്ചിട്ടുണ്ട്.

1903 ൽ നി. മുഹമ്മദ് സീതി, ഖാദർ സീതി എന്നിവർ പന്ന്യോട്ട് മതപഠനത്തിനുവേണ്ടി തുടങ്ങിയ സ്ഥാപനം 1938 ൽ മണ്ണയാട് ബാലത്തിനടുത്തേക്ക് ഒരു മദ്രസ്സയായി മാറ്റി സ്ഥാപിച്ചു. 1942 ൽ പ്രസ്തുത സ്ഥാപനം വടക്കുമ്പാട് പോസ്റ്റ്റാഫീസിനു സമീപം തൈലിമുസിബിയൻ മദ്രസ്സ എൽ.പി. യായി നിലവിൽ വന്നു.

ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ തന്നെ പ്രവർത്തനം ആരംഭിച്ചതാണ് പഞ്ചായത്തിലെ മിക്ക സ്കൂളുകളും. എങ്കിലും ഒട്ടേറെ പരിമിതികൾ നിലനിൽക്കുകയാണ്. സ്വന്തമായി കളിസ്ഥലവും മൂത്രപ്പുരയും ഇല്ലാത്ത സ്കൂളുകൾ ഇവിടെയുണ്ട്. മിക്ക കെട്ടിടങ്ങളും മൺതറയോടുകൂടിയ ഷെഡ്ഡുകളാണ്. ( പട്ടിക 1 എ നോക്കുക)

പഞ്ചായത്തിലെ ഒരു ഹൈസ്കൂളിലും 5 യു.പി. സ്കൂളുകളിലും 9 എൽ. പി. സ്കൂളുകളിലുമായി ആകെ 3525 കുട്ടികളാണ് അദ്ധ്യായനം നടത്തിവരുന്നത്. പട്ടികജാതി- വിഭാഗത്തിൽപെട്ട 72 കുട്ടികൾ പഠനം നടത്തുന്നു. കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ താരതമ്യം ചെയ്തപ്പോൾ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടെന്നു കാണാൻ കഴിഞ്ഞു. 1991-92 വർഷത്തിൽ നിന്നും 1996-97 വർഷമാകുമ്പോഴേക്കും 5.7.% കുട്ടികളുടെ വർദ്ധനവ് കാണാം. 21 കുട്ടികൾ പഠനം നിർത്തിയതായി കാണുന്നു. ഇതിൽ 15 പേർ ഹൈസ്കൂൾ വിദ്യാർത്ഥികൾ ആണ്.

**ഒന്നാം ക്ലാസ്സിലെ വിദ്യാർത്ഥികളുടെ എണ്ണം**
(സ്ക്കൂൾ പേർ വിവരം പട്ടിക 1 ന്റെ ക്രമത്തിൽ

പട്ടിക .3

| വർഷം | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1992-93 | 54 | | 13 | 22 | 71 | | 26 | 25 | 26 | 42 | 20 | 14 | 23 | 20 | 23 |
| 93-94 | 28 | | 20 | 26 | 58 | | 25 | 26 | 30 | 33 | 19 | 11 | 22 | 24 | 25 |
| 94-95 | 54 | | 15 | 20 | 59 | | 17 | 25 | 28 | 54 | 10 | 9 | 20 | 17 | 25 |
| 95-96 | 27 | | 21 | 17 | 72 | | 28 | 28 | 25 | 35 | 22 | 14 | 12 | 14 | 19 |
| 96-97 | 28 | 20 | 20 | 17 | 67 | | 20 | 25 | 26 | 35 | 16 | 13 | 13 | 21 | 21 |

വടക്കുമ്പാട് ഹൈസ്കൂളിൽ പഠനം നിർത്തിയകുട്ടികളുടെ എണ്ണം വളരെ കൂടുതലാണ്
1992 മുതൽ 96 വരെയുള്ള കണക്ക താഴെ കൊടുക്കുന്നു

പട്ടിക. 1 എ

| വർഷം | ആൺ | പെൺ | ആകെ |
|---|---|---|---|
| 1992 - 93 | 22 | 12 | 34 |
| 1993 - 94 | 21 | 15 | 36 |
| 94 - 95 | 24 | 18 | 42 |
| 95 - 96 | 22 | 18 | 40 |
| 96 - 97 | | | 15 |

പട്ടിക .2

| പട്ടിക - 5 പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം | | | | | | | | |
|---|---|---|---|---|---|---|---|---|
| എൽ . പി | | | യു. പി | | | എച്ച്. എസ് | | |
| ആകെ | എസ്.സി | % | ആകെ | എസ്.സി | % | ആകെ | എസ്. സി | % |
| 1595 | 26 | 1.63 | 1366 | 34 | 2.48 | 464 | 11 | 2.37 |

ആകെ ശതമാനം 2.04 %
(അവലംബം - സെക്കൻററി ഡാറ്റ)

## പട്ടിക 4.
## സ്കൂളുകളിലെ അക്കാദമിക് നിലവാരം

| സ്കൂൾ | ക്ലാസ്സ് | ആകെ കുട്ടികൾ | 30% താഴെ മാർക്ക് നേടുന്നവർ | 30-40 % മാർക്ക് നേടുന്നവർ | 40-50 % മാർക്ക് | 50-60 % മാർക്ക് | 60% ൽ കൂടുതൽ |
|---|---|---|---|---|---|---|---|
| ശ്രീനാരായണ ബേസിക് യു. പി. | 3 | 58 | 9 | 13 | 10 | 7 | 19 |
| | 4 | 26 | 1 | 3 | 6 | 6 | 10 |
| | 5 | 142 | 37 | 25 | 26 | 21 | 33 |
| | 6 | 105 | 34 | 15 | 13 | 17 | 26 |
| | 7 | 142 | 58 | 31 | 21 | 13 | 19 |
| തൈലിമുസിബിയൻ | 3 | 27 | 7 | 12 | 5 | ഇല്ല | 3 |
| എൽ. പി. | 4 | 29 | 8 | 6 | 8 | 5 | 2 |
| വടക്കുമ്പാട് നോർത്ത് | 3 | 18 | ഇല്ല | ഇല്ല | 1 | 3 | 14 |
| ജെ. ബി. സ്കൂൾ | 4 | 19 | ഇല്ല | ഇല്ല | 1 | 4 | 14 |
| വടക്കുമ്പാട് വെസ്റ്റ് ജെ. ബി. സ്കൂൾ | 3 | 23 | ഇല്ല | 1 | 13 | 3 | 6 |
| | 4 | 27 | ഇല്ല | 2 | 6 | 7 | 12 |
| പി. സി. ഗുരുവിലാസം | 3 | 61 | 4 | 30 | 17 | 6 | 4 |
| യു. പി. | 4 | 70 | 2 | 30 | 23 | 10 | 5 |
| | 5 | 116 | 2 | 20 | 59 | 25 | 10 |
| | 6 | 168 | 18 | 20 | 85 | 40 | 25 |
| | 7 | 192 | 38 | 25 | 64 | 40 | 25 |
| ഗവ: ഹൈസ്കൂൾ വടക്കുമ്പാട് | 8 | 181 | 112 | 34 | 15 | 12 | 8 |
| | 9 | 150 | 73 | 39 | 19 | 11 | 8 |
| | 10 | 124 | 84 | 13 | 13 | 7 | 7 |
| പെരുന്താറ്റിൽ | 3 | 18 | ഇല്ല | ഇല്ല | 9 | 5 | 4 |
| എൽ. പി. | 4 | 26 | ഇല്ല | 1 | 10 | 10 | 5 |
| മഠത്തും ഭാഗം എൽ. പി. | 3 | 25 | 5 | 4 | 5 | 5 | 6 |
| | 4 | 26 | 4 | 6 | 5 | 6 | 5 |
| പെരുന്താറ്റിൽ വലിയ പറമ്പ് ഈസ്റ്റ് എൽ. പി | 3 | 32 | 2 | 1 | 2 | 8 | 24 |
| | 4 | 32 | 2 | ഇല്ല | 2 | 6 | 22 |
| | 5 | 30 | ഇല്ല | ഇല്ല | 3 | 5 | 22 |
| കുടക്കളം യു. പി. | 3 | 56 | 3 | 9 | 10 | 9 | 25 |
| | 4 | 30 | 3 | 5 | 4 | 3 | 15 |
| | 5 | 57 | 12 | 20 | 6 | 5 | 14 |
| | 6 | 54 | 15 | 6 | 8 | 12 | 13 |
| | 7 | 57 | 11 | 10 | 13 | 9 | 14 |
| എരഞ്ഞോളി നോർത്ത് | 3 | 12 | 2 | 1 | 2 | 2 | 5 |
| എൽ. പി. | 4 | 20 | 1 | 1 | 3 | 2 | 13 |

### പട്ടിക 4. തുടർച്ച
### സ്കൂളുകളിലെ അക്കാദമിക് നിലവാരം

| | ക്ലാസ്സ് | ആകെ കുട്ടികൾ | 30% താഴെ മാർക്ക് നേടുന്നവർ | 30-40 % മാർക്ക് നേടുന്നവർ | 40-50 % മാർക്ക് | 50-60 % മാർക്ക് | 60% ൽ കൂടുതൽ |
|---|---|---|---|---|---|---|---|
| എരഞ്ഞോളി ഈസ്റ്റ് എൽ. പി. | 3 | 20 | ഇല്ല | ഇല്ല | 1 | 1 | 18 |
| | 4 | 29 | ഇല്ല | 3 | 7 | 9 | 10 |
| എരഞ്ഞോളി വെസ്റ്റ് യു.പി. | 3 | 14 | 1 | ഇല്ല | 1 | 4 | 8 |
| | 4 | 13 | 1 | ഇല്ല | 3 | 4 | 5 |
| | 5 | 54 | 2 | 2 | 5 | 8 | 37 |
| | 6 | 38 | 2 | 3 | 3 | 5 | 25 |
| | 7 | 59 | 13 | 17 | 10 | 9 | 10 |
| അരങ്ങേറ്റുപറമ്പ് | 3 | 20 | ഇല്ല | ഇല്ല | ഇല്ല | 2 | 18 |
| സൗത്ത് എൽ. പി. | 4 | 26 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 26 |
| അരങ്ങേറ്റുപറമ്പ് | 3 | 27 | ഇല്ല | ഇല്ല | 6 | 10 | 11 |
| സീനിയർ ബേസിക് യു. പി. | 4 | 22 | 1 | 7 | 4 | 4 | 6 |
| | 5 | 52 | 6 | 4 | 14 | 10 | 18 |
| | 6 | 56 | 6 | 5 | 10 | 17 | 18 |
| | 7 | 54 | 10 | 11 | 15 | 9 | 9 |

(അവലംബം ദ്വിതീയ വിവരശേഖരണം)

പട്ടിക 2.

ഒന്നാം ക്ലാസ്സിലെ വിദ്യാർത്ഥികളുടെ എണ്ണം
(സ്കൂൾ പേർ വിവരം പട്ടിക 1 ന്റെ ക്രമത്തിൽ)

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഒന്നാംക്ലാസ്സിലെ കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് അനുഭവപ്പെട്ട സ്കൂൾ ശ്രീനാരായണ യു. പി. ആണ്. മൊത്തം 48.15 % കുറവ് കാണാവുന്നതാണ്.

പഞ്ചായത്തിലെ സ്കൂളുകളിൽ കൊഴിഞ്ഞുപോക്ക് പൊതുവെ കുറവാണ്. എങ്കിലും കൊഴിഞ്ഞുപോക്ക് ഗൗരവത്തിൽ കാണേണ്ടതാണ്. നമ്മുടെ സവിശേഷ ശ്രദ്ധ പതിയേണ്ട കാര്യമാണ് സ്കൂളുകളിലെ പഠനനിലവാരത്തിലുള്ള പുറകോട്ട് പോക്ക് ( അക്കാദമിക് നിലവാരം പട്ടിക 3 നോക്കുക) ഹൈസ്കൂളിലെ കൊഴിഞ്ഞുപോക്ക് വളരെ കൂടുതലാണ്. കൊഴിഞ്ഞു പോയ കുട്ടികളിൽ ഭൂരിപക്ഷം പേരും മുസ്ലീം കുട്ടികളാണെന്നു കാണുന്നു. പഞ്ചായത്തിലെ യു.പി. സ്കൂളുകളിൽ പാസ്സാവുന്ന കുട്ടികളിൽ വലിയൊരു ഭാഗം പഞ്ചായത്തിനും പുറത്തുള്ള ഹൈസ്കൂളിലാണ് പഠനത്തിനു പോവുന്നത്. വടക്കുമ്പാട് ഹൈസ്കൂളിനടുത്തുള്ള കുട്ടികൾ പോലും വളരെ അകലെയുള്ള സ്കൂളിൽ പോകുന്നു എന്നത് ഗൗരവ പരിശോധന അർഹിക്കുന്ന പ്രശ്നമാണ്.

വടക്കുമ്പാട് ഹൈസ്ക്കൂളിൽ കഴിഞ്ഞ അഞ്ച് വർഷത്തെ എസ്. എസ്.എൽ. സി. വിജയശതമാനം പരിശോധിച്ചാൽ 1991-92 അധ്യയന വർഷത്തിലെ പഠനനിലവാരത്തിൽനിന്നും വളരെയധികം പുറകോട്ട് പോയതായി കാണാം. പട്ടിക 5 കാണുക.

പട്ടിക. 5

| | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| വിജയശതമാനം | 50% | 39% | 42% | 40% | 43% |
| ഡിസ്റ്റിംഗ്ഷൻ | ലഭ്യമല്ല | | 3 | | 1 |
| ഫസ്റ്റ് ക്ലാസ്സ് | | 3 | 2 | 6 | 8 |
| സെക്കൻറ് ക്ലാസ്സ് | | 8 | 5 | 4 | 8 |



പരിമിതികൾ ഏറെ ഉണ്ടായിട്ടും സ്കൂൾ സ്ഥാപിതമായതിനുശേഷം ആദ്യവർഷങ്ങളിൽ ഈ സ്കൂൾ സംസ്ഥാന ശരാശരിയെക്കാൾ നിലവാരം പുലർത്തിയിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ വിജയശതമാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. 1995-96 വർഷത്തിൽ നില അൽപം മെച്ചപ്പെട്ടിട്ടുണ്ട്. പഠനനിലവാരത്തിലെ ഈ അവസ്ഥ ആഴത്തിലുള്ള പരിശോധനയ്ക്ക് വിധേയമാക്കണം.

പൊതുവിദ്യാഭ്യാസത്തിൻെറ നിലവാരത്തകർച്ച ഇന്ന് ഏറെ ചർച്ചചെയ്യപ്പെടുന്നുണ്ട്. സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങളിലെ ശോചനീയ അവസ്ഥ, പരീക്ഷാരീതിയിലെ അശാസ്ത്രീയതകൾ, വിരസമായ പഠനപ്രക്രിയകൾ, അശാസ്ത്രീയമായ മൂല്യനിർണ്ണയ സമ്പ്രദായം, അധ്യാപക പരിശീലനത്തിൻെറ ഗുണനിലവാരമില്ലായ്മ, വീടുകളിലെ പഠന സാഹചര്യത്തിലെ പരിമിതികൾ, വിദ്യാഭ്യാസവും ജീവിതവുമായുള്ള ബന്ധമില്ലായ്മ, ഇവയൊക്കെയാണ് പൊതുവിദ്യാഭ്യാസത്തിൻെറ നിലവാരതകർച്ചയ്ക്ക് കാരണം.

നമ്മുടെ പഞ്ചായത്തിലെ മിക്ക സ്കൂളുകളുടേയും ഭൗതിക സാഹചര്യങ്ങൾ വളരെ പരിതാപകരമാണ്. ഓഫീസ് മുറി ഇല്ലാത്ത അവസ്ഥ, മൂത്രപ്പുര,കക്കൂസ് എന്നിവയുടെ അഭാവം, കുടിവെള്ള സംവിധാനം ഇല്ലായ്ക, ആവശ്യമായ ഫർണിച്ചറുകളുടെ അഭാവം, സ്വന്തമായി കളിസ്ഥലമില്ലാത്ത അവസ്ഥ, ഇവയൊക്കെയാണ് പരിമിതികൾ. ( പട്ടിക 5 നോക്കുക)

മേൽപറഞ്ഞ പരാധീനതകളും പ്രശ്നങ്ങളും പരിഹരിക്കാൻ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട മുഴുവനാളുകളുടെയും -വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, സർവ്വോപരി സമൂഹത്തിൻെറയാകെ-കൂട്ടായ പരിശ്രമം ഉണ്ടാകണം. ഒപ്പം വീട്ടിനടുത്തു തന്നെയുള്ള സ്കൂളിൽ കുട്ടികളെ അയയ്ക്കുന്നതിനുപകരം പട്ടണത്തിലെ സൗകര്യങ്ങൾ തേടിപോവുന്ന അവസ്ഥ ഇല്ലാതാവണം.

**അധ്യാപകർ**

പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലായി ആകെ 169 അധ്യാപകരാണുള്ളത്. ഇതിൽ 114 പേർ സ്ത്രീകളാണ്. പാഠ്യേതര പ്രവർത്തനങ്ങളിൽ വേണ്ടത്ര താൽപര്യം കാണിക്കുന്നില്ല എന്നത് അധ്യാപരക രംഗത്തെ ഒരു പോരായ്മയാണ്.

**രക്ഷിതാക്കൾ:**

കുട്ടികളുടെ പഠനകാര്യത്തിൽ വളരെ ചുരുക്കം രക്ഷിതാക്കൾ മാത്രമാണ് ഗൗരവപൂർവമായ ശ്രദ്ധ ചെലുത്തുന്നത്. സ്വന്തം മക്കൾ ഏത് ക്ലാസ്സിൽപഠിക്കുന്നു എന്നുപോലും ശ്രദ്ധിക്കാത്ത രക്ഷിതാക്കളും വിരളമല്ല. കുട്ടിക്ളുടെ പഠനകാര്യത്തിൽ രക്ഷാകർത്താക്കളുടെ പങ്ക് വളരെ പ്രധാനപ്പെട്ടതാണ് എന്ന കാര്യം പലരും വിസ്മരിക്കുന്നു. ഈ പ്രവണത മാറേണ്ടതുണ്ട്. പി. ടി. എ. മാതൃസംഗമം എന്നിവയിൽ രക്ഷാകർത്താക്കളുടെ പങ്കാളിത്തം ഇനിയും വർദ്ധിക്കേണ്ടതായിട്ടുണ്ട്. എന്നാൽ മാത്രമെ സ്കൂളിൻെറഭൗതിക സാഹചര്യവും പഠനനലവാരവും മെച്ചപ്പെടുത്തുന്നതിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനാകൂ.

**കലാകായിക മേളകളിലെ പങ്കാളിത്തം:**

ബാലകലോൽസവം, യുവജനോൽസവം, കായിക മേള തുടങ്ങിയവയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന നിരവധി സ്കൂളുകൾ ഇവിടെ ഉണ്ട്. മുൻകാലങ്ങളിൽ കായികമേളയിൽ മികച്ച നലവാരം പുലർത്തിയിരുന്ന സ്കൂളാണ് ശ്രീ നാരായണ സ്കൂൾ. നിരവധി വർഷം തുടർച്ചയായി സബ്-ജില്ലാ കായിക-മേളയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയിരുന്നു. പ്രസ്തുത സ്കൂൾ. പക്ഷെ, പിൽക്കാലത്ത് കായിക രംഗത്ത് പിറകോട്ട് പോയിട്ടുണ്ട്. പി.സി. ഗുരുവിലാസം, കുടക്കളം യു. പി. ശ്രീനാരായണ യു.പി. തുടങ്ങിയ സ്കൂളുകൾ കലോൽസവങ്ങളിൽ മികച്ച നിലവാരം പുലർത്താറുണ്ട്.

**പ്രീ-പ്രൈമറി വിദ്യാഭ്യാസം:**

പഞ്ചായത്തിൽ പ്രീമൈറി സ്ഥാപനങ്ങൾ ഉണ്ട്. ഇതിൽ ഒരെണ്ണം ഇംഗ്ലീഷ് മീഡിയം സ്കൂളാണ്. ശാസ്ത്രീയമായ സമീപനത്തിന്റെ അഭാവം വളരെയേറെ അനുഭവപ്പെടുന്ന ഈ സ്ഥാപനങ്ങളിൽ മനുഷ്യന്റെ സമഗ്രമായ വളർച്ചയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെങ്കിൽ അതിനടിത്തറ പാകലാണ് പ്രീ-സ്കൂൾ കാലഘട്ടത്തിൽ ലക്ഷ്യം. എന്നാൽ നമ്മുടെ പ്രീ-പ്രൈമറി സ്കൂളുകളിൽ ഒന്നും തന്നെ ഈ കാര്യത്തിൽ ഒരു ശതമാനം പോലും വിജയിച്ചിട്ടില്ല. ആവശ്യമായ കളിക്കോപ്പുകളും ശാസ്ത്രീയമായ പരിചരണവും കുട്ടികൾക്ക് ലഭിക്കുന്നില്ല. സമൂഹത്തിന്റെ യാതൊരു ശ്രദ്ധയും പതിക്കാത്ത ആർക്കും വേണ്ടാത്തവയായി മാറിക്കഴിഞ്ഞിരിക്കുന്നു അംഗൻവാടികളും ബാലവാടികളും. നമ്മുടെ പഞ്ചായത്തിൽ ഒരംഗൻവാടിയാണുള്ളത്.

**സാങ്കേതിക വിദ്യാഭ്യാസം:**

പഞ്ചായത്തിൽ 4 ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. ചില വീടുകളിൽ നിന്ന് തയ്യൽ പരിശീലനവും നൽകുന്നുണ്ട്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകേണ്ടതുണ്ട്. സമൂഹത്തിന്റെ ഉന്നതിക്കുവേണ്ടി ആസൂത്രിതമായി ചെയ്യേണ്ട ഒരു പ്രക്രിയയാണ് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, അക്കാദമികമായും തൊഴിൽ പരമായും അഭിരുചി കുറഞ്ഞ വിദ്യാർത്ഥികളെ പഞ്ചായത്തിനകത്തു തന്നെ വിവിധ കൈത്തൊഴിലുകൾ അഭ്യസിപ്പിക്കുന്നതിലൂടെ നല്ലൊരു തൊഴിൽ സംസ്ക്കാരം വളർത്തിയെടുക്കാൻ കഴിയണം.

**ഗുരുകുലം സമഗ്ര വിദ്യാഭ്യാസ പദ്ധതി:-**

ജില്ലയിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി വളരെ ശാസ്ത്രീയവും പ്രായോഗികവുമായ ഒരു പരിപാടി കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലയിലെ മുഴുവൻ എൽ.പി., യു.പി. ഹൈസ്കൂളുകളെ ഉൾപ്പെടുത്തികൊണ്ട് നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രവർത്തനം നമ്മുടെ പഞ്ചായത്തിൽസജീവമാണെങ്കിലും ഇനിയും ഏറെ മുന്നോട്ട് പോകേണ്ടതുണ്ട്. പരീക്ഷാ സമ്പ്രദായം, സ്കൂൾ അസംബ്ലി, പ്രധാന ദിനാഘോഷങ്ങൾ, മാതൃസംഗമം, പി. ടി. എ. തുടങ്ങിയ മേഖലകളിൽ മുന്നേറ്റമുണ്ട്. എങ്കിലും വിദ്യാർത്ഥി അധ്യാപകൻ-രക്ഷാകർത്താവ്- സാമൂഹ്യപ്രവർത്തകർ ഇവരുടെ കൂട്ടായ്മ ഉണ്ടാക്കത്തക്ക വിധത്തിൽ നിർദേശിക്കപ്പെട്ട അയൽക്കൂട്ടങ്ങൾ പലതും രൂപീകരിച്ചിട്ടില്ല. പ്രായോഗിക പരീക്ഷകൾ ഫലപ്രദമായി നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാകണം. സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ദൃഢകരമാക്കുന്നതിലൂടെ മാത്രമെ നിലവിലുള്ള പരാധീനതകളും പരിമിതകളും പരിഹരിക്കാൻ കഴിയുകയുള്ളൂ.

**അനൗപചാരിക വിദ്യാഭ്യാസം:**

ജീവിതാവസാനംവരെ നീണ്ടുനിൽക്കുന്ന ഒരു തുടർപ്രക്രിയയാണല്ലോ വിദ്യാഭ്യാസം. സ്കൂളുകളിലും കോളേജുകളിലും നടക്കുന്ന ആദ്യഘട്ടങ്ങളിലെ ഔപചാരിക വിദ്യാഭ്യാസത്തിനു ശേഷം ഗ്രന്ഥശാലകളിലൂടെയും പണിസ്ഥലങ്ങളിലൂടെയും, രാഷ്ട്രീയ-സാമൂഹ്യ- സാംസ്കാരിക ജീവിത രംഗങ്ങളിലൂടെയും ലഭിക്കുന്ന ആജീവനാന്ത വിദ്യാഭ്യാസം ഔപചാരിക വിദ്യാഭ്യാസത്തെപോലെ തന്നെ പ്രധാനമാണ്. നമ്മുടെ പഞ്ചായത്തിൽ രാഷ്ട്രീയപാർട്ടികൾ, തൊഴിലാളി-കർഷക-മഹിളാ യുവജന സംഘടനകൾ, കേരളശാസ്ത്രസാഹിത്യപരിഷത്ത് മറ്റ് കലാസാംസ്കാരിക സംഘടനകൾ ഇവയൊക്കെ അനൗപചാരിക വിദ്യാഭ്യാസരംഗത്ത് നല്ല പങ്കുവഹിക്കുന്നു. ബാലസംഘം, ബാലവേദി മുതലായ കുട്ടികളുടെ സംഘടിത പ്രവർത്തനങ്ങളും, ശാസ്ത്രസാഹിത്യപരിഷത്ത് നടത്തുന്ന ബാലോൽസവം വിജ്ഞാനോൽസവം, ശാസ്ത്ര സഹവാസം തുടങ്ങിയ പ്രവർത്തനങ്ങളും കുട്ടികളുടെ അനൗപചാരിക വിദ്യാഭ്യാസത്തിനുള്ള ശക്തമായ കരുക്കളായിട്ടുണ്ട്. സാക്ഷരതാ പ്രവർത്തനത്തിൽ മുഴുവൻ ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തി പഞ്ചായത്തിനെ സമ്പൂർണ സാക്ഷരതാ പഞ്ചായത്തായി പ്രഖ്യാപിക്കാൻ നമുക്ക് കഴിഞ്ഞത് ഈയൊരു പശ്ചാത്തലത്തിലാണ്. എങ്കിലും തുടർസാക്ഷരതാ പ്രവർത്തനം നടത്തുന്നതിൽ പൂർണ പരാജയമായിരുന്നു. ഗ്രന്ഥശാലകളും മറ്റ് അനൗപചാരിക വിദ്യാഭ്യാസ ഏജൻസികളും ഈ പ്രവർത്തനം അടിയന്തിരമായി ഏറ്റെടുക്കണം. കൂടുതൽ ജനവിദ്യാകേന്ദ്രങ്ങൾ സ്ഥാപിക്കുകയും

## പട്ടിക. 1

## എരഞ്ഞോളി ഗ്രാമപഞ്ചായത്ത് സ്കൂളിന്റെ പൊതുവിവരം

| നമ്പർ | സ്കൂളിന്റെ പേര് | ഉടമസ്ഥത: ക്ലാസ്സുകൾ | ഉടമസ്ഥത: സർക്കാർ | ഉടമസ്ഥത: കെട്ടിടം | ഉടമസ്ഥത: വാടക സ്വന്തം | അംഗീകാരം: എയ്ഡഡ് | അംഗീകാരം: അൺ എയ്ഡഡ് | അംഗീകാരം: അംഗീകാരം ഇല്ലാത്തത് | കുട്ടികളുടെ എണ്ണം: ആൺ | കുട്ടികളുടെ എണ്ണം: പെൺ | കുട്ടികളുടെ എണ്ണം: ആകെ | അധ്യാപകരുടെ എണ്ണം: ആകെ വേണ്ടവർ | അധ്യാപകരുടെ എണ്ണം: നിലവിലുള്ളവർ | അധ്യാപകരുടെ എണ്ണം: ഒഴിവുകൾ | അധ്യാപകരുടെ എണ്ണം: ദീർഘകാല ലീവിലുള്ളവർ | സ്കൂൾ കോമ്പ്ലക്സിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | മറ്റുകുറിപ്പുകൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ശ്രീനാരായണ ബേസിക് യു. പി. | 1-7 | | സ്വന്തം | | എ | | | 284 | 248 | 532 | 26 | 26 | ഇല്ല | | 65 സെ. | 10 സെ. | | |
| 2 | തൈലിമുസിബിയാൻ മദ്രസ എൽ. പി. | 1-4 | | ’’ | | ’’ | | | 57 | 49 | 106 | 5 | 5 | | | 9.5 സെ. | ഇല്ല് | | |
| 3 | വടക്കുമ്പാട് നോർത്ത് ജെ. ബി. | 1-4 | | ’’ | | ’’ | | | 31 | 45 | 76 | 4 | 4 | | | 7 | ഇല്ല | | |
| 4 | വടക്കുമ്പാട് വെസ്റ്റ് ജെ. ബി. എൽ. പി. | 1-4 | | ’’ | | ’’ | | | 41 | 49 | 90 | 5 | 5 | | | | ഇല്ല | | |
| 5 | പി. സി. ഗുരുവിലാസം യു. പി. | 1-7 | | ’’ | | ’’ | | | 378 | 379 | 757 | 29 | 29 | | | | | | |
| 6 | വടക്കുമ്പാട് എച്ച്. എസ്. | 8-10 | | ’’ | | ഗവ: | | | 242 | 222 | 464 | 22 | 22 | | | | 1 ഏക്കർ | | |
| 7 | പെരുന്താറ്റിൽ എൽ. പി. | 1-4 | | ’’ | | എ | | | 38 | 53 | 91 | 4 | 4 | | | 13 സെ | 2 സെ. | | |
| 8 | മാത്തുംഭാഗം എൽ. പി. | 1-4 | | ’’ | | ’’ | | | 55 | 50 | 105 | 5 | 5 | | | | ഇല്ല | | |
| 9 | പെരുന്താറ്റിൽ വലിയ പറമ്പ്. എൽ. പി. | 1-5 | | ’’ | | ’’ | | | 73 | 76 | 149 | 5 | 5 | | | 40സെ | 5 സെ | | |
| 10 | കുടക്കളം യു. പി. | 1-7 | | ’’ | | ’’ | | | 184 | 156 | 340 | 16 | 16 | | | 19 | ഇല്ല | | |
| 11 | എരഞ്ഞോളി നോർത്ത് എൽ. പി. | 1-4 | | ’’ | | ’’ | | | 34 | 35 | 69 | 4 | 4 | | | 25 | 4 സെ | | |
| 12 | എരഞ്ഞോളി വെസ്റ്റ് യു. പി. | 1-7 | | ’’ | | ’’ | | | 130 | 78 | 208 | 15 | 15 | | | 30 | | | |
| 13 | എരഞ്ഞോളി ഈസ്റ്റ് എൽ. പി. | 1-4 | | ’’ | | ’’ | | | 41 | 35 | 76 | 4 | 4 | | | 34 | 10 | | |
| 14 | അരങ്ങേറ്റുപറമ്പ് സൗത്ത് എൽ. പി. | 1-4 | | ’’ | | ’’ | | | 47 | 34 | 81 | 4 | 4 | | | 3 | സെൻറ് | | |
| 15 | അരങ്ങേറ്റുപറമ്പ് സീനിയർ ബേസിക്ക് യു. പി. | 1-7 | | ’’ | | ’’ | | | 141 | 140 | 281 | 16 | 16 | | | 60 | ഇല്ല | | |
| 16 | | 1-6 | | ’’ | | | അൺ എ | അംഗീകാരമില്ല | | | | | | | | | | | |

## സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ    പട്ടിക 4

| | സ്കൂൾ | ആകെ ഡിവിഷൻ | കെട്ടിടങ്ങൾ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനി ആവശ്യമുള്ള മുറികൾ | ഇനി ആവശ്യമുള്ള കെട്ടിടം മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകൾ | മൂത്രപ്പുരയെ സമയത്ത് എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകൾ | കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല കിണർ / പൈപ്പ് | വൈദ്യുതി ഉണ്ട്/ഇല്ല | ഇനി ആവശ്യമുള്ള ഫർണ്ണിച്ചറുകൾ | | | | | ഓഫീസ് ഫർണ്ണിച്ചർ | പാചക മുറി |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | | | | | | | | | | നിലവിലുള്ള ഫർണ്ണിച്ചറുകൾ മതിയാവുമോ | ഡസ്ക്/ ബോർഡ് | ബെഞ്ച് | മേശ | കസേര | | |
| 1 | ശ്രീ നാരായണ ബേസിക് യു.പി | 16 | 7 | | | 5 | 13 | | 5 | ഉണ്ട് | 2 | 6 | 2 | 1 | | ഉണ്ട് | ഉണ്ട് | ഇല്ല | 20 | 25 | 10 | 15 | 8 | 1 |
| 2 | തൈലി മുസിബിയാർ മദ്രസ എൽ.പി | 4 | 1 | | | 1 | | | | ഇല്ല | ഇല്ല | | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | 5 | 3 | 5 | 1 | ഇല്ല |
| 3 | വടക്കുമ്പാട് നോർത്ത് ജെ.ബി | 4 | 1 | | | 4 | | | | ഇല്ല | | | 2 | ഇല്ല | | ഉണ്ട് | ഇല്ല | ഇല്ല | 10 | 10 | 3 | 3 | 3 | ഇല്ല |
| 4 | വടക്കുമ്പാട് വെസ്റ്റ് ജെ.ബി | 4 | 4 | | | 2 | | | 1 | ഇല്ല | | | 2 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 6 | 10 | 4 | 4 | 3 | ഉണ്ട് |
| 5 | പി.സി ഗുരു വിലാസം യു.പി | 21 | | | | 26 | | | | | 1 | 20 | 2 | 1 | | ഉണ്ട് | ഉണ്ട് | ഇല്ല | 10 | 10 | | | 2 | ഉണ്ട് |
| 6 | വടക്കുമ്പാട് എച്ച്. എസ് | 12 | 1 | | 3 | 6 | 4 | 8 | 12 | ഉണ്ട് | 2 | 10 | 4 | 1 | | കിണർ | ഉണ്ട് | ഇല്ല | 50 | 50 | 5 | 15 | 10 | |
| 7 | പേരുന്താറ്റിൽ എൽ.പി | 4 | 1 | | | 1 | 1 | | 1 | ഉണ്ട് | 1 | 10 | 1 | | | ഇല്ല | ഇല്ല | ഇല്ല | 5 | 6 | 2 | 2 | 2 | ഉണ്ട് |
| 8 | മഠത്തും ഭാഗം എൽ.പി | 4 | 1 | | | 4 | | | 2 | ഇല്ല | | | 2 | ഇല്ല | | ഇല്ല | ഇല്ല | ഇല്ല | 6 | 6 | 2 | 3 | 8 | ഇല്ല |
| 9 | പെരുന്താറ്റിൽ വലിയ പറമ്പ് എൽ.പി | 5 | 4 | | | 4 | | | | ഉണ്ട് | 1 | 10 | 2 | ഇല്ല | | കിണർ | ഇല്ല | ഇല്ല | 25 | 15 | 3 | 1 | 2 | ഇല്ല |
| 10 | കൂടക്കളം യു.പി | 12 | 2 | | | 4 | | | 2 | ഉണ്ട് | 2 | 20 | | 1 | | ഉണ്ട് | ഇല്ല | ഇല്ല | 20 | 10 | 5 | 10 | | ഇല്ല |
| 11 | എരഞ്ഞോളി നോർത്ത് എൽ.പി | 4 | 1 | | | 1 | | | 2 | ഉണ്ട് | | | 2 | | | ഉണ്ട് | ഇല്ല | ഇല്ല | 6 | 6 | 4 | 4 | 2 | ഇല്ല |
| 12 | എരഞ്ഞോളി വെസ്റ്റ് യു.പി | 9 | 2 | | | 2 | | | | ഇല്ല | 2 | 10 | 2 | 1 | | കിണർ | ഉണ്ട് | ഇല്ല | | | 2 | 2 | 1 | ഇല്ല |
| 13 | എരഞ്ഞോളി ഈസ്റ്റ് എൽ.പി | 4 | 2 | | | | | | | | 2 | 5 | | ഇല്ല | | കിണർ | ഉണ്ട | ഇല്ല | 8 | 15 | | 4 | 5 | ഉണ്ട് |
| 14 | അരങ്ങാറ്റു പറമ്പ് സൗത്ത് എൽ.പി | 4 | 2 | | | 2 | | | 1 | ഇല്ല | ഇല്ല | 2 | 2 | ഇല്ല | | ഇല്ല | ഇല്ല | ഇല്ല | 15 | 5 | 4 | 4 | 2 | ഉണ്ട് |
| 15 | അരങ്ങറ്റ് പറമ്പ് സീനിയർ ബേസിക് യു.പി | 11 | 2 | | | | | | | | 2 | 10 | | 1 | 1 | കിണർ | | ഇല്ല | 25 | 30 | | | | |

നവസാക്ഷരർക്കാവശ്യമായ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. എങ്കിൽ മാത്രമേ ഈ കുറവ് പരിഹരിക്കാനാവുകയുള്ളൂ.

## ഗ്രാമസഭകളിൽ ചർച്ചചെയ്യപ്പെട്ട പ്രശ്നങ്ങളും നിർദ്ദേശങ്ങളും

### പ്രശ്നങ്ങൾ

1. വിദ്യാർത്ഥികൾക്കിടയിലെ അക്ഷരബോധമുറയ്ക്കായക് ചില സ്കൂളുകളിലെങ്കിലും നിലനിൽക്കുന്നു.
2. ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളോടുള്ള പ്രതിപത്തി കൂടി കൂടി വരുന്നു.
3. അഞ്ചു വയസ്സു പൂർത്തിയാകുന്നതിൻെറ മുൻപേ ഒന്നാം ക്ലാസ്സിൽ ചേർക്കുന്ന പ്രവണത കണ്ടുവരുന്നു.
4. സ്കൂളുകളോടനുബന്ധമായി പ്രീപ്രൈമറിക്ലാസ്സ് ഒരു സ്കൂളിൽ മാത്രമെ നിലവിലുള്ളൂ.
5. പഞ്ചായത്തിൽ ആകെ ഒരംഗനവാടി മാത്രമെ നിലവിലുള്ളൂ.
6.പി.ടി.എ മിക്ക സ്കൂളുകളിലും സജീവമായി പ്രവർത്തിക്കുന്നില്ല.
7. അദ്ധ്യാപകർക്ക് കലാകാലങ്ങളിൽ റിഫ്രഷർ കോഴ്സുകൾ നടത്താത്തത് പഠനനിലവാരം കുറയാൻ കാരണമാകുന്നു.
8. മിക്ക സ്കൂളുകളിലും ഭൗതികസൗകര്യം മെച്ചപ്പെട്ടതല്ല.
9. നല്ല കെട്ടിടങ്ങളില്ലാത്ത, ഫർണിച്ചറുകളില്ലാത്ത, കുടിവെള്ള സൗകര്യമില്ലാത്ത, കളിസ്ഥലമില്ലാത്ത മൂത്രപ്പുര പോലുമില്ലാത്ത സ്കൂളുകൾ നിലവിലുണ്ട്.
10. ലൈബ്രറി സൗകര്യത്തിൻെറ അപര്യാപ്തത, ഉള്ളത് വേണ്ടരീതിയിൽ ഉപയോഗിക്കുന്നില്ല.
11. ഹൈസ്കൂളിൽ ലാബ് ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല.
12)ഉന്നതവിദ്യാഭ്യാസ സൗകര്യവും സാങ്കേതിക തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സൗകര്യവും ഇല്ല.
13) അനൗപചാരികമായ വിദ്യാഭ്യാസ പ്രവർത്തനവും തുടർസാക്ഷരതാ പ്രവർത്തനവും നടക്കുന്നില്ല.
14) പാഠ്യേതര പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നില്ല. 15)ഹൈസ്കൂളിലെ എസ്. എസ്.എൽ. സി. വിജയശതമാനം മോശമാണ്. 16) അയൽപക്കസ്കൂളുകളെ അവഗണിച്ചു- പട്ടണത്തിലെ സ്ളൂകളിൽ കുട്ടികളെ അയയ്ക്കുന്നത് ഒരു ഫാഷനായിരിക്കണം.

### നിർദ്ദേശങ്ങൾ

1.പാഠപുസ്തകങ്ങൾ അദ്ധ്യായനവർഷത്തിൻെറ ആരംഭത്തിൽ തന്നെ ലഭ്യമാക്കുക.
2. എല്ലാപ്രൈമറി സ്കൂളുകളിലും പ്രീ പ്രൈമറി സൗകര്യം ഏർപ്പെടുത്തുക.
3. ആറ് വയസ്സു പൂർത്തിയായാൽ മാത്രം ഒന്നാം ക്ലാസ്സിൽ ചേർക്കുക
4. രക്ഷാകർതൃ സംഘടനകളും മാതൃസമിതികളും സജീവമാക്കി രക്ഷിതാക്കളെ ബോധവൽക്കരിക്കുക.
5. പഠനഭാരവും പുസ്തക ഭാരവും കുറയ്ക്കാൻ സിലബസ് ലഘൂകരിക്കുക.
6. അദ്ധ്യാപകർക്ക് കാലാകാലങ്ങളിൽ റിഫ്രഷർ കോഴ്സുകൾ നടത്തി പഠനനിലവാരം ഉയർത്തുക.
7. അൺ എയ്ഡഡ് സ്കൂളുകൾ അനുവദിക്കാതിരിക്കുക.
8. ഉച്ചഭക്ഷണം മുഴുവൻ വിദ്യാർത്ഥികൾക്കും നൽകാനുള്ള സൗകര്യം ഏർപ്പെടുത്തണം.
9. മതിയായ ഫർണിച്ചർ, കളിസ്ഥലം, മൂത്രപ്പുര മുതലായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിൽ പഞ്ചായത്ത് പ്രത്യേകം ശ്രദ്ധിക്കണം,
10. എല്ലാ സ്കൂളുകളിലും ലൈബ്രറി സ്ഥാപിക്കുകയും ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തുകയും ചെയ്യുക.
11. ലൈബ്രറി സൗകര്യം ഇല്ലാത്ത സ്കൂളുകൾ തൊട്ടടുത്ത ഗ്രന്ഥശാലകളെ ഉപയോഗപ്പെടുത്തി പുസ്തകവിതരണം നടത്തുക.
12. ലാബ് പ്രവർത്തിക്കാനാവശ്യമായ സൗകര്യമുണ്ടാക്കണം.
13. സ്കൂൾ കോംപ്ലക്സ് പ്രവർത്തനങ്ങൾ സജീവവും കാര്യക്ഷമവുമാക്കുക.

14. കലാകായിക പ്രവൃത്തി പരിചയ പഠനത്തിനു പ്രാധാന്യം നൽകണം. ഹൈസ്കൂൾ തലം മുതൽ വിദ്യാഭ്യാസംതൊഴിലധിഷ്ഠിതമാക്കണം.

15. ഹൈസ്കൂളിൽ ക്ലാസ്സ് സുഗമമായി നടത്താൻ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ഉടനെ പൂർത്തിയാക്കുക.

16. വിദ്യാർത്ഥികൾക്ക് ഉപരിപഠന സൗകര്യങ്ങളെക്കുറിച്ച് വിവരം നൽകുന്നതും തൊഴിലന്വേഷകരെ സഹായിക്കുന്നതുമായ ഒരു ഇൻഫർമേഷൻ സെന്റർ പഞ്ചായത്തിൽ ആരംഭിക്കുക.

17. അനൗപചാരിക വിദ്യാഭ്യാസവും തുടർസാക്ഷരതാ പ്രവർത്തനവും സജീവമാക്കുക.

18. വിദ്യാർത്ഥികളിൽ സാമൂഹ്യബോധവും രാജ്യസ്നേഹവും വളർത്തിയെടുക്കുവാൻ ഉതകുന്ന ദേശീയ ദിനങ്ങൾ ആഘോഷിക്കുക.എൻ. സി. സി. സ്കൗട്ട്, ഗൈഡ്സ് മുതലായവ സജീമകാക്കുക.

19. അയൽപക്ക സ്കൂളുകളിൽ വിദ്യാർത്ഥികളെ ചേർക്കാനാവശ്യമയ നിയമ നിർമ്മാണം നടത്തുക.

20. വടക്കുമ്പാട് ഗവ: ഹൈസ്കൂൾ വൊക്കേഷനൽ ഹയർ സെക്കണ്ടറിസ്കൂൾ ആക്കുക.



# സംസ്കാരം



*കാർഷിക വൃത്തിയുമായി കെട്ടുപിണഞ്ഞുകിടന്ന സംസ്കാരമായിരുന്നു നമ്മുടേതെങ്കിലും ഇന്നത്തെ തലമുറയിലെ ഉപഭോഗ യാന്ത്രിക സംസ്കാരം നമ്മുടെ ഗ്രാമ്യ ജീവിതത്തെ പോറലേൽപ്പിച്ചുകൊണ്ടിരിക്കുന്നു.*

സാംസ്കാരിക രംഗത്ത് തനതായ വ്യക്തിത്വം കാത്തു സൂക്ഷിച്ചിട്ടുള്ള പഞ്ചായത്താണ് എരഞ്ഞോളി. പഴയ കോട്ടയം താലൂക്കിൽപ്പെട്ട ഈ ഗ്രാമത്തിന് ദേശീയ വിമോചനപോരാട്ടങ്ങളിലൂടെ കരുത്താർജ്ജിച്ച നല്ലൊരു സാംസ്കാരിക പൈതൃകമുണ്ട്. ഒരു നാടിന്റെ സാംസ്ക്കാരിക ചരിത്രം ആ പ്രദേശത്ത് ജീവിച്ച് മൺമറഞ്ഞുപോയ മഹത്വ്യക്തികളുടെ ജീവചരിത്രവുമായും, അവിടെ നിലവിലുണ്ടായിരുന്ന ഭരണക്രമം, ആചാരങ്ങൾ, ഉത്സവങ്ങൾ, തുടങ്ങിയവയുമായും ബന്ധപ്പെട്ടു കിടക്കുന്നു. കാർഷിക വൃത്തിയുമായി കെട്ടുപിണഞ്ഞുകിടന്ന സംസ്കാരമായിരുന്നു നമ്മുടേതെങ്കിലും ഇന്നത്തെ തലമുറയിലെ ഉപഭോഗ യാന്ത്രിക സംസ്കാരം നമ്മുടെ ഗ്രാമ്യ ജീവിതത്തെ പോറലേൽപ്പിച്ചുകൊണ്ടിരിക്കുന്നു.

മലയാള ചെറുകഥാപ്രസ്ഥാനത്തിൽ പ്രാതസ്മരണീയനായ ശ്രീ. വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ (കേസരി) ജൻമം കൊണ്ട് അനുഗ്രഹീതമാണ് എരഞ്ഞോളി. സംസ്കൃത പണ്ഡിതനും തച്ചുശാസ്ത്ര വിദഗ്ധനും ഗ്രന്ഥകാരനുമായ വിദ്വാൻ, എൻ. കോയിത്തട്ട, തന്റെ ജൻമം കൊണ്ടും കർമം കൊണ്ടും ഈ ഗ്രാമത്തെ ധന്യമാക്കി.

ഒരു ഗ്രാമത്തിന്റെ അഭിമാനമായി ദേശീയ വിമോചന പ്രസ്ഥാനത്തിലൂടെ കരുത്താതർജ്ജിച്ച് കർഷക-അധ്യാപകപ്രസ്ഥാനങ്ങളുടെ നെടുനായകത്വം വഹിച്ച് ഗ്രാമത്തിന്റെ ഭരണ സാരഥിയായി. സാമൂഹ്യ-സാംസ്കാരിക- രാഷ്ട്രീയ രംഗങ്ങളിൽ അതുല്യമായ വ്യക്തിത്വത്തിന് ഉടമയായ ശ്രീ. കുണ്ടാഞ്ചേരി കുഞ്ഞിരാമൻ മാസ്റ്ററെ ഈ ഗ്രാമം നെഞ്ചേറ്റി ലാളിക്കുന്നു.

നിരവധി ഗ്രന്ഥശാലകൾ വായനശാലകൾ, സ്പോർട്ട്സ് ക്ലബ്ബുകൾ, കലാസമിതികൾ, സാംസ്കാരിക കേന്ദ്രങ്ങൾ, കളരികൾ ജിംനേഷ്യങ്ങൾ, ആരാധനാലയങ്ങൾ,ഇവയൊക്കെ ഈ പ്രദേശത്തിന്റെ സാംസ്കാരിക വളർച്ചയെ ഏറെ സഹായിച്ചിട്ടുണ്ട്. ഗ്രാമീണരുടെ ഒത്തുചേരലിനു വേദിയായിരുന്ന ഗ്രന്ഥശാലകളും കലാസമിതികളും, ക്ലാസ്സിക്കൽ കലകളും, നാടൻ കലാരൂപങ്ങളായ തെയ്യം, പൂരക്കളി, കോൽക്കളി തുടങ്ങിയവ സാമൂഹ്യ ജീർണ്ണതയ്ക്കെതിരെ ഒരു സമരായുധമായി ഉപയോഗപ്പെടുത്തിയിരുന്നു.

## മതവിഭാഗങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ

സമൂഹത്തിന്റെ വികസനത്തെയും ചലനാത്മകതയെയും പറ്റി ചിന്തിക്കുന്ന ഏതൊരു പ്രസ്ഥാനവും അതിന്റെ വിശ്വാസങ്ങളും ആചാരങ്ങളും അപഗ്രഥനാത്മകമായി പരിശോധിക്കേണ്ടത് അത്യാവശ്യമാണ്. മതേതരമായ കാഴ്ചപ്പാട് നമ്മുടെ ഗ്രാമത്തിലെ പൊതുപ്രവർത്തനത്തിന്റെയും, രാഷ്ട്രീയ പ്രവർത്തനത്തിന്റെയും ഭാഗമായിരുന്നു. പഞ്ചായത്തിലെ ജനവിഭാഗങ്ങളിൽ ഭൂരിപക്ഷവും ഹിന്ദുമതത്തിൽ

പെട്ടവരാണ്. ഇസ്ലാം മതവിശ്വാസികളും ഇവിടെ ഉണ്ട്. അടുത്ത കാലത്തായി അങ്ങിങ്ങായി ക്രിസ്തു മതവിശ്വാസികളും പാർപ്പിടക്കാരായി മാറിയിട്ടുണ്ട്.

ജാത്യാധിഷ്ഠിത സാമൂഹ്യബന്ധത്തിൻെറ ഭാഗമായി തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ തുടങ്ങിയ അനാചാരങ്ങൾ ഇവിടെ നിലനിന്നിരുന്നു. ജാതി വ്യവസ്ഥയെ അടിസ്ഥാനമാക്കിയ തൊഴിൽ വിഭജനമായിരുന്നു അന്നുണ്ടായത്.

1970 ൻെറ തുടക്കത്തിൽ തലശ്ശേരിയിൽ നടന്നിരുന്ന വർഗീയ കലാപത്തിൻെറ കളങ്കം നമ്മുടെ പഞ്ചായത്തിൻെറ ചിലഭാഗങ്ങളെ ബാധിച്ചിരുന്നവെങ്കിലും, പുരോഗമനകാംക്ഷികളുടെയും, വിപ്ലവ പ്രസ്ഥാനങ്ങളുടേയും കൂട്ടായ്മയിലൂടെ ഗ്രാമത്തിലെ സാമുദായിക സൗഹാർദ്ദവും മതമൈത്രിയും നില നിർത്തുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

പുല, വാലായ്മ, തിരണ്ടു കല്യാണം, കാതുകുത്ത്, വണ്ണാത്തി മാറ്റ്, പുടവമുറി, പുളുകുടി, നാൽപ്പതടിയന്തരം, മന്ത്രിച്ചുകെട്ട്, കൊടഞ്ഞുകുളി, ഉഴിഞ്ഞുമാന്തം, അടയാളപ്പണം, മച്ചൂനൻ പണം, കെട്ടിക്കുറി തുടങ്ങിയ ആചാരങ്ങൾ ഇവിടെ നിലനിന്നിരുന്നു.

അരിയിലെഴുത്ത്, നാൽപ്പതടിയന്തിരം, ചോറൂണ്, പേരുവിളി, മന്ത്രിച്ചുകെട്ട് മുതലായ ആചാരങ്ങൾ ചില പ്രദേശങ്ങളിൽ ഇന്നും നിലനിൽക്കുന്നു. വിവാഹം, മരണം മുതലായവയുമായി ബന്ധപ്പെട്ട ചടങ്ങുകൾക്ക് ഈയിടെയായി വീണ്ടും പ്രാധാന്യം കൈവന്നിട്ടുണ്ട്. വാവൊരിക്കൽ, ഏകാദശിവ്രതം, തിങ്കളാഴ്ചവ്രതം, പൂജ, നവരാത്രി വ്രതം, ശിവരാത്രി വ്രതം, ബലിയിടൽ, പൈങ്കുറ്റി തുടങ്ങിയ അനുഷ്ഠാനങ്ങൾ ഇന്നും പ്രചാരത്തിലുണ്ട്. മുസ്ലീം ജനവിഭാഗങ്ങൾ കാതുകുത്ത്, സുന്നത്ത്, മൈലാഞ്ചി, കാനോത്ത് തുടങ്ങിയ ആചാരങ്ങളും നൊയമ്പ്, ദുആയരക്കൽ, റാത്തീബ്, മൗലൂദ്, മന്ത്രിക്കൽ തുടങ്ങിയ അനുഷ്ഠാനങ്ങളും നിലവിലുണ്ട്. സ്ത്രീധനം വാങ്ങി വിവാഹം കഴിക്കുന്ന പ്രവണത അടുത്തകാലങ്ങളിലായി അങ്ങിങ്ങായി തല ഉയർത്തുന്നത് ആശങ്കാജനകമാണ്. പതിറ്റാണ്ടുകളായി നാം പടിപടിയായി വളർത്തിയെടുത്ത സാംസ്ക്കാരിക ബോധം സംരക്ഷിക്കാനുള്ള ബാധ്യത നമുക്ക് ഓരോരുർത്തർക്കുമുണ്ട്.

കാവുകളിലെ അനുഷ്ഠാനങ്ങളും, തെയ്യക്കോലങ്ങളും, നാടൻകലാരൂപങ്ങളെന്ന നിലയിൽ ഏവരെയും ആകർഷിക്കുന്നതാണ്. നമ്മുടെ കാവുകളുടെ പഴയ സ്വഭാവം നഷ്ടപ്പെടുകയും ക്ഷേത്ര കേന്ദ്രീകൃത സംസ്ക്കാരത്തിൻെറ ഭാഗമായി മാറുകയും ചെയ്യുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ജനങ്ങളുടെ സംഘം ചേരലിന് വേദിയായ നിരവധി ആരാധനാലയങ്ങൾ ഇവിടെയുണ്ട്. വിവിധ സമുദായങ്ങളുടെ ആരൂഢമായിരുന്നു മിക്ക കാവുകളും ക്ഷേത്രങ്ങളും. ഉത്തരകേരളത്തിലെ പ്രധാന കാവുകളിലൊന്നായ ശ്രീ. നെടുങ്കോട്ട് ഭഗവതി ക്ഷേത്രത്തിൽ പന്ത്രണ്ടോളം തെയ്യകോലങ്ങൾ കെട്ടിയാടുന്നു. ലിഖിതപ്രകാരം 39 ഓളം തെയ്യങ്ങൾ കെട്ടിയാടിയിരുന്നു. 101 മടൽ ഓലകൊണ്ട് 41 അടി ഉയരത്തിൽ കെട്ടിയുണ്ടാക്കുന്ന തിരുമുടിയാണ് ഇവിടത്തെ ഉത്സവത്തിൻെറ പ്രത്യേകത. എരഞ്ഞോളിയിലെ ഒരു ദേശീയ ഉത്സവമാണിത്. തെയ്യക്കോലങ്ങൾ കെട്ടിയാടുന്ന ധാരാളം കാവുകൾ നമുക്കുണ്ട്. മലയർ, അഞ്ഞൂററർ, മുന്നൂറ്റർ, വണ്ണാൻ എന്നീ ജാതിയിൽപ്പെട്ടവരാണ് തെയ്യക്കോലങ്ങൾ കെട്ടിയാടുന്നത്. ആട്ടത്തിൽ മാത്രമല്ല ആചാരാധികാരങ്ങളിലും വ്യത്യസ്ഥ ജാതിയിൽ പെട്ടവർക്ക് പ്രത്യേകം പ്രത്യേകം സ്ഥാനങ്ങളുണ്ടായിരുന്നു.

എരഞ്ഞോളിയിലെ തിറ ഉത്സവം ആരംഭിക്കുന്നത് പുനിക്കോൾകാവിലെ ധനു 10ാം തീയ്യതിയിലെ തിറയോടുകൂടിയാണ്. നിടുങ്ങോട്ടുകാവ് തിറയോടുകൂടി ഈ ഗ്രാമത്തിലെ തിറയുത്സവങ്ങൾക്ക് സമാപനമായി.

വടക്കുമ്പാട് ജുമാഅത്ത് പള്ളി- സ്രാമ്പി എന്നിവയാണ് മുസ്ലീം ആരാധനാലയങ്ങൾ. രണ്ട് മദ്രസ്സയിലായി നിരവധി കുട്ടികൾ മതപഠനം നടത്തുന്നു.

കാർഷിക സംസ്കാരത്തിൻെറയും കൊയ്ത്തുത്സവങ്ങളുടെയും ഭാഗമായിരുന്ന ആടി, വേടൻ, കോതാമൂരി, ഓണപ്പൊട്ടൻ, കാമനകുത്തൻ തുടങ്ങിയ നടോടികലകളൊക്കെ അന്യം നിൽക്കുകയാണ്. പൂരക്കളി, കോൽക്കളി, നാടൻപാട്ടുകൾ, തുടങ്ങിയവയൊക്കെ ഒരു പ്രദേശത്തിൻെറ സാംസ്കാരിക പൈതൃകത്തിൽ പ്രധാനപ്പെട്ടതാണ്. പൂരക്കളി പരിശീലനം ലഭിച്ച നിരവധി ചെറുപ്പക്കാർ വടക്കുമ്പാട് കാളി പ്രദേശത്തുണ്ട്. ശ്രീ.

വേലാണ്ടി കുഞ്ഞമ്പു, കരിമ്പന കുഞ്ഞിക്കണ്ണൻ മാത്തിൽ കൃഷ്ണൻ, മാത്തിൽ ചന്തു എന്നിവർ പൂരക്കളി ആശാന്മാരായിരുന്നു. ശ്രീ. കുഞ്ഞിക്കണ്ണൻ ഗുരുക്കളുടെ നേതൃത്വത്തിൽ പരിശീലനം ലഭിച്ച കോൽക്കളി സംഘം പാറക്കെട്ട് ഭാഗത്തുണ്ട്. ഈ രണ്ടു സംഘങ്ങളും ഒരു ടീം എന്ന നിലയിൽ കൂടുതൽ സജീവമാവേണ്ടതുണ്ട്. ചെണ്ടകൊട്ടിൽ പരിശീലനം ലഭിച്ച കുറെ ചെറുപ്പക്കാർ വടക്കുമ്പാടു പ്രദേശത്ത് നിലനില്ക്കുന്നു.

**പട്ടിക. 1**

**ആരാധനാലയങ്ങൾ**

| നമ്പർ | വാർഡ് | പേര് |
|---|---|---|
| 1 | 1 | കോരച്ചങ്കണ്ടി ഭഗവതി ക്ഷേത്രം |
| 2 | 1 | പുളിഞ്ഞോളിക്കാവ് |
| 3 | 1 | മഞ്ഞത്ത് ഭാഗത്ത് ക്ഷേത്രം |
| 4 | 1 | കടിയന്താറ്റിൽ ക്ഷേത്രം |
| 6 | 1 | വടക്കുമ്പാട് സ്രാമ്പി |
| 7 | 2 | മണോളി ക്ഷേത്രം |
| 8 | 2 | പന്ന്യോട്ട് ഭഗവതി ക്ഷേത്രം |
| 9 | 3 | മേക്കിലേരിക്ഷേത്രം |
| 10 | 3 | ശ്രീ. കാവുള്ളതിൽ കാളി ക്ഷേ(ത്രം |
| 11 | 3 | പുനിക്കോൾ ക്ഷേത്രം |
| 12 | 3 | ജുമാഅത്ത് പള്ളി |
| 13 | 6 | കോയിത്തട്ട ഭഗവതി ക്ഷേത്രം (ആശാരിക്കാവ്) |
| 14 | 8 | മലാൽ മഠപ്പുര |
| 15 | 8 | പുതിയാണ്ടിക്കാവ് |
| 16 | 9 | പനക്കാടൻ മലയംകാവ് |
| 17 | 11 | ശ്രീ. നെടുങ്കോട്ട് ഭഗവതി ക്ഷേത്രം |

**കലാ-സാംസ്കാരിക സ്ഥാപനങ്ങൾ**

പുതിയ ആശയങ്ങളും സമീപനങ്ങളും ജനങ്ങളിലേക്ക് കൈമാറി ഗ്രാമജീവിതത്തിന് കരുത്തേകിയ നിരവധി സാംസ്കാരിക സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. എരഞ്ഞോളി ഗ്രാമീണ കലാസമിതിയാണ്പഞ്ചായത്തിൽ ആദ്യം വന്ന കലാസമിതി. ഈ കലാസമിതിയുടെ ആവിർഭാവത്തിന് നാന്ദികുറിച്ചത് കുടക്കളം ഭാഗത്ത് രൂപം കൊണ്ട ജ്ഞാനോദയ കലാസമിതിയാണ്. 1949 ൽ മെയ് 11ാം തീയതിയാണ് ഈ സമിതി രൂപീകരിക്കപ്പെട്ടത്. സാമൂഹ്യ-രാഷ്ട്രീയ രംഗത്ത് ഒട്ടേറെ വെല്ലുവിളികൾ ഏറ്റെടുത്ത് ഈ സമിതി നടത്തിയപ്രവർത്തനം പിൽക്കാല രാഷ്ട്രീയ വളർച്ചയ്ക്ക് ഏറെ സഹായകമായിട്ടുണ്ട്. തീവ്രമായ സാമൂഹ്യപ്രതിബദ്ധതയോടെ സ്വന്തമായ കലാശില്പങ്ങളും നാടകമെന്ന ജനകീയ മാധ്യമമായി ജില്ലയിലെ മാത്രമല്ല സംസ്ഥാനത്തിലെ തന്നെ പല പ്രദേശങ്ങളിലും ഈ സമിതി സഞ്ചരിച്ചിരുന്നു. ശ്രീ. എൻ. സി. കണ്ണൻ,

കെ. ടി. വാസു, എന്നിവർ ഈ സമിതിയുടെ നേതൃത്വപരമായ പങ്കുവഹിച്ച കലാകാരൻമാരായിരുന്നു. സ്ത്രീകൾ അടുക്കള വാഴേണ്ടുന്നവരാണെന്ന സാമൂഹ്യബോധം നിലനിന്നിരുന്ന കാലത്ത് സധൈര്യം നിരവധി നാടകങ്ങളിൽ അഭിനയിച്ച മണ്ടോളി അംബുജാക്ഷി, ശ്രീമതി മേക്കിലേരി മാധവി എന്നിവർ നമ്മുടെ ഗ്രാമത്തിലെ സാംസ്കാരിക നവോത്ഥാനത്തിന് നൽകിയ സംഭാവന സ്മരണീയമാണ്.

പ്രത്യാഘാതം, ശുദ്ധീകരണം, വോട്ടും ഓട്ടവും, രാമരാജ്യത്തിലെ കർഷകർ, എൻെറ ഗാനം, കലിയുഗ പരദേവത, വിധികൂടം, രക്തസാക്ഷികളുടെ ആഹ്വാനം, അനുഭവത്തിൽ നിന്ന്, പദ്യാഭിനയം, പാട്ടബാക്കി, ഉദ്യോഗത്തിനുവേണ്ടി, അടുക്കള രഹസ്യം, കർഷകൻെറ കണ്ണുനീർ, പിരിച്ചുവിടൽ, ഓമനേ നിയെൻെറ സ്വത്താണ് തുടങ്ങിയവയായിരുന്നു എരഞ്ഞോളി ഗ്രാമീണ കലാസമിതി അവതരിപ്പിച്ചിരുന്ന കലാപരിപാടികൾ.ഇന്ന് ഈ സമിതി നിലവിലില്ല. 18 കലാസാംസ്കാരിക സ്ഥാപനങ്ങൾ ഇന്ന് പഞ്ചായത്തിലുണ്ട്. ( പട്ടിക 2 നോക്കുക) സംഗീതനാടക അക്കാദമിയുടെ അംഗീകാരമുള്ള കെ.പി. എ. എം. കലാവേദി, സോഡിയാക് പെരുന്താറ്റിൽ, നവജ്യോതി വായനശാല, ( മഠത്തുംഭാഗം) ശ്രീനാരായണ വായനശാല, എസ്. എൻ. പുരം, മയൂരി കലാസെൻറർ വാടിയിൽ പീടിക, അനശ്വര തിയേറ്റേഴ്സ് തുടങ്ങിയ സാംസ്കാരിക സ്ഥാപനങ്ങൾ വാർഷികങ്ങളും കലാമത്സരങ്ങളും നടത്താറുണ്ട്. 'കല' എരഞ്ഞോളിക്ക് ഒരു പ്രൊഫഷണൽ നൃത്ത നാടക ട്രൂപ്പുണ്ട്. ശാസ്ത്രീയ സംഗീതം, നൃത്തം ഉപകരണ സംഗീതം തുടങ്ങിയവയിൽ പരിശീലനം നൽകുന്ന കലാസാംസ്ക്കാരിക സ്ഥാപനങ്ങളാണ് ' കല' എരഞ്ഞോളി, മയൂരി കലാ സെൻറർ, കെ. പി. എ. എം. കലാവേദി, എസ്. എൻ. കലാവേദി എന്നിവ.

പെരുന്താറ്റിൽ മഹിളാസമാജം, എസ്. എൻ. പുരം മഹിളാ വിഭാഗം, കുടക്കളം മഹിളാ സമാജം തുടങ്ങിയ സംഘങ്ങൾ കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടാറുണ്ട്. കേരള ശാസ്ത്രസാഹിത്യ പരിഷത്തൻെറ നേതൃത്വത്തിൽ എസ്. എൻ. പുരത്ത് വനിതാ കലാ ട്രൂപ്പുണ്ടായിരുന്നു.

സാംസ്കാരിക രംഗത്തെ ഒരു മുന്നേറ്റമായിരുന്നു വ്യാജമദ്യവാറ്റിനും വിൽപ്പനയ്ക്കുമെതിരെ മലാൽ പ്രദേശത്തെ സ്ത്രീകൾ തനതായി സംഘടിപ്പിച്ച ചെറുത്ത് നിൽപ്പ്. സാമൂഹ്യ പ്രശ്നങ്ങളിൽ സ്ത്രീ പങ്കാളിത്തത്തിൻെറ പ്രസക്തി ബോധ്യപ്പെടുത്തുന്നതായിരുന്നു ഈ പ്രവർത്തനം.

**ഗ്രന്ഥശാലകൾ**

നമ്മുടെ ഗ്രാമത്തിൻെറ സാംസ്കാരിക മുന്നേറ്റത്തിൽ നിർണ്ണായക പങ്കു വഹിച്ച നിരവധി ഗ്രന്ഥാലയങ്ങൾ വിവിധ ഘട്ടങ്ങളിൽ ഇവിടെ ഉയർന്നുവന്നിട്ടുണ്ട്. 1934 ൽ നെടുങ്ങോട്ട് ഭാഗത്ത്സ്ഥാപിച്ച ' നവജീവൻ' മന്ദിരം വായനശാല ആൻഡ് ഗ്രന്ഥാലയം 1959വരെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. പിന്നീട് ഈ സ്ഥാപനം നിലനിന്നില്ല. 1948 ൽ സ്ഥാപിതമായ ശ്രീനാരായണ വായനശാല ആൻഡ് ഗ്രന്ഥാലയം (എസ്. എൻ.പുരം) ഇന്നും മെച്ചപ്പെട്ട പ്രവർത്തനമാണ് കാഴ്ചവെക്കുന്നത്. കേരളാ സ്റ്റെയിറ്റ് ലൈബ്രറി കൗൺസിൽ അംഗത്വമുള്ള ഗ്രന്ഥശാലകളുടെ എണ്ണം പഞ്ചായത്തിൽ നാലാണ്. ആകെ 8 ഗ്രന്ഥാലയങ്ങളുണ്ട്. ഗ്രന്ഥശേഖരം ഉള്ളവയും ഇല്ലാത്തവയുമായ 27 വായനശാലകൾ ഉണ്ട്. 6 ലൈബ്രറികൾക്ക് സ്വന്തം കെട്ടിടമുണ്ട്. എസ്. എൻ. പുരം വായനശാലയോടനുബന്ധിച്ച് ഗ്രാമീണ വിജ്ഞാന വികസന കേന്ദ്രവും കുട്ടികളുടെ ലൈബ്രറിയും പ്രവർത്തിച്ചു വരുന്നു.

**മാധ്യമങ്ങൾ:**

ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായന വ്യാപകമായിട്ടുണ്ടെങ്കിലും ഗൗരവമുള്ള പ്രസിദ്ധീകരണങ്ങളുടെ വായന പൊതുവെ കുറഞ്ഞു വരുന്നുണ്ട്. പഞ്ചായത്തിലെ 13 പൊതു സ്ഥാപനങ്ങളിൽ ടെലിവിഷനും 8 പൊതു സ്ഥാപനങ്ങളഇൽ റേഡിയോവും പ്രവർത്തിക്കുന്നു. 4 കേബിൾ ടി. വി. ശൃംഖലയും ഒരു സിനിമാതിയേറ്ററും ഇവിടെ ഉണ്ട്. സാധാരണക്കാരൻെറ അകത്തളത്തിലേക്കുള്ള ദൂരദർശൻെറ കടന്നുകയറ്റം സാംസ്കാരിക മലിനീകരണത്തിനും സമൂഹം കുടുംബത്തിലേക്കും വ്യക്തകളിലേക്കും ഉൾവലിയുന്ന വിനാശകരമായ പ്രവണതക്കും ആക്കം കൂട്ടുന്നു. കേബിൾ ടി.വി. ചാനലിൻെറ ഒറ്റപ്പെട്ട സാന്നിദ്ധ്യവും സാംസ്കാരിക മലിനീകരണത്തിൻെറ ഗതിവേഗം കൂട്ടാൻ ഇടയുണ്ട്.

ദേശാഭിമാനി, മാതൃഭൂമി, മലയാള മനോരമ, കേരള കൗമുദി തുടങ്ങിയ മിക്ക ദിനപ്പത്രങ്ങളും, വാരികകളും

മാസികകളും, ചില സായാഹ്ന പത്രങ്ങളും ഇവിടെ പ്രചാരത്തിലുണ്ട്. കേരള ശാസ്ത്രസാഹിത്യപരിഷത്തിന്റെ ബാലമാസികയായ യുറീക്ക പ്രചരിക്കുന്നുണ്ടെങ്കിലും കൂടുതൽ വായിക്കപ്പെടുന്നത് മറ്റു ബാലമാസികകളാണ്. ഗൗരവപൂർണ്ണമായ വായന കുട്ടികളിലും നടക്കുന്നില്ല എന്നാണ് ഇത് കാണിക്കുന്നത്. കലാമാധ്യമത്തെ സാമൂഹ്യമാറ്റത്തിനുള്ള സമരായുധമായി ഉപയോഗിച്ചിരുന്ന പഴയ ശൈലി ഇന്ന് കൈമോശം വന്നിട്ടുണ്ട്. എല്ലാ പ്രവർത്തനങ്ങളിലും നാട്ടുകാരുടെ മുൻകൈ ലഭിച്ചിരുന്ന നില ഇല്ലാതാവുന്ന പ്രവണത ആശങ്കാജനകമാണ്.

ചിത്രകലയിൽ 1987 ലെ കേരള ലളിത കലാ അക്കാദമി അവാർഡ് നേടിയ ശ്രീ. ജീവൻചി എരഞ്ഞോളി സ്വദേശിയാണ്. കേരളത്തിലും പുറത്തും നിരവധി ചിത്രകല, പ്രദർശനങ്ങളിൽ പങ്കെടുത്ത ഇദ്ദേഹം ചിത്രകലയിൽ തനിമ നിലനിർത്തുന്ന ഒരു കലാകാരനാണ്.

**പട്ടിക.2**
**സാംസ്കാരിക സ്ഥാപനങ്ങൾ**

| നമ്പർ | വാർഡ് | പേര് |
|---|---|---|
| 1 | 1 | കെ. പി. എ.എം. കലാവേദിതം |
| 2 | 2 | അന്വശര കലാവേദി |
| 3 | 3 | എസ്. എൻ. കലാവേദി |
| 4 | 4 | നവജ്യോതി |
| 5 | 4 | സാംസ്കാരിക സമിതി പാറക്കെട്ട് |
| 6 | 4 | സമന്വയ സാംസ്കാരിക വേദി |
| 7 | 5 | സംസ്കാര മഠത്തും ഭാഗം |
| 8 | 6 | സോഡിയാക് ഫ്രൻറ്സ് |
| 9 | 7 | കുണ്ടാഞ്ചേരി കുഞ്ഞിരാമൻ മാസ്റ്റർ സാംസാക്രിക നിലയം |
| 10 | 11 | കല എരഞ്ഞോളി |
| 11 | 11 | മയൂരി കലാസംഘം |

**ശ്രീനാരായണ മഠങ്ങൾ**

കേരളീയ നവോത്ഥാന നായകനായ ശ്രീനാരായണ ഗുരുവിന്റെ നാമധേയത്തിൽ 7 മഠങ്ങൾ ഇവിടെ ഉണ്ട്. സാമൂഹ്യപരിഷ്കരണത്തോടൊപ്പം വർഗ്ഗ ബഹുജന പ്രസ്ഥാനങ്ങളുടെ വളർച്ചയിൽ വളരെ നല്ല പങ്കുവഹിച്ചിരുന്ന സ്ഥാപനങ്ങളാണ് ഇവയൊക്കെ. എന്നാൽ ഇന്ന് ഈ സ്ഥാപനങ്ങളിൽ ചിലത് ശ്രീ നാരായണ ജയന്തി ആഘോഷിക്കുക എന്ന ഒറ്റ പ്രവർത്തനത്തിൽ ഒതുങ്ങിക്കൂടുകയാണ്. സായാഹ്നങ്ങളെ ആരോഗ്യകരമായ സംവാദത്തിലൂടെ ധന്യമാക്കുകയും സാമുഹ്യമായ ഒത്തുചേരലിന് വേദി ഒരുക്കുകയും ചെയ്ത സമ്പന്നമായൊരു കാലഘട്ടമാണ് മിക്ക മഠങ്ങൾക്കും പറയാനുള്ളത്. എന്നാൽ ഇന്ന് സ്ഥാപനങ്ങളുടെ സാമ്പത്തിക സുസ്ഥിരതക്കുള്ള പ്രവർത്തനങ്ങൾ മുഖ്യ സ്വഭാവമായി മാറിയിരിക്കുന്നു. ഇവയെ സാംസ്ക്കാരിക കേന്ദ്രങ്ങളായി വളർത്തുവാനുള്ള ബോധപൂർവ്വമായ പരിശ്രമം ഉണ്ടാവേണ്ടതുണ്ട്.

പട്ടിക.3
ശ്രീനാരായണ മഠങ്ങൾ

| നമ്പർ | വാർഡ് | പേര് |
|---|---|---|
| 1 | 3 | ശ്രീനാരായണ മഠം തോട്ടുമ്മൽ |
| 2 | ന | ശ്രീനാരായണ മന്ദിരം മത്തുംഭാഗം |
| 3 | 6 | ശ്രീനാരായണ മഠം, പെരുന്താറ്റിൽ |
| 4 | 7 | ശ്രീനാരായണ മഠം, കൊടക്കളം |
| 5 | 9 | ശ്രീനാരായണ മഠം, ചുങ്കം |
| 6 | 11 | ശ്രീനാരായണ മഠം, പാറാൽ |
| 7 | 11 | ശ്രീനാരായണ മഠം, അരങ്ങേറ്റു പറമ്പ് |

**കായിക സ്ഥാപനങ്ങൾ**

ഇച്ഛാശക്തിയുള്ള, ആത്മവിശ്വാസമുള്ള, അരോഗദൃഢഗാത്രരായ ഒരു ജനതയെ വാർത്തെടുക്കലാണ് പ്രബുദ്ധമായ കായിക സംസ്ക്കാരത്തിന്റെ സാമൂഹ്യ കടമ. നല്ലൊരു കായിക സംസ്ക്കാരം പാരമ്പര്യമായി നമുക്കുണ്ടായിരുന്നു.

പഞ്ചായത്തിലെ പ്രധാനപ്പെട്ട ജനകീയ കായികവിനോദം ഫുട്ബാൾ ആണ്. കഴിഞ്ഞ 35 വർഷമായി വടക്കുമ്പാട് ലക്കിസ്റ്റാർ സ്പോർട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടക്കുന്ന ശ്രീ. സി.കുഞ്ഞിരാമൻ മാസ്റ്റർ സ്മാരക ഫുട്ബാൾ ടൂർണ്ണമെന്റും 7 വർഷമായി എരഞ്ഞോളി യുവജന സ്പോർട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തുന്ന കുണ്ടാഞ്ചേരി കുഞ്ഞിരാമൻ മാസ്റ്റർ സ്മാരക ഫുട്ബാൾ ടൂർണ്ണമെന്റും എരഞ്ഞോളിയിലെ ജനകീയ കായികോത്സവമാണ്. നിരവധി ഫുട്ബാൾ താരങ്ങളെ ഈ മത്സരങ്ങൾ സംഭാവന ചെയ്തിട്ടുണ്ട്. വടക്കുമ്പാട്ടെ കെ. കെ.രാഘവൻ ബാംഗ്ലൂർ, മദ്രാസ് കണ്ണൂർ ലക്കി സ്റ്റാർ, തുടങ്ങിയ ടീമുകളിലെ മികച്ച ഫുട്ബാൾ കളിക്കാരനായിരുന്നു.

വിവിധ ക്ലബ്ബുകൾ നടത്തിയ കായിക മത്സരങ്ങൾ കമ്പവലി മൽസരം, കബഡി മത്സരം തുടങ്ങിയവയും കായിക താരങ്ങൾക്ക് അവരുടെ കഴിവ് വർദ്ധിപ്പിക്കുവാൻ സഹായിച്ചിട്ടുണ്ട്. സമീപകാലത്ത് ചില ക്രിക്കറ്റ് ക്ലബ്ബുകൾ ക്രിക്കറ്റു മൽസരങ്ങളും സംഘടിപ്പിക്കുന്നുണ്ട്. ചെസ്, കേരംസ്, ടൂർണ്ണമെന്റുകൾ നടത്തുന്ന ക്ലബ്ബുകളും ഇവിടെ ഉണ്ട്. കുണ്ടാഞ്ചേരി കുഞ്ഞിരാമൻ മാസ്റ്റർ സ്മാരക മിനിസ്റ്റേഡിയം, വടക്കുമ്പാട് ഹൈസ്കൂൾ ഗ്രൗണ്ട് പഞ്ചായത്തിലെ മറ്റ് സ്കൂൾ ഗ്രൗണ്ടുകൾ എന്നിവയാണ് ഉപയോഗിക്കപ്പെടുന്ന കളിക്കളങ്ങൾ.

വടക്കുമ്പാട് മുണ്ടോളി വയലിൽ പഞ്ചായത്തിന് സ്വന്തമായി ഒരു കളിക്കളമുണ്ടാക്കുക എന്ന ചിരകാലസ്വപ്നം ഇനിയും നടപ്പിലാക്കപ്പെട്ടിട്ടില്ല. സ്കൂളുകളിൽ പോലും കായിക മത്സരങ്ങൾക്ക് പ്രാധാന്യം കുറഞ്ഞുവരികയാണ്.

## പട്ടിക 4
## ഗ്രന്ഥാലയങ്ങൾ

| വാർഡ് | പേര് | സ്ഥാപിത വർഷം | അംഗം | ഗ്രന്ഥം | ഗ്രേഡ് | പ്രതിദിന വിതരണം | മറ്റു കുറിപ്പുകൾ |
|---|---|---|---|---|---|---|---|
| 1 | ആർഷപോഷിണി വായനശാല ആൻഡ് ഗ്രന്ഥാലയം വടക്കുമ്പാട് | 1955 | 330 | 4895 | C | 21 | സ്വന്തം കെട്ടിടം |
| 3 | ശ്രീനാരായണവായനശാല ആൻഡ് ഗ്രന്ഥാലയം എസ്, എൻ. പുരം | 1948 | 260 | 6051 | B | 44 | സ്വന്തം കെട്ടിടം, ഗ്രാമീണ വിജ്ഞാന വികസനകേന്ദ്രം കുട്ടികളുടെ ലൈബ്രറി പുസ്തകം വീട്ടിൽ എത്തിക്കുന്നു. |
| 3 | ശ്രീനാരായണ റിക്രിയേഷൻ ക്ലബ്ബ് ആൻഡ് ലൈബ്രറി, തോട്ടുമ്മൽ | 1976 | 298 | 1661 | | 15 | സ്വന്തം കെട്ടിടം |
| 4 | സാംസ്കാരിക സമിതി, ബാലൻ നമ്പ്യാർ സ്മാരക വായനശാല ആൻഡ് ഗ്രന്ഥാലയം പാറക്കെട്ട് | 1966 | 50 | 400 | | വിതരണമില്ല | സ്വന്തം കെട്ടിടം |
| 6 | വാസു മെമ്മോറിയൽ ലൈബ്രറി ആൻഡ് റീഡിംഗ് റൂം | 1963 | 200 | 2876 | C | 25 | വാടകകെട്ടിടം |
| 7 | ശ്രീനാരായണ വായനശാല ആൻഡ് ഗ്രന്ഥാലയംകൊടക്കളം | 1986 | 20 | 900 | | 10 | സ്വന്തം കെട്ടിടം |
| 9 | എരഞ്ഞോളി യുവജന ക്ലബ്ബ് ലൈബ്രറി ആൻഡ് റീഡിംഗ് റൂം | 1957 | 300 | 11000 | B | 40 | സ്വന്തം കെട്ടിടം ഫുട്ബോൾ ടൂർണമെൻറ് നടത്തുന്നു |
| 11 | വാസു മെമ്മേറിയൽ ഗ്ലബ്ബ് ലൈബ്രറി ആൻഡ് റീഡിംഗ് റൂം വാടിയിൽ പീടിക | 1962 | 102 | 1069 | | 15 | വാടകകെട്ടിടം |

## പട്ടിക 5
## കായിക സ്ഥാപനങ്ങൾ

| നമ്പർ | വാർഡ് | പേര് |
|---|---|---|
| 1 | 1 | വി. കെ. സി. സ്പോർട്സ് ക്ലബ്ബ്, വടക്കുമ്പാട് |
| 2 | 2 | ലക്കിസ്റ്റാർ സ്പോർട്സ് ക്ലബ്ബ്, വടക്കുമ്പാട് |
| 3 | 3 | അറഫ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്, തോട്ടുമ്മൽ |
| 4 | 3 | യംഗ് ഇന്ത്യാ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്, തോട്ടുമ്മൽ |
| 5 | 3 | ശ്രീനാരായണ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്, തോട്ടുമ്മൽ |
| 6 | 3 | എസ്. എൻ. സ്പോർട്സ്, എസ്സ് എൻ പുരം |
| 7 | 3 | റെഡ്സ്റ്റാർ സ്പോർട്സ് ക്ലബ്ബ്- വടക്കുമ്പാട് (എച്ച് എസി നുസമീപം) |

| നമ്പർ | വാർഡ് | പേര് |
|---|---|---|
| 8 | 3 | പ്രിയദർശിനി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്, വങ്ങണച്ചാൽ |
| 9 | 4 | നവജ്യോതിആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്, മഠത്തുംഭാഗം |
| 10 | 4 | പാട്യം ഗോപാലൻ സ്മാരക ക്ലബ്ബ് മഠത്തും ഭാഗം |
| 11 | 4 | സി. എച്ച് കണാരൻ സ്മാരകക്ലബ്ബ് , സി. എച്ച്. നഗർ |
| 12 | 6 | എ. കെ. ജി. ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, പെരുന്താറ്റിൽ |
| 13 | 6 | മഹാത്മാ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്, പെരുന്താറ്റിൽ |
| 14 | 6 | യുവഭാരത് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്, യുവധാര -കുടക്കളം |
| 15 | 7 | യുവധാര, കുടക്കളം |
| 16 | 8 | ബ്രദേർസ്- മലാൽ |
| 17 | 9 | യുവജന ക്ലബ്ബ് ലൈബ്രറി ആൻറ് റീഡിങ്ങ് റൂം ചുങ്കം. |
| 18 | 9 | പ്രദീപ് സ്മാരക സ്പോർട്സ് ക്ലബ്, ചുങ്കം |
| 19 | 10 | യൂത്ത് കോൺഗ്രസ്സ് ക്ലബ്ബ്, ചോനാടം |
| 20 | 10 | അഴീക്കോടൻ സ്മാരക ക്ലബ്ബ് ചോനാടം |
| 21 | 11 | വാസു മെമ്മോറിയൽ സ്പോർട്സ് ക്ലബ്ബ് ചോനാടം |
| 22 | 11 | ശ്രീനാരായണ ജിംനേഷ്യം അരങ്ങേറ്റുപറമ്പ് |
| 23 | 11 | ശ്രീനാരായണ സ്പോർട്സ് ക്ലബ്ബ് അരങ്ങേറ്റുപറമ്പ് |
| 24 | 7 | വ്യായാമകലാസമതി - പെരുന്താറ്റിൽ |
| 25 | 7 | വ്യായാമ കലാസമിതി കുടക്കളം |
| 26 | 2 | പാട്യംഗോപാലൻ സ്മാരകക്ലബ്ബ്- കൂളിബസാർ |
| 27 | 2 | റെഡ്സ്റ്റാർ ക്ലബ്ബ് കൂളിബസാർ |
| 28 | 2 | ശ്രീനാരയണ സ്പോർട്സ് ക്ലബ്ബ് കൂളിബസാർ |
| 29 | 2 | യുവപ്രതിഭ, കൂളിബസാർ |
| 30 | | ഫൈറ്റിങ്ങ് യൂത്ത്സ് വടക്കുമ്പാട് |
| 31 | 4 | പി.കുഞ്ഞിക്കണ്ണൻ സ്മാരക സ്പോർട്സ് ക്ലബ്ബ്, കുഞ്ഞിക്കണ്ണൻ നഗർ |
| 32 | 3 | ശ്രീനാരായണ റിക്രേഷൻ സ്പോർട്സ് ക്ലബ്ബ് തോട്ടുമ്മൽ. |

### കളരികൾ

കായികാഭ്യാസരംഗത്ത് മികച്ച പ്രകടനങ്ങൾ കാഴ്ചവയ്ക്കുന്ന സി. വി. എൻ. കളരി- മഠത്തുംഭാഗം, ഭാരത് കളരി സംഘം, കാളി, എ. ആർ കളരി സംഘങ്ങൾ. ഹിന്ദുസ്ഥാൻ കളരി സംഘം എന്ന പേരിൽ തോട്ടുമ്മൽ ഭാഗത്ത് ഒരു കളരി ഉണ്ടായിരുന്നുവെങ്കിലും ഇന്ന് അത് നിലവിലില്ല. കരാട്ടെ കേന്ദ്രങ്ങളും ഇവിടെയുണ്ട്. കളരി ചികിത്സയോടും അഭ്യാസമുറകളോടും ജനങ്ങൾക്ക് ആഭിമുഖ്യം കൂടിവരുന്നുണ്ട്.

സർക്കസ്സിൻെറ ഈറ്റില്ലമാണല്ലോ തലശ്ശേരി. നിരവധി സർക്കസ് കലാകാരൻമാർ നമ്മുടെ ഗ്രാമത്തിലുണ്ട്. പക്ഷെ പല കാരണങ്ങളാലും പുതിയ തലമുറ സർക്കസ് രംഗത്തേക്ക് കടന്നുവരുന്നില്ല.നമ്മുടെ നാടൻകളികളെല്ലാം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഒഴിവു സമയങ്ങളിൽ മുതിർന്നവർപോലും ഏർപ്പെട്ടിരുന്ന ഗോട്ടികളി, ചുള്ളിയും കോലും, തലപ്പന്ത്, അപ്പപ്പന്ത്,ചട്ടികളി ഓലപ്പന്ത്, മുതലായ നാടൻകളികളും, സിർക്കകളി, പുളിങ്കുരുകളി, കാക്കതൊട്ടുകളി, സോഡി,കൊത്തങ്കല്ല്കളി, തോട്ടികളി തുടങ്ങിയ കളികളും അലിഞ്ഞുചേർന്ന ഒരു സംസ്ക്കാരമായിരുന്നു നമ്മുടേത്.

ജീവിത സൗകര്യത്തെ അന്വേഷിച്ചുകൊണ്ടുള്ള യാത്രയിൽ നാം നമ്മുടെ സാംസ്ക്കാരിക പൈതൃകത്തെ നിഷേധിക്കുകയാണ്. വിദ്യാഭ്യാസവും, ശാസ്ത്രവും സാങ്കേതിക വിദ്യയും ജീവിതത്തിൻെറ എല്ലാ തലങ്ങളെയും അനസ്യൂതമായ മാറ്റത്തിനു വിധേയമാക്കിക്കൊണ്ടിരിക്കുന്നു. കുടുംബ ബന്ധങ്ങളിലും വ്യക്തിബന്ധങ്ങളിലും മാറ്റം വന്നു കഴിഞ്ഞു. തൻകാര്യം നോക്കി തന്നിലേക്ക് തന്നെ ഒതുങ്ങിക്കൂടാനുള്ള പ്രവണത വളർന്നുവരുന്നു. ഈയൊരു പശ്ചാത്തലത്തിൽ മനുഷ്യൻെറ കൂട്ടായ്മയിലൂടെ മാത്രമെ സാമൂഹ്യവളർച്ച കൈവരിക്കാനാവുകയുള്ളൂ എന്ന ബോധം വളർത്തിയെടുക്കാൻ നമ്മുടെ സാംസ്ക്കാരിക സ്ഥാപനങ്ങൾ മൗലിക പ്രാധാന്യത്തോടെ ശ്രമിക്കേണ്ടതുണ്ട്. കലാകായിക രംഗത്ത് യുവജനങ്ങളുടെ കഴിവ് പൂർണമായി വിനിയോഗിക്കാനുള്ള അനുകൂല സാഹചര്യം നമ്മുടെ പഞ്ചായത്തിലുണ്ട്. ഇത്തരം രംഗത്ത് സ്ത്രീകളുടെ അദൃശ്യത കുറ്റകരമായ രീതിയിലാണ് നിലനിൽക്കുന്നത്.

### പ്രശ്നങ്ങൾ

1. മിക്ക സാംസ്കാരിക കേന്ദ്രങ്ങളും പ്രവർത്തനക്ഷമമല്ല.
വാർഷിക പരിപാടികളിൽ ഒതുങ്ങുന്ന പ്രവണത
2. കലാ പ്രവർത്തനത്തിൻെറ പ്രാധാന്യം തിരിച്ചറിയുന്നതിൽ പൊതുജനകീയ പ്രസ്ഥാനങ്ങൾ പുലർത്തുന്ന കുറ്റകരമായ അലംഭാവം, ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ അനിയന്ത്രിതമായ കടന്നുകയറ്റം.
3. കലാ-കായിക രംഗത്തെ ഭൗതികസാഹചര്യങ്ങൾ തദ്ദേശീയമായി ഉപയോഗപ്പെടുത്തുന്നില്ല.
4. വായനാശീലം, പ്രത്യേകിച്ച് ഗ്രന്ഥപാരായണം ചുരുങ്ങിവരുന്നു.
സ്ത്രീകളുടെ ഇടയിലുള്ള വായനാശീലം തുലോം പരിമിതമാണ്
5. ഗ്രാമസംസ്ക്കാരത്തിൻെറ ഭാഗമായ നാടോടിപ്പാട്ടുകളും, നാടൻ കലാരൂപങ്ങളും, നാടൻകളികളും നശിപ്പിച്ചുകൊണ്ടിരിക്കുന്നു.
6. ഗ്രന്ഥശാലാ പ്രസ്ഥാനത്തിലും സാസ്ക്കാരിക പ്രവർത്തനങ്ങളിലും സ്ത്രീ പങ്കാളിത്തം കുറവാണ്.
7. സാമ്പത്തിക ധൂർത്ത്, വിവാഹങ്ങളുടെയും മറ്റു ചടങ്ങുകളുടെയും ഭാഗമായി തീർന്നിരിക്കുന്നു.
8. നവസാക്ഷരർ നിരക്ഷരരായികൊണ്ടിരിക്കുകയാണ്. തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ നടന്നില്ല.
9. കുട്ടികളുടെ സാഹിത്യാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിന് കലാസമിതികളും സാംസ്കാരിക സ്ഥാപനങ്ങളും ശ്രദ്ധിക്കുന്നില്ല.
10. യുവാക്കളിൽ കൂടിവരുന്ന മദ്യാസക്തിക്കെതിരെ ശക്തമായ ബോധവൽക്കരണം നടക്കുന്നില്ല.
11. പഞ്ചായത്ത് മിനിസ്റ്റേഡിയം മുഴുവൻ സമയവും ഉപയോഗിക്കുവാൻ കഴിയുന്നില്ല.
12. സാക്കാരിക സ്ഥാപനങ്ങൾ സാമ്പത്തിക ഇടപാട് കേന്ദ്രങ്ങളായി മാറുന്നു.
13. വടക്കുമ്പാട് പ്രദേശത്ത് പഞ്ചായത്തിന് സ്വന്തമായി ഒരു കളിക്കളമില്ല.
14. ശ്രീനാരായണ മഠങ്ങൾ അവരുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ശരിക്കും നിറവേറ്റുന്നില്ല.

## നിർദ്ദേശങ്ങളും സാധ്യതകളും

1. സാംസ്ക്കാരിക കേന്ദ്രങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും പഞ്ചായത്തുതല കോ-ഓഡിനേഷൻ കമ്മറ്റി രൂപീകരിക്കണം.

2. സാംസ്ക്കാരിക കേന്ദ്രങ്ങളെ സംഘടനാപരമായി സജീവമാക്കുക. ഗ്രന്ഥശാലകളും സാംസ്കാരിക സ്ഥാപനങ്ങളും ദൃശ്യശ്രാവ്യ മാധ്യമങ്ങളെ ഫലപ്രദമായി ഉപയോഗിക്കുക.

3. പഞ്ചായത്തിലെ കലാകാരൻമാരെ ഉപയോഗപ്പെടുത്തി നാടകസംഘങ്ങളും കലാട്രൂപ്പുകളും രൂപീകരിക്കുക. പഞ്ചായത്തിലെ കായിക പ്രതിഭകളെ കണ്ടെത്തി പ്രോൽസാഹിപ്പിക്കുക. സ്കൂൾ തലത്തിൽ കായിക പരിശീലനം നിർബന്ധമാക്കുക.

4. ഗ്രന്ഥാലയങ്ങളിൽ നിന്ന് പുസ്തകങ്ങൾ വീടുകളിലെത്തിച്ചു കൊടുക്കുന്ന പദ്ധതി ഗ്രന്ഥശാലാ സംഘത്തിന്റെ സഹായത്തോടെ പഞ്ചായത്തു തലത്തിൽ ആവിഷ്കരിക്കണം. ഓരോ ഗ്രന്ഥശാലയുടെയും പ്രവർത്തക സമിതിയിൽ കുറഞ്ഞത് രണ്ട് സ്ത്രീകളെങ്കിലും വേണമെന്ന് വ്യവസ്ഥ ചെയ്യണം.

5. നശിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ നാടൻ പാട്ടുകൾ, കോതാമൂരിപ്പാട്ടുകൾ, തോറ്റംപാട്ടുകൾ, തുടങ്ങിയവ ശേഖരിച്ച് സൂക്ഷിക്കണം.

6. സാംസ്ക്കാരിക സ്ഥാപനങ്ങളിലെല്ലാം വനിതാവേദികൾ രൂപീകരിക്കണം.

7. സാംസ്കാരിക കേന്ദ്രങ്ങൾ, ശ്രീനാരായണ മഠങ്ങൾ മുതലായവ ലളിതമായ വിവാഹവേദികളായി മാറണം. വിവാഹധൂർത്തിനെതിരെ ശക്തമായ ബോധവൽക്കരണം ആരംഭിക്കണം.

8. തുടർസാക്ഷരതാ പരിപാടി ഗ്രന്ഥശാലകളും വായനശാലകളും അടിയന്തിരമായി ഏറ്റെടുക്കണം. കൂടുതൽ ജനവിദ്യാകേന്ദ്രങ്ങൾ സ്ഥാപിക്കുകയും നവ സാക്ഷരർക്കുള്ള പുസ്തകങ്ങൾ ശേഖരിക്കുകയും വിതരണം ചെയ്യുകയും വേണം.

9. കുട്ടികളുടെ കൈയെഴുത്തു മാസികകൾ, കലാക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്ന കാര്യത്തിൽ കലാസമിതികളും ഗ്രന്ഥാലയങ്ങളും ശ്രദ്ധിക്കണം.

10. എരഞ്ഞോളി പഞ്ചായത്ത് മദ്യവിമുക്ത പഞ്ചായത്തായി പ്രഖ്യാപിക്കണം. സ്ത്രീകളുടെ നേതൃത്വത്തിൽ മലാൽ പ്രദേശത്ത് നടന്ന രീതിയിലുള്ള ചെറുത്തു നിൽപ് സംഘടിപ്പിക്കണം.

1. പഞ്ചായത്ത് മിനിസ്റ്റേഡിയം മെച്ചപ്പെടുത്താനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

12. സാംസ്ക്കാരിക സ്ഥാപനങ്ങൾ കലാസാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക. ഇതിനാവശ്യമായ ഭൗതിക സാഹചര്യം പഞ്ചായത്ത് ഒരുക്കണം.

13. വടക്കുമ്പാട് മുണ്ടോളിവയൽ പഞ്ചായത്ത് ഏറ്റെടുത്ത് മിനിസ്റ്റേഡിയം നിർമ്മിക്കണം. വടക്കുമ്പാട് ഹൈസ്കൂൾ ഗ്രൗണ്ട് മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണം.

14. ശ്രീനാരായണ മഠങ്ങളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടാൻ തയ്യാറാക്കണം.

15. പഞ്ചായത്തിലുള്ള പൂരക്കളി, കോൽക്കളി കലാകാരൻമാരെ ഉപയോഗപ്പെടുത്തി നാടൻകലാ സംഘങ്ങൾ രൂപീകരിക്കരണം.

16. കളരി അഭ്യാസത്തെ പ്രോൽസാഹിപ്പിക്കുന്നതിന് പ്രാദേശിക തലത്തിൽ ജനകീയ സമിതികൾ രൂപീകരിക്കണം

17. പഞ്ചായത്തിൽ ഒരു മിനി ഓഡിറ്റോറിയം സ്ഥാപിക്കണം.

18. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിലെല്ലാം കലാസമിതിയുടെ ആഭിമുഖ്യത്തിൽ വീഡിയോ ക്ലബ്ബുകളുണ്ടാക്കി നല്ല ചലചിത്രങ്ങളും ടെലിഫിലുമുകളും പ്രദർശിപ്പിച്ച് ഒരു സമാന്തര ദൃശ്യസംസ്ക്കാരം വളർത്തിയെടുക്കുക.

19. ഗ്രന്ഥശാലകളെ ബന്ധപ്പെടുത്തി പഞ്ചായത്തുകളിൽ അക്ഷരോത്സവങ്ങളും സാംസ്കാരികോൽസവങ്ങളും സംഘടിപ്പിക്കുക.

0. ഗ്രന്ഥശാലകൾ പൊതുസാംസ്ക്കാരിക കേന്ദ്രങ്ങളെന്ന നിലയിൽ ചർച്ചകൾ, ക്ലാസ്സുകൾ സംവാദങ്ങൾ, കൈയെഴുത്ത് മാസികാ പ്രവർത്തനം തുടങ്ങിയവ സംഘടിപ്പിക്കണം.

❑❑❑

# വനിത



"ഇരട്ട ചൂഷണത്തിന് വിധേയമാവുന്ന സ്ത്രീകളുടെ പ്രശ്നം അവരുടെ പ്രശ്നംമാത്രമല്ലെന്നും മറിച്ച് സമൂഹത്തിൻെറയാകെ പ്രശ്നമാണെന്നുമുള്ള തിരിച്ചറിവ് നമുക്കുണ്ടാവണം".

കേരളത്തിലെ ജനസംഖ്യയിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ്. വിദ്യാഭ്യാസത്തിലും അദ്ധ്വാനശീലത്തിലും പുരുഷന്മാരോടൊപ്പം തന്നെയാണ് സ്ത്രീകളുടെ സ്ഥാനവും. എന്നിട്ടും സാമൂഹ്യപദവിയുടെ കാര്യത്തിൽ സ്ത്രീകൾ ഇന്നും പിറകിലാണ്. സാംസ്കാരിക-സാമ്പത്തിക മേഖലകളിൽ അവരുടെ പങ്കാളിത്തം ദുർബലമാണ്. സ്ത്രീ സംവരണം ഭരണരംഗത്ത് സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും സുരക്ഷാബോധം ഇന്നും സ്ത്രീകൾക്ക് കൈവന്നിട്ടില്ല. സമീപകാലങ്ങളിൽ സ്ത്രീ പീഢനം അതീവരൂക്ഷമായിട്ടുണ്ട്. പുത്തൻ സാമ്പത്തികനയത്തിൻെറ ഭാഗമായി ഒരു ഫേഷൻപോലെവളർന്നുവന്ന ഉപഭോഗസംസ്കാരം സ്ത്രീത്വത്തെ ചോദ്യം ചെയ്യുന്നത് നിത്യസംഭവമായി മാറുമ്പോഴും പ്രതികരിക്കാനുള്ള കരുത്ത് ഇന്നത്തെ സമൂഹത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ കടുത്ത പ്രതിസന്ധിയെ അതിജീവിക്കുവാൻ നമുക്ക് കഴിയണം. ഇരട്ട ചൂഷണത്തിന് വിധേയമാവുന്ന സ്ത്രീകളുടെ പ്രശ്നംഅവരുടെ പ്രശ്നം മാത്രമല്ലെന്നും മറിച്ച് സമൂഹത്തിൻെറയാകെ പ്രശ്നമാണെന്നുമുള്ള തിരിച്ചറിവ് നമുക്കുണ്ടാവണം. പുരുഷ മേധാവിത്വത്തിൽ അടിയുറച്ച സാമൂഹ്യമൂല്യങ്ങളിൽ ഒരു അഴിച്ചപണി അനിവാര്യമാണ്. വീട്ടുവേല സ്ത്രീയുടെ മാത്രം ബാദ്ധ്യതയായി കണക്കാക്കുന്ന നിലമാറണം." ഗാർഹിക ജോലികളെ സംബന്ധിച്ചിടത്തോളം സ്ത്രീ ഇപ്പോഴും വൈഷമ്യമേറിയ ഒരു അവസ്ഥയിലാണ്. അവളുടെ പൂർണ്ണമായ വിമോചനത്തിനും പുരുഷനോടൊപ്പം തുല്യതക്കും, ദേശീയ സമ്പദ്വ്യവസ്ഥ സാമൂഹ്യവൽക്കരിക്കുന്നതിനും സാധാരണ ഉദ്പാദനപരമായ തൊഴിലിൽ അവൾ പങ്കെടുക്കേണ്ടത് ആവശ്യമാണ്. അപ്പോൾ സ്ത്രീയും പുരുഷനും തുല്യമായ ഒരു പദവിയിൽ പ്രതിഷ്ഠിക്കപ്പെടും". ലെനിൻെറ ഈ അഭിപ്രായം ഏറെ പ്രാധാന്യമർഹിക്കുന്നു.

എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ 24521 ജനങ്ങളുള്ളതിൽ 12672 സ്ത്രീകളാണ്. ഇത് മൊത്തം ജനസംഖ്യയുടെ 51.67% ആണ്.പഴയ ജാത്യാധിഷ്ഠിത സമൂഹത്തിൽ നിലനിന്നിരുന്ന സാമൂഹ്യ അസമത്വം,അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ ഇതിനെല്ലാം അടിപ്പെട്ട് സാമൂഹ്യമായി ഒറ്റപ്പെട്ട ജീവിതം തന്നെയായിരുന്നു, ഇവിടുത്തെ സ്ത്രീകളുടേതും. അവർ കേവലം അടുക്കളക്കാരികൾ മാത്രമായിരുന്നു. എന്നാൽ കാലക്രമേണ ഇവിടെ വളർന്നുവന്ന നവോത്ഥാന പ്രസ്ഥാനങ്ങളുടെയും അതുവഴി വളർന്നുവന്ന കർഷകപ്രസ്ഥാനങ്ങൾ, മറ്റ് പുരോഗമന പ്രസ്ഥാനങ്ങൾ ഇവയുടെയാകെ സംഘടിത ശ്രമഫലമായും നമ്മുടെ സാമൂഹ്യവ്യവസ്ഥയുടെ ചട്ടക്കൂട് തകർക്കപ്പെട്ടു.

സാമൂഹ്യ പ്രശ്നങ്ങളിൽ പങ്കെടുക്കാനും പ്രതികരിക്കാനുമുള്ള കരുത്ത് സ്ത്രീകളിലും ക്രമേണ വളർന്നുവന്നു. കലാസാംസ്കാരിക രംഗങ്ങളിലെല്ലാം പുരുഷനോടൊപ്പം പങ്കാളിയാവാൻ സ്ത്രീകളും തയ്യാറായി. ദേശീയ സ്വാതന്ത്ര്യ സമരങ്ങളിലെ നിരവധി പോരാളികൾക്ക് ഒളിത്താവളങ്ങൾ ഒരുക്കുകയും സ്വന്തം മക്കളെപോലെ അവരെകാത്തു സൂക്ഷിക്കുകയും ചെയ്ത പാരമ്പര്യം ഈ ഗ്രാമത്തിലെ സ്ത്രീകൾക്കുണ്ട്.

അടുക്കള പുകക്കുരുക്കിൽ കഴിയേണ്ടവളല്ല സ്ത്രീയെന്നും സമൂഹത്തിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും തങ്ങളും പങ്കാളികളാവേണ്ടതുണ്ട് എന്നും പുറം ലോകത്തിന് കാട്ടികൊടുത്തുകൊണ്ട് 1949 കളിൽ തന്നെ എരഞ്ഞോളി ഗ്രാമീണകലാസമിതിയുടെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും നിരവധി നാടകങ്ങളിലും മറ്റ് കലാരംഗങ്ങളിലും പ്രവർത്തിച്ച പാരമ്പര്യത്തിനുടമകളാണ് എരഞ്ഞോളിയിലെ സ്ത്രീകൾ.

സർക്കസിലും ആതുരശുശ്രൂഷ രംഗത്തുമെല്ലാം മുൻകൈനേടാൻ ഇവിടുത്തെ സ്ത്രീകൾക്ക് കഴിഞ്ഞിരുന്നു. പാരമ്പര്യ വൈദ്യചികിത്സയിൽ പ്രാവീണ്യം നേടിയ സ്ത്രീവിഷഹാരികളും ഇവിടെ ഉണ്ടായിരുന്നു.

കൃഷിയുമായി ബന്ധപ്പെട്ട മേഖലകളിലാണ് മിക്ക സ്ത്രീകളും ഏർപ്പെട്ടിരുന്നത്. കൂടാതെ പായ നെയ്ത്, തുണി നെയ്ത്, തൊണ്ടുതല്ലൽ, കയർപിരിക്കൽ, മൺപാത്ര നിർമ്മാണം, പശു, ആട്, കോഴി എന്നിവയെ വളർത്തൽ, തുടങ്ങിയവയും മുഖ്യതൊഴിലുകളായിരുന്നു. വിദ്യാഭ്യാസരംഗത്തും തൊഴിൽ മേഖലയിലും ബഹുദൂരം മുന്നോട്ട് പോകാൻ സ്ത്രീകൾക്ക് കഴിഞ്ഞിട്ടുണ്ട്.

### വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്തും സ്ത്രീപങ്കാളിത്തം ഏറെ വർദ്ധിച്ചിട്ടുണ്ട്. പഞ്ചായത്തിലെ മൊത്തം സ്കൂൾ കുട്ടികളിൽ 48.14 % പെൺകുട്ടികളാണ്. (പട്ടിക നോക്കുക)എങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്തും സാങ്കേതികവിദ്യാഭ്യാസ രംഗത്തും തൊഴിലധിഷ്ഠിത വിദ്യാഭ്യാസ രംഗത്തും സ്ത്രീപങ്കാളിത്തം പരിമിതമാണ്. വിവാഹ കമ്പോളത്തിൽ വിലപേശാനുള്ള ഉപാധിയായി സ്ത്രീ വിദ്യാഭ്യാസം മാറിയിട്ടുണ്ട്. വിവാഹാനന്തരം

| | ആകെ എണ്ണം | ആൺകുട്ടികൾ എണ്ണം | പെൺകുട്ടികൾ എണ്ണം | പെൺകുട്ടികൾ % |
|---|---|---|---|---|
| ഹൈസ്കൂൾ | 464 | 242 | 222 | 47.84 |
| യു. പി. വിഭാഗം | 2118 | 1117 | 1001 | 47.26 |
| എൽ. പി. വിഭാഗം | 843 | 417 | 426 | 50.53 |
| ആകെ | 3425 | 1776 | 1649 | 48.14 |

പഠനം തുടരുന്നവർ വളരെ വിരളം. മുസ്ലീം പെൺകുട്ടികൾ പ്രൈമറി ക്ലാസ്സുകളിൽ ചേരുന്നുണ്ടെങ്കിലും ഹൈസ്കൂളിലെത്തുന്നവരുടെ എണ്ണം കുറയുന്നു. മാത്രമല്ല ഹൈസ്കൂൾ ക്ലാസ്സുകളിൽ കൊഴിഞ്ഞുപോകുന്നവരിൽ ബഹുഭൂരിപക്ഷവും മുസ്ലീം പെൺകുട്ടികളാണെന്നു പഞ്ചായത്തിലെ ഹൈസ്കൂളിൽനിന്നും ലഭ്യമായ കണക്കുകൾ വ്യക്തമാക്കുന്നു.

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് നല്ല പങ്കാളിത്തം വഹിക്കാൻ എരഞ്ഞോളിയിലെ സ്ത്രീകൾക്ക് കഴിഞ്ഞിട്ടുണ്ട്. സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിൽ തിളക്കമാർന്ന നേട്ടം കൈവരിച്ചതിന്റെ പിറകിലുള്ള സ്ത്രീകളുടെ സന്നദ്ധ പ്രവർത്തനം അവിസ്മരണീയമാണ്. ഇൻസ്ട്രക്ടർമാരായി സേവനം ചെയ്തവരിൽ ഏറെയും യുവതികളായിരുന്നു. രണ്ടാംഘട്ടസാക്ഷരതാ പ്രവർത്തനങ്ങളിൽ വന്ന താളപ്പിഴകൾക്കൊണ്ടു സാക്ഷരതാ നേട്ടം നിലനിറുത്തുവാനായില്ല.

ഗ്രന്ഥശാല പ്രവർത്തനങ്ങളിൽ സ്ത്രീപങ്കാളിത്തം തുലോം പരിമിതമാണ്. ഗൗരവമായ വായന സ്ത്രീകളിൽ നടക്കുന്നില്ല. ഗ്രന്ഥശാലകളെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല. എസ്. എൻ. പുരം. ശ്രീനാരായണ വായനശാല ആൻഡ് ഗ്രന്ഥാലയം നടപ്പിലാക്കിയ ഗ്രാമീണ പുസ്തക വിതരണ പരിപാടി മാതൃകാപരമാണ്. സ്ത്രീകളുടെ വായനാ ശീലത്തിൽ ആരോഗ്യപരമായ മാറ്റമുണ്ടാക്കാൻ കഴിയും എന്നതോടൊപ്പം ഗ്രന്ഥശാലാപ്രവർത്തനത്തിൽ സ്ത്രീപങ്കാളിത്തം ഉറപ്പാക്കാനും ഈ രീതി സഹായകമാവും. പഞ്ചായത്തിൽ ഒരു അംഗൻവാടിയാണുള്ളത്. ആർക്കും താല്പര്യമില്ലാത്ത വിധത്തിലാണ് പ്രവർത്തിക്കുന്നത്. 6 മഹിളാ സമാജങ്ങൾ ഇവിടെയുണ്ട്. മഹിളാ രംഗത്തെ പ്രശ്നങ്ങൾ ഏറ്റെടുത്ത് കുറെക്കൂടി സജീവമാക്കാൻ ഈ സമാജങ്ങൾ ശ്രമിക്കേണ്ടതുണ്ട്.

**ആരോഗ്യം**

ആരോഗ്യ കാര്യത്തിൽ എരഞ്ഞോളിയിലെ സ്ത്രീകൾ പൊതുവെ മെച്ചപ്പെട്ട നിലവാരം പുലർത്തുന്നു. സ്ത്രീ മരണനിരക്കും, ശിശുമരണനിരക്കും സംസ്ഥാന ശരാശരിക്ക് താഴെയാണെന്നു ആരോഗ്യകേന്ദ്രങ്ങൾ സൂചിപ്പിക്കുന്നു. ആരോഗ്യരക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന മഹിളാ സ്വസ്ത് സംഘങ്ങൾ എല്ലാ വാർഡുകളിലും പ്രവർത്തിക്കുന്നു. അതിന്റെ ഭാഗമായി ബോധവൽക്കരണക്ലാസ്സുകൾ പ്രതിമാസം പ്രാദേശിക തലത്തിൽ നടത്തിവരുന്നു.സ്കൂളുകളിൽ ആരോഗ്യക്വിസ് മത്സരം നടത്താറുണ്ട്. നഴ്സറി സ്കൂളുകളിലെ കുട്ടികളുടെ അമ്മമാർക്ക് പ്രത്യേകമായിബോധവൽക്കരണക്ലാസ്സും നടത്തുന്നുണ്ട്. ആരോഗ്യ രക്ഷാപ്രവർത്തനത്തിൽ സ്ത്രീകളാണ് മുന്നിട്ടു നിൽക്കുന്നത്. പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന പോഷകാഹാര കേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിൽ നിലവിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ ഫലപ്രദമായി ഉപയോഗിക്കാൻ ഭൂരിപക്ഷം സ്ത്രീകളും തയ്യാറാവുന്നില്ല എന്നതു ഒരു പോരായ്മയാണ്. കുടുംബാസൂത്രണ മാർഗ്ഗങ്ങൾക്ക് വിധേയമാക്കപ്പെടുന്നതു കൂടുതലും സ്ത്രീകളിലാണ്. നാട്ടിലെ വിറകടുപ്പുകൾ ഭൂരിഭാഗവും 3 കല്ലടുപ്പുകൾ ആയതിനാൽ അവയിൽ നിന്നുണ്ടാകുന്ന പുക കരി എന്നിവയുടെ ആധിക്യം സ്ത്രീകളിൽ വിളർച്ച, ശ്വാസകോശ രോഗങ്ങൾ എന്നിവയ്ക്ക് കാരണമാവുന്നു. ദക്ഷത കൂടിയ പരിഷത്ത് അടുപ്പുകൾ വ്യാപകമാക്കുന്നതിലൂടെ ഇതിനു പരിഹാരം കാണാനാവും.

**തൊഴിൽ**

കാർഷികപ്രധാനമായ തൊഴിലുകളിൽ നിന്നും നിർമ്മാണ തൊഴുലുകളിലേക്കുള്ള മാറ്റം അടുത്തകാലത്തായി വളരെയധികം വർദ്ധിച്ചിട്ടുണ്ട്. പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി, തുടങ്ങിയവ, വലിയ പ്രതിസന്ധിയിലാണ്. ഇതു ഏറെ ബാധിച്ചിട്ടുള്ളത് സ്ത്രീകളെയാണ്. പഞ്ചായത്തിൽ സി.ഡി.സി. പിയേഴ്സ് ലെസ്ലി എന്നീ പേരുകളിൽ രണ്ടു കശുവണ്ടി ഫാക്ടറികളുണ്ട്. ഇതിൽ ആകെയുള്ള 848 തൊഴിലാളികളിൽ 792 പേർ സ്ത്രീതൊഴിലാളികളാണ്. സി.ഡി.സി. കമ്പനിയിൽ 21 ദിവസവും, പീയേഴ്സ്

ലെസ്ലിയിൽ 200 ദിവസവും വർഷത്തിൽ ശരാശരി ജോലി ലഭിക്കും. ഈ രണ്ടു കമ്പനിയിലും ജോലിചെയ്യുന്ന സ്ത്രീതൊഴിലാളികൾ കാലത്തു 7 മണിമുതൽ വൈകുന്നേരം 6 മണിവരെ ജോലിചെയ്യേണ്ടിവരുന്നു എന്നതു പരിശോധിക്കപ്പെടേണ്ടതാണ്.

പഞ്ചായത്തിൽ 6 ദിനേശ് ബീഡി ബ്രാഞ്ചുകളിലായി 614 പേർ ജോലി ചെയ്യുന്നതിൽ 445 പേർ സ്ത്രീകളാണ്. കൈത്തറി ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾ ഇവിടെയുണ്ടെങ്കിലും ഈ മേഖല അവഗണിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. കാർഷിക കെട്ടിട നിർമ്മാണമേഖലയിലാണ്. സ്ത്രീകൾ ഏറെ പങ്കെടുക്കുന്നത് ഈ രണ്ടു രംഗങ്ങളിലും നിലവിലുള്ള സ്ത്രീപുരുഷകൂലി നിരക്കിൽ വലിയ അന്തരം നിലനിൽക്കുന്നു.

അധ്യാപന മേഖലയിൽ ഗണപരമായി മുൻകൈ സ്ത്രീകൾക്കാണ്. സർക്കാർ, അർദ്ധസർക്കാർ, സ്ഥാപനങ്ങൾ, ബാങ്കുകൾ തുടങ്ങിയവയിൽ ജോലിചെയ്യുന്ന ധാരാളം സ്ത്രീകളും ഇവിടെയുണ്ട്. കാർഷികവൃത്തിയോടുള്ള ആഭിമുഖ്യം കുറയുന്നതു ആശങ്കാജനകമാണ്. പുതിയ തലമുറയിലെ പെൺകുട്ടികൾ മണ്ണുമായി ബന്ധപ്പെട്ട ജോലിയിൽ ഏർപ്പെടാൻ മടികാണിക്കുന്നു.

തൊഴിൽ പങ്കാളിത്തത്തിൽ ഇവിടെയുള്ള സ്ത്രീകൾ ഏകദേശം പുരുഷന്മാരുടെതിനൊപ്പം വരും. യാതൊരു പ്രതിഫലവുമില്ലാതെ വീട്ടുവേല ചെയ്യുന്ന വീട്ടമ്മമാരുടെ എണ്ണം ഒരു കണക്കിലും പെടുത്താറില്ല. ഇവർ ചെയ്യുന്ന പ്രവൃത്തിക്ക് ചിലവഴിക്കേണ്ടിവരുന്ന സമയം കൂടി കണക്കിലെടുത്താൽ തൊഴിൽ പങ്കാളിത്തത്തിൽ പുരഷന്മാരെക്കാൾ എത്രയോ മുന്നിലാണെന്നു കാണാൻ കഴിയും. വീട്ടിന്നു പുറത്തു പണിയെടുക്കേണ്ടിവരുന്ന സ്ത്രീ വീട്ടിലും പണിയെടുക്കേണ്ടി വരുന്നു. പുരുഷൻമാർ സ്ത്രീകളേക്കാൾ ഉയർന്നവരണെന്നും വീട്ടുജോലികൾ സ്ത്രീകളുടെ മാത്രം കടമയാണെന്നുള്ള തെറ്റായ ചിന്താഗതിയാണ് ഇതിനു കാരണം.

**വനിതാസംരംഭങ്ങൾ**

DWCRA യുടെ സഹായത്തോടെ പെരുന്താറ്റിൽ ഭാഗത്തു ഒരു വസ്ത്ര നിർമ്മാണയൂനിറ്റും ചുങ്കത്ത് ഒരു ഡയറി യൂണിറ്റും പ്രവർത്തിച്ചുവരുന്നു. വടക്കുമ്പാട് പ്രവർത്തിച്ചിരുന്ന അനശ്വര കൊപ്രയൂണിറ്റ് ഇന്നു നിലനിൽക്കുന്നില്ല. നിരവധി തുന്നൽ പഠനകേന്ദ്രങ്ങളും, ടൈപ്പ് റൈറ്റിങ്ങ് സ്ഥാപനങ്ങളും ഇവിടെയുണ്ട്. വനിതകളുടെ നേതൃത്വത്തിൽ ആരംഭിക്കാൻ കഴിയുന്ന തൊഴിൽ സംരംഭങ്ങളെക്കുറിച്ച് ഗൗരവമായ ആലോചന നടത്തേണ്ടതുണ്ട്.

സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിലെ സ്ത്രീപങ്കാളിത്തം ഏറെ വർദ്ധിക്കേണ്ടതാണ്. വ്യാജമദ്യ വാറ്റിനെതിരെ മലാൽ പ്രദേശത്ത് സ്ത്രീകൾ തനതായി സംഘടിപ്പിച്ച ചെറുത്തു നിൽപ്പ് മാതൃകാപരമാണ്. സ്ത്രീധന സമ്പ്രദായം നിലവിലില്ലെങ്കിലും സമീപകാലത്ത് സ്ത്രീധനം വാങ്ങാനുള്ള പ്രവണത കാണുന്നുണ്ട്. വിവാഹ ചടങ്ങുകൾ ആർഭാടമാവുന്നതും, സ്ത്രീകൾക്ക് ആഭരണങ്ങളോടുള്ള ത്വരയും പാവപ്പെട്ട കുടുംബങ്ങൾക്ക് താങ്ങാവുന്നതിനപ്പുറമാണ്. ഗ്രാമീണ സംസ്കാരത്തിൽ നിന്നു നഗരസംസ്കാരത്തിലേക്കുള്ള മാറ്റം സ്ത്രീകളെയാണ് ഏറെ ബാധിച്ചിട്ടുള്ളത്. ഭാരിച്ച ജോലിയും കുടുംബസംരക്ഷണ ചുമതലയും കാരണം സ്ത്രീകൾക്ക് സാമൂഹ്യ രാഷ്ട്രീയ പൊതുപ്രവർത്തന രംഗങ്ങളിൽ സജീവമായി ഇടപെടാൻ കഴിയുന്നില്ല. സാമൂഹ്യപ്രശ്നങ്ങളിൽ സ്തീകളുടെ ഇടപെടൽ ഉറപ്പുവരുത്താനാവശ്യമായ ബോധപൂർവ്വമായ പരിശ്രമങ്ങൾ നടത്തണം.

സമൂഹത്തിൽ പകുതിയിലേറെ സ്ത്രീകളാണ്. അവർ ഏതെങ്കിലും ഒരു പ്രത്യേക വർഗത്തിൽ പെടുന്നില്ല. അവർ എല്ലാ വർഗങ്ങളിലും വിഭാഗങ്ങളിലുമുണ്ട്. അതു കൊണ്ടു സ്ത്രീകളുടെ പ്രശ്നം ഏതെങ്കിലുമൊരു വിഭാഗത്തിൻെറ പ്രശ്നമല്ല. അത് അന്തിമമായും സമൂഹത്തിൻെറ ആകെ പ്രശ്നമാണ്. പകുതിയിലേറെ വരുന്ന സ്ത്രീകളിൽ ചലനം സൃഷ്ടിക്കാതെ മാനവസമൂഹത്തിന് മുന്നോട്ട് പോകാൻ സാധ്യമല്ല.

**പ്രശ്നങ്ങൾ**

1. സ്ത്രീകൾക്ക് പ്രാതിനിധ്യമുള്ള കലാകായിക സാംസ്കാരിക സമിതികൾ പഞ്ചായത്തിൽ കുറവാണ്.
2. മാതൃശിശു പരിചരണത്തിൽ വൈദഗ്ദ്യം നേടിയ സ്ത്രീകൾ കുറവാണ്

3. ശാസ്ത്രീയമായി പശു, ആട്, കോഴിവളർത്തൽ, എന്നിവയിലും നൂതന കൃഷി സമ്പ്രദായത്തിലും പരിശീലനം നേടിയ സ്ത്രീകൾ പഞ്ചായത്തിലില്ല.

4. പൊതുപ്രവർത്തനത്തിൽ സ്ത്രീകൾക്ക് തുല്യപങ്കാളിത്തമില്ല.

5. വനിതാ ക്ഷേമ കാര്യങ്ങളിൽ ഉള്ള ബോധവൽക്കരണക്ലാസുകൾ പര്യാപ്തമല്ല.

6. വനിതക്ഷേമ പദ്ധതികളെക്കുറിച്ചും സ്ത്രീകൾക്ക് വ്യക്തമായ അറിവ് നൽകുന്നതിനുള്ള സംവിധാനമില്ല.

7. അനധികൃതമദ്യവില്പന ഫലപ്രദമായി തടയാൻ കഴിയാത്തതുമൂലം സ്ത്രീകൾ യാതന അനുഭവിക്കുന്നുണ്ട്.

8. സാങ്കേതിക വിദ്യാഭ്യാസ രംഗങ്ങളിൽ സ്ത്രീപ്രാതിനിധ്യം വിരളമാണ്.

9. സ്ത്രീജീവനക്കാർ കൂടുതലായി ജോലിചെയ്യുന്ന സ്ഥാപനങ്ങളിൽ മതിയായ പ്രാഥമിക സൗകര്യങ്ങൾഇല്ല.

10. ആരോഗ്യകേന്ദ്രം പഞ്ചായത്തിന്റെ വിവിധ ഭാഗത്തുള്ള സ്ത്രീകൾക്ക് എളുപ്പം എത്തിച്ചേരാവുന്ന സ്ഥലത്തല്ല

11. സ്ത്രീരോഗ വിദഗ്ധയുടെ സേവനം പഞ്ചായത്തിൽ ലഭ്യമല്ല.

12. പോഷകാഹാര കേന്ദ്രങ്ങൾ നിലവിലില്ല.

13. ദക്ഷത കൂടിയ അടുപ്പുകളുടെ പ്രചാരം കുറവാണ്.

14. തൊഴിൽ മേഖലകളിൽ വേതന തുല്യതയില്ല.

15. പരമ്പരാഗത തൊഴിലുകളിൽ സ്ത്രീകൾക്ക് പ്രോത്സാഹനം നൽകുന്നതിന്ന് നടപടികളില്ല.

16. പദ്ധതിയുടെ പ്രവർത്തനം പര്യാപ്തമല്ല.

17. കൂടുതൽ സ്ത്രീകൾ ജോലിചെയ്യുന്ന കശുവണ്ടി മേഖലയിൽ അസംസ്കൃത പദാർത്ഥങ്ങൾ ലഭ്യമാകുന്നില്ല.

18. ജോലിക്ക് പോകുന്ന സ്ത്രീകളുടെ കുട്ടികളെ സംരക്ഷിക്കുന്ന ഏർപ്പാടുകൾ ഇല്ല

19. വിവാഹച്ചടങ്ങുകൾ ആർഭാടമാക്കുന്നത് നിരോധിച്ചിട്ടില്ല.

20. ഗ്രാമീണ സംസ്കാരം നിലനിർത്തുന്നതിന് പ്രോത്സാഹനങ്ങൾ ഒന്നും തന്നെയില്ല.

21. അവശതയനുഭവിക്കുന്ന സ്ത്രീകൾക്കുള്ള വാർദ്ധക്യ വിധവാ പെൻഷനുകൾ യഥാസമയം ലഭിക്കുന്നില്ല

22. ഫാമിലി കൗൺസലിങ്ങ് പഞ്ചായത്തിലില്ല.

23. ഉത്തരവാദിത്തമുള്ള സ്ഥാനങ്ങളിൽ സ്ത്രീകൾക്ക് പങ്കാളിത്തമില്ല.

24. സ്ത്രീകളിൽ ആഭരണ ഭ്രമം കൂടുന്നതായി കാണുന്നു.

**നിർദ്ദേശങ്ങൾ**

1. സ്ത്രീകൾക്കു മാത്രമുള്ള കലാകായിക സാംസ്കാരിക സമിതികൾ രൂപീകരിച്ച് പ്രസ്തുത രംഗങ്ങളിൽ പരിശീലനം നൽകുവാൻ മുൻപരിചയമുള്ള സ്ത്രീകളുടെ സേവനം പ്രയോജനപ്പെടുത്തണം.

2. മാതൃശിശു പരിചരണത്തിൽ സ്ത്രീകൾക്ക് പ്രത്യേക പരിശീലനം ഹ്രസ്വകാല കോഴ്സുകളിലൂടെ ലഭ്യമാക്കുക.

3. ശാസ്ത്രീയമായ രീതിയിൽ പശു, ആട്, കോഴിവളർത്തൽ എന്നിവയിലും നൂതന കൃഷി സമ്പ്രദായത്തിലും മതിയായ പരിശീലന ഏർപ്പെടുത്തണം.

4. പൊതുപ്രവർത്തനത്തിൽ സ്ത്രീകൾക്ക് പ്രാതിനിധ്യം ഉറപ്പു വരുത്തണം.

5. വിവിധ വനിതാ ക്ഷേമപദ്ധതികളെക്കുറിച്ച് യഥാസമയം വിവരം നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തണം

6. മദ്യനിരോധനം പൂർണ്ണമായി നടപ്പിലാക്കണം

7. വനിതാസാങ്കേതിക പഠനശാലകൾ സ്ഥാപിക്കണം.

8. സ്ത്രീ ജീവനക്കാർ കൂടുതലുള്ള സ്ഥാപനങ്ങളിൽ പ്രത്യേകമായുള്ള മൂത്രപ്പുരയും കക്കൂസും ഏർപ്പെടുത്തുന്നതിന്ന് നിലവിലുള്ള നിയമം കർശനമായി നടപ്പാക്കണം.

9. ആരോഗ്യരക്ഷാ കേന്ദ്രംപഞ്ചായത്തിലെ വിവിധ ഭാഗത്തെ സ്ത്രീകൾക്ക് എളുപ്പം എത്തിച്ചേരാവുന്ന സ്ഥലത്ത് സ്ഥാപിക്കണം.

10. പഞ്ചായത്തിലെപി. എച്ച്. സി. യിൽ ഒരു സ്ത്രീരോഗവിദഗ്ദ്ധയെ നിയമിക്കണം.

11. അംഗൻവാടികളും അതോടനുബന്ധിച്ചുള്ള പോഷകാഹാരവിതരണ കേന്ദ്രങ്ങളും എല്ലാവാർഡിലും സ്ഥാപിക്കുക.

12. ദക്ഷത കൂടിയ അടുപ്പുകളുടെ പ്രചാരത്തെ പ്രോത്സാഹിപ്പിക്കണം.

13. വിവിധ തൊഴിൽ മേഖലകളിൽ സ്ത്രീകൾക് തുല്യവേതനം ഉറപ്പ് വരുത്തണം.

14. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെടുന്ന സ്ത്രീകൾക്ക് അസംസ്കൃത വസ്തുക്കൾ കുറഞ്ഞ വിലക്ക് നൽകിയും മറ്റു തരത്തിലുള്ള ആനുകൂല്യം ലഭ്യമാക്കിയും പ്രോത്സാഹനം നൽകണം.

15. DWCRA യുടെപ്രവർത്തനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കണം.

16. കശുവണ്ടി മേഖലയിൽ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാനും യന്ത്രവൽക്കരണം നിയന്ത്രിക്കാനും,നടപടിയുണ്ടാവണം.

17.വിവാഹ ചടങ്ങുകൾ ആർഭാടമാക്കുന്നത് നിയമം മൂലം നിരോധിക്കണം

18. ജോലിക്കുപോകുന്ന സ്ത്രീകളുടെ കുട്ടികളെ സംരക്ഷിക്കുന്നതിന് വാർഡ് തലത്തിൽ ക്രഷുകൾ ഏർപ്പെടുത്തണം.

19. ഗ്രാമീണ സംസ്കാരം നിലനിർത്തുന്നതിന് സാംസ്ക്കാരിക ബോധവൽക്കരണം നടത്തുക, നാടൻ കലാരൂപങ്ങളേയും സാംസ്കാരിക കേന്ദ്രങ്ങളേയും പ്രോത്സാഹിപ്പിക്കുക. ആഭരണ ഭ്രമത്തിനെതിരെ ബോധവല്കരണം വേണം

20. പെൻഷനുകൾ യഥാസമയം ലഭ്യമാക്കുക.

21. ഫേമിലി കൗൺസിലിങ്ങ് സെന്റർ പഞ്ചായത്തിൽ ഏർപ്പെടുത്തുക.

22. ഗ്രന്ഥാലയങ്ങളിൽ നിന്ന് പുസ്തകം വീട്ടിലെത്തിച്ചു കൊടുക്കുന്ന സമ്പ്രദായം ഏർപ്പെടുത്തണം.

23. ഉത്തരവാദിത്തമുള്ള സ്ഥാനങ്ങൾ ഏറ്റെടുക്കുന്നതിന് വിവിധ മേഖലകളിലൂടെ അറിവും പരിശീലനവുംനൽകുക. അതോടൊപ്പം അത്തരം സ്ഥാനങ്ങൾ ഏറ്റെടുക്കാനുള്ള അത്മവിശ്വാസം സ്ത്രീകളിൽ വളർത്തിയെടുക്കുക.

***********





# സഹകരണം

ഇന്ത്യയിൽ 1904 ൽ കേന്ദ്രപരസ്പര സഹായസംഘം നിയമം നടപ്പിൽ വന്നതുമൂലമാണ് സഹകരണ പ്രസ്ഥാനം ആരംഭിക്കുന്നത്. അതിനുശേഷം ഒട്ടേറെ ഭേദഗതികളും സംസ്ഥാന നവീകരണ നിയമങ്ങളും വന്നിട്ടുണ്ട്. കേരളത്തിൽ ഇന്ന് നിലവിലുള്ള സംസ്ഥാന സഹകരണ നിയമം 1969മെയ് മാസം 16 ാം തീയ്യതി മുതലാണ് പ്രാബല്യത്തിൽ വന്നത് വളരെ വിശാലമായ സംസ്ഥാനത്തെ സഹകരണ മേഖലയിൽ വിവിധതരം സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു.

പഞ്ചായത്തിലെ സഹകരണമേഖലക്ക് ഏതാണ്ട് 70 വർഷക്കാലത്തെ ചരിത്രപാരമ്പര്യമുണ്ട്. 1925 ൽ വടക്കുമ്പാട് പഞ്ചായത്ത് പ്രവർത്തന പരിധിയായി രൂപീകൃതമായ മണ്ണയാട് ഐക്യനാണയ വിവിധോദ്ദേശ സഹകരണ സംഘത്തിന്റെ പ്രവർത്തനാരംഭത്തോടുകൂടിയാണ് പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന് നാന്ദി കുറിക്കുന്നത്. ശ്രീ. എൻ. എ രാമുണ്ണി വൈദ്യർ, ശ്രീ. പി. എ. കുഞ്ഞിക്കണ്ണൻ മാസ്റ്റർ, ശ്രീ.കെ.പി. ആണ്ടി എന്നിവരായിരുന്നു പ്രസ്തുതസംഘത്തിന്റെ ആദ്യകാലപ്രവർത്തകന്മാർ

പഞ്ചായത്തിൽ 1930 കളിൽ കാളി ആസ്ഥാനമായി പ്രവർത്തനം ആരംഭിച്ച തെങ്ങ് ചക്കര വിപണന സഹകരണ സംഘവും പഞ്ചായത്തിലെ കള്ളുചെത്ത് തൊഴിലാളികളുടെ ഒരു ആശ്രയ കേന്ദ്രമായിരുന്നു. കള്ളിൽ നിന്നും ഉല്പാദിപ്പിക്കുന്ന ചക്കര ചെത്ത് തൊഴിലാളികളിൽ നിന്നും സംഘം വാങ്ങുകയും അത് വില്പന നടത്തുകയും ചെയ്യുക എന്നതായിരുന്നു സംഘത്തിന്റെ പ്രവർത്തനം ശ്രീ. എൻ.എ. രാമുണ്ണിവൈദ്യർ, ശ്രീ. കെ. ഐ. കൃഷ്ണൻ, ശ്രീ. മേപ്പാടൻ കുമാരൻ എന്നിവരായിരുന്നു. ഈ സംഘത്തിന്റെ പ്രവർത്തകന്മാർ, 1960 ഓടുകൂടി സംഘത്തിന്റെ പ്രവർത്തനം പൂർണമായും നിശ്ചലമാവുകയുണ്ടായി. നിലവിൽ സംഘത്തിന്റെ റിക്കാർഡുകൾ ഒന്നും തന്നെ ലഭ്യമല്ല. പഞ്ചായത്തിൽ വിവിധ മേഖലകളിലായി 16 സഹകരണ സംഘങ്ങൾ രജിസ്ട്രർ ചെയ്യപ്പെട്ടിട്ടുണ്ട്. കൂടാതെ താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ ഈ പഞ്ചായത്തുകൂടി ഉൾപ്പെടുന്നു. എന്നാൽ വായ്പാ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഒഴിച്ചാൽ മറ്റു സംഘങ്ങൾ മിക്കവയും ഇന്ന് ഏതാണ്ട് നിർജ്ജീവാവസ്ഥയിലാണ്. പല സംഘങ്ങളും കടലാസിൽ മാത്രം ഒതുങ്ങുന്നവയുമാണ്.

### വായ്പാ സഹകരണ സംഘങ്ങൾ

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വായ്പാ സഹകരണ സംഘങ്ങൾ വടക്കുമ്പാട് സർവ്വീസ്സഹകരണ ബേങ്ക്, കതിരൂർ സർവ്വീസ് സഹകരണ ബേങ്ക് എന്നിവയാണ്. പഞ്ചായത്തിലെ വടക്കുമ്പാട്, മഠത്തുംഭാഗം എന്നീദേശങ്ങൾ വടക്കുമ്പാട് സർവ്വീസ് സഹകരണ ബേങ്കിൻെറ പ്രവർത്തന പരിധിയിലും പെരുന്താറ്റിൽ, എരഞ്ഞോളി എന്നീ ദേശങ്ങൾ കതിരൂർ സർവ്വീസ് സഹകരണ ബേങ്കിൻെറ പ്രവർത്തന പരിധിയിലും ഉൾപ്പെടുന്നു. വടക്കുമ്പാട് സർവ്വീസ് സഹകരണ ബേങ്കിൻെറ ഹെഡ്ഓഫീസും തോട്ടുമ്മൽ ബ്രാഞ്ചും, കതിരൂർ സർവ്വീസ് സഹകരണബേങ്കിൻെറ ചോനാടം ബ്രാഞ്ചും പഞ്ചായത്തിനകത്ത് പ്രവർത്തിക്കുന്നു. കൂടാതെ എരഞ്ഞോളി വനിതാസഹകണസംഘവും പഞ്ചായത്തിൽ ഈ രംഗത്ത് പ്രവർത്തിക്കുന്നു.

### വടക്കുമ്പാട് സർവ്വീസ് സഹകരണ ബാങ്ക്

1925 ൽ വടക്കുമ്പാട് വിവിധോദ്ദേശ ഐക്യനാണയ സംഘമായി രജിസ്ററർ ചെയ്യപ്പെട്ട ഈസംഘം 1972 ൽ വടക്കുമ്പാട് സർവ്വീസ് സഹകരണ സംഘമായും പിന്നീട് 1980 ൽ വടക്കുമ്പാട് സർവ്വീസ് സഹകരണ ബേങ്കായും രജിസ്റ്റർ ചെയ്യപ്പെട്ടു. മെമ്പർമാരുടെ കാർഷിക- കാർഷികേതര ആവശ്യങ്ങൾക്കുള്ള വായ്പ നല്കുന്നതിനുപുറമേ കൺസ്യൂമർ സ്റ്റോർ വളം ഡിപ്പോ എന്നിവയും ബേങ്കിൻെറ കീഴിൽ നടത്തിവരുന്നു. കൂടാതെ ഒരു കൊപ്രസംഭരണ കേന്ദ്രവും ഉണ്ട്. 2.5 കോടി രൂപ പ്രവർത്തന മൂലധനമുള്ള ഈ ബേങ്ക് നിലവിൽ 7.5 ലക്ഷം രൂപ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്

### കതിരൂർ സർവ്വീസ് സഹകണ ബേങ്ക്

കതിരൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ ബേങ്കിൻെറ ഒരുശാഖ എരഞ്ഞോളി ചോനാടത്ത് പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ എരഞ്ഞോളി, പെരുന്താറ്റിൽ ദേശങ്ങളാണ് ഈ ബേങ്കിൻെറ പരിധിയിൽ ഉൾപ്പെടുന്നത്. മെമ്പർമാർക്കാവശ്യമായ വായ്പാ വിതരണം ചെയ്യുന്നതിന് പുറമെ പെരുന്താറ്റിൽ ഒരു കൺസ്യൂമർ സ്റ്റോറും ബേങ്ക് നടത്തിവരുന്നു. ആറ് കോടിലേറെ രൂപ പ്രവർത്തന മൂലധനമുള്ള ഈ ബേങ്ക് ലാഭത്തിൽ പ്രവർത്തിച്ചു വരുന്നു.

### എരഞ്ഞോളി വനിതാ സഹകരണസംഘം

പഞ്ചായത്തിൽ അരങ്ങേറ്റുപറമ്പ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന എരഞ്ഞോളി വനിതാ സഹകരണ സംഘമാണ് ക്രഡിറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന മറ്റൊരു സഹകരണ സംഘം. സംഘം പ്രവർത്തനം ആരംഭിച്ചിട്ട് രണ്ടുവർഷമേആയിട്ടുള്ളുവെങ്കിലും ഒരു ലക്ഷത്തോളം രൂപ ഓഹരി മൂലധനവും ഒൻപത് ലക്ഷം രൂപ പ്രവർത്തന മൂലധനവുമുണ്ട്. ജീവനക്കാർ എന്ന നിലയിൽസിക്രട്ടറി മാത്രമേയുള്ളൂ.

**പട്ടിക 1**

| നമ്പർ | സംഘത്തിൻെറ പേര് | സ്ഥാപത വർഷം | അംഗ ങ്ങൾ | ഒഹരി മൂലധനം ('000) | നിക്ഷേ പങ്ങൾ ('000) | പ്രവർ ത്തന മൂലധനം ('000) | വായ്പകൾ | | ജീവനക്കാർ | | ലാഭം/ നഷ്ടം |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാർഷികം | കാർഷികേതരം | സ്ഥിരം | മറ്റുള്ളവർ | |
| 1 | വടക്കുമ്പാട് സർവ്വീസ് സഹകരണ ബേങ്ക് | 1925 | 4653 | 906 | 20188 | 25155 | 1813 | 20449 | 15 | 9 | നഷ്ടം |
| 2 | കതിരൂർസർവ്വീസ് സഹകരണ ബേങ്ക് | 1956 | 13303 | 1717 | 62192 | 63873 | 21815 | 34828 | 24 | 13 | ലാഭം |
| 3 | എരഞ്ഞോളിവനിതാ സഹകരണ സംഘം | 1994 | 265 | 91 | 589 | 900 | ഇല്ല | 469 | 1 | | നഷ്ടം |

ക്രഡിറ്റ് മേഖലയിൽ നമ്മുടെ പഞ്ചായത്തുകൂടി പ്രവർത്തന പരിധിയായി പ്രവർത്തിക്കുന്ന മറ്റു രണ്ടുസഹകരണ ബേങ്കുകൾ തലശ്ശേരി- കോ-ഓപ്പറേറ്റീവ് ടൗൺ ബാങ്ക് തലശ്ശേരി കാർഷിക വികസന ബാങ്ക് എന്നിവയാണ്.

**പഞ്ചായത്തിൽ വായ്പേതര മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ താഴെ പറയുന്നവയാണ്.**

1. എരഞ്ഞോളി കയർ വ്യവസായ സഹകരണ സംഘം
2. വടക്കുമ്പാട്-എരഞ്ഞോളി കയർ വ്യവസായ സഹകരണ സംഘം
3. എരഞ്ഞോളിപഞ്ചായത്ത് സെറികൾച്ചർ കോ-ഓപ്പറേററീവ് സൊസൈറ്റി
4. എരഞ്ഞോളി പഞ്ചായത്ത് ഗ്രാമവ്യവസായ സഹകരണ സംഘം
5. എരഞ്ഞോളി പഞ്ചായത്ത് കോ-ഓപ്പറേറ്റീവ് ഡിസ്പെൻസറി സൊസൈററി
6. വടക്കുമ്പാട് വുമൺഇൻഡസ്ട്രിയൽ ( വർക്ഷോപ്പ്) സഹകരണ സംഘം
7. വടക്കുമ്പാട് ജോയിൻറ് ഫാമിങ്ങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ഇവകൂടാതെ സ്കൂൾ ഉപഭോക്തൃ സഹകരണ സംഘങ്ങളും പഞ്ചായത്തിനകത്ത് പ്രവർത്തിക്കുന്നു.

**എരഞ്ഞോളി പഞ്ചായത്ത് സഹകരണ ഡിസ്പെൻസറി**

പഞ്ചായത്തിൽ ഇടക്കാലത്ത് നല്ല നിലയിൽ പ്രവർത്തിച്ചു വന്നിരുന്ന ഒരു സ്ഥാപനമാണ് എരഞ്ഞോളി പഞ്ചായത്ത് സഹകരണ ഡിസ്പെൻസറി .

പഞ്ചായത്തിലെ ആദ്യകാല സഹകാരികളായ ശ്രീ. കുണ്ടാഞ്ചേരി കുഞ്ഞിരാമൻമാസ്റ്റർ ശ്രീ. എ. മന്ദൻ മേസ്ത്രി, ശ്രീ. എം. ആണ്ടി, ശ്രീ. എ. കുഞ്ഞിക്കണ്ണൻ മാസ്റ്റർ, ശ്രീ. എ.കുമാരൻ മാസ്റ്റർ എന്നിവരായിരുന്നു ഡിസ്പെൻസറി സൊസൈറ്റിയുടെ ആദ്യകാല പ്രവർത്തകൻമാർ. രോഗികളെ കിടത്തി ചികിത്സിക്കുന്നതിനാവശ്യമായ കെട്ടിടവും കിടക്കകളും ജീവനക്കാരും ഉള്ള ഒരുസ്ഥാപനമാണിത്. സ്ഥിരമായി ഒരു ഡോക്ടറെ കിട്ടാതിരിക്കുക എന്നതാണ് ഈ സ്ഥാപനം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. 1974 ൽ രജിസ്ട്രർ ചെയ്ത് പ്രവർത്തനം തുടർന്നുവരുന്ന ഈ സംഘത്തിൽ 784ൽ അംഗങ്ങളും 36945 രൂപ ഒഹരി മൂലധനവുമുണ്ട്. സംഘത്തിൽ മൂന്ന് സ്ഥിരം ജീവനക്കാരുൾപ്പെടെ നാലു ജീവനക്കാരാണുള്ളത്. സംഘം നിലവിൽ 66677രൂപ നഷ്ടത്തിൽ ആണ് പ്രവർത്തിക്കുന്നത്.

**വനിതാസഹകരണ സംഘങ്ങൾ**

പഞ്ചായത്തിൽ രണ്ടുവനിതാ സഹകരണ സംഘങ്ങളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. അതിൽ ഒന്ന് മുൻപേ വിവരിക്കപ്പെട്ട വായ്പാ മേഖലയിൽ പ്രവർത്തിക്കുന്ന എരഞ്ഞോളി വനിതാ സഹകരണ സംഘവും മറ്റൊന്ന് വ്യാവസായിക മേഖലയിൽ രജിസ്ട്രർ ചെയ്യപ്പെട്ട വടക്കുമ്പാട് വുമൺ ഇൻഡസ്ട്രിയൽ ( വർക്ക്ഷാപ്പ്) സഹകരണ സംഘവുമാണ്. 1983 ൽ രജിസ്റ്റർ ചെയ്യപ്പെട്ട വടക്കുമ്പാട് വുമൺ ഇൻഡസ്ട്രിയൽ (വർക്ക്ഷാപ്പ്) സഹകരണ സംഘത്തിൻെറ പ്രവർത്തനം ഒന്നും തന്നെ ഇതുവരെയായും ആരംഭിച്ചിട്ടില്ല. 26 അംഗങ്ങളുള്ള ഈ സഹകരണ സംഘത്തിന് നിലവിൽ350 രൂപ മാത്രമാണ് ഓഹരി മൂലധനമായുള്ളത്. സംഘം 663 രൂപ 5 പൈസ നഷ്ടത്തിലാണ്.

**ഖാദി ഗ്രാമവ്യവസായസഹകരണ സംഘങ്ങൾ**

പഞ്ചായത്തിൽ ഈ മേഖലയിൽ 1994 മുതൽ എരഞ്ഞോളി പഞ്ചായത്ത് ഗ്രാമവ്യവസായ സഹകരണ സംഘം എന്ന പേരിൽ ഒരു സംഘം രൂപീകരിച്ചിരുന്നുവെങ്കിലും സംഘത്തിൻെറ പ്രവർത്തനം ഇതുവരെയായും ആരംഭിച്ചിട്ടില്ല.

ഖാദി മേഖലയിൽ രജിസ്റ്റർ ചെയ്യപ്പെട്ട മറ്റൊരു സഹകരണ സംഘമാണ് എരഞ്ഞോളി പഞ്ചായത്ത് സെറിക്കൾച്ചർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി. 1990 ൽ രൂപീകരിക്കപ്പെട്ട ഈ സഹകരണസംഘത്തി ൻെറ സ്ഥിതിയും പഞ്ചായത്തിലെ മറ്റു സഹകരണ സംഘങ്ങളെ പോലെ തന്നെ നിശ്ചലമാണ്. സംഘത്തിൻെറ മെമ്പർമാരിൽ പലരും പട്ടുനൂൽപുഴുക്കളെ വളർത്തുന്നതിനും കൊക്കൂണുകൾ ശേഖരിക്കുന്നതിനും വേണ്ടി മൾബറികൃഷി നടത്തിയിരുന്നുവെങ്കിലും പരാജയപ്പെടുകയാണുണ്ടായത്.മൾബറി കൃഷി സംബന്ധിച്ചും പുഴുക്കളെ വളർത്തുന്നതിനും ആവശ്യമായ സാങ്കേതികമായ പരിജ്ഞാനമില്ലായ്മയായിരുന്നു ഈ രംഗത്തെ പരാജയ കാരണം.

പട്ടിക - 2

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | സ്ഥാപിതമായ വർഷം | അംഗങ്ങൾ | ഓഹരി മൂലധനം | പ്രവർത്തന മൂലധനം | ജീവനക്കാർ | തൊഴിലാളികൾ | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| 1 | എരഞ്ഞോളി പഞ്ചായത്ത് സെറികൾച്ചർ സഹകരണസംഘം | 1990 | 16 | 1600 | ഇല്ല | ഇല്ല. | ഇല്ല | |
| 2 | എരഞ്ഞോളി പഞ്ചായത്ത് ഗ്രാമ വ്യവസായ സഹ.സംഘം | 1994 | 12 | 1200 | ഇല്ല | | | പ്രവർത്തനം ആരംഭിച്ചിട്ടില്ല |

**വടക്കുമ്പാട് ജോയിൻറ് ഫാമിങ്ങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.**

1961 ൽ പഞ്ചായത്തിൽ രജിസ്ട്രർ ചെയ്യപ്പെട്ട ഒരു സഹകരണ സംഘമാണിത്. ശ്രീ. എൻ. എ. രാമുണ്ണി വൈദ്യർ, ശ്രീ. കെ. പി. അനന്തൻ, ശ്രീ. പട്യാത്തി കൃഷ്ണൻ, ശ്രീ. വാഴാളപ്പി കൃഷ്ണൻ, ശ്രീ. ഞാറ്റ്യേല അനന്തൻ എന്നിവരായിരുന്നു ഈ സംഘത്തിൻെറ ആദ്യകാല പ്രവർത്തകന്മാർ, സംഘത്തിന് സ്വന്തമായി ഓഫീസ് കെട്ടിടവും ഗോഡൗണും ഉണ്ട്. കൃഷിക്കാരുടെ ഭൂമിയിൽ സഹകരണാടിസ്ഥാനത്തിൽ നെൽകൃഷിയും മറ്റും നടത്തുക എന്നതായിരുന്നു ലക്ഷ്യം. നിലവിൽ നെൽകൃഷി ഒഴിവാക്കിക്കൊണ്ട് തെങ്ങുകൃഷി, മത്സ്യം വളർത്തൽ എന്നിവ നടത്തുന്നു. ഓരോ മെമ്പർമാരും 62 സെൻറ് സ്ഥലം വീതം സംഘത്തിൽ പൂൾ ചെയ്തു കൊണ്ടാണ് സംഘത്തിൻെറ പ്രവർത്തനം ആരംഭിച്ചത്. സംഘത്തിൻെറ കൈവശം ആകെ 28 ഏക്കർ സ്ഥലമുണ്ട്. ആകെ 43 അംഗങ്ങളുള്ള ഈ സംഘത്തിൻെറ ഓഹരി മൂലധനം 2640 രൂപമാത്രമാണ്.

**കയർവ്യവസായ സഹകരണസംഘങ്ങൾ**

എരഞ്ഞോളി പഞ്ചായത്തിൽ രണ്ടുകയർ വ്യവസായ സഹകരണ സംഘങ്ങൾ റജിസ്ട്രർ ചെയ്യപ്പെട്ടിട്ടുണ്ട്. എരഞ്ഞോളി ആസ്ഥാനമാക്കി എരഞ്ഞോളി കയർ വ്യവസായ സഹകരണ സംഘവും വടക്കുമ്പാട് ആസ്ഥാനമായി വടക്കുമ്പാട് എരഞ്ഞോളി കയർ വ്യവസായ സഹകരണ സംഘവും. ഇതിൽ വടക്കുമ്പാട് എരഞ്ഞോളി കയർ വ്യവസായ സഹകരണ സംഘം പ്രവർത്തനം ആരംഭിച്ചിട്ടില്ല. എരഞ്ഞോളി കയർ വ്യവസായ സഹകരണ സംഘത്തിൻെറ പ്രവർത്തനം വളരെ മന്ദഗതിയിലാണ്. 1994 - 95 വർഷം സംഘത്തിൻെറ വിറ്റുവരവ് 75832 രൂപയാണ്.

## പട്ടിക - 3

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | സ്ഥാപിതമായ വർഷം | അംഗങ്ങൾ | ഓഹരി മൂലധനം | പ്രവർത്തന മൂലധനം | ജീവനക്കാർ | തൊഴിലാളികൾ | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| 1 | എരഞ്ഞോളി കയർ വ്യവസായ സഹകരണസംഘം | ലഭ്യമല്ല | ലഭ്യമല്ല | 109350 | 184332 | | | നഷ്ടം 47678 |
| 2 | വടക്കുമ്പാട് -എരഞ്ഞോളി കയർ വ്യവസായ സഹകരണ സംഘം | 1959 | 245 | 33610 | 46852 | | | പ്രവർത്തനം ആരംഭിച്ചിട്ടില്ല |

**സ്കൂൾസഹകരണ സംഘങ്ങൾ**

പഞ്ചായത്തിൽ ആറ് സ്കൂളുവളിലായി ഉപഭോക്തൃ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തലെ സ്കൂൾ ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ പേര് വിവരം ചുവടെ കൊടുക്കുന്നു.

1. ശ്രീനാരായണ ബേസിക്. യു. പി. സ്കൂൾ കൺസ്യൂമർ കോ-ഓപ് സൊസൈറ്റി
2. പി. സി. ഗുരുവിലാസം യു. പി. സ്കൂൾകൺസ്യൂമർ കോ-ഓപ് സൊസൈറ്റി
3. എരഞ്ഞോളി വെസ്റ്റ് ബേസിക്ക് യു. പി. സ്കൂൾകൺസ്യൂമർ കോ-ഓപ് സൊസൈറ്റി
4. കൊടക്കളം സീനിയർ യു. പി. സ്കൂൾകൺസ്യൂമർ കോ-ഓപ് സൊസൈറ്റി
5. അരങ്ങേറ്റുപറമ്പ ബേസിക്ക് യു. പി. സ്കൂൾകൺസ്യൂമർ കോ-ഓപ് സൊസൈറ്റി
6. വടക്കുമ്പാട് ഗവൺമെൻറ് ഹൈസ്കൂൾ കൺസ്യൂമർ കോ-ഓപ് സൊസൈറ്റി

**ബീഡി സഹകരണ സംഘങ്ങൾ**

പഞ്ചായത്തിലെ ബീഡിതൊഴിലാളി കതിരൂർ ബീഡി വ്യവസായ സഹകരണ സംഘം , പിണറായി ബീഡി വ്യവസായ സഹകരണ സംഘം എന്നിവിടങ്ങളിലായി ജോലിചെയ്തുവരുന്നു. കതിരൂർ ബീഡി തൊഴിലാളി സഹകരണ സംഘത്തിൻെറ ഓഫീസും നാലു തൊഴിൽ ശാലകളും പിണറായി ബീഡി വ്യവസായ സഹകരണ സംഘത്തിൻെറ രണ്ടു തൊഴിൽ ശാലകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ആറ് തൊഴിൽ ശാലകളിലുമായി ആകെ 600 തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്.

**പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ**

പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളുടെ സ്ഥിതി പൊതുവെ പരിശോധിക്കുകയാണെങ്കിൽ സഹകരണ വായ്പാ മേഖലയിൽ പ്രവർത്തിക്കുന്നവ ഒഴിച്ച് മറ്റ് സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം പൂർണമായോ ഭാഗികമായോ പരാജയമാണെന്ന് കാണാൻ സാധിക്കും. മാനേജ്മെൻറിൻെറ കാര്യക്ഷമതയില്ലായ്മ ആസൂത്രണത്തിൻെറ അഭാവം, പുതിയ സംരംഭങ്ങളിലേക്ക് കടന്നുകയറാനുള്ള ആത്മധൈര്യമില്ലായ്മ, തൊഴിലാളികളുടെ പങ്കാളിത്തക്കുറവ്, മാനേജ്മെൻറ് ചെലവിലെ വർദ്ധനവ്, സാങ്കേതികജ്ഞാനത്തിൻെറ അഭാവം എന്നിവയാണ് ഈ പരാജയത്തിന് കാരണമായിട്ടുള്ളത്.

പഞ്ചായത്തിൽ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്ന വായ്പാ സഹകരണ സംഘങ്ങൾ നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്.എരഞ്ഞോളി പഞ്ചായത്തിലെ പ്രധാനപ്പെട്ട ധനകാര്യ സ്ഥാപനമാണ് വടക്കുമ്പാട് സർവ്വീസ് സഹകരണ ബേങ്ക് .പ്രവർത്തന മൂലധനത്തിലുണ്ടാകുന്ന കുറവ്, മാനേജ്മെൻറിൻെറ കാര്യക്ഷമതയില്ലായ്മ, വർദ്ധിച്ചുവരുന്ന വായ്പാ കുടിശ്ശിക, മാനേജ്മെൻറ് ചെലവിലെ വർദ്ധനവ് എന്നിവകൊണ്ട് ബാങ്കിന് സാമ്പത്തിക ഞെരുക്കം അനുഭവപ്പെടുന്നു. നിലവിൽ പ്രവർത്തന മൂലധനത്തിൻെറ അഭാവം കുറേയൊക്കെ മാറ്റിയെടുക്കുന്നതിന് വേണ്ടി ബേങ്കിന് സാധിച്ചിട്ടുണ്ട്.

വർദ്ധിച്ചുവരുന്ന വായ്പാ കുടിശ്ശികയാണ് പഞ്ചായത്തിനകത്ത് പ്രവർത്തിച്ചുവരുന്ന രണ്ടു സഹകരണ ബേങ്കുകളും നേരിടുന്ന പ്രധാന പ്രശ്നം. ബേങ്കിൽ നിന്നും വാങ്ങുന്ന കടം യഥാസമയം മെമ്പർമാർ തിരിച്ചടക്കാതിരിക്കുകയും പ്രസ്തുത കടം കാലക്രമേണ എഴുതി തള്ളും എന്ന തെറ്റായ ധാരണ മെമ്പർ മാരിൽ നില നില്ക്കുകയും ചെയ്യുന്നു. കൂടാതെ ബേങ്കിൽ നിന്നും വാങ്ങുന്ന വായ്പ മെമ്പർമാർ മറ്റു ആവശ്യങ്ങൾക്കായി ഉപയോഗിപ്പെടുത്തുകയും അതുമൂലം മെമ്പർമാരുടെ തിരിച്ചടവിനുള്ള ശേഷി നഷ്ടപ്പെടുന്നതിൻെറ ഫലമായി ബേങ്കുകളുടെ കുടിശ്ശിക വർദ്ധിക്കുന്നു.

കാർഷിക രംഗത്ത് നല്കുന്ന വിളവായ്പ മിക്കവാറും ലക്ഷ്യം തെറ്റിയാണ് മെമ്പർമാർ ഉപയോഗിക്കുന്നത്. കൂടാതെ കിണർകുഴിക്കുന്നതിനും, പമ്പ്സെറ്റ് വാങ്ങുന്നതിനും ഒക്കെ നല്കുന്ന വായ്പകൾ കൃഷി ഉദ്ദേശിച്ചാണെങ്കിലും മെമ്പർമാർ അത് ഒരു ഗാർഹികാവശ്യം എന്ന നിലയിൽ മാത്രം കാണുന്നു.

ഗവൺമെൻറിൻെറ പലിശനയം പ്രാഥമിക സഹകരണ ബേങ്കുകളുടെ പ്രവർത്തനത്തെ സാരമായി രബാധിക്കുന്നു.

പഞ്ചായത്തിനകത്ത് ഒരു കാലത്ത് വളരെ നല്ല നിലയിൽപ്രവർത്തിച്ചുവന്നിരുന്ന ഒരു സഹകരണ സംഘമായിരുന്നു എരഞ്ഞോളി പഞ്ചായത്ത് സഹകരണ ഡിസ്പെൻസറി.ഇന്ന് സംഘം തകർച്ചയെ നേരിടുകയാണ്. കഴിവുറ്റ ഒരു ഡോക്ടരുടെ സ്ഥിരമായ സേവനമില്ലായ്മയും മാനേജ്മെൻറിൻെറ

കഴിവില്ലായ്മയുമാണ് ഈ സംഘത്തിൻെറ ഇന്നത്തെ സ്ഥിതിക്ക് കാരണമായിട്ടുള്ളത്.

**നിർദ്ദേശങ്ങൾ**

വർദ്ധിച്ചുവരുന്ന വായ്പാ കുടിശ്ശിക കുറക്കുന്നതിന് ഫലപ്രദമായ നടപടികൾ ആവശ്യമാണ്.അനുവദിക്കുന്ന വായ്പയുടെ 10 ശതമാനത്തിലധികം ഒരു കാരണവശാലും പ്രത്യുല്പാദന പരമല്ലാത്ത മേഖലയിൽചെലവഴിക്കാൻ പാടില്ലാത്തതാണ്. വായ്പയുടെ വിനിയോഗവും വായ്പാക്കാരൻെറ തിരിച്ചടവിനുള്ളശേഷിയും നിരീക്ഷിക്കപ്പെടണം.

വായ്പ നല്കാനുള്ള ഓപ്പറേഷൻ ചാർജ്ജുകൾ വായ്പാ ഈടാക്കാൻ വരുന്ന ചെലവുകൾ, കാലതാമസം എന്നിവയെല്ലാം കണക്കിലെടുത്ത് ജില്ലാ ബേങ്കുകൾ പ്രാഥമിക ബേങ്കുകൾക്ക് നല്കുന്ന വായ്പയുടെ പലിശനിരക്ക് കുറക്കുകയും പ്രാഥമിക സംഘങ്ങളുടെ മാർജിൻ വർദ്ധിപ്പിക്കുകയും ചെയ്യുക.

വായ്പ ഈടാക്കുന്നതിന് വിവിധ മാർഗ്ഗങ്ങൾ അവലംബിക്കണം. സഹകാരികളുടെ സഹകരണത്തോടെയുള്ള പ്രേരണ, അതിനാവശ്യമായ ഫീൽഡു പ്രവർത്തനം എന്നിവ മെച്ചപ്പെടുത്തണം. വായ്പക്കാരും ജീവനക്കാരും തമ്മിലുള്ള ബന്ധം സ്ഥിരസ്വഭാവമുള്ളതായാലേ ഇത്സാധ്യമാവൂ. നേരിട്ടുള്ള പ്രേരണഫലിക്കാതെ വന്നാൽ ശക്തമായ നടപടി എടുക്കണം. സ്വത്തു ജാമ്യക്കടങ്ങളിൽ അന്യയം കൊടുത്തു വിധി സമ്പാദിക്കാതെ നേരിട്ടു വസ്തു ലേലം ചെയ്ത് വായ്പ ഈടാക്കാനുള്ള അധികാരം പ്രാഥമിക സംഘങ്ങൾക്ക് നല്കണം.

പഞ്ചായത്തിലെ സ,ഹകരണ ഡിസ്പൻസറിയുടെ പ്രവർത്തനത്തെകുറിച്ച് നിലവിൽ ജനങ്ങളിലുള്ള ആശങ്ക ദുരീകരിക്കുന്നിതിന് ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഡോക്ടരുടെ സേവനം അനുവദിക്കാൻ ഗവൺമെൻറ് തയ്യാറാവണം. ഡിസ്പൻസറിയുടെ സാമ്പത്തിക പരാധീനത മാറ്റുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത് അവരുടെ പൊതുജനാരോഗ്യ പരിപാലനഫണ്ടിൽ നിന്നും ഒരു നിശ്ചിത സംഖ്യ നീക്കിവെക്കണം.

കൂടാതെ പഞ്ചായത്തിലെ മറ്റു സ്ഥാപനങ്ങളുടെ വിഭവശേഷി ഉപയോഗപ്പെടുത്തിക്കൊണ്ട് കരാർ അടിസ്ഥാനത്തിൽ ലബോറട്ടറികളും മറ്റു അത്യാവശ്യ പരിശോധനാ ഉപകരണങ്ങളും ഉറപ്പുവരുത്താവുന്നതാണ്.

സ്കൂൾ സഹകരണ സംഘങ്ങളിലൂടെ കുട്ടികൾക്ക് ആവശ്യമായ മുഴുവൻ പാഠ്യോപകരണങ്ങളും സ്റ്റേഷനറി സാധനങ്ങളും, കുട, യൂനിഫോറങ്ങൾ, മുതലായവയും വിതരണം ചെയ്യപ്പെടണം. സ്കൂൾ സംഘങ്ങളുടെ ഭരണസമിതികളിൽ പി.ടി.എ. അംഗങ്ങളായിട്ടുള്ള രക്ഷിതാക്കളെ കൂടി ഉൾപ്പെടുത്തണം. സ്റ്റോറുകളിലൂടെ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് പ്രത്യേകം ഒരു വില്പനക്കാരനെ നിയമിക്കുകയോ അല്ലെങ്കിൽ സ്റ്റോറിൻെറ ചുമതല വഹിക്കുന്ന അധ്യാപകർക്ക് പ്രത്യേക അലവൻസ് നല്കുകയോ ചെയ്യുക.

വടക്കുമ്പാട് വുമൺ ഇൻഡസ്ട്രിയൽ സഹകരണ സംഘത്തിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പുതിയ സംരംഭങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. സ്ഥാപനത്തിൻെറ കീഴിൽ പ്രിൻറിങ്ങ് പ്രസ്, ഗാർമെൻറ്സ് മേക്കിങ്ങ് യൂനിറ്റ്, നോട്ടുബുക്കു നിർമാണം, കുട നിർമ്മാണം, തുടങ്ങിയ പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടുകയാണെങ്കിൽ ചുരുങ്ങിയത് 25 വനിതകൾക്കെങ്കിലും ജോലി സാധ്യതയുണ്ട്.

പഞ്ചായത്തിൽ രജിസ്ട്രർ ചെയ്യപ്പെട്ടിട്ടുള്ള എരഞ്ഞോളി പഞ്ചായത്ത് ഗ്രാമവ്യവസായ സഹകരണ സംഘത്തിൻെറ പ്രവർത്തനം ആരംഭിക്കുകയും സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ചെരിപ്പു നിർമ്മാണം, ലെതർ വർക്സ് തുടങ്ങിയ യൂനിറ്റുകൾ പ്ലാൻ ചെയ്തു നടപ്പിലാക്കുകയും ചെയ്യുകയാണെങ്കിൽ 20 പേർക്കെങ്കിലും തൊഴിൽ നല്കാൻ സാധിക്കും. പഞ്ചായത്തിൽ സർവ്വീസ് സഹകരണ ബേങ്കുകളുടെ കീഴിൽ പ്രവർത്തിക്കുന്ന കൺസ്യൂമർ സ്റ്റോറുകളുടെ പ്രവർത്തനും കൂടുതൽ മെച്ചപ്പെടുത്തുവാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കണം. കൂടാതെ പഞ്ചായത്തിൽ പുതുതായി ഒരു കൺസ്യൂമർ സ്റ്റോർ സ്ഥാപിക്കുകയും ഓരോ വീട്ടിലും നിത്യോപയോഗസാധനങ്ങൾ എത്തിക്കുന്നതിന് ആവശ്യമായ ഡോർ ഡെലിവറി സിസ്റ്റം നടപ്പിലാക്കുകയും വേണം. ഇതുവഴി 5 പേർക്കെങ്കിലും തൊഴിൽ ലഭിക്കുന്നതിനും പഞ്ചായത്തിലെ ജനങ്ങൾക്ക് അവശ്യസാധനങ്ങൾ മിതമായ നിരക്കിൽ ലഭിക്കുന്നതിനും സാധിക്കും.

പഞ്ചായത്തിലെ കയർവ്യവസായ സഹകരണ സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനാവശ്യമായി കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം ഈ സംഘങ്ങൾക്ക് ലഭ്യമാക്കണം. പരമ്പരാഗത പ്രവർത്തന

ശൈലി മാറ്റി ആധുനിക യന്ത്രവൽക്കരണത്തിലൂടെ മാത്രമേ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

പഞ്ചായത്തിൽ ഇറച്ചിക്കോഴി, കോഴിമുട്ട എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഒരു കോഴി വളർത്തൽ സഹകരണസംഘം പഞ്ചായത്തിൽ രൂപീകരിക്കാവുന്നതാണ്. സംഘത്തിൻെറ ആഭിമുഖ്യത്തിൽ പഞ്ചായത്തിലെ വീടുകളിൽ ചെറിയ ചെറിയ യൂനിറ്റുകളായി കോഴി വളർത്തുന്നതിനാവശ്യമായ പ്രോത്സാഹനം നൽകേണ്ടതും ആയതിനാവശ്യമായ മൃഗസംരക്ഷണ ഉദ്യോഗസ്ഥൻെറ സേവനം സൗജന്യമായി ലഭിക്കേണ്ടതുമാണ്.

പഞ്ചായത്തിൽ നെയ്ത്ത് വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങളെ ചേർത്തുകൊണ്ട് ഒരു നെയ്ത്തു വ്യവസായ സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. തൊഴിലാളികൾക്ക് സംഘം വഴി നൂൽ വിതരണം ചെയ്യുകയും നിർമ്മിക്കുന്ന തുണി സംഘം ശേഖരിച്ച് വില്പന നടത്തുകയും വേണം. അംഗങ്ങൾക്ക് ആവശ്യമായ തറികൾക്കുള്ള സാമ്പത്തിക സഹായവും സംഘം മുഖേന നൽകണം.

നിർമ്മാണ രംഗത്ത് തൊഴിലെടുക്കുന്ന ധാരാളം തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അവർ എല്ലാവരും തന്നെ മിക്കവാറും അസംഘടിതരാണ്. ഇത്തരം തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട്ഒരു ലേബർ കോട്രാക്റ്റ് സഹകരണസംഘം രൂപീകരിക്കേണ്ടതുണ്ട് പഞ്ചായത്ത് നേരിട്ടുനടത്തുന്ന പ്രവർത്തനങ്ങൾ ഈ സംഘത്തെ ഏൽപ്പിക്കാവുന്നതുമാണ്. കൂടാതെ പഞ്ചായത്തിനകത്തുള്ള മറ്റു നിർമ്മാണ പ്രവർത്തനങ്ങളും ഈ സംഘത്തിന് ഏറ്റെടുത്ത് നടത്താവുന്നതാണ്.

കാർഷിക രംഗത്ത് മുൻഗണന നൽകുന്ന ഒരു പഞ്ചായത്ത് എന്ന നിലയിൽ എരഞ്ഞോളി പഞ്ചായത്തിൽ ക്ഷീര വികസനരംഗത്തും നമുക്ക് മുന്നേറാൻ സാധിക്കും. എന്നാൽ ക്ഷീരകർഷകരിൽ നിന്നും പാൽ ശേഖരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും നിലവിൽ നമുക്ക് വേണ്ടത്ര സംവിധാനങ്ങളില്ല. ഈ രംഗത്ത് പഞ്ചായത്തിനകത്ത് തലശ്ശേരി ക്ഷീരവ്യവസായ സഹകരണ സംഘം പ്രവർത്തനം നടത്തുന്നുണ്ടെങ്കിലും പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും അതിൻെറ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് സാധിക്കുന്നില്ല. തലശ്ശേരി ക്ഷീരവ്യവസായ സഹകരണ സംഘത്തിൻെറ കീഴിലായി ആകെ 7 സംഭരണ ഡിപ്പോകളാണ് പഞ്ചായത്തിൽ ഉള്ളത്. ഈ ഡിപ്പോകൾ മുഖാന്തിരം ശരാശരി 800ലിറ്റർ പാലാണ് സംഘം ശേഖരിക്കുന്നത്. പഞ്ചായത്തിലെ മുഴുവൻ ക്ഷീരകർഷകരിൽ നിന്നും പാൽ ശേഖരിക്കുന്നതിനും അത് പഞ്ചായത്തിൽ കാര്യക്ഷമമായി വിതരണം ചെയ്യുന്നതിനും ആവശ്യമായ സംവിധാനം ഉണ്ടാക്കേണ്ടതുണ്ട്. അതുകൊണ്ട് പഞ്ചായത്തിൽ തനതായി ഒരു ക്ഷീരവ്യവസായ സഹകരണ സംഘം രൂപീകരിച്ച്കൊണ്ട് പ്രവർത്തനം നടത്തേണ്ടതുണ്ട്.

ഇത്തരത്തിൽ ഒരു സഹകരണ സംഘം രൂപീകരിക്കുയാണെങ്കിൽ പഞ്ചായത്തിൽ ചുരുങ്ങിയത് 20 പേർക്കെങ്കിലും തൊഴിൽ നൽകാൻ സാധിക്കും.

ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി എരഞ്ഞോളി പഞ്ചായത്തിലെ 11 ഗ്രാമസഭകൾ ചർച്ചചെയ്ത് സമർപ്പിച്ച ഗ്രാമസഭാ റിപ്പോർട്ട്, കോർഗ്രൂപ്പ് പഞ്ചായത്തിലെ സഹകാരികളുമായും ഉദ്യോഗസ്ഥന്മാരുമായും മെമ്പർമാരുമായും ചർച്ച ചെയ്തു ക്രോഡീകരിച്ച നിർദ്ദേശങ്ങളാണ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ വിവിധ ഗ്രാമസഭകളിൽ നിന്നായി പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനം മെച്ചപ്പെടുത്തുന്നതിനും തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനുമായി നിരവധി നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.

കാളി ആസ്ഥാനമായി ഒരു മത്സ്യത്തൊഴിലാളി സഹകരണ സംഘം, പഞ്ചായത്തിൽവാടക സാധനങ്ങൾ വിതരണം ചെയ്യുന്നതിനാവശ്യമായ സഹകരണ സംഘം, ഓർക്കിഡ് കൃഷി നടത്തുന്നതിനാവശ്യമായ സഹകരണസംഘം, ഫർണിച്ചർ നിർമ്മാണ സഹകരണ സംഘം എന്നിവ രൂപീകരിക്കണമെന്ന അഭിപ്രായം ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മേൽ നിർദ്ദേശിച്ച അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ എരഞ്ഞോളി പഞ്ചായത്തിൽ നടപ്പിലാക്കുകയാണെങ്കിൽ പഞ്ചായത്തിലെ കാർഷിക തൊഴിൽ രംഗങ്ങളിൽ സമൂലമായ മാറ്റം വരുത്തുന്നതിന് സഹായകരമായിരിക്കും. ഇത്തരത്തിലുള്ള ഒരു മാറ്റം മൂലം പഞ്ചായത്തിൻെറ സാമ്പത്തിക രംഗത്ത് ഒരു കുതിച്ചു ചാട്ടത്തിന് സാധിക്കുന്നതാണ്. ഗ്രാമങ്ങളുടെ സാമ്പത്തിക- സാമൂഹിക വികസനത്തിന് നിർണായകമായ ഒരു പങ്ക് വഹിക്കുന്ന പ്രസ്ഥാനമെന്ന നിലയിൽ സഹകരണ പ്രസ്ഥാനത്തിന് എരഞ്ഞോളി പഞ്ചായത്തിനകത്ത് വളരെയേറെ മുന്നേറാൻ സാധിക്കും. ●

# പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗത്തിൽപെട്ട കുടുംബങ്ങൾ ഇല്ല. പട്ടികജാതിയിൽപെട്ട 56 കുടുംബങ്ങളാണുള്ളത്. ഇവരുടെ ആകെ ജനസംഖ്യ 287 ആണ്. ഇതിൽ 144 പുരുഷന്മാരും 143 സ്ത്രീകളുമാണ്. ഒന്നാം വാർഡിൽ അടുത്ത കാലത്തായി അംഗീകൃത പട്ടികജാതി കോളനി നിലവിൽ വന്നിട്ടുണ്ട്.

മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി സാമൂഹ്യ വിദ്യാഭ്യാസ രംഗങ്ങളിൽ നേട്ടങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സാമ്പത്തികമായ പിന്നോക്കാവസ്ഥ ഇന്നും ഇവർക്കിടയിൽ നിലനില്ക്കുന്നു. മറ്റുജാതി മതസ്ഥരുടെ വിവാഹചടങ്ങുകൾ അടക്കം മറ്റെല്ലാ സാമൂഹ്യ ചടങ്ങുകളിലും ഇവർ യഥേഷ്ടം പങ്കെടുക്കുകയും ഇവരുടെ എല്ലാ സാമൂഹ്യമായ ചടങ്ങുകളിൽ മറ്റുവിഭാഗം ജനങ്ങളും പങ്കെടുത്തു വരുന്നു. പട്ടികവർഗ്ഗക്കാർക്ക് സർക്കാരിൽനിന്നും പരിമിതമായ സഹായങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും പലതും ഇവരിൽ ബഹുഭൂരിപക്ഷത്തിനും അറിയാൻ കഴിയാത്തതിനാലും കർക്കശമായ നിബന്ധനകൾ പാലിക്കാൻ കഴിയാത്തതിനാലും പ്രാവർത്തികമാക്കാൻ സാധിക്കുന്നില്ല.

**വിദ്യാഭ്യാസം**

പുതിയതലമുറ പൊതുവെ പ്രാഥമിക വിദ്യാഭ്യാസം നേടിയവരാണ്. ബിരുദവും ബിരുദാനന്തര ബിരുദവും നേടിയവർ ഇവരുടെ ഇടയിൽ ഉണ്ടെങ്കിലും പഴയതലമുറയിൽ പെട്ടവരിൽ ചിലരെങ്കിലും നിരക്ഷരരായി തുടരുന്നു. വിദ്യാഭ്യാസത്തെക്കുറിച്ച് രക്ഷിതാക്കൾക്കുള്ള ബോധമില്ലായ്മയും സാമ്പത്തീക പരാധീനതയും പലരുടെയും വിദ്യാഭ്യാസത്തിന് തടസ്സമാകുന്നുണ്ടെങ്കിലും കുഞ്ഞുങ്ങളെ പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നതിനു വേണ്ടി സ്കൂളുകളിലേക്ക് അയക്കുന്നുണ്ട്.വിദ്യാഭ്യാസത്തിനുവേണ്ടി ഈ വിഭാഗത്തിന് സർക്കാരിൽ നിന്നു ലഭിക്കുന്ന ആനുകൂല്യങ്ങൾ കൃത്യമായ.ി ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ വിവിധ സ്കൂളുകളിലായി 71 വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. ഇത് പഞ്ചായത്തിലെ മൊത്തം വിദ്യാർത്ഥികളുടെ 2.04% ആണ്.

**തൊഴിൽ**

കാർഷിക, പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരുന്നവരായിരുന്നു പൊതുവെ ഈ വിഭാഗം. ഈ മേഖലകൾ തകർന്നതോടുകൂടി ഉപജീവനത്തിനായി വിവിധ തൊഴിൽ മേഖലകളിൽ ഇവർ വ്യാപരിച്ചിരിക്കുന്നു. ചുരുക്കം ചില്ർ കാർഷികരംഗത്ത് തുടരുന്നുണ്ടെങ്കിലും വർഷം മുഴുവൻ ഇവർക്ക് ജോലി ലഭിക്കുന്നില്ല. നിർമ്മാണ രംഗത്ത് ജോലിചെയ്യുന്നധാരാളം പേരുണ്ട്. സർക്കാർ ജീവനക്കാരും ഇവരുടെ ഇടയിൽ ഉണ്ട്. അനുഷ്ഠാനകലയായ തെയ്യവും തിറയുമായി ഇവരിൽ പലരും ബന്ധപ്പെട്ടുപ്രവർത്തിക്കുന്നു.

**പ്രശ്നങ്ങൾ**

1. സ്വന്തമായി വീടും സ്ഥലവുമില്ലാത്ത കുടുംബങ്ങൾ ഉണ്ട്
2. കാർഷികമേഖലയുടെ തകർച്ച തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തുന്നു.
3. പരിമിതമായ സർക്കാർ ധനസഹായങ്ങൾപോലും കൃത്യമായ സമയത്ത് അറിയാത്തതു കൊണ്ടും സാങ്കേതികത്വത്തിൽ പെട്ടും കിട്ടാത്ത അവസ്ഥ

പട്ടിക. 1

| വാർഡ് | കുടുംബങ്ങൾ | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|---|
| 1 | 12 | 28 | 24 | 52 |
| 2 | 5 | 15 | 11 | 26 |
| 3 | 1 | 3 | 6 | 9 |
| 4 | 4 | 12 | 19 | 31 |
| 5 | 2 | 7 | 10 | 17 |
| 6 | 7 | 18 | 18 | 36 |
| 7 | 3 | 5 | 9 | 14 |
| 8 | 4 | 11 | 8 | 19 |
| 9 | 9 | 25 | 17 | 42 |
| 10 | 5 | 9 | 7 | 16 |
| 11 | 4 | 11 | 14 | 25 |
| ആകെ | 56 | 144 | 143 | 287 |

4. സാമ്പത്തിക പരാധീനതകാരണം ഉന്നതവിദ്യാഭ്യാസം തുടരാൻ കഴിയുന്നില്ല.
5. ഒന്നാം വാർഡിലെ ഒറ്റപ്പെട്ടുകിടക്കുന്ന പട്ടിക ജാതികോളനിയിലേക്ക് ഗതാഗത സൗകര്യമില്ല.
6. തെയ്യം കലാകാരന്മാർക്ക് അർഹിക്കുന്ന പരിഗണന ലഭിക്കുന്നില്ല.
7. ആവശ്യത്തിന് കൈത ഓല ലഭിക്കാത്തത് തഴപ്പായ നിർമ്മാണത്തെ ബാധിക്കുന്നു.

സാദ്ധ്യതകൾ

1. സർക്കാർ ആനുകൂല്യങ്ങളെക്കുറിച്ച് യഥാസമയം അറിയിക്കുന്നതിന് സംവിധാനമുണ്ടാക്കുക.
2. ഒന്നാം വാർഡിൽ പട്ടികജാതി കോളനിഭാഗത്ത് ഓരുജലം കയറുന്നത് തടയുന്നതിന് നിലവിലുള്ള ക്രോസ് ബാർ പുതുക്കിപ്പണിയുക.
3. പഞ്ചായത്തിൽ രൂപം കൊണ്ടിട്ടുള്ള സഹകരണ സംഘം(ഖാദി ഗ്രാമ വ്യവസായം) മുഖേന ചെറുകിടവ്യവസായ യൂനിറ്റുകൾ ആരംഭിക്കുക.
4. പച്ചക്കറി കൃഷി വികസിപ്പിക്കുന്നതിന് അടുക്കളത്തോട്ടങ്ങൾ തുടങ്ങാൻ ആവശ്യമായ സഹായം നല്കണം
5. കോളനിയിലേക്കുള്ള റോഡ് എത്രയും പെട്ടെന്ന് പൂർത്തിയാക്കണം.
6. പരമ്പരാഗത തൊഴിലിന് പ്രോത്സാഹനം നൽകണം.



## എരഞ്ഞോളി ഗ്രാമ പഞ്ചായത്ത വാർഡുകൾക്ക്
## ഏറിയ അനുസരിച്ച് അനുവദിച്ചിരിക്കുന്ന ബാങ്കുകൾ



# വിഭവ സമാഹരണം



**ആസൂത്രണവും പ്രയോഗവും അടിസ്ഥനാവർഗ്ഗത്തിൻെറ കൈകളിലെത്തിച്ചേരുന്ന പുതിയ പാശ്ചാത്തലത്തിൽ വിഭവ സമാഹരണത്തിനും ക്രമമായ വിനിയോഗത്തിനും പുതിയ സാദ്ധ്യതകൾ തുറന്നുകിടക്കുന്നു.**

വികസന പ്രക്രിയയിൽ ആസൂത്രണവും പദ്ധതി നടത്തിപ്പും തമ്മിൽ ബന്ധിപ്പിക്കുന്ന നിർണ്ണായക കണ്ണികളാണ് വിഭവ സമാഹരണ സ്രോതസ്സുകൾ. കേന്ദ്രീകൃതമായ ആസൂത്രണ സംവിധാനത്തിൽ ആസൂത്രണവും പ്രയോഗവും തമ്മിൽ അപരിഹാര്യമായ അന്തരം നിലനില്ക്കുക സ്വാഭാവികമാണ്. വിഭവങ്ങളുടെ അപര്യാപ്തതയും ലഭ്യമായ വിഭവങ്ങളെ സമർത്ഥമായി ഉപയോഗിക്കുന്നതിലുണ്ടാവുന്ന പോരായ്മയും ഇതിൻെറ മുഖ്യകാരണങ്ങളാണ്. സാമ്പത്തികവും സാമ്പത്തികേതരവുമായ വരുമാന സ്രോതസ്സുകൾ കണ്ടെത്തുകയും ശാസ്ത്രീയമായി വികസിപ്പിക്കുയും ചെയ്ത്കൊണ്ട് മാത്രമേ പുതിയ സാദ്ധ്യതകൾ കണ്ടെത്താനാകൂ. പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്താനുള്ള പരിശ്രമങ്ങൾ നടത്തുന്നതോടൊപ്പം ഫണ്ടുകൾ ക്രമമായി മാത്രം ഉപയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതുണ്ട്.

ആസൂത്രണവും പ്രയോഗവും അടിസ്ഥനാവർഗ്ഗത്തിൻെറ കൈകളിലെത്തിച്ചേരുന്ന പുതിയ പാശ്ചാത്തലത്തിൽ വിഭവ സമാഹരണത്തിനും ക്രമമായ വിനിയോഗത്തിനും പുതിയ സാദ്ധ്യതകൾ തുറന്നുകിടക്കുന്നു.

## <u>വരവ്</u>

താരതമ്യേന കുറഞ്ഞ വരുമാനമുള്ള പഞ്ചായത്താണ് നമ്മുടേത്. വിവിധയിനം നികുതികൾക്ക് പുറമെ പുതിയ വിഭവസ്രോതസ്സുകൾ കണ്ടെത്തുകയോ വികസിപ്പിക്കുകയോ ചെയ്യുന്നതിൽ കൂടി മാത്രമേ വികസന തല്പരരായ ജനതയുടെ ആഗ്രഹഒഅഭിലാഷങ്ങൾ അല്പമെങ്കിലും സാക്ഷാൽക്കരിക്കാനാവൂ .

പട്ടക ( 1 ) ൽ 1995-96 സാമ്പത്തിക വർഷത്തെ നികുതിവരുമാനത്തിൻെറ വസ്തുത വ്യക്തമാവുന്നു.

കെട്ടിട [illegible] നികുതി സർക്കാർ ഗ്രാൻറുകൾ എന്നിവയാണ് പ്രധാന വരുമാനമാർഗ്ഗങ്ങൾ. സർക്കാർ ഗ്രാ[illegible]ുകളും ഗ്രാമപഞ്ചായത്തിന് അവകാശപ്പെട്ട മറ്റ് വിഹിതങ്ങളും കൃത്യതയോടെ ലഭിക്കുന്നതിൽ പോരായ്മ

പട്ടിക - 1

**വരവ് സംബന്ധിച്ച വിവരങ്ങൾ - 1995 - 96**

| ക്രമ നമ്പർ | ഇനം | പിരിച്ചത് | | % |
|---|---|---|---|---|
| 1 | കെട്ടിട നികുതി | 285670 | 06 | 22.22 |
| 2 | സർവ്വീസ് ചാർജ് | 48596 | 53 | 3.78 |
| 3 | തൊഴിൽ നികുതി | 119505 | | 9.28 |
| 4 | വിനോദ വികുതി | 29300 | 53 | 2.29 |
| 5 | അഡി.വിനോദ നികുതി | 17676 | 67 | 1.37 |
| 6 | പ്രദർശന നികുതി | 2166 | | 0.19 |
| 7 | പ്രദർശന നികുതിയിൻമേലുള്ള സർചാർജ് | 541 | 50 | 0.04 |
| 8 | ലൈസൻസ് ഫീസ് | 17928 | 50 | 1.38 |
| 9 | വസ്തു കൈമാറ്റ നികുതി | 141917 | | 11.02 |
| 10 | സർക്കാർ ഗ്രാൻറുകളും മറ്റ് വരവുകളും | 243218 | 36 | 18.90 |
| 11 | നിക്ഷേപങ്ങൾ | 13161 | 15 | 1.02 |
| 12 | മറ്റുള്ളവ | 367072 | 45 | 28.53 |
| | ആകെ | 1266753 | 75 | 100 |

(അവലംബം ദ്വിതീയ വിവരശേഖരണ സർവ്വേ)

നിലനില്ക്കുന്നു. വിവിധ നികുതികൾ ജനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന ഘട്ടത്തിൽ തന്നെ അതിൻെറ വിഹിതം ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കാൻ ആവശ്യമായ സമ്മർദ്ദം ഉണ്ടാവണം.

**കെട്ടിട നികുതി**

കെട്ടിടങ്ങൾക്ക് വാർഷിക വാടക നിജപ്പെടുത്തി ആയതിൻെറ ഏഴ് ശതമാനം ഈടാക്കുന്നു. വാർഷിക വാടക കണക്കാക്കുന്നതിന് ശാസ്ത്രീയമായ മാനദണ്ഡം നിലവിൽ നിശ്ചയിക്കപ്പെട്ടിട്ടില്ല. കെട്ടിടങ്ങളുടെ വ്യാപ്തി നോക്കി വില കണക്കാക്കുകയും അതുവഴി വാടക നിജപ്പെടുത്തുകയും അതിനാനുപാതികമായി നികുതി ചുമത്തുകയും ചെയ്യുന്ന രീതി ക്രിയാത്മകമല്ല. ആധുനിക സൗകര്യങ്ങളോടെ വർദ്ധിച്ച ചെലവിൽ നിർമ്മിക്കുന്ന

വീടുകൾക്ക് പ്രത്യേക നികുതി ചുമത്താനുള്ള സാദ്ധ്യതയെകുറിച്ച് ചർച്ചചെയ്യണം. നികുതി ചുമത്തുന്നതിനെ സങ്കുചിതമായ നിലയിൽ വിലയിരുത്തി പ്രതിഷേധം പ്രടിപ്പിക്കുന്ന നില വ്യാപകമായി ഉയർന്നുവരുന്നുണ്ട്. നികുതി പണം നാടിൻെറ പൊതുനന്മക്ക് ഉപകരിക്കുന്നു എന്ന ബോധം നികുതിദായകരിൽ ഉണ്ടാക്കിയെടുക്കാൻ ജനകീയ സമിതികൾക്കും സന്നദ്ധ സംഘടനകൾക്കും സാധിക്കേണ്ടതുണ്ട്. കെട്ടിട നിർമ്മാണ നിയന്ത്രണച്ചട്ടം നടപ്പിലാക്കുന്നത് ഏറെ പ്രയാസങ്ങൾ സൃഷ്ടിക്കുമെങ്കിലും ജനകീയ സമിതികളുടെ ഇടപെടലോടെ മാനദണ്ഡം നിശ്ചയിച്ച് നടപ്പിലാക്കാനുള്ള സാദ്ധ്യതകൾ ആരായണം.

### തൊഴിൽ നികുതി

രണ്ടായിരത്തി നാനൂറ് രൂപയും അതിൽ കൂടുതലും അർദ്ധവാർഷിക വരുമാനമുള്ളവരിൽ നിന്നും ഒരു നിശ്ചിത സ്ലാബ് അടിസ്ഥാനമാക്കി നികുതി പിരിച്ചുവരുന്നു. മാസവരുമാനം നിശ്ചയിക്കുന്നതിൽ ഗുരുതരമായ അശാസ്ത്രീയത നിലനില്ക്കുന്നു. ശമ്പളക്കാരിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ ജോലിയെടുക്കുന്നവരിൽ നിന്നും മാത്രം തൊഴിൽ നികുതി ഈടാക്കുന്ന നില മാറണം. നികുതിയടക്കാൻ ബാദ്ധ്യതയുള്ളവരിൽ നിന്നും പൂർണ്ണമായും നികുതി ഈടാക്കാനാവണം. പഞ്ചായത്തിലെ നിത്യവരുമാനമുള്ള ഗണ്യമായ തൊഴിൽ വിഭാഗങ്ങൾ നികുതി പരിധിക്ക് പുറത്തു നില്ക്കുന്നു. അത്തരം വിഭാഗങ്ങൾക്കിടയിൽ ശാസ്ത്രീയമായ പഠനം നടത്തി വരുമാനം കണക്കാക്കി നികുതി ചുമത്താൻ ആലോചിക്കണം.

### വിനോദ നികുതി.

തോട്ടുമ്മൽ പ്രണാം തിയറ്ററിൽനിന്നുള്ള വരുമാനമാണ് ഈയിനത്തിലെ ഏക മാർഗ്ഗം. ആധുനിക ദൃശ്യ സംസ്കാരത്തിൻെറ കടന്നുകയറ്റം സിനിമാവ്യവസായത്തിന് വരുത്തിവെച്ചിരിക്കുന്ന പ്രതിസന്ധികാരണം പരിമിതമായ വരുമാനത്തിൽ ഇടിവുണ്ടാകുന്നു. പുതിയ ഉറവിടങ്ങൾ കണ്ടെത്തുകയും സാദ്ധ്യതകൾ ആരായുകയും വേണം. ക്ലബ്ബുകളും സാംസ്കാരിക സ്ഥാപനങ്ങളും നടത്തുന്ന ആഡംബരപൂർണ്ണമായ ആഘോഷങ്ങൾക്ക് നിശ്ചിത ശതമാനം നികുതി ചുമത്താനാവുമോ എന്ന് ചർച്ചചെയ്യാവുന്നതാണ്. കുണ്ടൂർമല, ചേക്കുപാലം, എന്നിങ്ങനെയുള്ള പഞ്ചായത്തിലെ പ്രകൃതി സൗന്ദര്യമുള്ള പ്രദേശങ്ങളെ വിനോദസഞ്ചാരകേന്ദ്രങ്ങളാക്കി മാറ്റാനാവശ്യമായ പരിശ്രമങ്ങൾ ആരംഭിക്കാനും പുതിയ വരുമാന സാദ്ധ്യത കണ്ടെത്താനും കഴിയണം.

### നികുതിയേതര വരുമാന മാർഗ്ഗങ്ങൾ:

ദേശീയ സമ്പാദ്യ പദ്ധതിയുടെ 20 % വിഹിതം ഗ്രാമപഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾക്ക് ഉപാധിരഹിത ഫണ്ടായി വിനിയോഗിക്കാവുന്നതാണ്. പഞ്ചായത്തിൽ പ്രത്യേക ആവശ്യങ്ങൾക്കായി വന്നുചേരുന്ന ഒറ്റപ്പെട്ട വ്യക്തികളിൽ നിന്നും കിട്ടാവുന്ന ഫണ്ട് ശേഖരിക്കുന്ന നിലയാണിന്നുള്ളത്. സാമൂഹ്യ സന്നദ്ധ സംഘടനകളും ജനകീയ സമിതികളും ഈ രംഗത്ത് ശ്രദ്ധ പതിപ്പിച്ചാൽ ഗണ്യമായ വരുമാന വർദ്ധനവ് എളുപ്പം സാദ്ധ്യമാകും.

### ധനകാര്യസ്ഥാപനങ്ങളുടെ പങ്ക്

വിഭവ സമാഹരണത്തിൽ നിർണ്ണായകമായ സംഭാവനകൾ നൽകാൻ ബേങ്കുകളെ പ്രാപ്തരാക്കണം. ഗ്രാമീണ കാർഷിക മേഖലയിൽ ഗണ്യമായ സ്വാധീനം ചെലുത്താൻ പ്രീഥമിക സഹകരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നുണ്ട്. വടക്കുമ്പാട് സർവ്വീസ് സഹകരണ ബേങ്കിൻെറ ഹെഡ് ഓഫീസും, തോട്ടുമ്മൽ ബ്രാഞ്ചും കതിരൂർ സർവ്വീസ് സഹകരണബേങ്കിൻെറ എരഞ്ഞോളി ബ്രാഞ്ചും പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനങ്ങളാണ്. കാർഷികവായ്പകൾ, കാർഷികേതര പദ്ധതി വായ്പകൾ എന്നിവ യഥാവിധം

വിനിയോഗിക്കുന്നില്ല എന്ന നില മാറണം. വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിലൂടെ ബേങ്കുകളെ ലാഭകരമാക്കാൻ ശ്രമകരമായ പ്രവർത്തനം നടക്കേണ്ടിയിരിക്കുന്നു. നിക്ഷേപങ്ങൾ വർദ്ധിപ്പിച്ചാലേ കൂടുതൽ വായ്പ അനുവദിക്കാനും ലാഭവിഹിതം വികസന രംഗത്ത് ഉപയുക്തമാക്കാനും സാധ്യമാവൂ.

**ചിട്ടികൾ**

പഞ്ചായത്തിലെ ഏറിയ പങ്കും കലാസാംസ്കാരിക സ്ഥാപനങ്ങളും സ്പോർട്സ് ക്ലബ്ബുകളും ചില വ്യക്തികളും ആഴ്ച ചിട്ടികൾ നടത്തുന്നുണ്ട്. പ്രസ്തുത ചിട്ടികൾ നിയന്ത്രണ വിധേയമാക്കാനും ക്രമരഹിതമല്ലെന്ന് ഉറപ്പുവരുത്താനും സാധിക്കണം. വാർഡ് തലത്തിൽ നടക്കുന്ന വികസനപ്രവർത്തനങ്ങൾക്ക് ലാഭത്തിൽ നിന്നും നിശ്ചിതവിഹിതം മാറ്റിവെക്കാൻ പ്രചോദനമേകാൻ കഴിയണം. ഇത്തരം ചിട്ടികൾ നിർത്തലാക്കി ഇതിലെ മെമ്പർമാരെ അംഗീകൃത സഹകരണ ധനകാര്യ സ്ഥാപനങ്ങളിൽ ഇടപാടുകാരായി മാറ്റാൻ ആവശ്യമായ ബോധവൽക്കരണ ശ്രമവും ചർച്ചചെയ്യാവുന്നതാണ്.

**വിദേശ മലയാളികളുടെ പങ്ക്**

പട്ടിക2ൽ പഞ്ചായത്തിൽ നിന്നും വിദേശ രാജ്യങ്ങളിൽ പോയി തൊഴിലെടുക്കുന്നവരുടെ വാർഡ് തല വിവരം വ്യക്തമാവുന്നു. ഇവരുടെ വരുമാനത്തെ വികസനോന്മുഖമായ മേഖലകളിലേക്ക് വഴിതിരിച്ചുവിടാനുള്ള സാദ്ധ്യതകൾ നാം ഗൗരവാമായി ചർച്ചചെയ്യണം. കാർഷിക മേഖലയിലെ അസംസ്കൃത പദാർത്ഥങ്ങളെ ഉപയോഗപ്പെടുത്തി ചെറുകിട വ്യാവസായിക യൂനിറ്റുകൾ ഇവരുടെ കൂട്ടായ ഉടമസ്ഥതയിൽ ആരംഭിക്കാവുന്നതും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ളസാദ്ധ്യത കണ്ടെത്താവുന്നതുമാണ്.

### പട്ടിക 2
**കേരളത്തിനു പുറത്ത് തൊഴിലെടുക്കുന്നവരെകുറിച്ചുള്ള വിവരം**

| | വാർഡുകൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| ഗൾഫ് | 100 | 72 | 103 | 62 | 52 | 70 | 43 | 28 | 48 | 73 | 60 |
| ഇതര രാജ്യങ്ങൾ | 6 | 2 | 4 | 15 | 4 | 4 | 2 | 2 | 12 | 16 | 12 |
| ഇതര സംസ്ഥാനം | 48 | 64 | 79 | 76 | 53 | 53 | 16 | 27 | 52 | 30 | 35 |
| ആകെ | 154 | 138 | 186 | 153 | 114 | 127 | 61 | 57 | 112 | 119 | 107 |

അവലംബം: കുടുംബ സ്ഥിതിവിവര സർവേ

**പട്ടിക.3**

**ചെലവ് സംബന്ധിച്ച വിവരങ്ങൾ**

**അവലംബം ദ്വിതീയ വിവരണ ശേഖരണം**

| ക്രമ നമ്പർ | ചിലവിനങ്ങൾ | 1991-92 | | | 1992-93 | | 1993-94 | | | 1994-95 | | | 1995-96 | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | രൂപ | | % | രൂപ | | % | രൂപ | | % | രൂപ | | % | രൂപ | | % |
| 1 | ഭരണചിലവ് | 324602 | 10 | 59.76 | 343375 | 55 | 42.35 | 370138 | | 45.13 | 399377 | 60 | 27.04 | 560291 | 55 | 43.13 |
| 2 | തപാൽ, ഫോൺ | 6251 | 95 | 1.15 | 4486 | | 0.55 | 4557 | 50 | 0.56 | 6204 | | 0.49 | 6699 | 60 | 0.52 |
| 3 | അച്ചടി കൂലി | 42822 | 95 | 7.88 | 15137 | | 1.87 | 10319 | | 1.26 | 34778 | | 2.77 | | | |
| 4 | റോഡ് സംരക്ഷണം | 43186 | | 7.95 | 259270 | | 31.98 | 133869 | | 16.32 | 357829 | | 28.52 | 400576 | | 30.83 |
| 5 | വിദ്യുച്ഛക്തി | 38843 | | 7.15 | 50676 | | 6.25 | 50974 | | 6.22 | 50724 | | 4.04 | 5970 | | 0.46 |
| 6 | ഫർണിച്ചർ | | | | 19100 | | 2.36 | | | | 58301 | | 4.65 | | | |
| 7 | വിദ്യാഭ്യാസം | 650 | | 0.12 | 1000 | | 0.12 | 600 | | 0.07 | 4150 | | 0.33 | 2113 | | 0.16 |
| 8 | ജലവിതരണം | 16046 | | 2.95 | 15000 | | 1.85 | 12889 | | 1.57 | 38500 | | 3.01 | | | |
| 9 | മറ്റിനങ്ങൾ | 70795 | 23 | 13.04 | 102783 | 35 | 12.67 | 236786 | 45 | 28.87 | 365095 | 55 | 29.09 | 323564 | 14 | 24.90 |
| 10 | ആകെ | 543197 | 23 | 100 | 8108827 | 90 | 100 | 820132 | 95 | 100 | 1254959 | 15 | 100 | 1299214 | 29 | 100 |

**മനുഷ്യാദ്ധ്വാനം പ്രയോജനപ്പെടുത്താനുള്ള സാദ്ധ്യത:**

ജനകീയാസൂത്രണ പദ്ധതിയുടെ പ്രഖ്യാപനത്തോടെ ഏറെ പ്രതീക്ഷയാണ് വികസനരംഗത്ത് ജനങ്ങൾ വെച്ചു പുലർത്തുന്നത് എന്ന് ഗ്രാമസഭകളിലെ അഭിപ്രായ രൂപീകരണത്തിലൂടെ വ്യക്തമാവുന്നു. പരിമിതമായ സാദ്ധ്യതകളെ വിപുലീകരിച്ച് അനന്തമായ പ്രശ്നങ്ങൾ ലഘൂകരിക്കാൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ മനുഷ്യാദ്ധ്വാനമേകുന്ന സുസജ്ജമായ വിഭവത്തിന് നിർണ്ണായക പങ്കാണ് വഹിക്കാനുള്ളത്. റോഡുകളുടെ നീളവും പാലങ്ങളുടെ എണ്ണവും മാത്രമാണ് വികസനത്തിന്റെ അളവുകോൽ എന്ന ബോധത്തിൽ അല്പമൊരു മാറ്റം വരുത്താൻ ജനകീയ ബോധവൽക്കരണത്തിലൂടെ സാദ്ധ്യമായിട്ടുണ്ട്. പഞ്ചായത്തിന്റെ ചെലവിനത്തിൽ 30.83 % മാറ്റിവെക്കപ്പെടുന്നത് പൊതുമരാമത്ത് ജോലികൾക്കാണ് എന്ന് പട്ടിക3 വഴി വ്യക്തമാവുന്നു. പലപ്പോഴും ക്രമരഹിതമായ ധനവിനിയോഗം ചിലവിനത്തിൽ വർദ്ധനവുണ്ടാക്കുന്നു. കരാർ ജോലികൾ ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയമാകുന്നു. ജനകീയാഭിലാഷങ്ങൾക്കൊത്ത ആസൂത്രണവും ജനകീയ നടത്തിപ്പും ക്രമമായ ധനവിനിയോഗത്തിന് അവസരമേകുന്നു.

മനുഷ്യാദ്ധ്വാനത്തെ കാർഷിക - വ്യവസായികാദി ഉല്പാദന മേഖലകളിലേക്ക് വഴിതിരിച്ചുവിടാനുള്ള പരിശോധന ആരംഭിക്കണം. പരമ്പരാഗത വ്യവസായരംഗങ്ങളെ പുനരുദ്ധരിക്കാനും പുതിയമേഖലകളിൽ ചെറുകിട വ്യാവസായിക യൂനിറ്റുകൾ സ്ഥാപിച്ച് വികസിപ്പിക്കാനുമുള്ള പ്രായോഗികത ചർച്ചചെയ്യണം. കാർഷികവൃത്തിയിൽ പുറംതിരിഞ്ഞു നില്ക്കുന്ന ചെറുകിടകർഷകരിൽ കൂട്ടായ്മയുടെപുത്തനുണർവ്വ് ജനിപ്പിക്കാൻ നമുക്കാവണം. ജൈവവളങ്ങളെ ശാസ്ത്രീയമായി ഉപയോഗിച്ച് കാർഷികചിലവ് ലഘൂകരിച്ചാൽ അടിസ്ഥാനമേഖലയിൽ അളവറ്റപുരോഗതി സാദ്ധ്യമാകും.

**ചിലവിനങ്ങൾ**

പട്ടിക (3) ൽ നിന്നും പഞ്ചായത്തിലെ കഴിഞ്ഞ 5 വർഷകാലത്തെ ചെലവ് വിവരങ്ങൾ വിശദമായി ലഭിക്കുന്നു. ദൈനം ദിന ഓഫീസ് പ്രവർത്തനത്തിനും ഭരണച്ചിലവിനും ഗണ്യമായ തുക മാറ്റിവെക്കുന്നു. റോഡുകളുടെ സംരക്ഷണത്തിനാണ് വലിയ തുക മാറ്റിവെക്കുന്നത്. ജനകീയ പങ്കാളിത്തത്തോടെ ഇടത്തട്ടുകാരെ ഒഴിവാക്കി ചിലവ് നിയന്ത്രിക്കാനും ക്രമരാഹിത്യം ഒഴിവാക്കാനും സാധിക്കും. വികസനത്തിന്റെ തനിമയാർന്ന കാഴ്ചപ്പാടിലൂടെ നീങ്ങിക്കൊണ്ട് ഉല്പാദനമേഖലകളിലേക്ക് കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസാദി സേവനമേഖലകൾ കൂടുതൽ പരിഗണനയർഹിക്കുന്നു.

**പ്രശ്നങ്ങൾ**

1. കേന്ദ്രീകൃത ആസൂത്രണത്തിൽ ധനവിനിയോഗം ക്രിയാത്മകമല്ല.
2. സർക്കാർ ഗ്രാൻറുകളും മറ്റ് വിഹിതങ്ങളും കാലംകഴിഞ്ഞ് ലഭിക്കുന്നത് ദുർവിനിയോഗത്തിന് ഇടയാക്കുന്നു.
3. നികുതിയേതര വരുമാനമാർഗ്ഗങ്ങൾ ഫലപ്രദമായി കണ്ടെത്തിയില്ല.
4. കെട്ടിട നികുതി ചുമത്തുന്നതിന് ശാസ്ത്രീയമായ മാനദണ്ഡം നിശ്ചിക്കപ്പെട്ടില്ല.
5. സാമ്പത്തിക- സഹകരണ സ്ഥാപനങ്ങൾ വികസനരംഗത്ത് ശ്രദ്ധയൂന്നാൻ കഴിയും വിധം ലാഭകരമല്ല
6. മനുഷ്യാദ്ധ്വാനം പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായ ആസൂത്രണം നടന്നില്ല.

**നിർദേശങ്ങൾ**

1. ധനവിനിയോഗം ക്രമമമാണെന്ന് ഉറപ്പ് വരുത്തുക
2. നികുതിയേതര വരുമാനമാർഗ്ഗങ്ങൾ പഠനവിധേയമാക്കുക.
3. കെട്ടിട നികുതി നിശ്ചയിക്കാൻ ശാസ്ത്രീയമായ മാനദണ്ഡം ഏർപ്പെടുത്തുക.
4. നൽകാൻ ബാദ്ധ്യതയുള്ളവരിൽ നിന്നും പൂർണ്ണമായും തൊഴിൽ നികുതി ഈടാക്കുക
5. വിവാഹ മാമാങ്കങ്ങൾക്കും മറ്റ് ആഢംബര പൂർണ്ണമായ ആഘോഷങ്ങൾക്കുംനികുതി ചുമത്താനുള്ള പ്രായോഗികത കണ്ടെത്തുക
6. മനുഷ്യാദ്ധ്വാനം കാർഷിക- വ്യാവസായികഒ മേഖലകളിലേക്ക് തിരിച്ചുവിടാൻ ക്രിയാത്മക നടപടികൾ ആരംഭിക്കുക.
7. ദേശീയ സമ്പാദ്യപദ്ധതിയിലേക്ക് നിക്ഷേപകരെ ആകർഷിക്കാൻ ജനകീയ സമിതികളെയും കന്നദ്ധ സംഘടനകളെയും സജ്ജരാക്കുക.
8. വിദേശമലയാളികളുടെ ധനപരമായ സേവന സാദ്ധ്യതകളെ ക്രിയാത്മകമായി ഉപയോഗപ്പെടുത്തുക.
9. പ്രകൃതി സൗന്ദര്യമുള്ള പ്രദേശങ്ങൾ വിനോദ സഞ്ചാരകേന്ദ്രങ്ങളായി വികസിപ്പിക്കാനുള്ള പരിശ്രമങ്ങളാരംഭിക്കുക.



28-11-1996നു് ചേർന്ന എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ
അംഗീകാരത്തോടെ പ്രസിദ്ധപ്പെടുത്തുന്നത്







എന്റെ ജീവിതമാണ് എന്റെ സന്ദേശം